# മലയാളം റിസേർച്ച് കീ

# MALAYALAM RESEARCH KEY

MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL

## ONLINE EDITION

**VOLUME 02, ISSUE 02**
**2026 APRIL - JUNE**

Publisher:
**Answer Key Academy**

Journal Home Page:
www.researchkey.in

**Disclaimer**

- *The complete responsibility for the ideas and conclusions expressed in the articles of this journal rests solely with the respective authors.*
- *The Editor or the Editorial Board members shall have no liability or responsibility whatsoever regarding the content or any legal disputes arising from it.*

# MALAYALAM RESEARCH KEY

MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL

**ONLINE EDITION**

**VOLUME 02, ISSUE 02**
**2026 APRIL – JUNE**

**Publishing Body**
Answer Key Academy

**Editorial Office**
Malayalam Research Key
Pels Cottage, Lourdepuram, Kanjiramkulam P.O.
Thiruvananthapuram, Kerala 695524
Phone: +91 9526014270



**Administrative Team**
Managing Director
**Ashik Jerald V. S.**

Managing Editor
(Operations & Governance)
**Vijith Viswambharan**

Managing Editor
(Academic Coordination)
**V. M. Renjith**

Managing Editor
(Strategy, Production & Legal)
**Manoj Manoharan**

**Editorial Board Members**
Dr. Vineeth V. S. | Dr. Shereena Rani G. B. | Dr. Anila C. S. | Dr. K. Sarika | Libin Muslih

**EDITORIAL OPERATIONS & ISSUE MANAGEMENT**

**Issue Editor**
Gokul S. Gopan (Volume 02, Issue 02)

**Editorial Desk**
Aswathi P. S. | Anna Joy | Gokul S. Gopan
Binsu Susan John | Siddhi Ajay | Kiran R.

**Review Associates**
Anaswar Krishnadev B. | Anandu V. M. | Anavadya P.
Anjusha N. P. | Nayana P. | Sangeeth A. | Ashitha P.

**Design & Development**
Manoj Manoharan
for Barter Society, Palakkadavu Road, Neyyattinkara, Thiruvananthapuram

**ADVISORY BOARD**

**Prof. L. Asokan**
Head of the Department (Retd.),
Department of Malayalam,
University College, Thiruvananthapuram

**Dr. N. A. D. Jayasinghe**
Professor
University of Ruhuna,
Matara, Sri Lanka

**Dr. R. Chandrabose**
Associate Professor & Head
Department of Malayalam
Central University of Kerala

**PEER-REVIEW COMMITTEE**

**Dr. Dominic J. Kattoor**
Professor (Retd.)
Department of Malayalam,
University College, Thiruvananthapuram

**Dr. D. V. Anilkumar**
Professor, Department of Malayalam
University College, Thiruvananthapuram

**Dr. Ajayakumar G.**
Professor and Head of Department
Department of Malayalam
University College, Thiruvananthapuram

**Dr. Mohammed Basheer K. K.**
Associate Professor
Department of Malayalam
PTM Government College, Perinthalmanna

**Dr. Kumar J.**
Assistant Professor
Department of Malayalam
Maharaja's College, Ernakulam

**Dr. Veena Gopal V. P.**
Associate Professor
Department of Malayalam
Gov. K.N.M. Arts and Science College
Kanjiramkulam

**Dr. Lakshmi S.**
Assistant Professor
Department of Malayalam
Government College Kattappana

## DETAILS OF EDITORIAL BOARD MEMBERS


1. **Dr. Vineeth V. S.**
   Associate Professor and Head of the Department, Department of Malayalam,
   Government College, Kattappana, Kerala
   *Email:* drvineethvs@gckattappana.ac.in
   *Mobile: 9446173118*
2. **Dr. Shereena Rani G. B.**
   Assistant Professor, Department of Malayalam, Government College, Kattappana
   speaktosherin@gckattappana.ac.in
   *Mobile: 9447799868*
3. **Dr. Anila C. S.**
   Assistant Professor, Department of Malayalam, Government College, Kattappana
   *Email:* anilaattuvassery@gckattappana.ac.in
   *Mobile: 9495070450*
4. **Dr. K. Sarika**
   Assistant Professor, Department of Sanskrit, Government College, Kattappana
   *Email:* ksarika443@gckattappana.ac.in
   *Mobile: 9383427923*
5. **Libin Muslih**
   Assistant Professor, Department of English,
   Government Polytechnic College Kasaragod, Kerala
   *Email: libinmuslih@gpckasaragod.ac.in*
   *Mobile: 9605862235*


## IMPRINT INFORMATION


| | |
|---|---|
| Title of the publication | MALAYALAM RESEARCH KEY |
| Publishing Body | Answer Key Academy |
| Publisher Address | Pels Cottage, Lourdepuram, Kanjiramkulam P.O., Thiruvananthapuram, Keralam 695524 |
| Phone | +91 9526014270 |
| Email | malayalamresearchkey@gmail.com |
| Location of Publishing | India |
| Format | Print and Online |
| Frequency | Quarterly |
| Language | Malayalam |
| Subject | Multidisciplinary |
| Starting Year | 2025 |
| Journal Home Page: | www.researchkey.in |

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

# INDEX

» എഡിറ്റോറിയൽ
വായനയുടെ എട്ടുത്തുചാട്ടം vii

» Journal Profile viii–xi

ID: MRK0025
ഭാഷാസമരങ്ങളും കേരളീയനവോത്ഥാനവും 85–96
» ഡോ. വിനീത് വി. എസ്. & ലക്ഷ്മി പി. എസ്.

ID: MRK0026
അടിയാളപ്രേതം: ജാതി അടിമത്തവും ബദൽ ചരിത്രവായനയും 93–98
» മിന്നു എ. ബി.

ID: MRK0027
നിർമ്മിതബുദ്ധിയും നൈതികതയും: അൽഗോരിതങ്ങളിലെ പക്ഷപാതങ്ങളും വെല്ലുവിളികളും 99–104
» ഡോ. ഷിംജിത്ത് എസ്. പി.

ID: MRK0028
ആദാമിന്റെ വാരിയെല്ല്: ആൽഫാമെയിലും ആണത്തത്തിന്റെ മൃഗീയതലവും 105–110
» വിഷ്ണു പി. എസ്.

ID: MRK0029
സംഹാരത്തിന്റെ പുസ്തകം: ദർശനവും സമകാലികതയും 111–116
» ഡോ. ഫ്രാൻസിസ് മൈക്കിൾ

ID: MRK0030
ഡിജിറ്റൽ റീമീഡിയേഷനും മലയാളകവിതയും : കാവ്യം സുഗേയത്തെ മുൻനിർത്തിയുള്ള പഠനം 117–125
» ആർദ്ര പി. ആർ.

ID: MRK0031
പുതുകഥ: സ്വത്വനിർമ്മിതിയും പ്രാദേശിക പ്രതിനിധാനവും 126–132
» ആദിത്യ കെ. ജി.

ID: MRK0032
പ്രതിരോധത്തിന്റെ ആഖ്യാനമാതൃകകൾ: സി. അയ്യപ്പന്റെ കഥകളുടെ പഠനം 133–138
» ദേവിക വി. എസ്.

ID: MRK0033
യക്ഷിസങ്കല്പം സൗപർണിക നാടകത്തിൽ 139–143
» അഞ്ജലി ശ്രീനിവാസ് പി. കെ.

ID: MRK0034
കലാച്ചി: പൗരത്വത്തിന്റെ അതിരുകളും പലായനങ്ങളും 144–149
» അശ്വിനി പി. വി.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

എഡിറ്റോറിയൽ

## വായനയുടെ എടുത്തുചാട്ടം

പലതാളത്തിൽ ഉയർന്നു കേൾക്കുന്ന ശബ്ദകോലാഹലങ്ങളുടെ കാലഘട്ടത്തിലാണ് ഇന്ന് നാം എത്തിനിൽക്കുന്നത്. നമ്മുടെ ശ്രദ്ധാപിടിച്ചുപറ്റാനായി അനുനിമിഷം മത്സരിക്കുന്ന അനന്തമായ തലക്കെട്ടുകളുടെ പ്രവാഹത്തിൽ കൃത്യമായ ദിശാബോധമില്ലാതെ ഉറച്ചുനിൽക്കുന്നവർ ഒരുപക്ഷേ ഒലിച്ചുപോയേക്കാം. ബസവേശ്വരൻ പറഞ്ഞതുപോലെ നാം ചിലയിടങ്ങളിൽ ചലിച്ചു നിൽക്കേണ്ടതുണ്ട്. കൂടാതെ വേഗതയുടെ ഈ ലോകത്ത് അല്പം നിശബ്ദനായിരുന്ന് ചിന്തിക്കേണ്ടതുമുണ്ട്. ഈ ലേഖനങ്ങളുടെ വായനയിലും വാക്കുകളുടെ ബാഹ്യാർത്ഥത്തിൽ മാത്രം പറ്റിനിൽക്കാതെ ചലനാത്മകചിന്തയുടെ ആഴങ്ങളിലേക്ക് നിങ്ങൾ സ്വയം എടുത്തുചാടണം. അക്ഷരാർത്ഥത്തിൽ ഇത് ഒരു എടുത്തുചാട്ടം തന്നെയാണ്. ചിന്തകളെ അലോസരപ്പെടുത്തുന്ന, ചോദ്യങ്ങളെ ഉടച്ചുവാർക്കുന്ന പ്രകോപനപരമായ വായനയുടെ എടുത്തുചാട്ടം. ഇവിടെ വരികൾക്കിടയിലൂടെ വായിക്കുമ്പോൾ നമ്മൾ ഒരു എഴുത്തിന് അന്തിമവിധി പറയാൻ തയ്യാറെടുക്കുകയല്ല ചെയ്യുന്നത്, മറിച്ച് ഒരു വായനാഭൂപടമാക്കി അതിനെ മാറ്റിത്തീർക്കാനാണ് ശ്രമിക്കുന്നത്.

ഈ ലക്കത്തിലെ എഴുത്തുകാർ പൊതുബോധം നിർമ്മിച്ച പല ആശയങ്ങളെയും അഴിച്ചുപരിശോധിക്കുകയാണ്. അഴിച്ചുപരിശോധിക്കുക എന്നത് കേവലം തകർക്കലല്ല, മറിച്ച് വളരെ ശ്രദ്ധയോടെയുള്ള വേർതിരിക്കലാണ്. ഒരു സങ്കല്പത്തെയോ പ്രത്യയശാസ്ത്രത്തെയോ അഴിച്ചുപരിശോധിക്കുന്നത്, അത് എങ്ങനെയാണ് നിർമ്മിക്കപ്പെട്ടതെന്നും അതിന് പിന്നിലെ ആശയസമവാക്യങ്ങൾ എന്തൊക്കെയാണെന്നും തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നു. ചുരുക്കത്തിൽ കാലം മാറുമ്പോൾ ചിന്താധാരകളും വിശകലനരീതികളും മാറുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങൾ. പ്രാദേശികചരിത്രം, സ്ത്രീപക്ഷചിന്തകൾ, ഡിജിറ്റൽയുഗത്തിലെ പുതിയ വെല്ലുവിളികൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രതിരോധങ്ങൾ എന്നിവയെല്ലാം കോർത്തിണക്കി ക്കൊണ്ട് സമകാലികസമൂഹത്തെ വളരെ ആഴത്തിൽ അടയാളപ്പെടു ത്താൻ ഈ പഠനങ്ങൾക്ക് സാധിക്കുന്നുണ്ട്.

വ്യതിരിക്തവും വിപ്ലവാത്മകവുമായ ആശയങ്ങൾ ചിലപ്പോൾ ഉച്ചത്തിലുള്ളതാവണ മെന്നില്ല. അത് ലളിതവുമല്ല. മിക്കപ്പോഴും അത് വരികൾക്കിടയിൽ ശാന്തമായി വിശ്രമിച്ചുകൊണ്ട്, ക്ഷമയോടെ കാത്തിരിക്കുന്നുണ്ടാകും; പ്രകോപനപരമായ വായനയുടെ എടുത്തുചാട്ടത്തിനായി...

**» മലയാളം റിസേർച്ച് കീ ടീം**

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

# JOURNAL PROFILE

## 1. ABOUT THE JOURNAL - BASIC INFORMATION

Malayalam Research Key is a multidisciplinary, peer-reviewed research journal that presents new paradigms and theoretical discourses in Malayalam research beyond linear thinking. Published by the Thiruvananthapuram based Answer Key Academy under the leadership of research scholars from various Indian universities, the journal also involves the active participation of professors, writers, and literature students. This quarterly journal is available in both online and print editions. Malayalam Research Key aims to open doors to further inquiries and re-examinations.

## 2. CONTACT DETAILS OF PUBLISHER

MALAYALAM RESEARCH KEY
Multidisciplinary Peer Reviewed Research Journal
Thiruvananthapuram
Phone : 9526014270
Email : malayalamresearchkey@gmail.com

## 3. AIMS, OBJECTIVES, SCOPE, SUBMISSION FOCUS, SUBJECT AREAS

**AIMS:** Malayalam Research Key aims to break away from one-dimensional academic traditions by fostering new paradigms and theoretical discourses in Malayalam research. The journal seeks to be a catalyst for continuous intellectual inquiry, encouraging researchers, academicians, and writers to revisit established narratives and explore uncharted territories in multidisciplinary studies. By bridging the gap between traditional scholarship and contemporary critique, it strives to serve as a premier global platform for transformative ideas.

**OBJECTIVES:** The journal is dedicated to promoting multi-dimensional discourse by publishing high-quality, peer-reviewed research that transcends conventional boundaries and introduces fresh theoretical frameworks. To complement this forward-looking approach, it provides a dedicated forum for critical re-evaluation, further inquiry, and rigorous debate on existing academic paradigms. By actively engaging university research scholars, educators, creative writers, and literature students, the journal works to foster collaboration and build a vibrant academic community. Finally, it ensures global accessibility by maintaining high standards of scholarly excellence across both its quarterly print and online editions, ultimately making diverse research accessible to a wider audience.

**SCOPE:** The scope of Malayalam Research Key encompasses a broad spectrum of multidisciplinary studies where Malayalam language, literature, culture, and societal evolution intersect with global academic discourses. The journal welcomes original research papers, critical essays, comparative analyses, and book reviews that challenge simplistic interpretations and offer complex, layered insights.

**SUBMISSION FOCUS:** The journal prioritizes submissions that exhibit deep analytical rigor and intellectual originality. To this end, it emphasizes several key focal points for prospective authors, beginning with papers that offer non-linear perspectives by moving away from traditional, chronological, or rigid structures toward multi-dimensional analyses. Additionally, the editorial board values methodological innovation, actively seeking studies that employ unique theoretical frameworks and cross-disciplinary research methodologies. Authors are encouraged to submit critical inquiries that question, re-examine, or expand upon existing socio-cultural and literary canons. Finally, the journal champions collaborative voices by welcoming contributions from emerging research scholars, seasoned educators, and passionate literature students alike.

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**SUBJECT AREAS:** Malayalam Research Key invites contributions across a diverse range of disciplines, encompassing both core domains and interdisciplinary frameworks. Within its core domains, the journal welcomes research in Malayalam Language and Literature (മലയാളഭാഷയും സാഹിത്യവും), Comparative Literature and Translation Studies (താരതമ്യ സാഹിത്യവും വിവർത്തന പഠനങ്ങളും), Historiography and Politics (ചരിത്രരചനയും രാഷ്ട്രീയവും), as well as Literary Theory and Philosophy (സാഹിത്യ സിദ്ധാന്തവും തത്ത്വചിന്തയും). Additionally, the journal encourages submissions within its interdisciplinary frameworks, which include Cultural Studies and Kerala Heritage (സാംസ്കാരിക പഠനങ്ങളും കേരള പൈതൃകവും), Gender, Caste, and Subaltern Discourses (**ലിംഗഭേദം, ജാതി,** പാർശ്വവത്കൃത സംവാദങ്ങൾ), Media, Cinema, and Digital Culture in Kerala (**കേരളത്തിലെ മാധ്യമങ്ങൾ, സിനിമ,** ഡിജിറ്റൽ സംസ്കാരം), Folklore, Performing Arts, and Oral Traditions (**ഫോക്‌ലോർ, അവതരണ കലകൾ, വാമൊഴി** പാരമ്പര്യങ്ങൾ), and Linguistics and Language Pedagogy (**സാമൂഹിക ഭാഷാശാസ്ത്രം, ഭാഷാ ബോധനശാസ്ത്രം).**

## 4. MULTILINGUAL AVAILABILITY

To champion authentic regional scholarship and rigorous academic inquiry, Malayalam Research Key operates exclusively as a Malayalam-medium publication. The journal accepts and publishes original research papers, critical essays, and scholarly contributions solely in the Malayalam language. This dedicated focus ensures that localized insights, intricate linguistic nuances, and complex socio-cultural contexts are articulated with maximum native precision. By maintaining this exclusive linguistic framework, the publication fosters a rich, vibrant exchange of multidisciplinary ideas among research scholars, educators, and literature students within the Malayalam academic community. To increase international visibility, we plan to create an English abstract repository for all articles on our website.

## 5. ACCESS POLICY

Online Access: (Open Access) All articles published online are immediately and permanently free for everyone to read, download, and share. We support the open exchange of ideas by providing unrestricted access to our quarterly digital content for academic and non-commercial research purposes.

Print Access: For those who prefer a physical copy, Malayalam Research Key is available through annual subscriptions or single-issue purchases. Individuals and institutions interested in obtaining print editions can acquire them directly through Answer Key Academy. Please contact our administrative office for details on current pricing, availability, and shipping options.

## 6. PLAGIARISM POLICY

The journal maintains a zero-tolerance policy toward plagiarism and academic dishonesty. All submitted manuscripts undergo rigorous screening using industry-standard plagiarism detection software prior to the peer-review process. Malayalam Research Key defines plagiarism as the uncredited use of others' words, ideas, data, or structural frameworks. Any manuscript demonstrating significant textual overlap or uncredited borrowing will be immediately rejected, and the editorial board reserves the right to impose institutional bans on habitual offenders.

## 7. AI GENERATED CONTENT POLICY

In alignment with global academic integrity standards (such as COPE guidelines), Malayalam Research Key prohibits the use of generative Artificial Intelligence (AI) tools, such as ChatGPT or similar Large Language Models, for creating or drafting core scholarly arguments, analyses, or text. AI tools may only be utilized for basic spelling and grammar correction as well as refinement. Authors must explicitly disclose any use of AI assistance in their acknowledgment section. AI tools cannot be listed as an author or co-author under any circumstances.

**8. REVIEW POLICY**

To maintain high standards of scholarly excellence, Malayalam Research Key employs a double-blind peer review process. Under this framework, the identities of both the authors and the reviewers are strictly concealed from one another throughout the evaluation. Submissions are initially screened by the editorial board for alignment with the journal's scope. Qualifying papers are then evaluated by at least two independent, external subject-matter experts based on original insight, methodology, and analytical rigor.

**9. ARCHIVAL POLICY**

To guarantee the long-term preservation and digital durability of its scholarly output, Malayalam Research Key utilizes a multi-layered archival strategy. Published volumes are permanently saved and maintained directly on the official journal website. Additionally, full-text backups of all quarterly volumes are permanently preserved in the journal's institutional repositories, ensuring that published research remains accessible to future generations even in the event of platform migration.

**10. AUTHOR GUIDELINES FOR SUBMISSION**

Font and Typography: Manuscripts must be typed in a Unicode-compliant font such as Rachana or Manjari.
Font size: The text should be set to 12-point font size.
Line spacing: Please use 1.5-line spacing throughout the document.
Margins: Ensure one-inch margins are applied to all sides of the document.
Title page: Must include the full title of the paper, author name, institutional affiliation, and a contact email address.
Abstract: Include a summary of 150 to 200 words, provided in both Malayalam and English
Keywords: Include 4 to 6 keywords for indexing, provided in both Malayalam and English.
Style guide: Authors must follow the unified Style Sheet of Malayalam Research Key Journal
Word count: The main body of the text should be between 3,000 and 5,000 words.
Citation style: All references and bibliographies must strictly follow either MLA 9th Edition or APA 7th Edition style.
Originality declaration: By submitting, the author declares that the work is original, has not been published elsewhere, and is not currently under consideration by another journal.

**11. ETHICAL GUIDELINES**

The Malayalam Research Key requires that all contributors adhere to high ethical standards to ensure academic integrity. Authors must submit original work that is properly cited, free from plagiarism or fabrication, and not simultaneously under consideration by other journals; they must also ensure that all listed contributors have made significant intellectual contributions and that any conflicts of interest are disclosed. Editors are responsible for maintaining a transparent and unbiased double-blind peer review process, basing all editorial decisions solely on academic merit, protecting the confidentiality of the review process, and investigating any allegations of misconduct. Finally, reviewers must provide objective, constructive, and timely feedback within their area of expertise, maintain strict confidentiality regarding the manuscripts they evaluate, and recuse themselves should any conflict of interest prevent an impartial assessment.

**12. GUIDELINES FOR PEER REVIEW PROCESS**

The peer review process begins with an initial editorial assessment, during which the Editorial Board conducts a preliminary screening of the manuscript to ensure adherence to formatting guidelines, alignment with the journal's scope, and the absence of plagiarism. Manuscripts meeting these initial criteria are subsequently forwarded to two independent subject-matter experts for a rigorous, external domain-specific evaluation. Based on this appraisal, reviewers provide a formal recommendation, which may include acceptance without modification, acceptance subject to

minor revisions, an invitation to resubmit following major revisions, or rejection. In instances where reviewers' opinions conflict, the manuscript is referred to a third reviewer for an additional assessment, though the Chief Editor maintains ultimate authority regarding the final publication decision.

**13. ARTICLE PUBLISHING TIMELINE**

- Submission and Initial Desk Review (Days 1–10): Manuscripts are submitted and undergo a preliminary screening for formatting, scope, and plagiarism.
- Peer Review Phase (Days 11–50): Manuscripts are assigned to two independent subject-matter experts for a rigorous double-blind peer review.
- Author Revision (Days 51–80): Authors are notified of the decision and are allotted 30 days to address reviewer comments and submit their revised manuscripts.
- Final Editorial Decision (Days 81–90): The editorial board reviews the resubmitted work. Upon a final decision of acceptance, the article is sent to the production department.
- Early Access/Online Publication (Days 91–100): Accepted articles undergo copyediting and typesetting. Once finalized, they are published immediately on the journal's website as Online Edition
- Quarterly Issue Compilation: Articles that have been published under Early Access are subsequently collected and assigned to their respective quarterly issue (January–March, April–June, July–September, October–December) for final printing

**14. ARTICLE ACCEPTANCE RATE**

To uphold high academic standards, Malayalam Research Key employs a competitive and selective peer-review system. The estimated target acceptance rate for submitted manuscripts ranges between 30% and 40%. This ensures that only well-researched, deeply analytical, and original contributions are selected for publication in each quarterly issue.

**15. ARTICLE PROCESSING CHARGES (APC)**

Malayalam Research Key does not currently charge any Article Processing Charges (APCs) for publishing research articles.

മലയാളം റിസേർച്ച്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0025

# ഭാഷാസമരങ്ങളും കേരളീയനവോത്ഥാനവും

ഡോ. വിനീത് വി.എസ്. / ലക്ഷ്മി പി.എസ്.

**പ്രബന്ധസംഗ്രഹം**
പത്തൊൻപതാം നൂറ്റാണ്ടോടുകൂടി കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ തലങ്ങളിൽ അനന്യസാധാരണമായ പരിവർത്തനങ്ങൾ ഉണ്ടായി. പാർശ്വവത്കരിക്കപ്പെട്ട ജനജീവിതത്തെ ഉദ്ധരിക്കാനും കേരളത്തിന്റെ സാമൂഹികഘടനയെ കൂട്ടായി പുനർനിർമ്മിക്കാനും നവോത്ഥാനഘട്ടം കാരണമായി. പിൽക്കാലത്ത് ആധുനികകേരളത്തിന് ശക്തമായ അടിത്തറ പാകാൻ ഈ പരിവർത്തനദശയ്ക്ക് സാധ്യമായി. അടിസ്ഥാനമൂല്യബോധങ്ങളെ കുറിച്ച് സാമാന്യജനങ്ങളിൽ അവബോധം ഉണ്ടാക്കാൻ തിരഞ്ഞെടുത്ത പ്രമുഖ ഇടങ്ങൾ കലാ–സാംസ്കാരിക–വിദ്യാഭ്യാസ മേഖലകളായിരുന്നു. നവീന ആശയങ്ങളും പരിപ്രേക്ഷ്യങ്ങളും ഏറ്റവും മികച്ച രീതിയിൽ പ്രചരിപ്പിക്കാനുള്ള മാർഗ്ഗം പ്രാദേശിക ഭാഷകളെ ആശ്രയിക്കുക എന്നതായിരുന്നു. ഭാഷയിലൂടെ സ്വായത്തമാക്കുന്ന സ്വത്വവത്കരണം ഒരു സാമൂഹികജീവിയെന്ന നിലയിൽ മനുഷ്യനിൽ ഏറെ സ്വാധീനം ചെലുത്തുന്നു. ഭാഷാവബോധത്തിലൂന്നിയ പ്രവർത്തനങ്ങളാണ് കേരളസമൂഹത്തിന്റെ പരിവർത്തനദശയുടെ സവിശേഷത. കേരളനവോത്ഥാനകാലത്ത് നടന്ന ചില പ്രധാന ഭാഷാപ്രവർത്തനങ്ങൾ സാമാന്യമായി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിലൂടെ.

**താക്കോൽവാക്കുകൾ**
നവോത്ഥാനം, ഭാഷാസമരം, പാഠപുസ്തകകമ്മിറ്റി, ഭാഷാപ്രതിരോധങ്ങൾ, മാനവികത, സ്വത്വബോധം

.......................................................................................................................................................................

## ആമുഖം

ആദർശപരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയെന്നത് മാനവരാശിയുടെ എക്കാലത്തെയും കർമ്മപദ്ധതികളിലൊന്നാണ്. ഈ ലക്ഷ്യത്തെ സാധൂകരിക്കാനാണ് കാലാകാലങ്ങളായി നീതിന്യായവ്യവസ്ഥയും നിയമ സംഹിതകളും ചിട്ടപ്പെടുത്തിയിട്ടുള്ളത്. കാലാന്തരേണ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അതിന്റെ ക്രമബദ്ധതയെ ഹിതകരമായും അല്ലാതെയും ബാധിക്കാം. സാമൂഹികമായ പൊതുവ്യവസ്ഥയെ അസന്തുലിതയിലേക്ക് നയിക്കുന്ന പ്രവണതകൾ രൂപപ്പെടുത്തുന്നതിനനുസൃതമായി അവയെ നേരിടുന്നതിനായുള്ള നടപടിക്രമങ്ങൾ മനുഷ്യൻ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത മൂല്യങ്ങളിൽ നിന്നും ക്ലാസ്സിക് പാരമ്പര്യത്തിന്റെ ചട്ടക്കൂട്ടിൽ നിന്നും പുറത്തുവരാനും സാമൂഹികമായ പിന്നാക്കാവസ്ഥയിൽ നിന്നുള്ള മോചനം ലക്ഷ്യമാക്കിയുമാണ് ലോകത്താകമാനം നവോത്ഥാനം ഒരു പ്രസ്ഥാനമായി രൂപപ്പെടുന്നത്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഈ നവയുഗത്തിന്റെ പ്രഭാവം പ്രകടമായിരുന്നു. പതിനാലാം നൂറ്റാണ്ടിനിപ്പുറമുള്ള ആഗോളസാമൂഹികപാശ്ചാത്തലത്തിൽ ഭാരതത്തിലും, തുടർന്ന് പത്തൊൻപതാം നൂറ്റാണ്ടോടെ കേരളത്തിലും നവോത്ഥാനദശ ആരംഭിച്ചു. കേരളനവോത്ഥാനം മലയാളിയുടെ പൊതുബോധത്തെയും ധൈഷണികതയെയും ഉയർത്തി. സാമൂഹികവും സാംസ്കാരികവുമായ പരിവർത്തനയുഗത്തിന് കേരളനവോത്ഥാനത്തെ പ്രാപ്തമാക്കിയത് മലയാളിയുടെ ഭാഷാവബോധമായിരുന്നു. മലയാളഭാഷയ്ക്ക് പ്രാതിനിധ്യവും പ്രാമുഖ്യവും നൽകി ഉയർത്തിക്കൊണ്ടുവന്നതിൽ അക്കാലത്തെ സാമൂഹികപരിഷ്കർത്താക്കളുടെയും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെയും പ്രയത്നങ്ങൾ ചെറുതല്ല. സാമാന്യജനങ്ങൾക്ക് വേണ്ടി മാതൃഭാഷയിലൂടെ നടത്തിയ ഉദ്ബോധന പ്രവർത്തനങ്ങൾ നവോത്ഥാനപ്രക്രിയയെ സഫലമാക്കി. ഭാഷയ്ക്ക് മേൽ നടത്തിയ ബോധപൂർവമായ പ്രവർത്തനങ്ങളും നവോത്ഥാനസമരങ്ങളും ആധുനികകേരളത്തിന് അടിത്തറ പാകി.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**നവോത്ഥാനം : ചരിത്രസമീക്ഷ**

പതിനാലാം നൂറ്റാണ്ടിനും പതിനേഴാം നൂറ്റാണ്ടിനുമിടയ്ക്ക് യൂറോപ്പിൽ നടന്ന ആഴത്തിലുള്ള സാംസ്കാരികവും ബൗദ്ധികവുമായ സാമൂഹിക പുനഃക്രമീകരണപ്രക്രിയയെയാണ് നവോത്ഥാനമെന്ന് വിശേഷിപ്പിക്കുന്നത്. മധ്യകാലഘട്ടത്തിനിപ്പുറം ക്ലാസിക്കൽ – പൗരാണിക കല, തത്ത്വചിന്ത, പഠനം എന്നിവയുടെ പുനരുജ്ജീവനത്തോടെയാണ് അടിസ്ഥാനപരമായി ഈ യുഗം ആരംഭിക്കുന്നത്. ഇറ്റലിയിൽ നിന്നും ഉത്ഭവിച്ച ഈ ജ്ഞാനമേഖല പിന്നീട് യൂറോപ്പിൽ ഉടനീളം വ്യാപിക്കുകയും, കല, ശാസ്ത്രം, സാഹിത്യം, രാഷ്ട്രീയചിന്ത എന്നിവയുടെ നവീകരണത്തിലൂടെ ആധുനിക ലോകത്തിന് ബൗദ്ധികവും സാംസ്കാരികവുമായ അടിത്തറയാകുകയും ചെയ്തു. പുതിയ കാലത്തിലേയ്ക്കുള്ള ചുവടുവയ്പ്പായി ഈ കാലം മാറുകയും അതുവരെയുള്ള പൊതുസാംസ്കാരിക പ്രത്യയശാസ്ത്രങ്ങളെ അടിസ്ഥാനപരമായി ചോദ്യം ചെയ്യുകയും ചെയ്തു. മനുഷ്യന്റെ കഴിവിലും അന്വേഷണപരതയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ലോകവീക്ഷണത്തിലേക്കുള്ള ഒരു നിർണായക മാറ്റമാണ് നവോത്ഥാനം പ്രതിനിധീകരിക്കുന്നത്. കലാകാരന്മാരും ചിന്തകരും ശാസ്ത്രജ്ഞരും വ്യക്തിയെ യുക്തി, നിരീക്ഷണം, സൃഷ്ടിപരമായ ആവിഷ്കാരം എന്നിവയിലൂടെ സ്വന്തം പാത രൂപപ്പെടുത്താൻ കഴിവുള്ളവനായി അവതരിപ്പിച്ചുതുടങ്ങി. കലാപരമായ രക്ഷാകർതൃത്വം നവീകരണത്തിന് ഇന്ധനമായി മാറി. സാമ്പത്തിക വളർച്ച, ക്ലാസിക്കൽ കൈയെഴുത്തുപ്രതികളുടെ പുനർനിർമ്മാണം, അച്ചടിശാല പോലുള്ള നൂതന സാങ്കേതികവിദ്യകളിലൂടെ ഊർജ്ജസ്വലമായ യൂറോപ്യൻ സമൂഹം, കല, ശാസ്ത്രം, തത്ത്വചിന്ത പോലുള്ള മേഖലകളിൽ അദ്ഭുതപൂർവമായ മാറ്റങ്ങൾ സൃഷ്ടിച്ചു. പണ്ഡിതരും കലാകാരന്മാരും അനുഭവനിരീക്ഷണങ്ങളിലേക്കും മതേതര വിഷയങ്ങളിലേക്കും ശ്രദ്ധ തിരിക്കുകയും, പരമ്പരാഗത അധികാരകേന്ദ്രങ്ങളെ വെല്ലുവിളിക്കുന്ന കൃതികളും ആശയങ്ങളും രൂപപ്പെടുത്തുകയും ചെയ്തു. നവോത്ഥാനം സാമൂഹിക പിരിമുറുക്കത്തിന്റെയും രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെയും മാറിക്കൊണ്ടിരിക്കുന്ന ലോകവീക്ഷണങ്ങളുടെയും കാലഘട്ടമായിരുന്നു. നവോത്ഥാന കാലഘട്ടത്തിലെ വിശാലമായ പരിവർത്തനങ്ങൾക്ക് നെടുംതൂണായി വർത്തിച്ച മുഖ്യ പ്രേരകശക്തിയെന്നത് ഭാഷയാണ്.

**ഭാരതീയനവോത്ഥാനം : സാമാന്യവീക്ഷണം**

വൈദേശികാധിപത്യത്തെ തുടർന്ന് പത്തൊൻപത് – ഇരുപത് നൂറ്റാണ്ടുകളിലായി ഭാരതത്തിലുണ്ടായ സാമൂഹികവും സാംസ്കാരികവുമായ പരിവർത്തനങ്ങളെ ഭാരതീയ നവോത്ഥാനകാലഘട്ടമെന്ന് വിശേഷിപ്പിക്കാം. 1750–1850 കാലഘട്ടത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ആധിപത്യത്തിലുള്ള ഇന്ത്യൻ പ്രദേശങ്ങൾ ബ്രിട്ടീഷ് രാജ്ഞിയുടെ കീഴിലുള്ള സാമ്രാജ്യത്വ ഭരണത്തിലേയ്ക്ക് മാറുകയും അവർ ഭാരതത്തിൽ സ്ഥിരത ഉറപ്പിക്കുകയും ചെയ്യതോടെ ഗണ്യമായ മാറ്റങ്ങൾ ഇവിടെ ഉണ്ടായി. കൊളോണിയൽ ഭരണം ഭാരതത്തിൽ നിലനിന്നിരുന്ന അരാജകത്വങ്ങളെ നിയമസംഹിതകൾ ഉപയോഗിച്ച് നിർത്തലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതോടൊപ്പം മിഷണറിമാരുടെ വരവ് നവീന ആശയങ്ങൾ സമൂഹത്തിന് പരിചയപ്പെടുത്തി. സാമൂഹിക ഘടനയിൽ പ്രത്യക്ഷമായ മാറ്റങ്ങൾ കണ്ടുതുടങ്ങുകകയും ഭാഷാപരവും സാഹിത്യപരവുമായ പുനരുജ്ജീവനത്തിന് ഈ കാലം സാക്ഷിയാകുകയും ചെയ്തു. ഇന്ത്യയിൽ ഭാഷാപ്രസ്ഥാനം എന്നത് പ്രധാനമായും ഇരുപതാം നൂറ്റാണ്ടിൽ ഉയർന്നുവന്ന രാഷ്ട്രീയ, സാമൂഹിക പ്രചാരണങ്ങളുടെ ഒരു പരമ്പരയെ സൂചിപ്പിക്കുന്നു. ഇന്ത്യ നൂറുകണക്കിന് ഭാഷകളും ഉപഭാഷകളുമുള്ള ഒരു ബഹുഭാഷാരാജ്യമാണ്. സാമാന്യമായി മനുഷ്യൻ ഇടപഴകുന്ന മേഖലകളിൽ അതത് ഭാഷണസമൂഹങ്ങളുടെ ഭാഷയ്ക്ക് പ്രാതിനിധ്യം ഉറപ്പാക്കുക എന്നത് ഇക്കാലത്ത് മുഖ്യ ആവശ്യമായി ഉയർന്നുവന്നു. അതിനായി സംഘടിതമായി പ്രതിരോധ പ്രതിഷേധ പ്രസ്ഥാനങ്ങൾ ആരംഭിക്കുകയും ഭാരതത്തിൽ വിവിധ ഭാഷണ സമൂഹങ്ങളിലായി ഭാഷാപ്രസ്ഥാനങ്ങൾ ഉയർന്നുവരുകയും ചെയ്തു. അച്ചടിശാലകളുടെ ആവിർഭാവത്തോടെ പ്രാദേശിക ഭാഷകളുടെ വികസനവും അതുവഴി തദ്ദേശീയ ഭാഷണസമൂഹങ്ങൾക്കിടയിൽ ദേശീയത വളർത്താൻ പ്രചോദനമാകുകയും ചെയ്തു. ഒന്നിലധികം പ്രാദേശിക 'നവോത്ഥാനങ്ങൾ' ഇത്തരത്തിൽ ഭാരതത്തിലെ വിവിധ ഇടങ്ങളിൽ സംഭവിച്ചു. ഇന്ത്യൻ നവോത്ഥാനം ഒരൊറ്റ പ്രസ്ഥാനമായിരുന്നില്ല, മറിച്ച് പ്രാദേശിക ഭാഷാ നവോത്ഥാനങ്ങളുടെ ഒരു കൂട്ടമായിരുന്നു. ബംഗാളി, തമിഴ്, തെലുങ്ക്, മറാഠി, ഒഡിയ തുടങ്ങിയ ഭാഷകളിൽ പ്രാദേശികഭാഷ പുനരുജ്ജീവനത്തിനും, മാനകീകരണത്തിനും, സ്വത്വ രൂപീകരണത്തിനും നവോത്ഥാനം കാരണമായി. ഈ ഭാഷാപ്രസ്ഥാനങ്ങളിലൂടെ അറിവ് കൂടുതൽ ജനാധിപത്യവൽക്കപ്പെട്ടു.

**ബംഗാൾ നവോത്ഥാനം**

ഭാരതീയ നവോത്ഥാനപ്രസ്ഥാനത്തിനും ആധുനികീകരണത്തിനും മാർഗദർശിയായത് ബംഗാളാണ്. നവോത്ഥാനപ്രവർത്തനങ്ങളുടെ ഭാഗമായി ഭാഷണസമൂഹങ്ങളിൽ ഭാഷാപോഷണസംബന്ധിയായ ഭാഷാപ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും സജീവമായി വർത്തിച്ചു. തദ്ദേശീയ സാഹിത്യത്തെയും പ്രാദേശികഭാഷകളെയും പുനരുജ്ജീവിപ്പിക്കുക, ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ സാംസ്കാരിക അഭിമാനം വളർത്തുക എന്നിവ അവയുടെ പ്രധാന ലക്ഷ്യങ്ങളായിരുന്നു. പ്രാദേശിക ഭാഷകളുടെ ശുദ്ധീകരണം, ഭരണ–വിദ്യാഭ്യാസ മേഖലകളിൽ അന്യഭാഷകൾ അടിച്ചേൽപ്പിക്കുന്നതിനെതിരായ കടുത്ത രാഷ്ട്രീയ പ്രതിരോധം നടപ്പിലാക്കുക എന്നിങ്ങനെയുള്ള വ്യത്യസ്ത വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് മുഖ്യമായും ഭാഷാപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. കൊൽക്കത്ത കേന്ദ്രീകരിച്ച് പ്രവർത്തിച്ച ബംഗാൾ നവോത്ഥാനം, സാമൂഹിക–മത

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

പരിഷ്കാരങ്ങളും ദേശീയവാദ ആശയങ്ങളും പ്രചരിപ്പിക്കുന്നതിനുള്ള ഒരു പ്രാഥമിക ഉപകരണമായി മാതൃഭാഷയെ ഉപയോഗിച്ചു. രാജാറാം മോഹൻ റോയ് ബംഗാളി ഗദ്യത്തിന് നേതൃത്വം നൽകുകയും ബങ്കിം ചന്ദ്ര ചാറ്റർജി, രവീന്ദ്രനാഥ ടാഗോർ എന്നീ മഹാരഥന്മാർ സാഹിത്യ വിപ്ലവം സൃഷ്ടിക്കുകയും ചെയ്തു. ഇത്തരം സജീവ പ്രവർത്തനങ്ങൾക്ക് ബംഗാളി സാഹിത്യത്തെ ഉയർത്താൻ കഴിഞ്ഞു. വിദ്യാഭ്യാസം മാതൃഭാഷയിലൂടെ ആകണം എന്ന് ആദ്യമായി വാദിച്ചത് ടാഗോറായിരുന്നു. കൊൽക്കത്ത യൂണിവേഴ്സിറ്റിയിലെ കോൺവൊക്കേഷൻ പ്രസംഗത്തിനായി ക്ഷണിക്കപ്പെട്ട ടാഗോർ തന്റെ മാതൃഭാഷയായ ബംഗാളിയിൽ പ്രസംഗം നടത്തി. ഇത് കൊൽക്കത്ത യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവമായിരുന്നു. പരിപ്പ് ഭക്ഷണത്തെപ്പോലെയാണ് ഫലം ചെയ്യേണ്ടത്. രുചിയിലൂടെ കൂടുതൽ ഭക്ഷിക്കുമ്പോൾ ദഹനശക്തിയും ശരീരപുഷ്ടിയും ഉണ്ടാകുന്നു. അതുപോലെ മാതൃഭാഷയിൽ കൂടിയാണ് വിദ്യാഭ്യാസം സാധിച്ച് വളരേണ്ടത് (അച്യുതൻ,2003:72) എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.
സ്കൂൾ പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതിനായി 1817 ജൂലൈ 4 –ന് കൊൽക്കത്തയിൽ കൽക്കത്ത സ്കൂൾ ബുക്ക് സൊസൈറ്റി സ്ഥാപിതമായി. സൊസൈറ്റിയുടെ സ്ഥാപകനായ ഡേവിഡ് ഹാരെ പാശ്ചാത്യ വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി ബംഗാളിയിലും ഇംഗ്ലീഷിലും പാഠപുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിക്കുക, വിതരണം ചെയ്യുക എന്നീ ലക്ഷ്യത്തോടെയാണ് സൊസൈറ്റി സ്ഥാപിച്ചത്. പൊതുവിദ്യാഭ്യാസ കമ്മറ്റി ചെയർമാനായ മെക്കാളെയുടെ ശിപാർശയെത്തുടർന്ന് ലോർഡ് ബെന്റിക്, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം ഒരു സർക്കാർ നയമായി പ്രഖ്യാപിക്കുകയും പാശ്ചാത്യ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുകയും ചെയ്തു. ഇത് തദ്ദേശീയ ബംഗാളി ഭാഷകർക്കിടയിൽ ഉത്കണ്ഠയുണ്ടാക്കി. 1836–ൽ കാളിനാഥ് റോയ് ചൗധരി, പ്രസന്നകുമാർ ടാഗോർ, ഹരിചരൺ ബന്ദോപാധ്യായ തുടങ്ങിയവർ ഇംഗ്ലീഷ് ഭാഷയുടെ ആധിപത്യത്തെ അഭിമുഖീകരിച്ച് ബംഗാളി ഭാഷയുടെയും അതിന്റെ പ്രയോഗത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ബംഗഭാഷാ പ്രകാശിക സഭ സ്ഥാപിച്ചു. ഇന്ത്യയിലെ ആദ്യത്തെ സംഘടിത രാഷ്ട്രീയ സംഘടനയായിരുന്ന ഈ പ്രസ്ഥാനത്തിന്റെ പ്രഥമ ലക്ഷ്യങ്ങളിൽ ഒന്ന് ബംഗാളി ഭാഷയുടെയും സാഹിത്യത്തിന്റെയും പരിശീലനം തുടരുക എന്നതായിരുന്നു. തദ്ദേശീയ പൈതൃകത്തെ ആധുനിക സംവേദനക്ഷമതയുമായി സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഭാഷയെ മുഖ്യ ആയുധമാക്കി പ്രവർത്തിച്ചതിന് ഉത്തമ ദൃഷ്ടാന്തമാണ് ബംഗാൾ നവോത്ഥാനകാലം.

**കേരളനവോത്ഥാനം**

കേരളനവോത്ഥാനം ആരംഭിക്കുന്നത് പത്തൊൻപതാം നൂറ്റണ്ടോടുകൂടിയാണ്. ബംഗാളിലും ഇതര സംസ്ഥാനങ്ങളിലും നിന്ന് വ്യത്യസ്തമായി സാമാന്യേന വൈകിയാണ് കേരളത്തിൽ നവോത്ഥാനചിന്തകൾ രൂപപ്പെടുന്നത്. 1883ൽ കേരളനവോത്ഥാനത്തിന്റെ പിതാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീനാരായണ ഗുരു തന്റെ പൊതുജീവിതത്തിന് സമാരംഭം കുറിക്കുന്നതോടെയാണ് കേരളനവോത്ഥാനത്തിന്റെ പിറവിയെന്ന് കണക്കാക്കുന്നു. നവോത്ഥാനം പോലെ നിയതമായ ഒരു രൂപമില്ലാത്തതും സർവാശ്ലേഷിയുമായ ഒരു പ്രസ്ഥാനത്തിന്റെ പിറവിയെ കൃത്യമായി ദൃഢീകരിക്കുക പ്രയാസമാണെങ്കിലും , പഠനസൗകര്യത്തിന് ഇത് അത്യാവശ്യമാണ് (പി. ഗോവിന്ദപിള്ള,2011:117). കേരളനവോത്ഥാനം താരതമ്യേന വൈകിയാണ് തുടങ്ങിയതെങ്കിലും അതുണ്ടാക്കിയ സ്വാധീനം മഹനീയമായിരുന്നു. ശ്രേണിബദ്ധമായ ഒരു സാമൂഹികാന്തരീക്ഷത്തെ പരിഷ്ക്കരിക്കുകയെന്നതായിരുന്നു ശ്രീനാരായണ ഗുരു ഉൾപ്പെടെയുള്ള അന്നത്തെ സാമൂഹിക പരിഷ്കർത്താക്കൾ ലക്ഷ്യമിട്ടിരുന്നത്. നവോത്ഥാനം, മാനവികത എന്ന പ്രസ്ഥാനത്തിന് തുടക്കമിട്ടു. മനുഷ്യന്റെ മൂല്യത്തിനും നന്മയ്ക്കും പ്രാധാന്യം നൽകിക്കൊണ്ട് വ്യക്തിത്വത്തെ ആഘോഷിക്കുകയും, തത്ത്വചിന്ത, ചരിത്രം, സാഹിത്യം തുടങ്ങിയ നാനാവിധ വിഷയങ്ങളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സാമൂഹികാസമത്വങ്ങളെയും അനാചാരങ്ങളെയും നിഷ്കാസനംചെയ്യാനായി സമൂഹത്തിന്റെ വിവിധ ഇടങ്ങളിൽ പരിഷ്കരണശ്രമങ്ങൾ ഉണ്ടായി. കർക്കശമായ വർഗ്ഗശ്രേണികളിൽ നിന്നും പരമ്പരാഗതമായ ചിട്ടകളിൽ നിന്നും മാറി മെച്ചപ്പെട്ട സമൂഹരൂപീകരണത്തിനായി നടത്തിയ നിരന്തരശ്രമങ്ങളുടെ പ്രതിഫലനം ആണ് നവോത്ഥാനകാലഘട്ടം. തദ്ദേശീയതലത്തിലുണ്ടായ പ്രതിരോധങ്ങളും പരിഷ്കരണ ശ്രമങ്ങളും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കിടയിൽ പുതിയ രാഷ്ട്രീയ അവബോധം ആഴത്തിൽ വളർത്തി. കേരളത്തിന്റെ നവോത്ഥാനയുഗത്തിന് സാംസ്കാരികമായ അടിത്തറപാകിയ അച്ചടിയുടെ ആവിർഭാവം എടുത്തുപറയേണ്ടതാണ്.
പ്രാരംഭദശയിൽ കേരളത്തിൽ നടന്ന സാമൂഹിക പരിഷ്കരണം പാരമ്പര്യ സംസ്കാരത്തിന്റെ നവീകരണവും പുനരുദ്ധാരണവുമായിരുന്നു. എന്നാൽ യൂറോപ്പിലെ നവോത്ഥാനം പാശ്ചാത്യ സംസ്കൃതിയെ ആധുനികീകരിച്ച് പോഷിപ്പിക്കുകയാണ് ചെയ്തത്. നവോത്ഥാനത്തിന് പിന്നിലുള്ള ചാലകശക്തിയിലും വ്യാപ്തിയിലും ബംഗാൾ നവോത്ഥാനത്തിൽ നിന്നും കേരളനവോത്ഥാനത്തിന് അടിസ്ഥാനപരമായ വ്യതിരിക്തതകൾ ഉണ്ടായിരുന്നു. ബംഗാളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ പ്രബുദ്ധരായ വരേണ്യവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച നവോത്ഥാനം ബൗദ്ധിക– സാഹിത്യ– മത പരിഷ്കരണങ്ങളെയാണ് പ്രാരംഭദശയിൽ ലക്ഷ്യമാക്കിയത്. എന്നാൽ കേരളത്തിൽ മുഖ്യമായും അടിച്ചമർത്തപ്പെട്ടതും പാർശ്വവത്കരിക്കപ്പെട്ടതുമായ വിഭാഗങ്ങളിൽ നിന്നും ഉയർന്നുവന്ന നേതൃത്വം പൗരാവകാശങ്ങളെ സംരക്ഷിക്കാനും ജാതി അതിക്രമങ്ങളെ നേരിടുവാനും സാമൂഹികമായ മുന്നേറ്റത്തിന് ഊന്നൽ നൽകാനും ശ്രദ്ധചെലുത്തി. കേരളനവോത്ഥാനം ഒരു ബഹുമുഖ പ്രസ്ഥാനമായിരുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

സാമൂഹിക അസമത്വങ്ങളെ വെല്ലുവിളിക്കുക, വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, മതപരമായ ആചാരങ്ങൾ പരിഷ്കരിക്കുക എന്നിവയാണ് ഈ കാലത്തെ പ്രസ്ഥാനങ്ങളുടെ ഉദ്ദേശ്യം. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വിവിധ സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങളാൽ കേരളസമൂഹം ഉണരുകയും സാമൂഹിക നവോത്ഥാനത്തിന്റെ ലക്ഷണങ്ങൾ കാണിച്ചുതുടങ്ങുകയും ചെയ്തു. കൊളോണിയൽ ഭരണാധികാരികളും മിഷണറിമാരും നൽകിയ സഹകരണവും കേരളത്തിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് ഉത്തേജനം നൽകി. ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം കേരളത്തിലെ ജനങ്ങൾക്കിടയിൽ പുതിയ സാമൂഹിക അവബോധം വളർത്തി. കേരളത്തിൽ, നവോത്ഥാന കാലഘട്ടം ഗണ്യമായ ഭാഷാ പരിഷ്കരണത്തിനും മലയാള ഭാഷയുടെ ജനകീയവൽക്കരണത്തിനും കാരണമായി. കുമാരനാശാൻ, വള്ളത്തോൾ നാരായണ മേനോൻ, ഉള്ളൂർ എസ്. പരമേശ്വര അയ്യർ തുടങ്ങിയ സാഹിത്യ ഭീമന്മാർ ക്ലാസിക്കൽ ഇതിഹാസങ്ങളിൽ നിന്നും സാമൂഹിക യാഥാർത്ഥ്യം, ജാതി വിരുദ്ധ പ്രമേയങ്ങൾ, ജനാധിപത്യ ആദർശങ്ങൾ എന്നിവയിലേക്ക് ശ്രദ്ധ തിരിച്ചു. ഗദ്യത്തിന്റെ ലളിതവൽക്കരണവും ഭാഷയെ സാധാരണ ജനങ്ങളിലേക്ക് എത്തിക്കാൻ സഹായകമായി.

**കേരളനവോത്ഥാനം: വിദ്യാഭ്യാസപരം**

കേരളത്തിൽ വിദ്യാഭ്യാസമേഖലയെ ജനാധിപത്യവത്കരിക്കാനുള്ള പ്രഥമ ഉദ്യമം നടന്നത് തിരുവിതാംകൂറിൽ നിന്നായിരുന്നു. സാമാന്യ ജനങ്ങളിലേയ്ക്ക് വിദ്യ എത്തിക്കുന്നതിന് പിന്നിലുള്ള ധാർമ്മികത പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ശതകങ്ങളിൽ തന്നെ തിരുവിതാംകൂർ ഭരണകൂടം തിരിച്ചറിഞ്ഞു. 1815 മുതൽ 1829 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന റാണി ഗൗരി പാർവതി ബായി 1817ൽ പൊതുവിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച് കൊണ്ട് കൊല്ലം ദിവാൻ പേഷ്കർ ശ്രീ വെങ്കിട്ട റാവുവിന് 'നീട്ട്' പുറപ്പെടുവിച്ചു. കൊല്ലത്തിന് വടക്കുള്ള പ്രദേശങ്ങളിലെ കുട്ടികളെ എഴുത്തും കണക്കും പഠിപ്പിക്കാനുള്ള അധ്യാപകർക്ക് ശമ്പളം കൊടുക്കാൻ സാധാരണജനങ്ങൾക്ക് വകയില്ലാത്തതിനാലും പള്ളിക്കൂടം വച്ച് അധ്യാപകരെ താമസിപ്പിക്കാൻ സൗകര്യമില്ലാത്ത അവസ്ഥയുടെ പാശ്ചാത്തലത്തിലുമാണ് ഈ ഉത്തരവ് പുറത്തിറങ്ങുന്നത്. ധാർമ്മികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ആ ദേശത്തെ ജനങ്ങൾ പുരോഗതി കൈവരിക്കുക എന്നതായിരുന്നു ഇതിനു പിന്നിലെ ഉദ്ദേശ്യം. കുട്ടികളെ എഴുത്തും കണക്കും പഠിപ്പിച്ച് പ്രാപ്തരാക്കിയാൽ ഉദ്യോഗങ്ങൾക്കും കണക്കെഴുത്തിനും ഉപകാരമാകുമെന്നും നാടിന് യശസ്സും കീർത്തിയും ധർമ്മവും അഭിവൃദ്ധിയായി വരുമെന്നും നീട്ടിൽ പ്രസ്താവിക്കുന്നു. ഇതിനായി കൃത്യമായി അധ്യാപകരെ നിയോഗിക്കാനും അവർക്കുള്ള ശമ്പളം പണ്ടാരവകയിൽ നിന്നു കൊടുക്കാനും മാസംതോറും ഇതിന്റെ പുരോഗതി കൃത്യമായി അറിയിക്കാനും ഉത്തരവിൽ കൽപ്പിക്കുന്നു. ഇതേ തുടർന്ന് 1818ൽ രണ്ട് കമ്മറ്റികൾ റാണി രൂപീകരിക്കുകയുണ്ടായി. മേൽ ഉത്തരവിൻ പ്രകാരം വിദ്യാഭ്യാസത്തിനാവശ്യമായ പാഠപുസ്തകനിർമ്മാണത്തിനും, പൊതുജനസേവനത്തിനായി വിശ്വസ്തരും കഴിവുള്ളവരുമായ ചെറുപ്പക്കാരെ കണ്ടെത്താനുമായിരുന്നു അവ രൂപീകരിച്ചത്. ഈ കാലയളവിൽ തന്നെ ബംഗാളിൽ രൂപീകരിച്ച കൽക്കത്ത സ്കൂൾ ബുക്ക് സൊസൈറ്റി ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ നവോത്ഥാനപ്രവർത്തനങ്ങൾ വളരെ മുൻപ് തന്നെ തുടങ്ങിയിരുന്നു എന്നതിന് നിദാനമാണിത്. പതിനാറ് വർഷങ്ങൾക്കിപ്പുറം 1834ൽ, സ്വാതി തിരുനാൾ തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാലയം ആരംഭിക്കാൻ പുറപ്പെടുവിച്ച ഉത്തരവിനെയും ഇതോടൊപ്പം വീക്ഷിക്കേണ്ടതുണ്ട്. ജോൺ റോബർട്ട്സിനെ പ്രഥമാധ്യാപകനാക്കി നിയമിക്കുകയും സൗജന്യപഠനം ഉറപ്പുവരുത്തി വിദ്യാർത്ഥികൾക്കുള്ള ഫീസ് സർക്കാർ വകയിൽ നൽകി ഇന്നത്തെ പൊതുവിദ്യാഭ്യാസസമ്പ്രദായത്തിന്റെ മാതൃകയിലാണ് ഹിസ് ഹൈനസ്സ് രാജാസ് ഫ്രീ സ്കൂൾ നിർമ്മിക്കുന്നത്. ഇംഗ്ലീഷ്, കണക്ക്, തർക്കം, ഫിലോസഫി എന്നിവയായിരുന്നു പാഠ്യവിഷയങ്ങൾ. ദേശത്തിന്റെ പുരോഗതിയ്ക്ക് അടിസ്ഥാനം വിദ്യാഭ്യാസമാണ് എന്നും അത് പരമാവധി ജനങ്ങളിലേയ്ക്ക് എത്തിക്കണമെന്നും മനസിലാക്കി ദീർഘവീക്ഷണത്തോടെ അന്നത്തെ തിരിവിതാംകൂർ ഭരണകൂടം പ്രവർത്തിച്ചു.

**നവോത്ഥാനം : ഭാഷാകേന്ദ്രിതം**

നവോത്ഥാനം പെരുമാറിയ പ്രമുഖ ഇടങ്ങളിലെല്ലാം പ്രാദേശിക ഭാഷകളെ കാര്യമായി വിനിയോഗിച്ചു. നിലവിലുള്ള അരക്ഷിതാവസ്ഥയിൽ നിന്നുള്ള മോചനത്തിനായുള്ള പരിശ്രമങ്ങൾക്ക് ഭാഷയുടെ സാന്നിധ്യം അവിഭാജ്യമാണെന്ന ബോധം കൂടുതൽ ഗൗരവകരമായ ഭാഷാപ്രവർത്തനങ്ങൾക്ക് വഴിവച്ചു. വ്യക്തധിഷ്ഠിതമായി ദേശബോധം വളർത്താൻ ഭാഷയിലൂടെ സാധിക്കുമെന്നും ഭാഷയിലൂടെ വളർത്തിയെടുക്കാനാകുന്ന സ്വത്വബോധം ഇതിനടിത്തറയാകുമെന്നും തിരിച്ചറിയപ്പെട്ടു. ഭാരതീയ സംസ്കാരവും ജ്ഞാനമേഖലയും രണ്ടാംകിടയാണെന്ന തരത്തിൽ ഇടിച്ചുതാഴ്ത്തിയുള്ള ബ്രിട്ടീഷ് അധിനിവേശശക്തികളുടെ വ്യാപകപ്രചാരത്തെ തുടർന്നാണ് നമ്മുടെ പ്രാദേശികഭാഷകളും സാഹിത്യവും മുൻനിരയിലേയ്ക്കെത്തിക്കാനുള്ള ശ്രമങ്ങൾ തദ്ദേശീയതലത്തിൽ ആരംഭിച്ചത്. നവോത്ഥാന ആശയങ്ങൾ ഭാരതത്തിലേക്കെത്തുമ്പോൾ ഇവിടുത്തെ സാഹചര്യങ്ങൾ ആവശ്യപ്പെട്ടത് സാമൂഹികമായ അഴിച്ചുപണിയിലാണ്. എല്ലാ മേഖലകളിൽ നിന്നും ഇതിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമായിരുന്നു. ഇതിനാവശ്യമായ മുഖ്യമാധ്യമം ഭാഷയായിരുന്നു. സാധാരണജനങ്ങളിലേയ്ക്ക് ആശയങ്ങൾ എത്തിക്കാനും വർഗ്ഗബോധവും ദേശബോധവും വളർത്താനും ഭാഷാപ്രയോഗമാണ് അനുയോജ്യമെന്ന തിരിച്ചറിവിൽ സാമാന്യജനങ്ങൾക്കിടയിൽ ഭാഷാവബോധം വളർത്താൻ ലഭിച്ച അവസരങ്ങൾ ഒന്നും തന്നെ

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

പാഴാക്കിയില്ല. ഭാഷ, ദേശീയതയുടെ സ്വയം നിർണ്ണയ താല്പര്യത്തിൽ ജനകീയ ഏകീകരണത്തിന്റെ വൈകാരികശക്തിയാണ്. (ദാസ്,2024:18). ഭാഷയ്ക്ക് മേലുള്ള അനാദരവും അവഹേളനവും ചോദ്യം ചെയ്യാൻ നവോത്ഥാനകാലത്തെ സാമൂഹികപരിഷ്കർത്താക്കൾ പ്രത്യേക ശ്രദ്ധചെലുത്തി. ഭാഷ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും പ്രാദേശിക സാഹിത്യത്തിന് ഉത്തേജനം ലഭിക്കുകയും ചെയ്തു. ഭാരത്തിലുടനീളം വിവിധ ഭാഷണസമൂഹങ്ങളിലായി ഈ പ്രവണത ദൃശ്യമാണ്.

**മലയാളനവോത്ഥാനം : അവലോകനം**

നവോത്ഥാനകാലത്തെ കേരളത്തിലെ ഭാഷാപ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും സവിശേഷമായിരുന്നു. സാമൂഹികമായ മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിക്കാൻ മാതൃഭാഷയെ സുപ്രധാന ആയുധമാക്കാൻ സാമൂഹികപരിഷ്കർത്താക്കൾ ശ്രദ്ധിച്ചിരുന്നു. ജാതിവിരുദ്ധ – സാമുദായിക പോരാട്ടങ്ങൾ മുതൽ സംസ്ഥാനരൂപീകരണപ്രവർത്തനങ്ങൾ വരെയുള്ള വേറിട്ട സാംസ്കാരിക ഇടങ്ങളുടെ അവിഭാജ്യഘടകമായി ഭാഷാചർച്ചകൾ മാറിയിരുന്നു. അറിവും അറിവ് നേടാനുള്ള അവകാശവും ഒരു നിശ്ചിതവർഗ്ഗത്തിന് മാത്രം അനുവദിക്കപ്പെട്ടിരുന്ന സാമൂഹികസ്ഥിതിയിൽ പാശ്ചാത്യപ്രബുദ്ധത മാറിചിന്തിക്കുവാൻ പ്രേരകമായി. വിദ്യാഭ്യാസത്തെ ജനാധിപത്യവത്കരിക്കാനുള്ള ഉദ്യമത്തെ ശാക്തീകരിക്കാൻ ഭാഷാബോധനപ്രവർത്തനങ്ങൾക്ക് സാധ്യമായി. ഏകീകൃതമായ മലയാളി സ്വത്വരൂപീകരണത്തിനുള്ള പ്രേരണയായി ഭാഷ നേരിട്ട് ബന്ധപ്പെട്ടിരുന്നതിനാൽ, കേരള നവോത്ഥാനം ഇന്ത്യയിലെ ഏറ്റവും പ്രതീകാത്മകമായ ഭാഷാപ്രസ്ഥാനങ്ങളിൽ ഒന്നായി തീർന്നു. സാംസ്കാരിക പുനരുജ്ജീവനത്തിലുപരി മലയാളം സംസാരിക്കുന്ന ഒരു സംസ്ഥാനമായി കേരളത്തിന്റെ ഭൂപടം വരയ്ക്കുക എന്നത് കേരളനവോത്ഥാനപ്രവർത്തനങ്ങളുടെ പ്രമുഖ ലക്ഷ്യങ്ങളിലൊന്നായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ആരംഭിച്ച ഭാഷാസ്നേഹികളായ മിഷണറിമാരുടെയും പണ്ഡിതരുടെയും കൂട്ടായ ഭാഷാപോഷണപ്രവർത്തനങ്ങൾ ഭാഷാവബോധത്തിന് നാന്ദി കുറിച്ചു. നിഘണ്ടുക്കളും ഭാഷാശാസ്ത്രകൃതികളും വ്യാകരണഗ്രന്ഥങ്ങളും വിവർത്തനങ്ങളും ഈ കാലയളവിൽ ധാരാളമായി രചിക്കപ്പെട്ടു. അർണ്ണോസ് പാതിരി, ഡോ. ഹെർമൻ ഗുണ്ടർട്ട്, റവ: ജോർജ്ജ് മാത്തൻ, റവ: ജോസഫ് പീറ്റ് തുടങ്ങിയ വൈയാകരണന്മാരുടെ രചനകൾ മലയാളഭാഷയെ പരിപോഷിപ്പിച്ചു. മലയാളഭാഷയുടെ പ്രാമുഖ്യത്തെ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ എ. ആർ. രാജരാജവർമയുടെ സ്ഥാനം സവിശേഷമാണ്. കേരളപാണിനീയം പോലുള്ള വ്യാകരണഗ്രന്ഥങ്ങളുടെയും ഭാഷാശാസ്ത്ര– സാഹിത്യ ഗ്രന്ഥങ്ങളുടെയും കർത്താവ് എന്നതിലുപരി തികഞ്ഞ മലയാളഭാഷാസ്നേഹിയായ അദ്ദേഹത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള തന്റെ പത്രാധിപജീവിതത്തിൽ മലയാള പദദാരിദ്ര്യം നേരിടുന്ന ഘട്ടങ്ങളിൽ ഇംഗ്ലീഷ് സാങ്കേതിക പദങ്ങൾക്ക് സമാനമായ മലയാളപദങ്ങൾ വേഗത്തിൽ തേടിപ്പിടിക്കുന്ന ഏ.ആറിനെയാണ് സമീപിച്ചിരുന്നത്. പത്തൊൻപതാം നൂറ്റാണ്ടോടെ കേരളത്തിൽ ഉണ്ടായ നവോത്ഥാനാശയങ്ങളെ ഉൾക്കൊള്ളാൻ ഈ കാലത്തെ ഭാഷാചാര്യന്മാർ മലയാളത്തെ സജ്ജമാക്കി.

മാതൃഭാഷയ്ക്ക് വേണ്ടി ആദ്യമായി നടന്ന സമരമുഖങ്ങളിലൊന്ന് 1914 – 1916 കാലഘട്ടത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന പ്രക്ഷോഭങ്ങളാണ്. 1914ൽ അന്നത്തെ കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഡോ. ജെ. സ്റ്റീഫൻസൺ പ്രാദേശികഭാഷാപഠന  ക്ലാസ്സുകൾ നിർത്തലാക്കാനും അധ്യാപകരുടെ എണ്ണം കുറയ്ക്കാനുമുള്ള നീക്കങ്ങൾ ആരംഭിച്ചതായിരുന്നു പശ്ചാത്തലം. ഇതിനെതിരെ ശക്തമായി പ്രതിഷേധിച്ചത് അന്നത്തെ യൂണിവേഴ്സിറ്റി കോളേജ് മലയാളം പ്രഫസറും നാട്ടുഭാഷാപര്യവേക്ഷകനുമായ (Superindent of Vernacular Studies) എ. ആർ. രാജരാജവർമയായിരുന്നു. മദ്രാസ് സർവകലാശാലയുടെ നയങ്ങൾക്കെതിരെ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ഭാരതീയ ഭാഷൾക്കും ദ്രാവിഡഭാഷകൾക്കും നേരെയുള്ള ഉപേക്ഷയിൽ ഖേദം പ്രകടിപ്പിക്കുകയും ഭാഷയ്ക്ക് വേണ്ടി വാദിക്കുകയും ചെയ്തു. കോളേജിൽ ദ്രാവിഡ ഭാഷകളുടെ നേർക്ക് പ്രദർശിപ്പിക്കുന്ന ചിറ്റമ്മനയത്തിനെപ്പറ്റി രാജരാജവർമ പരിതപിക്കുകയും അതിൽ നിന്നുളവാകുന്ന ദോഷങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്തു (ഭാഗീരഥി, രാഘവവർമ്മരാജാ, 1963:17). മലയാളം ക്ലാസ്സുകൾ നിർത്തലാക്കുന്നതിനെതിരെ അധ്യാപകരുടെ പിന്തുണയോടെ വിദ്യാർഥികൾ കോളേജിനകത്തും പുറത്തും ശക്തമായ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു. പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും ഉറച്ച പിന്തുണ ഈ ഭാഷാസമരത്തിനുണ്ടാകുകയും കേരളത്തിലെ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ഇത് വലിയ ചർച്ചയാകുകയും ചെയ്തു. സ്വദേശാഭിമാനി പത്രത്തിലൂടെ കെ. രാമകൃഷ്ണപിള്ള മാതൃഭാഷാ വിരുദ്ധനയങ്ങളെ രൂക്ഷമായി വിമർശിച്ചു. മഹാകവി കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വര അയ്യർ തുടങ്ങിയ മഹാരഥന്മാർ പ്രവർത്തനങ്ങളുടെ സജീവ സാന്നിധ്യമായി മാറി. 1915 ൽ പ്രതിഷേധങ്ങൾ ശക്തമായതിനെത്തുടർന്ന് പ്രിൻസിപ്പലിന് താത്കാലിക അവധിയിൽ പ്രവേശിക്കേണ്ടിവന്ന കാലയളവിലാണ് (1915–1916) എ. ആർ. രാജരാജവർമ്മ ആദ്യമായി കോളേജിന്റെ ആക്ടിംഗ് പ്രിൻസിപ്പാളായി ചുമതലയേൽക്കുന്നത്. ഭാരതീയനായ ആദ്യ പ്രിൻസിപ്പൽ ആയിരുന്നു അദ്ദേഹം. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ശക്തമായ ശ്രമഫലങ്ങളെ തുടർന്ന് പ്രതിഷേധ പ്രവർത്തനങ്ങൾ ഫലം കണ്ടു. മാതൃഭാഷ സംരക്ഷണത്തിനുവേണ്ടി കേരള കലാലയ ചരിത്രത്തിൽ നടക്കുന്ന ആദ്യത്തെ വ്യവസ്ഥാപിത പ്രക്ഷോഭങ്ങളിലൊന്നായി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സമരത്തെ അടയാളപ്പെടുത്താം.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

മലയാളഭാഷാസംബന്ധിയായി ഇക്കാലയളവിൽ നടന്ന മറ്റൊരു സംഭവം 1917–ലെ മദ്രാസ് ഗവർണറായ പെൻട്‌ലൻഡിന്റെ കോഴിക്കോട് സന്ദർശനവുമായി ബന്ധപ്പെട്ടതാണ്. യുദ്ധ സംഭാവനയായി പൊതുജനങ്ങളുടെ പേരിൽ പണം നൽകുന്നതിനെപറ്റി ആലോചിക്കാൻ മുനിസിപ്പൽ ചെയർമാൻ സി. വി. നാരായണമേനോൻ കോഴിക്കോട് ടൗൺ ഹാളിൽ യോഗം വിളിച്ചുകൂട്ടി. അന്നത്തെ യോഗത്തിന്റെ അധ്യക്ഷൻ മലബാർ കളക്ടർ ഇവാൻസ് ആയിരുന്നു. യോഗത്തിൽ കെ. പി. കേശവമേനോൻ മലയാളത്തിൽ പ്രസംഗിച്ചു. ഇത് കളക്ടർ എതിർത്തപ്പോൾ ഇംഗ്ലീഷിൽ പ്രസംഗിക്കില്ലയെന്ന് ഉറപ്പിച്ചുപറഞ്ഞ് അദ്ദേഹം യോഗം ബഹിഷ്കരിച്ചു. അന്ന് ഒപ്പം ഹാളിലുണ്ടായിരുന്ന മുക്കാൽ പങ്ക് ആൾക്കാരും ഈ തീരുമാനത്തെ പിന്താങ്ങി യോഗം ബഹിഷ്കരിച്ചു. മലബാറിൽ ദേശീയപ്രസ്ഥാനത്തിന് ഉണർവ് നൽകിയ ഈ സംഭവം രാഷ്ട്രീയമായി വലിയ കോളിളക്കമുണ്ടാക്കി (രാധിക,2006:28). കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ സുപ്രധാന ഏടായിരുന്നു ഇത്. സാമൂഹികാസ്തിത്വത്തെ ഉദ്ഘോഷിക്കാനുള്ള മാർഗമായി ഭാഷ മാറുന്ന കാഴ്ചയായിരുന്നു ഇത്.

വിദ്യാഭ്യാസത്തിലൂടെ നേടിയ ആശയമുന്നേറ്റം ഉൽപ്പതിഷ്ണുക്കളായ യുവജനങ്ങളെ ഭാഷാവബോധപ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകി. 1927ലാണ് കേരള സാഹിത്യ പരിഷത്ത് എന്ന സംഘടന രൂപപ്പെടുന്നത്. ഇതിനു സമാന്തരമായി മഹാകവി വള്ളത്തോളിന്റെ നേതൃത്വത്തിൽ നടന്ന യുവജന സാഹിത്യ സമ്മേളനവും ശ്രദ്ധേയമാണ്. സംഘടനകളുടെയും കൂട്ടായ്മകളുടെയും പരിണതഫലമായി ഭാഷാസ്നേഹികളായ ഒരു പണ്ഡിതസമൂഹം കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു. ഇക്കാലമാകുമ്പോഴേക്കും ശക്തമായ ഭാഷാവബോധവും ഭാഷാധിഷ്ഠിത സ്വത്വബോധവും ദേശീയതയും കേരളീയനവോത്ഥാന പശ്ചാത്തലത്തിൽ രൂപപ്പെട്ടിരുന്നു. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള മലയാളഭാഷയുടെ നേർക്കുള്ള അവഗണന ചർച്ചയാക്കുകയും ഇംഗ്ലീഷിനോടുള്ള മനോഭാവത്തിൽ നിന്ന് തികച്ചും വിപരീതമായി ഭാഷയുടെ നേർക്കുള്ള അനാദരവ്  ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. മലയാളഭാഷയ്ക്ക് ഭരണരംഗത്ത് ഉണ്ടാകുന്ന അധഃസ്ഥിതാവസ്ഥയും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുള്ള ഉദാസീനമനോഭാവവും സി.പി. അച്യുതമേനോൻ ചർച്ചയാക്കിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ “ഒരുവനെ തൂക്കികൊല്ലുവാൻ തീർച്ചയാക്കി ഉച്ചരിക്കുന്ന വിധിപോലും അവനറിയാത്ത ഭാഷയിലായിരിക്കണമെന്നുള്ള നടപടിയേക്കാൾ അക്രമമായി മറ്റെന്താണുള്ളത്?” (ചന്ദ്രശേഖരൻ,1998:89). വിദ്വാൻ എടമരത്ത് സെബാസ്റ്റ്യൻ മലയാളഭാഷയെ ശോച്യാവസ്ഥയിൽ നിന്ന് ഉദ്ധരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഭാഷാപോഷണം എന്ന ലേഖനത്തിൽ ചർച്ച ചെയ്യുന്നു. "നവീന കേരളത്തിലെ അധ്യയനം, രാജ്യഭരണം, വ്യവസായം , വാണിജ്യം, ആദിയായ വിസ്തീർണ്ണമായ പബ്ലിക് റോഡുകളിലെങ്ങും ദൂര സഞ്ചാരം ചെയ്യാതെ ഭവനത്തിലും ഭവനാന്തഃപുരത്തിലും മാത്രം അടങ്ങിയൊതുങ്ങി ജീവിക്കുന്ന മലയാള ഭാഷയുടെ അവസ്ഥ, ആപൽക്കരമായ ദശ, അകറ്റാനുള്ള മാർഗ്ഗങ്ങൾ ഉടനടി ആരായണം" (അച്യുതൻ,2003:151). ഭാഷയ്ക്ക് വേണ്ടി നിരന്തരം സംസാരിക്കുകയും അതിനാവശ്യമായി നിരന്തരം പ്രയത്നിക്കുകയും ചെയ്ത ക്രാന്തദർശികളായ ഭാഷാപണ്ഡിതരും സാഹിത്യകാരും രാഷ്ട്രീയപ്രവർത്തകരും  ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർ മലയാളത്തിലെ പദദാരിദ്ര്യത്തെക്കുറിച്ച് സംസാരിക്കുന്നതിനെ വിമർശിക്കുകയും പാഠപുസ്തകകൾ നിശ്ചയിക്കുന്നതിൽ പാലിക്കേണ്ട ഔചിത്യത്തെക്കുറിച്ച് നിരൂപിക്കുകയും ചെയ്ത തരവത്ത് അമ്മാളു അമ്മയുടെ നിലപാടും ഇവിടെ ശ്രദ്ധേയമാണ്. പണ്ടത്തെ ഭാഷാപോഷിണി സഭ നിന്നു പോയതോടുകൂടി ഭാഷാവിഷയത്തെ സംബന്ധിച്ച് കേരളീയർ ഒന്നു നിരുത്സാഹരായിത്തീർന്നിരിക്കെ അതിനെ വേറൊരു പേരിൽ പുനരുജ്ജീവിപ്പിച്ച ഭാഷാസ്നേഹികളോടുള്ള കടപ്പാടും അവർ എടുത്തു പറഞ്ഞു (അച്യുതൻ,2003:153). സാഹിത്യ പരിഷത്തിന്റെ അധ്യക്ഷസ്ഥാനം വഹിച്ചിരുന്ന ജി. ശങ്കരക്കുറുപ്പിന്റെ അഭിപ്രായത്തിൽ പരിഷത്തിൽ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളും പ്രസംഗങ്ങളും ഉപന്യാസങ്ങളും ഭാഷയുടെ സമ്പത്തിനെ വർദ്ധിപ്പിച്ചു. സാഹിത്യത്തിലൂടെ നവയുഗത്തിനുവേണ്ട ഉദ്ബോധന പ്രക്രിയയായിരുന്നു ലക്ഷ്യമെങ്കിലും ആത്യന്തികമായി ഓരോ പ്രവർത്തനമണ്ഡലങ്ങളും ഭാഷാപോഷണത്തെ ഗൗരവമായി സമീപിച്ചു.

1936 ലക്നൗവിൽ പുരോഗമന സാഹിത്യസംഘടനയുടെ ആദ്യ സമ്മേളനത്തിൽ മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളെ സാഹിത്യവിഷയമാക്കേണ്ടതും വൈദേശികാധിപത്യത്തിനെതിരെ സ്വാതന്ത്ര്യത്തിനായി പോരാടേണ്ടതും സാഹിത്യകാരുടെ അടിസ്ഥാന ധാർമ്മികകടമയായി ഉദ്ഘോഷണം ചെയ്തു. പ്രേംചന്ദ് ആധ്യക്ഷനായ ഈ സമ്മേളനത്തിൽ കേരളത്തിൽനിന്ന് കെ. ദാമോദരൻ പങ്കെടുത്തതോടെ ഈ ആശയങ്ങൾ കേരളീയ സമൂഹത്തിലേക്ക് എത്താൻ ഔദ്യോഗികമായ സാഹചര്യം സംജാതമായി. ജീവൽസാഹിത്യ സംഘം എന്ന പേരിൽ 1937 ൽ ഈ സംഘടന രൂപപ്പെട്ടപ്പോൾ വലിയ സ്വീകാര്യത ലഭിച്ചിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു. അടിസ്ഥാനപരമായ സാമൂഹികാവശ്യങ്ങളും വിശ്വചിന്താപദ്ധതികളുടെ വ്യാപനവും ഈ പ്രസ്ഥാനത്തിന്റെ സാംഗത്യം വർദ്ധിപ്പിച്ചു. സമകാലികമായ  സാമാന്യജനജീവിതത്തിന്റെ പ്രശ്നങ്ങളിൽ ശ്രദ്ധ ചെലുത്തുകയെന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ പ്രസ്ഥാനം ആരംഭിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യശതകത്തോടെ സാംസ്കാരിക നവോത്ഥാനം ഉയർന്നുവന്നതിന് നിദാനമാണ് പിൽക്കാലത്ത് നാം കാണുന്ന ഇത്തരം പ്രസ്ഥാനങ്ങളുടെ ആവിർഭാവം. ദേശബോധവും ഐക്യബോധവും സാമാന്യജനങ്ങളിലേക്ക് എത്തിക്കുവാൻ ഇത്തരത്തിലുള്ള നവോത്ഥാനപ്രക്രിയകൾ സഹായകമായി. ഇതിനായി സാഹിത്യത്തെ അവലംബിക്കുമ്പോൾ അതിനോട് ചേർത്തു വായിക്കേണ്ടത് ആവിഷ്കാരമാധ്യമമായ ഭാഷയുടെ പങ്കാണ്. ഈ പ്രാധാന്യം തിരിച്ചറിഞ്ഞ സമൂഹം അക്കാലത്ത് കേരളത്തിൽ രൂപപ്പെട്ടു. ഇതിനായി സാമാന്യജനങ്ങളെ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

സജ്ജരാക്കുന്നതിൽ സാമൂഹികപരിഷ്കർത്താക്കളും പുരോഗമനചിന്തകരും നേതാക്കളും ജീവൽസാഹിത്യ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി.

മലയാള നോവൽസാഹിത്യത്തിലെ നവോത്ഥാനഘട്ടത്തിന്റെ പ്രാരംഭദശയെക്കുറിക്കുന്ന ആദ്യ രണ്ട് പ്രാമാണിക നോവലുകളായിരുന്നു 1944ൽ പുറത്തിറങ്ങിയ പി. കേശവദേവിന്റെ ഓടയിൽ നിന്ന്, വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖി. അക്കാലത്ത് ഈ കൃതികൾ ഏറെ ചർച്ച ചെയ്യപ്പെട്ടു. സ്കൂൾ ഫൈനൽ ക്ലാസിലെ ഉപപാഠപുസ്തകമായിരുന്ന ഓടയിൽ നിന്ന് 1963ൽ കേരള നിയമസഭയിൽ പരാമർശ വിഷയമായി. അശ്ലീലച്ചുവയുള്ള അവസാനഭാഗങ്ങൾ പഠിക്കാൻ പറ്റുന്നതല്ല എന്ന് ചില എം.എൽ.എ. മാർ പരാതിപ്പെടുകയും കോൺഗ്രസ് അംഗമായ കെ. എം. ജോർജ് ഇതിനെ അനുകൂലിക്കുകയും ചെയ്തു. മുഖ്യമന്ത്രി ശങ്കർ ഈ വാദത്തെ തിരസ്കരിക്കുകയും തുടർന്ന്, 'കാളിദാസന്റെ കുമാരസംഭവത്തിലെ പാർവതിയുടെ പ്രത്യംഗവർണനകൾ ഞാൻ സ്കൂൾ ക്ലാസിൽ പഠിച്ചിട്ടുണ്ട്. ഞങ്ങൾക്കാർക്കും ഒരു അബദ്ധവും പറ്റിയിട്ടില്ല' എന്ന് മറുപടി നൽകുകയും ചെയ്തു (രാധിക,2006: 77). കേരള നവോത്ഥാനം പരിഷ്കർത്താക്കൾ നയിച്ച പരസ്പരബന്ധിതമായ സാമൂഹികവും ആത്മീയവും ബൗദ്ധികവുമായ വിപ്ലവങ്ങളുടെ ഒരു പരമ്പരയായിരുന്നു. സാമൂഹിക പരിഷ്കരണം, യുക്തിസഹമായ ചിന്ത, ദേശീയവാദ ആശയങ്ങൾ എന്നിവയ്ക്കുള്ള പ്രചാരമാധ്യമമായി മലയാളഭാഷയെ പരുവപ്പെടുത്തി എടുക്കാൻ ഈ കാലയളവിൽ ശ്രമങ്ങളുണ്ടായി.

**ഉപദർശനങ്ങൾ**

മനുഷ്യന്റെ നിലനിൽപ്പിനെ ഊട്ടിയുറപ്പിക്കുന്ന സജീവഘടകങ്ങളെ ആഴത്തിൽ ഇഴചേർക്കുന്ന സാമൂഹിക സ്ഥാപനമാണ് ഭാഷ. സമൂഹ–വർഗ്ഗ രൂപീകരണത്തിലും സാമൂഹികസംവിധാനങ്ങളുടെ ഗതിവിഗതികളുടെ നിയന്ത്രണത്തിലും ഭാഷ മുഖ്യ പങ്ക് വഹിക്കുന്നു. സാമൂഹ്യശാസ്ത്രജ്ഞരെ സംബന്ധിച്ചിടത്തോളം, സാമൂഹിക ഐക്യത്തിന്റെയും സാംസ്കാരിക പുനർനിർമ്മിതിയുടെയും കൂട്ടായ സമാഹരണത്തിന് വേണ്ടി വർത്തിക്കാൻ ഭാഷയ്ക്ക് സാധിക്കും. കേരളനവോത്ഥാന കാലത്തെ മലയാള ഭാഷ ഇതിനെ സാധൂകരിക്കുന്നു. ഭാഷയും സമൂഹവും തമ്മിലുള്ള അവിഭാജ്യബന്ധം തിരിച്ചറിയുന്നതിലൂടെ കേരള നവോത്ഥാനപ്രവർത്തനങ്ങളുടെ മുഖ്യമേഖലകളിൽ ഒന്നായി മലയാളം മാറി. മലയാളി എന്ന സ്വത്വബോധത്തെ ചേർത്തുനിർത്താൻ മലയാളത്തെ പല മേഖലകളിലായി ഉപയോഗിക്കുവാൻ സാമൂഹികപരിഷ്കർത്താക്കൾ നിരന്തരം ശ്രമിച്ചു. അക്കാലയളവിൽ രൂപപ്പെട്ട സംഘടനകളും ഇതര സാഹിത്യ സാംസ്കാരിക മേഖലകളിലെ പ്രവർത്തനങ്ങളും ഇത് സൂചിപ്പിക്കുന്നു. ഭാഷയ്ക്ക് വേണ്ടി ഉയർന്ന ഓരോ ശബ്ദവും ഓരോ സമരമുഖങ്ങളാണ്. ദേശീയബോധത്തെ തകർത്ത് വിഭജനലക്ഷ്യത്തോടെ കേന്ദ്രത്തിൽ ഭരണം നിർവഹിച്ചിരുന്ന വൈദേശികശക്തിയുടെ സാന്നിധ്യവും സമൂഹത്തിൽ മുൻപേതന്നെ നിലനിന്നിരുന്ന അരാജകത്വവും സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെ പ്രകടമാക്കുന്നു. ഇത്തരം പ്രവർത്തനങ്ങളെ പ്രായോഗികതലത്തിൽ വിജയകരമായി നടപ്പിലാക്കാൻ മുഖ്യ ഉപാധി ഭാഷയായിരുന്നു. ഇത് മനസിലാക്കി മാതൃഭാഷയ്ക്ക് ലഭിക്കേണ്ട മര്യാദയും പ്രാതിനിധ്യവും ഉറപ്പാക്കാൻ നിരന്തരം സംസാരിക്കുകയും യത്നിക്കുകയും ചെയ്ത ഒരു വിഭാഗം ജനത കേരളനവോത്ഥാനത്തെ ശക്തമാക്കി. ആധുനിക – പരിഷ്കൃത സമൂഹത്തിലേയ്ക്ക് കേരളത്തെ നയിച്ച നവോത്ഥാനപ്രവർത്തനങ്ങളിൽ മലയാളഭാഷയ്ക്ക് അവിഭാജ്യസ്ഥാനമാണുള്ളത്. ഭാഷയിലെ നവോത്ഥാനമെന്നത് ഒരു പ്രത്യേകകാലത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങാത്ത നിരന്തരപ്രക്രിയയാണ്. ഭാഷാനവോത്ഥാനത്തിന് എക്കാലവുമുള്ള പ്രസക്തി ഈ വിഷയത്തിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**

അച്യുതൻ എം., സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2003

അനന്തൻപിള്ള പി., കേരളപാണിനി, ബാലൻ പ്രസിദ്ധീകരണങ്ങൾ, തിരുവനന്തപുരം, 1934

ഒരു കൂട്ടം എഴുത്തുകാർ, യൂണിവേഴ്സിറ്റി കോളേജ് സെൻ്റിനറി സുവനിയർ 1866– 1966 , ഗവ. പ്രസ്, തിരുവനന്തപുരം, 1966

ഗോവിന്ദപിള്ള പി., സംസ്കാരവും നവോത്ഥാനവും (വി.വ.: സത്യൻ പി.പി.), ദേശാഭിമാനി ബുക്ക് ഹൗസ്, 2011

ചന്ദ്രശേഖർ എം. ആർ., കേരളത്തിലെ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 1998

ചന്ദ്രികാ ശങ്കരനാരായണൻ, ഏ. ആർ. രാജരാജവർമ – മലയാളത്തിന്റെ രാജശിൽപി , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1991

ദാസ് കെ. കെ. എസ്., ആധുനിക കേരളത്തിന്റെ സാംസ്കാരിക ചരിത്രം, പുസ്തക പ്രസാധക സംഘം, 2024

ഭാഗീരഥി അമ്മതമ്പുരാൻ എം., രാഘവവർമ്മരാജാ എം., ഏ. ആർ. രാജരാജവർമ– മൂന്നാം ഭാഗം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1963

രാധാകൃഷ്ണൻ, ആർ.,ഡോ., കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളുബൻ, തിരുവനന്തപുരം, 2010

രാധിക, സി. നായർ, ഡോ., കേരള ചരിത്രത്തിലെ അവിസ്മരണീയ സംഭവങ്ങൾ 1900– 2005, ഡി.സി. ബുക്സ്, തിരുവനന്തപുരം,2006

ശിവകുമാർ, ആർ., ഡോ., ഭാഷാവികസനത്തിന്റെ ജനാധിപത്യവഴികൾ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2022
ശിവകുമാർ, ആർ., ഡോ., സമഭാവനയുടെ ഭാഷാരാഷ്ട്രീയം : രാഷ്ട്രീയകൃത്യതയും ഭാഷാപരിഷ്കരണവും, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2025
ശ്രീധരൻ, പുറത്തൂർ, കേരളചരിത്രം, എച്ച്. ആൻഡ് സി. ബുക്സ്, തിരുവനന്തപുരം, 2017

About the researcher 1:
ഡോ. വിനീത് വി. എസ്.
അസോസിയേറ്റ് പ്രൊഫസർ
വകുപ്പധ്യക്ഷൻ, മലയാളവിഭാഗം,
ഗവൺമെൻ്റ് കോളേജ് കട്ടപ്പന
Email: drvineethvs@gckattappana.ac.in

About the researcher 2:
ലക്ഷ്മി പി. എസ്.
ഗവേഷക
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം
Email: lelkshmisatheesh7@gmail.com

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0025

# അടിയാളപ്രേതം: ജാതി അടിമത്തവും ബദൽചരിത്ര വായനയും

**മിന്നു എ.ബി.**

**പ്രബന്ധസംഗ്രഹം**
ചരിത്രം എല്ലാവരെയും ഉൾക്കൊള്ളുന്നില്ലെന്ന ബോധ്യമാണ് ബദൽചരിത്രവായനകളെ സാധ്യമാക്കുന്നത്. അടിമത്ത സമൂഹത്തെക്കുറിച്ചുള്ള സൂചനകൾ സാമ്രാജത്വചരിത്രവുമായി ബന്ധപ്പെട്ട് നമുക്ക് കണ്ടെടുക്കാൻ കഴിയുമെങ്കിലും അടിമത്തത്തിന്റെ സാമൂഹിക ജീവിതത്തെ, അനുഭവങ്ങളെ മുഖ്യധാരാചരിത്രത്തിൽ നമുക്ക് കാണാൻ കഴിയില്ല. അടിമത്തത്തിന്റെ ചരിത്രം ഇന്ന് വീണ്ടെടുപ്പിന്റെ പാഠങ്ങളായാണ് അവതരിപ്പിക്കപ്പെടുന്നത്. പ്രധാനമായും സാഹിത്യം മിത്തുകളിലൂടെയും കഥകളിലൂടെയും ഈ വീണ്ടെടുപ്പുകളെ നിർമ്മിക്കുന്നുണ്ട്. ഈവിധം ജാതീയമായ അടിമത്തം അനുഭവിച്ച ജനസമൂഹത്തെ അടയാളപ്പെടുത്തുന്ന നോവലാണ് പി.എഫ് മാത്യൂസിന്റെ അടിയാളപ്രേതം. മിത്തുകളിലൂടെയും, വാമൊഴികഥകളിലൂടെയും മറ്റൊരു ബദൽചരിത്രത്തെ അവതരിപ്പിച്ചുകൊണ്ട് അടിമത്ത ജീവിതവും അനുഭവങ്ങളും ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റുന്ന നോവലാഖ്യാനത്തെ പ്രബന്ധം വിശദമാക്കുന്നു. ഇത്തരത്തിൽ ഈ നോവലിനെ മുൻനിർത്തി ജാതീയമായ അടിമത്താനുഭവത്തെയും അതുവഴിയുള്ള ബദൽചരിത്ര വായനകളെയും പ്രബന്ധം അന്വേഷിക്കുന്നു. സാഹിത്യത്തിൽ ചരിത്രം ഇടപെടുന്നതിന്റെ സൂചനകൾ ഇതിൽ നിന്ന് വായിച്ചെടുക്കാൻ സാധിക്കും.

**താക്കോൽ വാക്കുകൾ**
ചരിത്രം, ജാതി, അടിമത്തം, സംസ്കാരം, മതം, സമൂഹം.

..........................................................................................................................................................................................

**ആമുഖം**
രേഖീയമായ പുരോഗതിയെ അടിസ്ഥാനമാക്കിയുള്ള ചരിത്രരചനാ രീതിയാണ് മുഖ്യധാരയിൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ അത്തരം ഒരു ചരിത്രഭ്രമിക എല്ലാവരെയും ഉൾക്കൊള്ളുന്നില്ലെന്ന വായനയാണ് ബദൽ ചരിത്രപാഠങ്ങൾക്ക് സാധ്യതയൊരുക്കുന്നത്. ചരിത്രത്തെ ഒരാഖ്യാനമോ പാഠമോ മാത്രമായി പരിഗണിക്കുകയെന്നതാണ് ബദൽ ചരിത്രപാഠങ്ങളുടെ പ്രധാന സവിശേഷത. ഉത്തരാധുനിക സാഹിത്യ മാതൃകകൾ ഈ രീതിയിലുള്ള പഠനത്തെ ഉൾക്കൊള്ളുന്നുണ്ട്. ചരിത്രത്തെ സാഹിത്യമായി പരിഗണിക്കുന്ന ഉത്തരാധുനികതയുടെ സവിശേഷതകളെ പരിഗണിച്ചുകൊണ്ട് ബദൽ ചരിത്രപാഠങ്ങളെ അവതരിപ്പിക്കുന്ന നവമായ ചരിത്ര പഠന രീതി സ്വീകാര്യമായ സമീപനമാണ്. ഈ സവിശേഷതയെ ഉൾചേർത്തുകൊണ്ട് സാഹിത്യം ചരിത്രത്തിന്റെ വ്യത്യസ്ത പാഠങ്ങളെ അവതരിപ്പിക്കുന്നു. ചരിത്രത്തെ ഭിന്നമായി നിൽക്കുന്ന ഒരു ചിന്താപദ്ധതിയായി പരിഗണിക്കാതെ വ്യത്യസ്ത സങ്കേതങ്ങളുടെയും സംസ്കാരങ്ങളുടെയും പൊതു ഇടമായി അവതരിപ്പിക്കുന്ന ആഖ്യാന രീതി സമകാലിക സാഹിത്യത്തിലും കാണാം. മിത്തിന്റെ പുനർവായനയിലൂടെ അദൃശ്യമാക്കപ്പെട്ട അടിയാള ചരിത്രത്തെ വീണ്ടെടുക്കുകയാണ് പി.എഫ് മാത്യൂസിന്റെ സമകാലിക നോവലായ അടിയാളപ്രേതം. ചരിത്രത്തിൽ നിന്നും പുറത്താക്കപ്പെട്ട കീഴാള ജനതയുടെ സ്വത്വത്തെ അടയാളപ്പെടുത്താൻ ശ്രമിക്കുകയാണ് ഈ നോവൽ. പി എഫ് മാത്യൂസിന്റെ തന്നെ ഇരുട്ടിൽ ഒരു പുണ്യാളൻ എന്ന നോവലിന്റെ തുടർച്ചയെന്ന നിലയിലോ ആ നോവലിലെ കഥാപാത്രങ്ങളുടെ ആവർത്തനം എന്ന നിലയിലോ അടിയാളപ്രേതത്തെ വായിക്കാൻ കഴിയും. കഥാപാത്രങ്ങളുടെ ആവർത്തനം ഉണ്ടെങ്കിലും ഈ നോവൽ മതപരമായ സങ്കീർണതകൾക്കും ഭീതി നിറയ്ക്കലിനുമപ്പുറം ചരിത്ര പാഠങ്ങളുടെ വീണ്ടെടുപ്പായി മാറുന്നു. വിദേശീയർ തങ്ങളുടെ അധികാരത്തെ ആഘോഷിച്ച കൊച്ചി പ്രദേശമാണ് നോവലിന്റെ പശ്ചാത്തലം.

അധീശധികാരത്തിനെതിരെ ശബ്ദമുയർത്തുന്ന സന്ദർഭം അടിമത്തത്തിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പിലേക്കാണ് സമൂഹത്തെ വഴിതെളിക്കുന്നത്. അത് ഒരു ജനതയുടെ/ സമൂഹത്തിന്റെ ചരിത്രത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ചരിത്ര ഗ്രന്ഥങ്ങളിൽ തൊഴിലെടുക്കുന്ന, അടിമകളായിരുന്ന വിഭാഗത്തെക്കുറിച്ചുള്ള സൂചനകൾ ഉണ്ടായിരുന്നു. എന്നാൽ അതിലുപരി അവരുടെ ചരിത്രത്തെ വ്യവഹാരികാർത്ഥത്തിൽ നമുക്ക് ലഭ്യമല്ല. ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന വ്യക്തികളുടെ സംസ്കാരം, ഭക്ഷണരീതി, വസ്ത്രത്തെക്കുറിച്ചുള്ള ധാരണ, കുടുംബസങ്കല്പം ഇവയൊന്നും ലിഖിത ചരിത്രപാഠങ്ങളിൽ കണ്ടെത്താനാകില്ല. അതുകൊണ്ടുതന്നെ സാഹിത്യമാതൃകകളിലൂടെയും മിത്തുകളിലൂടെയും വാമൊഴി പാഠങ്ങളിലൂടെയും ആഖ്യാനം ചെയ്യപ്പെടുന്ന ചരിത്രം, സമകാലിക അക്കാദമി ചരിത്രപഠിതാക്കൾ വരെ വളരെ പ്രാധാന്യത്തോടെ സമീപിക്കാറുണ്ട്. ഏതൊരാഖ്യാനവും ചരിത്രമായി മാറുന്നു എന്ന സങ്കൽപ്പനത്തിന് പ്രാധാന്യം ലഭിക്കുന്നത്

അതുകൊണ്ടാണ്. മുഖ്യധാരാ ചരിത്രം അടയാളപ്പെടുത്താതെ പോയ വസ്തുതകളെ ചേർത്തുവയ്ക്കാൻ ഇത്തരം ആഖ്യാനമാതൃകകൾക്ക് കഴിയുന്നു. ഈ രീതിയെ പരിഗണിച്ചുകൊണ്ട് അടിയാളപ്രേതം എന്ന നോവലിൽ അവതരിപ്പിക്കപ്പെടുന്ന ബദൽ ചരിത്ര വായനയെയും അതിലൂടെ നിർമ്മിക്കപ്പെടുന്ന അടിമത്താനുഭവങ്ങളെയും അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**ഫിക്ഷനിലൂടെ സാധ്യമാകുന്ന ചരിത്രപാഠങ്ങൾ**

ഹിസ്റ്ററി അഥവാ ചരിത്രം എന്നതിനെ ഒരൊറ്റ വാക്യത്തിൽ നിർവചിക്കുക എളുപ്പകരമായ കാര്യമല്ല. സംഭവങ്ങളുടെ വെറും പട്ടിക മാത്രമായി ചരിത്രത്തെ പരിഗണിക്കാനും കഴിയില്ല. "ചരിത്രമെന്നത് ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള സംവാദത്തിന്റെ തുടർച്ചയാണ്" എന്ന് ഇ.എച്ച് കാർ അഭിപ്രായപ്പെടുന്നുണ്ട്." (Carr E.H., 1990:93). ഇത്തരം നിർവചനങ്ങൾ ചരിത്രമെന്നത് സൂക്ഷ്മവും ആധികാരികവുമായ ഒന്നാണെന്ന ബോധ്യത്തെ ഉറപ്പിക്കുന്നു. എന്നാൽ ചരിത്രത്തെ വ്യത്യസ്ത തലത്തിൽ സമീപിക്കാമെന്നും വ്യത്യസ്തമാർന്ന വീക്ഷണങ്ങൾ ചരിത്രത്തെ സംബന്ധിച്ച് നിലനിൽക്കുന്നുവെന്നുമുള്ള ഉത്തരാധുനിക സമീപനം ചരിത്രത്തിന്റെ പുനർവായനകൾക്ക് കാരണമാകുന്നു. ഭൂതകാല സംഭവങ്ങളെ അതിന്റെ യഥാർത്ഥ പശ്ചാത്തലത്തിൽ വർത്തമാനകാലത്തിൽ അവതരിപ്പിക്കുന്നതാണ് ചരിത്രം എന്ന ധാരണയെ തിരുത്തുന്നതിലൂടെയാണ് ചരിത്രത്തിന്റെ പുനർവായന സാധ്യമാകുന്നത്. ചരിത്രത്തിൽ നിന്നും പുറത്താക്കപ്പെട്ടവരുടെ ചരിത്രമാണ് അവിടെ വായിക്കപ്പെടുന്നത്. ഇത്തരമൊരു പുനർവായന നോവലിലൂടെ സാധ്യമാക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. ഓരോ കാലഘട്ടത്തിലും ആവർത്തിക്കപ്പെടുന്ന ജാതിവിവേചനത്തിന്റെയും അടിമത്തത്തിന്റെയും ഓർമ്മപ്പെടുത്തലാണ് ഈ നോവൽ. അതുകൊണ്ടാണ് ഇത് ബദൽ പാഠങ്ങളെ സൃഷ്ടിക്കുന്നുവെന്ന് പറയുന്നത്. "വിദേശിയരുടെ ആഗമനത്തോടുകൂടിയല്ല കേരളത്തിൽ അടിമത്തം ആരംഭിച്ചത് അത് തദ്ദേശീയരുടെ ഇടയിൽ നിലനിന്നിരുന്ന ജാതി വ്യവസ്ഥിതിയോട് കൂടി ആരംഭിച്ചിരുന്നു. കൊളോണിയൽ ഘട്ടം ആകുമ്പോഴേക്കും ഇതേ അടിമത്തം ശക്തിപ്പെട്ടു. ജാതീയമായ അടിമത്തം, തീണ്ടൽ എന്നിവയുടെ വീണ്ടെടുപ്പ്, ചരിത്രം ഇല്ലാത്തവരുടെ ചരിത്രം എഴുതുന്നതിനുള്ള ഉപാധിയാണ്." (വിനിൽ പോൾ, 2022:29) ഇത്തരത്തിൽ ജാതീയമായ വീണ്ടെടുപ്പ് ഫിക്ഷനിലൂടെ സാധ്യമാക്കുകയാണ് അടിയാളപ്രേതം എന്ന നോവൽ.

കഥകളിലൂടെയും മിത്തുകളിലൂടെയും ചരിത്രത്തെ ആഖ്യാനം ചെയ്യുന്ന രീതി സാഹിത്യത്തിൽ പുതുമയുള്ളതല്ല. സി.വി യുടെ രചനകൾ മുതൽ ചരിത്രം നോവലുകളിൽ പ്രകടമാണ്. എന്നാൽ ചരിത്രത്തെ ഒരു പാഠം (text) മാത്രമായി പരിഗണിക്കുന്നിടത്താണ് ഈ നോവൽ വ്യത്യസ്തമാകുന്നത്. ചരിത്രത്തെ ഒരാഖ്യാനം മാത്രമായി കണ്ടുകൊണ്ട് ഭാവനപരമായ കൽപ്പിത കഥയിലൂടെ ചില ആശയങ്ങളെ ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റുകയാണ് ഈ നോവൽ. അതിനായി ആഖ്യാതാവ് തെരഞ്ഞെടുക്കുന്ന മിത്തുകളും, കഥകളും, പരിസരങ്ങളും മുഖ്യധാര സമൂഹത്തിന്റെ പൊതുബോധ്യങ്ങൾക്ക് പുറത്ത് നിൽക്കുന്നവയാണ്. മുഖ്യധാര ചരിത്രനിർമ്മിതിക്കുള്ളിൽ നിന്ന് ബഹിഷ്കൃതമാക്കപ്പെട്ട ജാതി സ്വത്വങ്ങൾ, വ്യക്തികൾ തുടങ്ങിയവ ഇവിടെ സ്ഥാനം പിടിക്കുന്നു. അടിമത്താവസ്ഥയുടെ അന്തിമമായ യാഥാർത്ഥ്യങ്ങളിലേക്കല്ല ഈ ആഖ്യാനം വിരൽചൂണ്ടുന്നത് മറിച്ച് ചരിത്രത്തിന്റെ ബഹുസ്വരതയിലേക്കാണ്. ഭൂതകാലത്തെ തിരുത്തിക്കൊണ്ട് വർത്തമാനകാലത്തിൽ ചരിത്രത്തെ പുനർനിർമ്മിക്കുകയാണ് ഇവിടെ. ആധുനികാനന്തരതയെ വിശദീകരിക്കുമ്പോൾ ലിൻഡാ ഹാച്ചിയോൺ അവതരിപ്പിക്കുന്ന ചരിത്രവിജ്ഞാനീയപരമായ അതികഥനം (Historiographic metafiction) എന്ന സമീപനം ഇതിന് മാതൃകയാണ്. "ഭൂതകാലത്തെ കഥയിലോ ചരിത്രത്തിലോ തിരുത്തി എഴുതുകയോ പുനരവതരിപ്പിക്കുകയോ ചെയ്യാൻ അതിന്റെ ആധികാരികതയും ഏകതയും നിരാകരിച്ചുകൊണ്ട് വർത്തമാനത്തിലേക്ക് പറിച്ചു നട്ടാൽ മതിയെന്ന് ആധുനികാനന്തര സാഹിത്യം കരുതുന്നു"(ഷാജി ജേക്കബ്, 2003:24). ചരിത്രത്തെ ഇത്തരത്തിൽ തിരുത്തിയെഴുതുന്നതാണ് ചരിത്ര വിജ്ഞാനീയപരമായ അതികഥനരീതിയുടെ സ്വഭാവങ്ങളിലൊന്ന്. ഈ വിധം നോവലിൽ അവതരിപ്പിക്കപ്പെടുന്ന മിത്തിലൂടെയും മറ്റ് കഥാപാത്രങ്ങളിലൂടെയും അദൃശ്യമാക്കപ്പെട്ട കീഴാള ജനതയുടെ അടിമത്താവസ്ഥയെയാണ് ആവിഷ്കരിക്കുന്നത്.

1663ൽ കൊല്ലപ്പെട്ട കാപ്പിരി എന്ന 'അടിമ'യുടെ കഥയെ അടിസ്ഥാനമാക്കി അതേ അടിമത്തത്തിന്റെ ഭാഗമായി കൊലചെയ്യപ്പെടുന്ന കുത്തുമാക്കോതയുടെ കൊലപാതകത്തെ അന്വേഷിക്കുന്നതിലൂടെയാണ് കഥ പുരോഗമിക്കുന്നത്. നോവലിലെ പ്രധാന കഥാപാത്രങ്ങളായ എസ്.ഐ ഉണ്ണിച്ചെക്കൻ സി.ഐ ബെഞ്ചമിൻ എന്നിവരാണ് അന്വേഷകർ. പോർച്ചുഗീസുകാരനായ അൽമേഡ സായിപ്പിന്റെ അടിമയായിരുന്ന കറുമ്പൻ കാപ്പിരിക്കും, ജന്മി അച്ചമ്പി മാപ്പിളയുടെ അടിമയായി മാറുന്ന കുഞ്ഞുമാക്കോതയ്ക്കും നേരിടേണ്ടി വരുന്നത് ഒരേ അടിമത്തത്തിന്റെ തന്നെ സങ്കീർണത നിറഞ്ഞ മരണങ്ങളാണ്. 1663ൽ ബ്രിട്ടീഷുകാർ പറങ്കികളെ ഇവിടെനിന്ന് നാടുകടത്തിയപ്പോൾ അവർക്ക് തങ്ങളുടെ നിധികളും സമ്പാദ്യവും ഉപേക്ഷിച്ചു പോകേണ്ടതായി വന്നു. പറങ്കി സാന്തിയാഗോ അൽമേഡ താൻ അടിമയായി നിയമിച്ചിരുന്ന കാപ്പിരിയെ തന്റെ നിധിക്ക് കാവലായി നിർത്തുന്നു. തന്റെ പിൻതലമുറകൾക്കു വേണ്ടിയുള്ള സമ്പാദ്യത്തിന് കാവലായി നിർത്താൻ കാപ്പിരിയുടെ ഇടനെഞ്ചിൽ കത്തി കയറ്റി അയാളെ സായിപ്പ് കൊന്നു കളയുകയാണ്. "നീ മരിച്ചാലും ഭൂതമായി ജീവിക്കും. ഇനി നിനക്കീ ചെമ്പുംകുടത്തിലെ പണ്ടംകൊണ്ട് സുഖിച്ചു കഴിയാം. എന്റെ ശല്യം പോലും നിനക്കുണ്ടാകുല. ഇനി നീയാണീ ഈ കുടുമത്തിന്റെ കാവല്" (മാത്യൂസ് പി.എഫ്., 2019:33). തന്റെ നിലവറയുടെ കാവലാളായി കാപ്പിരി പ്രേതത്തെ

നിയോഗിക്കുകയാണ് പറങ്കി. വർഷങ്ങൾക്കുശേഷം പറങ്കിയുടെ ഭൂമി സ്വന്തമാക്കുന്ന അച്ചമ്പി മാപ്പ എന്ന ജന്മി കാപ്പിരിയെ പ്രീതിപ്പെടുത്തി നിധി സ്വന്തമാക്കാൻ ശ്രമിക്കുന്നു. അതിനായി കുഞ്ഞുമാക്കോതയെ ഉപയോഗിക്കുകയാണ് അയാൾ. "ഉഗ്രപ്രതാപിയായ മാടമ്പള്ളി കണ്ടച്ചനാശാന്റെ മുഖത്തുനിന്നു സിദ്ധരൂപവും അമരകോശവും മന്ത്രതന്ത്രാദികളും പഠിച്ച, ജാതിയിൽ താഴ്ന്ന ആത്മാക്കളുടെ പുരോഹിതനാണ് കുഞ്ഞുമാക്കോത"(മാത്യൂസ് പി.എഫ്., 2019:27). ജാതിപ്പേര് ചേർത്ത് പറയൻമാക്കോതയെന്ന് മറ്റുള്ളവർ അയാളെ വിളിക്കുമെങ്കിലും അച്ചമ്പി അയാളെ ജാതിപേര് ചേർത്ത് വിളിക്കില്ലായിരുന്നു. പണവും സ്വത്തും നൽകി മാക്കോതയേയും കുടുംബത്തേയും സംരക്ഷിക്കുന്ന മഹാമനസ്കനാണ് അച്ചമ്പി. എന്നാൽ അതിനു പിന്നിലുള്ള ലക്ഷ്യം തന്റെ മുറ്റത്തെ ആഞ്ഞിലിത്തറയിൽ കഴിയുന്ന കാപ്പിരിയെ പ്രീതിപ്പെടുത്തി നിധി സ്വന്തമാക്കുക എന്നതാണ്. ഒടുവിൽ അച്ചമ്പിമാപ്പ മാക്കോതയ്ക്കും കുടുംബത്തിനും വേണ്ടി കാഞ്ഞിരപ്പള്ളിയിൽ സ്ഥലം വാങ്ങിക്കുകയും അവരെ അങ്ങോട്ടേയ്ക്ക് പാർപ്പിക്കാമെന്ന വ്യാജേന ആ കുടുംബത്തെ തന്നെ ഇല്ലാതാക്കുകയുമാണ് ചെയ്യുന്നത്. കാഞ്ഞിരപ്പള്ളിക്ക് താമസം മാറുന്ന രാത്രിയിൽ മാക്കോതയുടെ ഭാര്യ ചീരയും രണ്ട് മക്കളും ഇരുട്ടിൽ വരുന്ന ജീപ്പിൽ കയറി പോകുന്നു. മാക്കോത അച്ചമ്പിയാടൊപ്പം കാപ്പിരിക്കുവേണ്ടിയുള്ള മന്ത്രക്കളത്തിലും. കാഞ്ഞിരപ്പള്ളിയിൽ വെച്ച് ചീരയും മക്കളും ക്രൂരമായി കൊല്ലപ്പെടുന്നു. മാക്കോതയെ കഴുത്തറത്ത് അച്ചമ്പിയും കൊല്ലുന്നു.
ചരിത്രത്തിലുടനീളം ജാതീയമായ വിവേചനം ആവർത്തിക്കപ്പെടുന്നുണ്ട്. ഓരോ കാലഘട്ടങ്ങളിലും ജാതി, നിറം തുടങ്ങിയവ നമ്മെ പിന്തുടരുന്നു.

നോവലിൽ ഭൂതകാല അടിമചരിത്രം ചുരുളഴിയപ്പെടുന്നത് എസ് ഐ ഉണ്ണിച്ചെക്കനിലൂടെയാണ്. ഇരുപതാം നൂറ്റാണ്ടിനിപ്പുറവും ഇതേ ജാതി വിവേചനത്തെ നേരിടേണ്ടി വരുന്ന ഉണ്ണിച്ചെക്കനെ നോവലിൽ കാണാം. അത് നിഷ്ഠൂരമായ കൊലപാതകമോ ആഭിചാര കർമ്മങ്ങളോ എന്ന നിലയിലല്ല, മറിച്ച് നിറം നോക്കി ജാതി പറയുന്ന ഇന്നത്തെ അവസ്ഥയിലൂടെയാണ്. ഉണ്ണിച്ചെക്കനെ തിരിച്ചറിയുന്നതിനായി മറ്റു കഥാപാത്രങ്ങൾ നോവലിൽ അവന്റെ ജാതിയെയാണ് സൂചിപ്പിക്കുന്നത്. "എസ് ഐ യോ....? അതേന്ന് പട്ടികജാതിക്കാരനാന്നേ... എന്നതാ പേര്?"(മാത്യൂസ് പി.എഫ്., 2019:88). ഇത്തരത്തിൽ ജാതീയമായ അടിമത്തം അവസാനിച്ചിട്ടും സമൂഹത്തിൽ നിലനിൽക്കുന്ന ജാതി വിവേചനത്തെ നോവലിസ്റ്റ് വെളിപ്പെടുത്തുന്നു. അതുപോലെ നോവലിലെ കറുപ്പൻ എന്ന കഥാപാത്രം മാക്കോതയെ കാണാതായതിന്റെ പേരിൽ കേസ് കൊടുക്കാൻ പോകുമ്പോൾ എസ് ഐ അവരാച്ചൻ അയാളെ ജാതിയുടെ പേരിലാണ് പോലീസ് സ്റ്റേഷനിൽ നിന്ന് പുറത്താക്കുന്നത്.
"കാഞ്ഞിരപ്പള്ളിക്കാരൻ കുഞ്ഞുവരാച്ചൻ നമ്പൂതിരി മാർക്കം കൂടി വന്ന സവർണ്ണ സുറിയാനി ക്രിസ്ത്യാനിയാണത്രേ..." "വാലനായ ഞാൻ തീണ്ടലും തൊടീലും വരെ അനുസരിക്കേണ്ടവനാണ് പോലും, അടുത്തുനിന്ന് സംസാരിക്കാനനുവദിച്ചത് നമ്പൂതിരിച്ചനിലുണ്ടായെന്നു വിചാരിക്കണ ആ പരമനാറീടെ മഹാമനസ്കതയാണത്രേ..." (മാത്യൂസ് പി.എഫ്, 2019:101) ഇത്തരത്തിൽ കറുപ്പന്റെ വ്യഥയിലൂടെ നോവലിസ്റ്റ് വെളിപ്പെടുന്നത് ജാതി മാറിയാലും സവർണ്ണമതാധികാരത്തിന്റെ പേരിൽ വിവേചനം നിലനിർത്തുന്ന സമൂഹത്തെയാണ്.

പറങ്കിയും അച്ചമ്പിമാപ്പയും തമ്മിൽ വ്യത്യാസമൊന്നുമില്ല. കീഴാളന്റെ രക്തത്തിലൂടെ തന്റെ അധികാരത്തെ ഉറപ്പിക്കുന്ന രീതി തുടർന്നുകൊണ്ടിരിക്കുന്നു. സാമൂഹ്യപ്രസ്ഥാനങ്ങളുടെ ഭാഗമായി നിരവധി പരിഷ്കരണങ്ങൾ കേരളത്തിൽ നടന്നിരുന്നു. കീഴാള വിഭാഗത്തിന്റെ മുന്നേറ്റങ്ങളായിരുന്നു അവയുടെ ലക്ഷ്യം. കൊളോണിയൽ കാലഘട്ടം അടിമ ജനത്തെ വിദ്യാഭ്യാസത്തിലൂടെയും തൊഴിലിലൂടെയും പരിഷ്കരിച്ചു, അവർക്ക് മെച്ചപ്പെട്ട ജീവിതാവസ്ഥ ഒരു പരിധിവരെ ലഭിക്കുകയും ചെയ്തു എന്നത് സ്വീകാര്യമാണ്. എന്നാൽ തങ്ങളുടെ വ്യക്തിത്വത്തെയും ശരീരത്തെയും അവരായിരിക്കുന്ന സാഹചര്യത്തിൽ അതേപടി ഉൾക്കൊള്ളാൻ സമൂഹത്തിന് കഴിഞ്ഞിരുന്നോ എന്നത് ഇന്നും പ്രസക്തമായ ചോദ്യമാണ്. ശരീരത്തിന്റെ പരിഷ്കരണമായിരുന്നു കൊളോണിയൽ സംസ്കാരം മുന്നോട്ടുവെച്ച ഒരു കാര്യം. കാഴ്ച്ചമാത്രയിൽ തീണ്ടലും അയിത്തവും കൽപ്പിക്കപ്പെടുന്ന ശരീരത്തിന്റെ പരിഷ്കരണം. എന്നാൽ കീഴാള ശരീരത്തിന്റെ സ്വീകാര്യമായിരുന്നില്ല നിരാസമായിരുന്നു നടന്നത്. ഇതേ നിരാസമായിരുന്നു അടിമത്തം നിർത്തലാക്കിയതിനുശേഷവും ഒരു ജനവിഭാഗത്തിന് മാത്രം പിന്നീടും അടിമകളായി തുടരേണ്ടി വന്നത്. കൊളോണിയൽ കാലഘട്ടത്തിലെ സാമൂഹ്യ മാറ്റങ്ങളിൽ പ്രധാനമായിരുന്നു തൊഴിലാളിവർഗ്ഗത്തിലേക്കുള്ള പരിണാമം, എന്നാൽ ജാതി ഘടനയിൽ ഉറച്ച തൊഴിൽ ബന്ധങ്ങൾ വലിയ മാറ്റം കൂടാതെ ഇരുപതാം നൂറ്റാണ്ടിന് ശേഷവും തുടർന്നിരുന്നു. ഇത്തരത്തിൽ അടിമത്തം ഭീകരമായ മനുഷ്യ വില്പനകളിൽ നിന്നും മാത്രമുള്ള മാറ്റമായി അവശേഷിക്കുന്നു. മാക്കോത അച്ചമ്പിയുടെ അടിമയായിരുന്നില്ല എന്നാൽ അയാളുടെ വിധേയത്തം അച്ചമ്പി ഉപയോഗിച്ചുകൊണ്ട് അയാളെ അടിമയാക്കി മാറ്റുകയാണ്. അച്ചമ്പിമാപ്പയെന്ന ജൻമിയുടെ കുടിയാനായ കുഞ്ഞുമാക്കോതയ്ക്ക് യജമാനന്റെ ആജ്ഞകൾ പാലിക്കുന്ന അടിമയാകേണ്ടി വരുന്നത് ജാതി വ്യവസ്ഥയ്ക്ക് അടിസ്ഥാനമായ ഈ വിവേചനം മാറ്റമില്ലാതെ നിലനിൽക്കുന്നതു കൊണ്ടാണ്. ജാതി ശ്രേണികരണം കീഴാള ജനതയെ നിറത്തിന്റെ പേരിലും മറ്റും അടിമകളായി നിലനിർത്തുന്നു. മുഖ്യധാരാ ചരിത്രം രേഖപ്പെടുത്തിയ സാമൂഹ്യ പരിഷ്കരണ ചരിത്രത്തിന് മറ്റൊരു തലം കൂടി ഉണ്ടെന്ന് നോവലിലൂടെ തെളിയിക്കപ്പെടുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്തപ്പെടാത്ത അടിമത്താനുഭവം സാമൂഹിക ഓർമയായി മാത്രം അവശേഷിക്കുന്നവയാണ്. "ദലിത് കീഴാള ജനതകളുടെ സാമൂഹ്യാനുഭവങ്ങളിൽ ഏറ്റവും നിർണായകമായത് ദീർഘകാലം നീണ്ടുനിന്ന അടിമത്തമാണ്. അതിൽ നിന്ന് ഉയർന്നുവന്ന അന്യവൽക്കരണവും കുടുംബങ്ങളുടെയും കൂട്ടായ്മകളുടെയും തകർക്കലുമാണ് അടിസ്ഥാനപരമായ പ്രശ്നം. ഇത് സംഭവിക്കുന്നതുതന്നെ, ആദിദ്രാവിഡ ജനതയുടെ മേൽ അധീശജാതികൾ ആധിപത്യം സ്ഥാപിച്ചതിലൂടെയാണ്" (സനൽമോഹൻ പി., 2021:22). വിദേശാധിപത്യം ഈ അടിമത്തത്തെ നിലനിർത്തി. ഈയൊരു യാഥാർത്ഥ്യത്തെയാണ് നോവൽ കാപ്പിരിയുടെയും മാക്കോതയുടെയും കഥയിലൂടെ അവതരിപ്പിക്കുന്നത്. സമൂഹത്തിൽ ദീർഘകാലം നീണ്ടുനിന്ന അടിമത്തം ധാരാളം കുടുംബങ്ങളെ തകർത്തിട്ടുണ്ട്. എന്നാൽ അതൊന്നും ചരിത്രത്തിന്റെ ഭാഗമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അവരൊക്കെ ചരിത്രത്തിൽ നിന്നും മാഞ്ഞുപോയവരാണ്. സാമൂഹ്യ പരിഷ്കരണങ്ങൾ നടന്നപ്പോഴും കീഴാള വിഭാഗത്തിന്റെ രക്തചൊരിച്ചിൽ ആവർത്തിക്കപ്പെട്ടിരുന്നു. മാക്കോതയേയും കുടുംബത്തേയും കാണാതാകുമ്പോൾ ആരും തന്നെ അവരെ അന്വേഷിക്കുന്നില്ല. കറുപ്പൻ എന്ന സ്നേഹിതൻ എസ്.ഐ.യ്ക്ക് നൽകുന്ന പരാതി അയാൾ കീറിക്കളയുകയാണ്. വളരെ എളുപ്പത്തിൽ തന്നെ കീഴാളരെ ചരിത്രത്തിൽ നിന്ന് മായ്ച്ചുകളയാമെന്ന സാമൂഹ്യ സവർണ്ണ ചിന്തയാണ് ഇതിലൂടെ വെളിവാക്കപ്പെടുന്നത്.

പുതുതായി ചാർജെടുത്ത് വരുന്ന ഉണ്ണിച്ചെക്കൻ എന്ന കഥാപാത്രത്തിലൂടെയാണ് ഒളിഞ്ഞുകിടന്ന ഈ ചരിത്രത്തിന്റെ രഹസ്യങ്ങൾ പുറത്തുവരുന്നത്. മാക്കോതയുടെ ചെക്കൻ (മകൻ) കാപ്പിരിയുടെ കളിപ്പാട്ടം കൊട്ടി ഇരുട്ടിലേക്ക് മാഞ്ഞുപാകുന്നുണ്ട്. ആ ചെക്കനാണോ ഉണ്ണിച്ചെക്കനെന്ന സംശയം വായനക്കാരിൽ ബോധപൂർവ്വം നിക്ഷേപിക്കുകയാണ് നോവലിസ്റ്റ്. ഒടിയനായും പ്രേതമായുമാക്കെ ഉണ്ണിച്ചെക്കനെ വായനക്കാർക്ക് തോന്നാം. കാപ്പിരിയുടെയും മാക്കോതയുടെയും കൊലപാതകങ്ങൾ പുറത്തുകൊണ്ടുവരുന്ന, അടിമത്താനുഭവത്തിന്റെ ചരിത്രത്തെ വെളിപ്പെടുത്തുന്ന അടിയാളപ്രേതമാണ് യഥാർത്ഥത്തിൽ ഉണ്ണിച്ചെക്കൻ. ഒടുവിൽ അയാൾ പോലീസ് രജിസ്റ്ററിൽ പോലും ഇല്ലാത്ത ഒരാളായി, പ്രേതമായി മാഞ്ഞുപാവുകയാണ്. ഇത്തരത്തിൽ ചരിത്രത്തിൽ നിന്നും നീക്കപ്പെട്ടവരുടെ കഥ പറയുവാനാണ് അടിയാളപ്രേതം ശ്രമിക്കുന്നത്.

**ചരിത്രമെന്ന പാഠവും കഥയും**

ചരിത്രം എന്നത് ഒരു പാഠം മാത്രമാണെന്നും കഥകളിലൂടെയും ചരിത്രത്തെ ആവിഷ്കരിക്കാൻ സാധിക്കുമെന്നും അടിയാളപ്രേതം തെളിയിക്കുന്നുണ്ട്. നോവലിൽ ആവിഷ്കരിക്കപ്പെടുന്ന മിത്തുകളിലൂടെയും കഥകളിലൂടെയുമാണ് ആഖ്യാതാവ് കീഴാള ചരിത്രത്തെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. ഈ കഥകൾ ചരിത്രാന്വേഷണത്തെ വ്യക്തിപരവും സാമൂഹികവുമായ അനുഭവലോകങ്ങളിലേക്ക് നയിക്കുന്നു. മുഖ്യധാര ചരിത്രത്തിൽ ഉയർന്നുനിൽക്കുന്ന ചില ആശയങ്ങളെ ചോദ്യം ചെയ്യുകയോ, വ്യാഖ്യാനിക്കുകയോ, തിരുത്തുവാൻ ശ്രമിക്കുകയോ ആണ് ഇതിലൂടെ ചെയ്യുന്നത്. നോവലിൽ മാക്കോതയുടെ ഭാര്യ ചീരയുടെ അപ്പൻ സുപ്രനരയൻ വാലേന്മാരുടെയും മറ്റും ചരിത്രക്കെട്ടഴിക്കുന്നതായി പറയുന്നുണ്ട്. മഹാരാജാവ് ബാലരാമവർമ്മയുടെ നാവിക പടത്തലവനും വേലുത്തമ്പി ദളവയുടെ വലംകൈയുമായ ചെമ്പിലരയന്റെ കഥ നോവലിൽ അരയനിലൂടെ സൂചിപ്പിക്കുന്നത് കാണാം. മെക്കാളെ സായിപ്പിന്റെ തലയറക്കാൻ പുറപ്പെടുന്ന ധീരനായ വ്യക്തിയാണ് ചെമ്പിലരയൻ. ഇവിടെ ചരിത്രവസ്തുതകളെയല്ല നോവലിസ്റ്റ് അവലംബിക്കുന്നത്. മറിച്ച് പോരാട്ടങ്ങളിൽ കീഴാള ജീവിതങ്ങൾക്കും പങ്കുണ്ടായിരുന്നുവെന്ന ഓർമ്മപ്പെടുത്തലാണ് നോവലിസ്റ്റ് നൽകുന്നത്. അധീശ ശക്തികളുടെ അധികാരപരമായ സമീപനത്തിനെതിരെ പ്രാന്തവൽക്കരിക്കപ്പെട്ടവരെന്ന് കരുതുന്ന ജനങ്ങൾ നടത്തിയ പ്രതിഷേധമാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കപ്പെടുന്നത്. യാഥാർത്ഥ്യം ഭാവന എന്നിങ്ങനെ വേർതിരിക്കാൻ കഴിയാതെ കഥയിലൂടെ ചരിത്രത്തെ അവതരിപ്പിക്കുകയാണ് നോവൽ ചെയ്യുന്നത്. ഇവിടെ ഫിക്ഷൻ തന്നെ ചരിത്രപാഠമായി മാറുന്നു. ചരിത്രം തന്നെയും ഒരു പാഠമാണെന്ന് പറയുന്നത് വഴി അത് സാഹിത്യം പോലെ ഒരു ആഖ്യാനമായി തീരുകയും ചരിത്രത്തെ സംബന്ധിച്ച സമ്പ്രദായകനിരീക്ഷണങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്യുന്നുവെന്ന നവചരിത്രവാദ സമീപനത്തെ ഇവിടെ ചേർത്തുവയ്ക്കാൻ സാധിക്കും. "70 കളുടെ അവസാനത്തിൽ ബർക്കിലിയിൽ മിഷേൽ ഫൂക്കോ നടത്തിയ പ്രസംഗങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് നവചരിത്രവാദം എന്ന ആശയം ഉയർന്നു വന്നത്. ഒരു പ്രയോഗം എന്ന നിലയിൽ സ്റ്റീഫൻ ഗ്രീൻബ്ലാറ്റിന്റെ കൃതികളിലൂടെയും അദ്ദേഹവും കാതറിൻ ഗല്ലഹറും ചേർന്നെഴുതിയ റെപ്രസന്റേഷൻസ് എന്ന പ്രസിദ്ധീകരണത്തിലൂടെയാണ് നവചരിത്രവാദം എന്ന സംജ്ഞ വികസിച്ചത്. (ദിലീപ് രാജ്, 2000:15) ഒരു കൃതിയുടെ ചരിത്രപശ്ചാത്തലം ഏകതാനമായി നേരത്തെ നിർമ്മിക്കപ്പെട്ട ചരിത്രമല്ലെന്നും അത് നിരന്തരമായ അന്വേഷണത്തിലൂടെ കണ്ടെത്തുന്നതാണെന്നും സാഹിത്യം ഒരേസമയം സാമൂഹ്യപരവും ചരിത്രപരവും ആണെന്നുമുള്ള ആശയവുമാണ് നവചരിത്രവാദം എന്ന സൈദ്ധാന്തിക സമീപനത്തിന്റെ അടിസ്ഥാനം. ഈ ഒരു സമീപനം നോവലിന്റെ ആഖ്യാനത്തിലും കാണാൻ കഴിയും.

ഫിക്ഷനിലൂടെ സാധ്യമാകുന്ന ചരിത്രം രേഖീയമായ ചരിത്രപാഠങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഒരു കാലഘട്ടത്തിലെ മനുഷ്യരുടെ ജീവിതശൈലി, ഭക്ഷണരീതി അവർ അനുഭവിച്ച കീഴാള സംഘർഷങ്ങൾ തുടങ്ങിയവയെല്ലാം ചരിത്രകൃതികളിലേതുപോലെ ആകണമെന്നില്ല. അത്തരം അറിവുകൾ മറ്റ് സ്രോതസ്സുകളിൽ നിന്നായിരിക്കും ലഭിക്കുക. എന്നാൽ ചരിത്രസംഭവങ്ങളും ഇത്തരം ആഖ്യാനങ്ങളിൽ ചേർന്ന് തന്നെയിരിക്കും. ഈ ആഖ്യാനമാതൃകകൾ ഫിക്ഷനിലൂടെ സാധ്യമാണ്. അടിയാളപ്രേതം എന്ന നോവൽ ഇത്തരമൊരു ചരിത്രത്തെ

ആവിഷ്കരിക്കുന്നുണ്ട്. കറുപ്പനെന്ന കഥാപാത്രത്തിലൂടെയാണ് നോവലിസ്റ്റ് ഇത് സാധ്യമാക്കുന്നത്. അടിമത്താനുഭവത്തിന്റെ അവസ്ഥയെ കറുപ്പൻ തന്റെ ഭാവനയിലൂടെ അവതരിപ്പിക്കുന്നത് കാണാം. “1823ൽ കൊച്ചീല് വെറും നാപ്പത്തിമൂവായിരം ക്രിസ്ത്യാനികളാണ്ണുണ്ടായത്, അതങ്ങട് പത്തെഴുപതുകൊല്ലം കഴിഞ്ഞപ്പ രണ്ടു ലക്ഷത്തിനടുത്തായി... എങ്ങനേണ്ട് കളി... മതം മാറുമ്പ ഹിന്ദു സവർണ്ണന്റെ തീട്ടം കോരണ അടിമയായിരുന്ന അവൻ മതം മാറിക്കഴിഞ്ഞപ്പ മാറി മാറി വന്ന വെള്ളക്കാരന്റെ അടിമേയി മാറി...”(മാത്യൂസ് പി.എഫ്., 2019:126) ഇത്തരത്തിൽ അടിമത്ത ചരിത്രത്തെ ഭാവനാത്മകമായ ആഖ്യാനത്തിലൂടെ നോവൽ അവതരിപ്പിക്കുന്നു. മാക്കോതയുടെ കൊലപാതകത്തെ പറ്റിയും അതിനോടനുബന്ധിച്ചുള്ള കാപ്പിരിമുത്തപ്പന്റെ മിത്തിനെക്കുറിച്ചെല്ലാം പറയുന്നതും കറുപ്പനാണ്. രേഖയിലൊന്നുമില്ലാത്ത തന്റെ നാടിന്റെ ചരിത്രത്തെ ഓർമ്മകളിലൂടെ ആലോഷിക്കുന്ന പുരാഗമനവാദിയാണ് കറുപ്പൻ. "പണ്ട് സായിപ്പ് നമ്മള അടിമകളാക്കിയപ്പ നമ്മളവരോട് ആവശ്യപ്പെട്ടത് എന്താണെന്ന് അറിയ്യോ...? നിങ്ങ ഞങ്ങളെ അടക്കി ഭരിച്ചോ പക്ഷേങ്കില് ഞങ്ങടെ മതത്തെയും ജാതിയെയും ദൈവങ്ങളെയും പാരമ്പര്യത്തെയും തൊട്ടു പോകരുതെന്നാണ്... കാരണമെന്താണെന്നറിയോ അത് മൊത്തം നാറിയ ജാതിവ്യവസ്ഥയിൽ കെട്ടുപിണഞ്ഞു കിടക്കുകയായിരുന്നില്ലേ.... എന്നാലല്ലേ മേലാളന്റേം മുന്തിയ ജാതിക്കാരുടെയും തീട്ടം വാരാനും അടിയാളപ്പണി ചെയ്യാനും ആളെ കിട്ടൂ.... സായിപ്പന്മാരിക്കും അത് ബോധിച്ചു.... അങ്ങനെ ആ പാരമ്പര്യത്തേല് അവര് തൊട്ടില്ല....” (മാത്യൂസ് പി.എഫ്., 2019:55). ഈ വിധത്തിൽ കറുപ്പനെന്ന കഥാപാത്രത്തിലൂടെ നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ജാതി മേൽകോയ്മയെ അവതരിപ്പിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്. ഉണ്ണിച്ചെക്കനെ കേസന്വേഷണത്തിന് സഹായിക്കുന്നത് അയാളുടെ ഭാവനയും കറുപ്പന്റെ കഥകളുമാണ്. ‘യുദ്ധം’ എന്ന അദ്ധ്യായത്തിൽ കറുപ്പൻ ഭാവനയിൽ ആവിഷ്കരിക്കുന്ന ഉത്സവപോര് യഥാർത്ഥത്തിൽ കീഴാളരുടെ പോരാട്ടത്തിന്റെ കഥയെയാണ് സൂചിപ്പിക്കുന്നത്. കൊച്ചിയിൽ ഫ്രാൻസിസ് പുണ്യാളന്റെ പള്ളിയോടടുത്തുള്ള പറമ്പിൽ പുലയന്മാരും, പറയന്മാരും, വാലന്മാരും, കാപ്പിരികളും കുന്തവും കത്തിയുമായി നിൽക്കുന്നു. മറുവശത്ത് തമ്പുരാക്കന്മാരും സായിപ്പന്മാരും. കുഞ്ഞുമാക്കോതയും ചീരയും ഒപ്പം അവരുടെ ചെക്കനും യുദ്ധത്തിലുണ്ട്. ചെക്കൻ പറക്കുന്ന കുതിരയിൽ വലിയ തോക്കുകളുമായി സായിപ്പൻമാരെ കൊല്ലുന്നത് കാണാം. ഭാവനയിലൂടെ അടിയാളർ മേലാളരെ ജയിക്കുന്നത് നോവലിൽ ആവിഷ്കരിക്കുന്നു. ഒടുവിൽ തലയില്ലാത്ത മാക്കോതയുടെയും ചീരയുടെയും ശരീരങ്ങൾ താഴെ വീഴുമ്പോൾ ചെക്കൻ അവരുടെ ശിരസ്സുകൾ ചേർത്തുവെച്ച് അവരെ ജീവിപ്പിക്കുന്നത് കാണാം. അടിയാളരുടെ വിജയത്തെ ഭാവനയിൽ ആഘോഷിക്കുകയാണ് ഇവിടെ. മാക്കോതയുടെ ചെക്കൻ ഉണ്ണിച്ചെക്കനായി തിരിച്ചുവന്ന് കഥയെ പൊളിച്ചെഴുതുമ്പാൾ അടിയാളരെല്ലാം പ്രേതങ്ങളായി തിരിച്ചുവന്ന് പകവീട്ടട്ടെയെന്ന കറുപ്പന്റെ വാക്കുകളാണ് യാഥാർത്ഥ്യമാകുന്നത്. ഭാവനാത്മകമായ ചരിത്രകഥനരീതിയാണ് ഇതിലൂടെ വെളിവാകുന്നത്. ചരിത്രസംഭവങ്ങളോടൊപ്പം കഥകളും മിത്തുകളും ഇവിടെ ചരിത്രത്തിന്റെ ഭാഗമായി മാറുന്നു. അടിമത്തം അനുഭവിച്ച ജനത നടത്തിയ പോരാട്ടങ്ങളെ കൂടി വെളിപ്പെടുത്തുകയാണ് ഇവിടെ.

യാഥാർത്ഥ്യവും ഭാവനാത്മകതയും നിറഞ്ഞ സംഘർഷങ്ങൾക്കുള്ളിൽ നിന്ന് സത്യം അസത്യം എന്നതിനെ വേർത്തിരിക്കാൻ ബുദ്ധിമുട്ടുന്ന കഥാപാത്രങ്ങളെ നോവലിൽ കാണാം. കേസന്വേഷണത്തിൽ യുക്തികൊണ്ട് തെളിവുകളെ മനസ്സിലാക്കുന്ന സമീപനമാണ് പൊതുവേ സ്വീകാര്യമെങ്കിലും ഇവിടെ ഉണ്ണിച്ചെക്കൻ മാക്കോതയുടെ കൊലപാതകം തെളിയിക്കുന്നത് തന്റെ ഭാവനയിൽ തെളിഞ്ഞ ഊഹങ്ങളും കഥകളും കേസന്വേഷണത്തിനായി ഉപയാഗിച്ചുകൊണ്ടാണ്. അവിടെ ഭാവനാത്മകമായ വസ്തുതകൾക്കാണ് അയാൾ മുൻതൂക്കം നൽകുന്നത്. ഉണ്ണിച്ചെക്കന്റെ തിരോധാനത്തിനുശേഷം കേസ് തുടർന്നന്വേഷിക്കുന്ന ബെഞ്ചമിനും ഇതേ ഭാവനയിൽ പെട്ട് വലയുന്നുണ്ട്. ചില യാഥാർത്ഥ്യങ്ങളെ ഭാവനയിലൂടെയും കണ്ടെടുക്കാമെന്ന വായനയാണ് ഇവിടെ കാണാൻ കഴിയുക. ഭ്രാന്ത് എന്ന അവസ്ഥയുടെ ആഴങ്ങളിലേക്ക് അയാൾ ഇറങ്ങിചെല്ലുന്നത് കാണാം. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും അയാൾ തന്റെ കേസന്വേഷണത്തിനായി ഉപയോഗിക്കുന്നുണ്ട്. “കുട്ടിയുടെ ശവവുമായി സഞ്ചരിക്കുന്ന സേവ്യർ, അയാളുടെ ഭാര്യ കാർമ്മലി, ബന്ധുവായ കൊർണേലി, ദേവസ്സി, അച്ചമ്പി, അവരുടെ അടിമയായ കുഞ്ഞുമാക്കോത, ചീര, മക്കൾ തുടങ്ങിയവരടങ്ങുന്ന ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ സകലമാനപേരും നിരന്നു കഴിഞ്ഞപ്പോൾ അവിടെനിന്ന് ഭൂതകാലത്തിലേക്ക് ഒരു വഴിവെട്ടി കൊളോണിയൽ ചരിത്രത്തിലെ കീഴാളനായ കാപ്പിരിയുടെ ആത്മാവിനെ അതുമായി കൂട്ടിയിണക്കി ശാഖോപശാഖകളായി പിരിഞ്ഞ് വളരെ കൃത്യമായി കേന്ദ്രത്തിലേക്ക് എത്തുന്ന ഒരു വഴിച്ചിത്രം” (മാത്യൂസ് പി.എഫ്., 2019:104) ഉണ്ടാക്കുന്ന ബെഞ്ചമിനെ നോവലിൽ കാണാം. യുക്തികൊണ്ട് എല്ലാറ്റിനെയും വിശദമാക്കാനുള്ള കഴിവ് നോവലിന്റെ അവസാനത്തിൽ അയാൾക്ക് പൂർണ്ണമായി നഷ്ടപ്പെടുന്നു. ഒടുവിൽ തന്റെ ഭാവനയിലൂടെ അയാൾ കണ്ടെടുക്കുന്ന കീഴാളനായ മാക്കോതയുടെ ചരിത്രം, അടിമത്തം നിർത്തലാക്കിയതിനു ശേഷവും സമൂഹത്തിൽ തുടർന്നിരുന്ന ജാതിവ്യവസ്ഥയെ കാണിച്ചു തരുന്നു. ഭാവനാത്മകമായ അറിവുകളിലൂടെയും ചരിത്രത്തിലെ ചില സത്യങ്ങളെ കണ്ടെടുക്കാനാകുമെന്ന വസ്തുതയെ നോവലിസ്റ്റ് ഇവിടെ തെളിയിക്കുകയാണ്. ഇത്തരത്തിൽ മിത്തുകളെയും കെട്ടുകഥകളേയും ചേർത്തുകൊണ്ട് മുഖ്യധാരാചരിത്രത്തിന് ബദലായുള്ള ഒരു സമാന്തരചരിത്രരീതി ഫിക്ഷനിലൂടെ സാധ്യമാക്കുകയാണ് അടിയാളപ്രേതത്തിൽ നോവലിസ്റ്റ് ചെയ്യുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**ഉപസംഹാരം**

ചരിത്രം എന്നത് ചരിത്രസംഭവങ്ങളെ ക്രമമായി രേഖപ്പെടുത്തുന്ന ഒന്നാണെന്നും ഒരൊറ്റ ചരിത്രയാഥാർത്ഥ്യമേ ഉള്ളൂ എന്ന ബോധ്യവുമായിരുന്നു മുഖ്യധാരാചരിത്രത്തിൽ പ്രകടമായുണ്ടായിരുന്നത്. ഉത്തരാധുനികതയിലേക്ക് കടക്കുമ്പോൾ ചരിത്രത്തിന്റെ വ്യത്യസ്ത വായനകളെ അത് സാധ്യമാക്കുന്നു. അങ്ങനെ ചരിത്രത്തിന്റെ തന്നെ ബഹുസ്വരതയെ പ്രകടിപ്പിച്ചുകൊണ്ട് ബദൽപാഠങ്ങളെ സൃഷ്ടിക്കുന്നു. ചരിത്രത്തിന്റെ യാഥാർത്ഥ്യത്തെ ചോദ്യം ചെയ്യുന്നതിലുപരി അത് സാഹിത്യം പോലെ ഭാവന ചേർന്നുണ്ടാകാവുന്ന ഒരാഖ്യാനം മാത്രമായി പരിഗണിക്കപ്പെടുന്നു. ഈ സമീപനത്തിലൂടെ സാഹിത്യം ചരിത്രപാഠങ്ങളെ മുഖ്യധാരാചരിത്രത്തിന് ബദലായുള്ള ഒരാഖ്യാനമായി അവതരിപ്പിക്കുന്നു. അവിടെ മിത്തുകൾക്കും വാമൊഴികഥകൾക്കും പ്രാധാന്യം കൈവരുന്നു. പി.ഫ്. മാത്യൂസിന്റെ അടിയാളപ്രേതം എന്ന നോവലിൽ ജാതിയടിമത്തം നേരിട്ട ജനതയുടെ കീഴാള ചരിത്രത്തെ ഇത്തരത്തിൽ അടയാളപ്പെടുത്തുന്നുണ്ട്. ഒരു സാഹിത്യപാഠം ചരിത്രപാഠമായി കൂടി മാറുന്ന നവഭാവുകത്വ സവിശേഷതയാണ് ഈ നോവൽ പ്രകടിപ്പിക്കുന്നത്. സമൂഹത്തിന്റെ പൊതു മാതൃകകൾ അല്ലാത്ത മനുഷ്യർ നോവലിൽ കേന്ദ്ര കഥാപാത്രങ്ങളായി കടന്നു വരികയും അവരിലൂടെ ചരിത്രപാഠങ്ങളെ പുനർനിർമ്മിക്കുകയും ചെയ്യുന്ന ആഖ്യാനരീതി സമകാലിക സാഹിത്യത്തിന്റെ തന്നെ പ്രധാന സവിശേഷതയായി മാറുന്നു.

**ഗ്രന്ഥസൂചി**

ദിലീപ് രാജ് – നവചരിത്രവാദം, ഡിസി ബുക്സ്, കോട്ടയം, 2000.
മാത്യൂസ് പി.എഫ്. – അടിയാളപ്രേതം, ഗ്രീൻബുക്സ്, തൃശ്ശൂർ, 2019
വിനിൽ പോൾ – ദളിത് ചരിത്ര ദംശനം, മാതൃഭൂമി ബുക്സ്,കോഴിക്കോട്, 2022
ഷാജി ജേക്കബ് – നോവൽ ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ്, തൃശ്ശൂർ, 2022
സനൽമോഹൻ പി– കീഴാളപക്ഷ ചരിത്രവും വീണ്ടെടുപ്പിന്റെ പാഠങ്ങളും, പ്രസക്തി പബ്ലിഷേഴ്സ്, പത്തനംതിട്ട, 2021.
E.H.Carr, What is History, Penguin books, New York, 1990.

About the Researcher
മിന്നു എ.ബി.
ഗവേഷക
മലയാളവിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി
Email: minnubenny510@gmail.com
Mob: 7558919986

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0027

**നിർമ്മിതബുദ്ധിയും നൈതികതയും: അൽഗോരിതങ്ങളിലെ പക്ഷപാതങ്ങളും വെല്ലുവിളികളും**

**ഡോ. ഷിംജിത്ത് എസ്. പി.**

**പ്രബന്ധസംഗ്രഹം**
വിവരസാങ്കേതികവിദ്യയുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ വഴിത്തിരിവാണ് നിർമ്മിതബുദ്ധി. എന്നാൽ, മനുഷ്യബുദ്ധിയെ അനുകരിക്കാൻ ശ്രമിക്കുന്ന ഈ സാങ്കേതികവിദ്യ സങ്കീർണ്ണമായ നിരവധി നൈതികപ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. അൽഗോരിതങ്ങൾ സാമൂഹികവിവേചനത്തിന് എങ്ങനെ ആയുധമാകുന്നു എന്ന് വിശദമാക്കുന്ന കാത്തിഓനീലിന്റെ 'ഗണിതശാസ്ത്രപരമായ നശീകരണആയുധങ്ങൾ' എന്ന ആശയവും, നിർമ്മിതബുദ്ധി മനുഷ്യരാശിക്ക് ഉയർത്തുന്ന അസ്തിത്വഭീഷണിയെക്കുറിച്ചുള്ള നിക്ബോസ്ട്രോമിന്റെ 'സൂപ്പർഇന്റലിജൻസ്' സിദ്ധാന്തവും മുൻനിർത്തി, സാങ്കേതികവിദ്യയുടെ വർത്തമാനകാലദോഷങ്ങളെയും ഭാവിയിലെ വെല്ലുവിളികളെയും വിശകലനംചെയ്യുന്ന ഒരു താരതമ്യപഠനമാണ് ഈ ലേഖനം. അൽഗോരിതങ്ങൾ എങ്ങനെയാണ് സാമൂഹിക അസമത്വങ്ങളെയും വംശീയ–ലിംഗപരമായ മുൻവിധികളെയും പുനരുൽപ്പാദിപ്പിക്കുന്നതെന്നും, നിർമ്മിതബുദ്ധി മനുഷ്യന്റെ ലക്ഷ്യങ്ങൾക്കും മൂല്യങ്ങൾക്കും ധാർമ്മികതയ്ക്കും അനുസൃതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന എ.ഐ. അലൈൻമെന്റ് പ്രക്രിയയെയും ഈ പഠനത്തിലൂടെ വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ**
നിർമ്മിതബുദ്ധി, അൽഗോരിതം, എ.ഐ. നൈതികത, അൽഗോരിതമിക്പക്ഷപാതം.
..........................................................................................................................................................................

**ആമുഖം**
മനുഷ്യർ നിർമ്മിക്കുന്ന യന്ത്രങ്ങൾ മനുഷ്യരെക്കാൾ മിടുക്കരായാൽ എന്ത് സംഭവിക്കുമെന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ തത്വശാസ്ത്രപരവും സാങ്കേതികവുമായ ഏറ്റവും വലിയ ചോദ്യമാണ്. നിർമ്മിതബുദ്ധി സമകാലികജീവിതത്തിൽ മാനവരാശിയുടെ തീരുമാനങ്ങളെ വളരെയധികം സ്വാധീനിക്കുന്നു. നാം എന്തുകാണണമെന്നും ആരെ വിവാഹംകഴിക്കണമെന്നും ആർക്ക് വായ്പ നൽകണമെന്നുമൊക്കെ തീരുമാനിക്കുന്നത് നിർമ്മിതബുദ്ധിയാൽ നിയന്ത്രിക്കപ്പെടുന്ന അൽഗോരിതങ്ങളാണ്.
എ.ഐ. സംവിധാനങ്ങൾക്ക് സ്വന്തമായി ബോധമോ ആത്മാവോ ഇല്ലെങ്കിലും, അവ മനുഷ്യന്റെ പെരുമാറ്റങ്ങളെയും മൂല്യങ്ങളെയും സമർത്ഥമായി അനുകരിക്കുന്നു. ഈ അനുകരണത്തിൽ സംഭവിക്കുന്ന പിഴവുകളും, ഡാറ്റയിൽ ഒളിഞ്ഞിരിക്കുന്ന മുൻവിധികളും എ.ഐ.യെ ഒരു 'ഡിജിറ്റൽകണ്ണാടി'യാക്കി മാറ്റുന്നുണ്ട്. ഈ ലേഖനം നിർമ്മിതബുദ്ധി ഉയർത്തുന്ന ധാർമ്മികവും സാമൂഹികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ചാണ് പ്രധാനമായും ചർച്ച ചെയ്യുന്നത്.
ഈ പഠനം പ്രധാനമായും വിശകലനാത്മകരീതിശാസ്ത്രമാണ് പിന്തുടരുന്നത്. നിർമ്മിതബുദ്ധിയുടെ നൈതികതയുമായി ബന്ധപ്പെട്ട നിലവിലുള്ള സിദ്ധാന്തങ്ങളെയും സാമൂഹികസാഹചര്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു മൾട്ടി–ഡിസിപ്ലിനറി സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. സാങ്കേതികവിദ്യ മനുഷ്യന്റെ മൂല്യബോധത്തെയും സ്വത്വത്തെയും എങ്ങനെ ബാധിക്കുന്നു എന്നതിന് ഇവിടെ മുൻഗണനനൽകുന്നു. കാത്തി ഓ നീൽ(Cathy O'Neil), സ്റ്റുവർട്ട്റസ്സൽ(Stuart Russell) നിക്ബോസ്ട്രോം(Nick Bostrom) തുടങ്ങിയവരുടെ വിഖ്യാതമായ കൃതികളെയും പഠനങ്ങളെയും ആസ്പദമാക്കി ഒരു താരതമ്യവിശകലനം ഈ പ്രബന്ധത്തിൽ നടത്തുന്നു. സിദ്ധാന്തങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പരിശോധിക്കാൻ ആമസോണിലെ റിക്രൂട്ട്മെന്റ് പക്ഷപാതം, ബ്യൂട്ടിആപ്പുകളിലെ അൽഗോരിതമിക് വിവേചനം തുടങ്ങിയ യഥാർത്ഥ സംഭവങ്ങളെ കേസ് സ്റ്റഡികളായി സ്വീകരിച്ചിരിക്കുന്നു. ആഗോളതലത്തിലുള്ള എ.ഐ. നൈതികതയെ കേരളത്തിലെയും ഇന്ത്യയിലെയും സാമൂഹികസാംസ്കാരിക പശ്ചാത്തലത്തിലേക്ക് സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിശകലനരീതിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എ.ഐ.യുടെ അസ്തിത്വപരമായ പ്രശ്നങ്ങൾ: ബോധവും അനുകരണവും**
നിർമ്മിതബുദ്ധിയെക്കുറിച്ചുള്ള പ്രശസ്തമായ ചിന്താപരീക്ഷണങ്ങളിലൊന്നാണ് 1980–ൽ തത്വശാസ്ത്രജ്ഞനായ ജോൺ സേൾ അവതരിപ്പിച്ച 'ചൈനീസ് റൂം വാദം' നിർമ്മിതബുദ്ധിക്ക് നിയമാനുസൃതമായി വിവരങ്ങൾ കൈകാര്യം ചെയ്യാനുള്ള സാങ്കേതികശേഷി മാത്രമേയുള്ളൂവെന്നും, ആശയങ്ങളെ യഥാർത്ഥമായി ഉൾക്കൊള്ളാനും മനസ്സിലാക്കാനുമുള്ള കഴിവ് ഇല്ലെന്നും ഈ വാദം സ്ഥാപിക്കുന്നു. ഇതു പ്രകാരം, കോടിക്കണക്കിന് ഡാറ്റയും അൽഗോരിതങ്ങളും ഉപയോഗിച്ച് എ.ഐ മറുപടി നൽകുന്നുണ്ടെങ്കിലും, അവയ്ക്ക് ആ വാക്കുകളുടെ അർത്ഥമോ

അനുഭവമോ ഇല്ല. ഒരു കമ്പ്യൂട്ടറിന് ഭാഷ കൈകാര്യംചെയ്യാൻ കഴിഞ്ഞേക്കാമെങ്കിലും അതിന് ഭാഷയുടെ 'അർത്ഥം' അറിയില്ല. എ.ഐ.ക്ക് 'ബോധം' ഇല്ലാത്തതുകൊണ്ട് അതിന് മൂല്യങ്ങളും ഉണ്ടാകില്ല. മനുഷ്യൻ നൽകുന്ന ഡാറ്റയിലുള്ള മൂല്യങ്ങൾ അത് അനുകരിക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് സമൂഹം എ.ഐ.യെ മനുഷ്യൻ്റെ മൂല്യങ്ങൾക്കനുസരിച്ച് കൃത്യമായി ചിട്ടപ്പെടുത്തണം എന്നുപറയുന്നത്.

അനുഭവങ്ങളുടെ അഭാവം: 'അനുഭവം' എന്ന ഘടകത്തിൻ്റെ തലത്തിലാണ് മനുഷ്യനും എ.ഐ.യും തമ്മിലുള്ള ഏറ്റവും വലിയ വ്യത്യാസം. മനുഷ്യൻ നന്മയും തിന്മയും തിരിച്ചറിയുന്നത് സാമൂഹിക ഇടപെടലുകളിലൂടെയും വേദന/സന്തോഷം തുടങ്ങിയ അനുഭവങ്ങളിലൂടെയുമാണ്. എന്നാൽ എ.ഐ. പഠിക്കുന്നത് 'പാറ്റേണുകളിൽ'നിന്നാണ്. ഉദാഹരണമായി, ഒരു കുട്ടി തീയിൽ തൊടുമ്പോൾ വേദന അനുഭവിക്കുന്നു. 'വേദന' എന്ന അനുഭവംവഴി "തീ പൊള്ളിക്കും, അത് അപകടമാണ്" എന്ന് കുട്ടി പഠിക്കുന്നു. പിന്നീട് മറ്റൊരാൾക്ക് പൊള്ളലേൽക്കുന്നത് കാണുമ്പോൾ, സ്വന്തം അനുഭവം വെച്ച് ആ വ്യക്തിയുടെ സങ്കടം മനസ്സിലാക്കാനും സഹായിക്കാനും കഴിയുന്നു. എന്നാൽ എ.ഐ.ക്ക് 'വേദന' അറിയില്ല. "തീ പൊള്ളിക്കും" എന്ന ലക്ഷക്കണക്കിന് ഡാറ്റയിൽനിന്ന് തീ പൊള്ളിക്കും എന്നത് ഒരു വിവരം മാത്രമായിട്ടാണ് എ.ഐ ശേഖരിക്കുന്നത്. തീയെക്കുറിച്ച് വിവരിക്കാൻ അതിന് കഴിയുമെങ്കിലും, പൊള്ളലിന്റെ സങ്കടം അതിന് ഒരിക്കലും മനസ്സിലാകില്ല.

യാന്ത്രികമായി അനുകരിക്കുന്ന തത്തകൾ: നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട് എമിലി എം. ബെൻഡർ, ടിംനിറ്റ് ഗെബ്രു എന്നിവർ മുന്നോട്ടുവെച്ച ശ്രദ്ധേയമായ ആശയമാണ് 'യാന്ത്രികമായി അനുകരിക്കുന്ന തത്തകൾ' (Stochastic Parrots). നിർമ്മിതബുദ്ധി ഭാഷയുടെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടല്ല പ്രതികരിക്കുന്നത്. അത് തങ്ങൾക്ക് പരിശീലിക്കാൻ ലഭിച്ച ഡാറ്റയിലെ പാറ്റേണുകൾ വെറുതെ ആവർത്തിക്കുക മാത്രമാണ് ചെയ്യുന്നത്. അർത്ഥം എന്താണെന്നറിയാതെ 'തത്തമ്മേ പൂച്ച പൂച്ച' എന്ന് നിരന്തരം അനുകരിക്കുന്നതിന് സമാനമായ യാന്ത്രികമായ ഒരു പ്രക്രിയ മാത്രമാണിത്.

ലാർജ് ലാങ്വേജ്മോഡലുകൾ ഭാഷയെ അർത്ഥബോധത്തോടെയല്ല കൈകാര്യം ചെയ്യുന്നത്. അവ ടില്യൺ കണക്കിന് ഡാറ്റാപോയിന്റുകളിൽനിന്ന് ഒരു വാക്കിനുശേഷം സാധ്യതയുള്ള അടുത്ത വാക്ക് ഗണിതശാസ്ത്രപരമായി പ്രവചിക്കുകയാണ് ചെയ്യുന്നത്. ഒരു തത്ത വാക്കുകളുടെ അർത്ഥമറിയാതെ ആവർത്തിക്കുന്നപോലെ, എ.ഐ.യും ഡാറ്റയിലെ 'പാറ്റേണുകൾ' മാത്രം ആവർത്തിക്കുന്നു. ഇതിനെയാണ് 'യാന്ത്രികമായി അനുകരിക്കുന്ന തത്തകൾ' എന്ന് വിളിക്കുന്നത്.

എ.ഐ.ക്ക് സ്വന്തമായി കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയില്ലെന്നും, അത് ലഭിച്ച വിവരങ്ങൾ വെറുതെ ആവർത്തിക്കുന്ന തത്തകൾക്കു തുല്യമാണെന്നുമുള്ള എമിലിബെൻഡർ, ടിംനിറ്റ് ഗെബ്രു എന്നിവരുടെ അഭിപ്രായം ഇവിടെ വ്യക്തമാക്കുന്നു. അതോടൊപ്പം, അൽഗോരിതങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന വിവേചനങ്ങളെക്കുറിച്ച് കാത്തി ഓ നീലും, സൂപ്പർ ഇന്റലിജൻസ് ഭാവിയിൽ സൃഷ്ടിച്ചേക്കാവുന്ന അപകടങ്ങളെക്കുറിച്ച് നിക് ബോസ്ട്രോം നൽകുന്ന മുന്നറിയിപ്പുകൾ ഇതിൽ വിശകലനം ചെയ്യുന്നുണ്ട്. മനുഷ്യന്റെ നന്മയ്ക്കും താല്പര്യങ്ങൾക്കും അനുസരിച്ച് എ.ഐ.യെ എങ്ങനെ സുരക്ഷിതമായി ഉപയോഗിക്കാമെന്ന സ്റ്റുവർട്ട് റസലിന്റെ ആശയങ്ങൾ മുൻനിർത്തി സാങ്കേതികവിദ്യയുടെ ധാർമ്മികവശങ്ങളാണ് ഇവിടെ വിശദീകരിക്കുന്നത്.

"കള്ളം പറയരുത്" എന്ന് ഒരു മനുഷ്യൻ പറയുന്നത് അത് തെറ്റാണെന്ന ബോധ്യമുള്ളതുകൊണ്ടാണ്. അവിടെ ഒരു ധാർമ്മികമൂല്യമുണ്ട്. എന്നാൽ "കള്ളം പറയരുത്" എന്ന് എ.ഐ പറയുന്നത് അതിന് ലഭ്യമായിട്ടുള്ള ഡാറ്റയിലുള്ള കോടിക്കണക്കിന് വാചകങ്ങളിൽ 'കള്ളം' എന്ന വാക്കിനുശേഷം 'പറയരുത്' എന്ന് വരാനുള്ള സാധ്യത കൂടുതലായതുകൊണ്ടാണ്. ഇത് വെറുമൊരു ഗണിതശാസ്ത്രരൂപം മാത്രമാണ്. എ.ഐ. ഒരു തെറ്റുചെയ്താൽ അതിന് 'മനസാക്ഷി' ഇല്ലാത്തതുകൊണ്ട് അതിനെ കുറ്റപ്പെടുത്താനാവില്ല. അത് നിർമ്മിച്ചവർക്കും ഉപയോഗിക്കുന്നവർക്കുമാണ് അതിന്റെ ഉത്തരവാദിത്തം. അതുകൊണ്ടാണ് എ.ഐ. 'നൈതികത' യഥാർത്ഥ നൈതികതയല്ലെന്നും ഒരു ഗണിതശാസ്ത്രരൂപം മാത്രമാണെന്നും പറയുന്നത്.

**അൽഗോരിതങ്ങളിലെ പക്ഷപാതം: കാത്തി ഓ നീലിന്റെ നിരീക്ഷണങ്ങൾ**

അൽഗോരിതങ്ങൾ നമ്മുടെ ജീവിതത്തെ എങ്ങനെയൊക്കെ സ്വാധീനിക്കുന്നുവെന്നും അവയിലെ പക്ഷപാതങ്ങൾ സമൂഹത്തിൽ എന്ത് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുവെന്നും ലോകത്തിനുകാട്ടിക്കൊടുത്ത പ്രമുഖ ഗണിതശാസ്ത്രജ്ഞയും എഴുത്തുകാരിയുമാണ് കാത്തി ഓ നീൽ. അവർ ഉന്നയിക്കുന്ന വാദം സാങ്കേതികവിദ്യയുടെ പിന്നിലെ 'മനുഷ്യപക്ഷപാതങ്ങളെ' കൃത്യമായി തുറന്നുകാട്ടുന്ന ഒന്നാണ്.

ഒരു എ.ഐ. മോഡലിന് 'സൗന്ദര്യം' എന്താണെന്ന് സ്വയം അറിയില്ല. അതിനെ പരിശീലിപ്പിക്കാൻ ദശലക്ഷക്കണക്കിന് ചിത്രങ്ങൾ ആവശ്യമാണ്. ഈ ചിത്രങ്ങൾ തിരഞ്ഞെടുക്കുന്ന മനുഷ്യർക്ക് ചില പ്രത്യേക നിറത്തോടോ, ശരീരപ്രകൃതിയോടോ മുൻഗണനയുണ്ടെങ്കിൽ എ.ഐ.യും അതുതന്നെ പഠിക്കുന്നു. അൽഗോരിതം നിർമ്മിക്കുന്ന പ്രോഗ്രാമർ 'സൗന്ദര്യം' അളക്കാൻ ചില മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. ചർമ്മത്തിന്റെ നിറം, മുഖത്തിന്റെ ആകൃതി, പ്രായം എന്നിങ്ങനെ പ്രോഗ്രാമറുടെ വ്യക്തിപരമായ 'അഭിപ്രായം' ആണ് മാനദണ്ഡമായി മാറുന്നത്. 2026-ൽ നടന്ന ഒരു എ.ഐ. സൗന്ദര്യമത്സരത്തിൽ വിജയിച്ചവരിൽ കൂടുതലും വെളുത്ത

നിറമുള്ളവരായിരുന്നു. ആ അൽഗോരിതത്തെ പരിശീലിപ്പിക്കാൻ നൽകിയ വിവരങ്ങൾ പ്രധാനമായും യൂറോപ്യൻ സൗന്ദര്യസങ്കൽപ്പങ്ങൾക്ക് മുൻഗണന നൽകുന്നതായിരുന്നു എന്നതാണ് ഇതിനു കാരണം. അതിനാൽ, കറുത്തവർഗ്ഗക്കാരെയോ മറ്റ് വംശജരെയോ സൗന്ദര്യമുള്ളവരായി പരിഗണിക്കാൻ എ.ഐക്ക് കഴിഞ്ഞില്ല. മനുഷ്യർ നൽകുന്ന അപൂർണ്ണമായ വിവരങ്ങൾ എ.ഐ. സംവിധാനങ്ങളിൽ എങ്ങനെ പക്ഷപാതവും വിവേചനവും സൃഷ്ടിക്കുന്നു എന്നതിന്റെ വ്യക്തമായ ഉദാഹരണമാണിത്.

ഡിജിറ്റൽയുഗത്തിൽ മനുഷ്യർ നേരിടുന്ന വളരെ ഗൗരവകരമായ ഒരു പ്രശ്നമാണ് എ.ഐ.അധിഷ്ഠിത ഫിൽട്ടറുകൾ. ഇത് എങ്ങനെയാണ് മനുഷ്യരുടെ സ്വാഭാവിക തനിമയെ ഇല്ലാതാക്കുന്നതെന്ന് വിശദമാക്കാം. ഫിൽട്ടറുകളും എഡിറ്റിംഗ്ആപ്പുകളും ഉപയോഗിച്ച് എല്ലാവരും ഒരേപോലെയുള്ള മുഖം നേടാൻ ശ്രമിക്കുന്നു. എല്ലാവർക്കും ഒരേപോലെ കൂർത്ത മൂക്ക്, തിളങ്ങുന്ന വെളുത്ത ചർമ്മം, വലിയ കണ്ണുകൾ എന്നിവ നൽകുന്നു. ഇതിന്റെ ഫലമായി ലോകത്തിന്റെ ഏതുഭാഗത്തുള്ളവരായാലും ഫോട്ടോകളിൽ ഒരേപോലെ തോന്നിപ്പിക്കുന്നു. ഇത് പ്രാദേശികമായ സവിശേഷതകളെയും വൈവിധ്യങ്ങളെയും ഇല്ലാതാക്കുന്നു. ചർമ്മത്തിലെ പാടുകളും ചെറിയ വ്യത്യാസങ്ങളുമാണ് ഓരോ മനുഷ്യനെയും വ്യത്യസ്തനാക്കുന്നത്. എന്നാൽ എ.ഐ. ആപ്പുകൾ ഈ 'വ്യത്യസ്തത'യെ ഒരു കുറവായി അവതരിപ്പിക്കുന്നു. ഇതു കാണുന്ന യുവാക്കൾ തങ്ങളുടെ സ്വാഭാവികമുഖത്തെ വെറുക്കാനും എല്ലാവരെയുംപോലെയാകാൻ ശ്രമിക്കാനും തുടങ്ങുന്നു.

കാത്തി ഓ നീൽ നിരീക്ഷിക്കുന്നതുപോലെ അൽഗോരിതങ്ങളിൽ മനുഷ്യരുടെ മുൻവിധികളാണ് പ്രവർത്തിക്കുന്നത്. ഇതിന് ഇന്ത്യൻ പശ്ചാത്തലത്തിലുള്ള ഉദാഹരണങ്ങൾ കൂടി പരിശോധിക്കാം. ഇന്ത്യയിലെ സാമൂഹികസാഹചര്യങ്ങളിൽ നിലനിൽക്കുന്ന ജാതീയവും വംശീയവുമായ വിവേചനങ്ങൾ എ.ഐ. ഡാറ്റാസെറ്റുകളിലും പ്രതിഫലിക്കുന്നുണ്ട്. ഉദാഹരണത്തിന്, 'വിജയിയായ ഒരു ഭാരതീയൻ' എന്ന് എ.ഐ.യോട് ആവശ്യപ്പെട്ടാൽ അത് നൽകുന്ന ചിത്രങ്ങളിൽ ഭൂരിഭാഗവും സവർണ്ണ–യൂറോപ്യൻ ശൈലിയിലുള്ള രൂപഭാവങ്ങൾ ആയിരിക്കും. എന്നാൽ ശാരീരിക അധ്വാനം ചെയ്യുന്ന തൊഴിലുകളിൽ ഏർപ്പെടുന്നവരെ ചിത്രീകരിക്കുമ്പോൾ അവരെ കറുത്ത നിറമുള്ളവരായും പാരമ്പര്യവസ്ത്രങ്ങൾ ധരിച്ചവരായും എ.ഐ. അവതരിപ്പിക്കുന്നു. ഇതിൽനിന്ന് ഇന്ത്യയിലെ സാമൂഹികഅസമത്വങ്ങൾ ഡിജിറ്റൽലോകത്തും പുനരുൽപ്പാദിപ്പിക്കുന്നു എന്നു മനസിലാക്കാം.
ഇതിന്റെ കേരളീയ പശ്ചാത്തലത്തിലുള്ള ചില ഉദാഹരണങ്ങൾ കൂടി പരിശോധിക്കാം. 'മുണ്ടും ഷർട്ടും' ധരിച്ച ഒരാളെ ഒരു 'പ്രൊഫഷണൽ' ആയി അംഗീകരിക്കാൻ പല വിദേശ എ.ഐ. മോഡലുകളും തയ്യാറാകുന്നില്ല. പാശ്ചാത്യവസ്ത്രധാരണംമാത്രം മാന്യതയുടെ അടയാളമായി കാണുന്ന ഡാറ്റാസെറ്റുകളിൽനിന്നാണ് എ.ഐ. ഇത് പഠിക്കുന്നത്. തൽഫലമായി, ഒരു 'കേരളീയഅധ്യാപകൻ' അല്ലെങ്കിൽ 'കേരളീയഉദ്യോഗസ്ഥൻ' എന്ന ചിത്രത്തിനായി നാം എ.ഐ.യോട് ആവശ്യപ്പെടുമ്പോൾ, അത് പലപ്പോഴും സവർണ്ണശൈലിയിലുള്ളതോ പാശ്ചാത്യവൽക്കരിക്കപ്പെട്ടതോ ആയ രൂപങ്ങളാണ് നൽകുന്നത്. പ്രാദേശികമായ സവിശേഷതകളും വൈവിധ്യങ്ങളും ഇല്ലാതാക്കി ഒരു പ്രത്യേകതരം 'ഗ്ലോബൽസ്റ്റാൻഡേർഡ്'' അടിച്ചേൽപ്പിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

ആമസോൺ തങ്ങളുടെ കമ്പനിയിലേക്ക് ഏറ്റവും അനുയോജ്യരായ ജീവനക്കാരെ കണ്ടെത്താൻ ഒരു എ.ഐ. സോഫ്റ്റ്‌വെയർ നിർമ്മിച്ചു. ഇതിനെ പരിശീലിപ്പിക്കാനായി കഴിഞ്ഞ 10 വർഷത്തെ, കമ്പനിയിലെ ജീവനക്കാരുടെ റെസ്യൂമെകൾ നൽകി. ഈ 10 വർഷത്തിനിടയിൽ സാങ്കേതികമേഖലയിൽ ഭൂരിഭാഗവും പുരുഷന്മാരായിരുന്നു ജോലിചെയ്തിരുന്നത്. സ്ത്രീകളുടെ റെസ്യൂമെകൾ തള്ളിക്കളഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. കാരണം, കഴിഞ്ഞ പത്തുവർഷത്തെ ഡാറ്റയിൽ സാങ്കേതിക്ജോലികളിൽ ഭൂരിഭാഗവും പുരുഷന്മാരായിരുന്നു. "പുരുഷന്മാരാണ് യോഗ്യർ" എന്ന തെറ്റായ പാഠം എ.ഐ. പഠിച്ചെടുത്തു. എന്നാൽ എ.ഐ.–ക്ക് ഇതിൻ്റെ സാമൂഹികപശ്ചാത്തലം അറിയില്ല. അത് വിചാരിച്ചത് "പുരുഷൻ എന്ന ലിംഗപദവിയാണ് ജോലിക്ക് വേണ്ട പ്രധാന യോഗ്യത" എന്നാണ്.

**എ.ഐ.അലൈൻമെന്റ് : സ്റ്റുവർട്ട് റസ്സലിന്റെ കാഴ്ചപ്പാട്**

നിർമ്മിതബുദ്ധിയുടെ മേഖലയിലെ ലോകപ്രശസ്തനായ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനാണ് സ്റ്റുവർട്ട് റസ്സൽ. കാലിഫോർണിയ സർവകലാശാലയിലെ പ്രൊഫസറായ അദ്ദേഹം, എ.ഐ. മനുഷ്യന് ഗുണകരവും നിയന്ത്രണവിധേയവും ആയിരിക്കണം എന്ന് വാദിച്ചു. സ്റ്റുവർട്ട് റസ്സൽ തന്റെ 'Human Compatible' എന്ന വിഖ്യാത ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നത് എ.ഐ.യെ എങ്ങനെ സുരക്ഷിതമായി നിലനിർത്താം എന്നതിനെക്കുറിച്ചുള്ള വിപ്ലവകരമായ ചില ആശയങ്ങളാണ്. ഇതിനെ അദ്ദേഹം 'Beneficial AI' എന്നാണ് വിളിക്കുന്നത്. എങ്ങനെയാണ് മനുഷ്യന് ദോഷകരമല്ലാത്ത രീതിയിൽ എ.ഐ.യെ നിയന്ത്രിക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്. ഇതിനെയാണ് 'എ.ഐ. അലൈൻമെന്റ് പ്രോബ്ലം' എന്ന് വിളിക്കുന്നത്. ഇത് വിശദമാക്കാനായി അദ്ദേഹം മൂന്ന് തത്വങ്ങൾ നിർദ്ദേശിക്കുന്നു. നിർമ്മിതബുദ്ധിയുടെ പ്രവർത്തനങ്ങൾ മനുഷ്യലക്ഷ്യങ്ങളുമായി ചേർന്നുപോകുന്നു എന്ന് ഉറപ്പുവരുത്തുന്ന പ്രക്രിയയാണ് 'എ.ഐ. അലൈൻമെന്റ്'. ഇതിനായി സ്റ്റുവർട്ട് റസ്സൽ മുന്നോട്ടുവെക്കുന്ന ഒന്നാമത്തെ തത്വം 'മനുഷ്യനന്മ' എന്നതാണ്. എ.ഐ.–യുടെ ഏകലക്ഷ്യം മനുഷ്യതാല്പര്യങ്ങൾ സംരക്ഷിക്കുക എന്നതായിരിക്കണം. അതായത്, എ.ഐ. അതിന്റെ സ്വന്തം നിലനിൽപ്പിനോ മറ്റ് പ്രത്യേക ലക്ഷ്യങ്ങൾക്കോ വേണ്ടി

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

പ്രവർത്തിക്കാൻ പാടില്ല. മനുഷ്യൻ ആഗ്രഹിക്കുന്നത് കൃത്യമായി സാധിച്ചുകൊടുക്കുന്ന വിശ്വസ്തസേവകനായി എ.ഐ. പ്രവർത്തിക്കണം.

രണ്ടാമതായി എ.ഐ.–ക്ക് മനുഷ്യന്റെ താല്പര്യങ്ങൾ എന്താണെന്ന് കൃത്യമായി അറിയില്ല എന്ന ബോധ്യം ഉണ്ടാകണം. ഉദാഹരണമായി "എനിക്ക് ചായ വേണം" എന്ന് നമ്മൾ പറഞ്ഞാൽ, എ.ഐ. ഉടനെ ചായ ഉണ്ടാക്കാൻ ഓടരുത്. അതിനുപകരം, ഏതുതരം ചായ, പഞ്ചസാരയുടെ അളവ് തുടങ്ങിയ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ ശ്രമിക്കണം. തനിക്ക് എല്ലാം അറിയാം എന്ന ധാരണ എ.ഐ.–ക്ക് ഉണ്ടാകുന്നത് വലിയ അപകടമാണ്. മൂന്നാമത്തേത് മനുഷ്യന്റെ പെരുമാറ്റം നിരീക്ഷിച്ചു പഠിക്കുക എന്നതാണ്. മനുഷ്യന്റെ യഥാർത്ഥ താല്പര്യങ്ങൾ എന്താണെന്ന് അറിയാൻ അവരുടെ പെരുമാറ്റത്തെ എ.ഐ. നിരീക്ഷിക്കണം. മനുഷ്യർ എപ്പോഴും അവരുടെ ആഗ്രഹങ്ങൾ വാക്കുകളിലൂടെ കൃത്യമായി പ്രകടിപ്പിക്കാറില്ല. മനുഷ്യർ ചെയ്യുന്ന കാര്യങ്ങൾ കണ്ടും, മനുഷ്യരുടെ തീരുമാനങ്ങൾ വിശകലനംചെയ്തുമാണ് എ.ഐ. മാനവരാശിയുടെ മൂല്യങ്ങൾ മനസ്സിലാക്കേണ്ടത്. ഇതാണ് 'മൂല്യസംസ്കാരം' എന്ന് സ്റ്റുവർട്ട് റസ്സൽ നിരീക്ഷിക്കുന്നത്.

**എ.ഐ. അലൈൻമെന്റിലെ പ്രായോഗിക വെല്ലുവിളികൾ**

സ്റ്റുവർട്ട് റസ്സൽ മുന്നോട്ടുവെക്കുന്ന തത്വങ്ങൾ സൈദ്ധാന്തികമായി വളരെ മികച്ചതാണെങ്കിലും, അവ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സങ്കീർണ്ണമായ ചില സാങ്കേതിക–നൈതിക തടസ്സങ്ങളുണ്ട്. ലോകമെമ്പാടുമുള്ള മനുഷ്യർ ഒരേ മൂല്യങ്ങളല്ല പിന്തുടരുന്നത്. ഒരു സംസ്കാരത്തിൽ ശരിയെന്ന് കരുതുന്നത് മറ്റൊരു സംസ്കാരത്തിൽ തെറ്റായേക്കാം. ഇത്തരം സാഹചര്യങ്ങളിൽ എ.ഐ. ഏതു വിഭാഗത്തിന്റെ മൂല്യങ്ങൾക്കാണ് മുൻഗണന നൽകേണ്ടത് എന്നത് വലിയൊരു ചോദ്യമാണ്. ഉദാഹരണത്തിന്, സ്വകാര്യതയെക്കാൾ സാമൂഹികസുരക്ഷയ്ക്ക് പ്രാധാന്യംനൽകുന്ന ഒരു സമൂഹത്തിലെ എ.ഐ.യുടെ പ്രവർത്തനം. മാത്രമല്ല, മനുഷ്യർ എപ്പോഴും യുക്തിസഹമായ തീരുമാനങ്ങളല്ല എടുക്കുന്നത്. പലപ്പോഴും വികാരങ്ങൾക്കോ മുൻവിധികൾക്കോ അടിമപ്പെട്ടാണ് പ്രവർത്തിക്കുന്നത്. എ.ഐ. മനുഷ്യന്റെ പെരുമാറ്റം നിരീക്ഷിച്ച് മൂല്യങ്ങൾ പഠിക്കാൻ ശ്രമിച്ചാൽ, മനുഷ്യരിലെ തെറ്റായ ശീലങ്ങളും വിവേചനബുദ്ധിയും കൂടി അത് സ്വാഭാവികമായി പഠിച്ചെടുക്കാൻ സാധ്യതയുണ്ട്. മനുഷ്യർ പലപ്പോഴും തങ്ങളുടെ ആവശ്യങ്ങൾ കൃത്യമായി പ്രകടിപ്പിക്കാറില്ല. "എന്റെ സൗകര്യം വർദ്ധിപ്പിക്കുക" എന്ന് ഒരാൾ ആവശ്യപ്പെടുമ്പോൾ, മറ്റൊരാളുടെ അവകാശങ്ങൾ ലംഘിച്ചുകൊണ്ട് എ.ഐ. അത് ചെയ്യരുത്. ലക്ഷ്യങ്ങൾ നൽകുന്നതിലെ ഈ അവ്യക്തത എ.ഐ. തെറ്റായ രീതിയിൽ വ്യാഖ്യാനിക്കാൻ ഇടയാക്കിയേക്കാം. എ.ഐ.–യെ ആര് നിയന്ത്രിക്കുന്നു എന്നതും പ്രധാനമാണ്. വൻകിട കോർപ്പറേറ്റുകളുടെ ലാഭത്തിനാണോ അതോ സാധാരണ മനുഷ്യരുടെ നന്മയ്ക്കാണോ എ.ഐ. അലൈൻമെന്റ് നടത്തേണ്ടത് എന്നതിൽ സാമ്പത്തികവും രാഷ്ട്രീയവുമായ താല്പര്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്.

**'ബ്ലാക്ക്ബോക്സ്' പ്രതിഭാസവും ഉത്തരവാദിത്തവും**

'ബ്ലാക്ക്ബോക്സ്' പ്രതിഭാസം എന്നത് ആധുനിക എ.ഐ. സാങ്കേതികവിദ്യയിലെ ഏറ്റവും ദുരൂഹമായ പ്രതിഭാസമാണ്. ഒരു യന്ത്രം തീരുമാനമെടുത്തത് എങ്ങനെയെന്ന് അത് നിർമ്മിച്ച പ്രോഗ്രാമർക്കു പോലും കൃത്യമായി വിശദീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ആധുനിക എ.ഐ. നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി 'ബ്ലാക്ക്ബോക്സ്' പ്രശ്നമാണ്. സാധാരണ കമ്പ്യൂട്ടർ പ്രോഗ്രാമുകളിൽ മനുഷ്യർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ് എ.ഐ. പ്രവർത്തിക്കുന്നത്. എന്നാൽ ആധുനിക എ.ഐ. പ്രവർത്തിക്കുന്നത് കോടിക്കണക്കിന് ഡാറ്റയിൽ നിന്ന് സ്വയം പാറ്റേണുകൾ കണ്ടെത്തിയാണ്.

എ.ഐ.യുടെ ഉള്ളിൽ 'ന്യൂറൽ നെറ്റ്‌വർക്കുകൾ' എന്നറിയപ്പെടുന്ന ദശലക്ഷക്കണക്കിന് പാളികളുണ്ട്. ഇവയിലൂടെ ഡാറ്റ കടന്നുപോകുമ്പോൾ ഓരോ ഘട്ടത്തിലും വളരെ സങ്കീർണ്ണമായ മാറ്റങ്ങൾ സംഭവിക്കുന്നു. ഈ മാറ്റങ്ങൾ മനുഷ്യന്റെ ബുദ്ധിക്ക് പെട്ടെന്ന് വിശകലനം ചെയ്യാൻ കഴിയുന്നതിലും അപ്പുറമാണ്.

**'ബ്ലാക്ക്ബോക്സ്' പ്രതിഭാസവും സുതാര്യതയും**

ആധുനിക എ.ഐ. നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ 'ബ്ലാക്ക് ബോക്സ്' പ്രശ്നത്തെക്കുറിച്ച് നാം ചർച്ച ചെയ്തു. ഒരു യന്ത്രം എങ്ങനെയാണ് ഒരു പ്രത്യേക തീരുമാനമെടുത്തത് എന്ന് വിശദീകരിക്കാൻ കഴിയാത്തത് നൈതികമായ വലിയ പ്രതിസന്ധിയാണ്. സാധാരണ എ.ഐ. സംവിധാനങ്ങൾ ഒരു തീരുമാനം പുറത്തുവിടുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ Explainable AI ആ തീരുമാനത്തിലേക്ക് എത്താൻ ഉപയോഗിച്ച കാരണങ്ങൾ കൂടി മനുഷ്യർക്ക് വിശദീകരിക്കുന്നു. ഉദാഹരണത്തിന്, ഒരാളുടെ വായ്പാ അപേക്ഷ എ.ഐ. നിരസിക്കുകയാണെങ്കിൽ, അത് 'നിരസിച്ചു' എന്ന് പറയുന്നതിനുപകരം, "താങ്കളുടെ വരുമാനവും മുൻകാല ഇടപാടുകളും തമ്മിലുള്ള പൊരുത്തക്കേടാണ് ഇതിന് കാരണം" എന്ന് വ്യക്തമാക്കാൻ Explainable AI –ക്ക് കഴിയും. അൽഗോരിതങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ബോധ്യപ്പെടുത്താനും തീരുമാനങ്ങളുടെ പിന്നിലെ യുക്തി മനസ്സിലാക്കാനും ഒരു തെറ്റായ തീരുമാനമുണ്ടായാൽ അത് എവിടെ സംഭവിച്ചു എന്ന് കണ്ടെത്താനും തിരുത്താനും ഇത് പ്രോഗ്രാമർമാരെ സഹായിക്കുന്നു.

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**ഭാവിയിലെ വെല്ലുവിളികൾ: സൂപ്പർ ഇന്റലിജൻസ്**

നിക് ബോസ്ട്രോമിന്റെ 'സൂപ്പർഇന്റലിജൻസ്' എന്ന ആശയം സാങ്കേതികവിദ്യയുടെ വളർച്ച എവിടെച്ചെന്ന് അവസാനിക്കും എന്നതിനെക്കുറിച്ചുള്ള ഗൗരവകരമായ മുന്നറിയിപ്പാണ്. മനുഷ്യബുദ്ധിയെക്കാൾ ദശലക്ഷക്കണക്കിന് മടങ്ങ് വേഗത്തിലും ആഴത്തിലും ചിന്തിക്കാൻ കഴിയുന്ന ഒരു എ.ഐ. വരുമ്പോൾ സംഭവിക്കാവുന്ന അപകടങ്ങളെ അദ്ദേഹം ലളിതമായ ഉദാഹരണങ്ങളിലൂടെ വിവരിക്കുന്നു. മനുഷ്യന്റെ ബൗദ്ധികമായ എല്ലാ കഴിവുകളെയും (ശാസ്ത്രം, തന്ത്രം, സാമൂഹിക വൈദഗ്ധ്യം) പിന്നിലാക്കുന്ന ഒരു കൃത്രിമബുദ്ധിയെയാണ് സൂപ്പർഇന്റലിജൻസ് എന്നുവിളിക്കുന്നത്. സൂപ്പർ ഇന്റലിജൻസിന്റെ നീക്കങ്ങൾ മനസ്സിലാക്കാൻ മനുഷ്യനുകഴിയില്ല എന്നതാണ് ഇതിന്റെ പ്രധാന വെല്ലുവിളി. മനുഷ്യനേക്കാൾ ബുദ്ധിയുള്ള 'സൂപ്പർഇന്റലിജൻസ്' വരുമ്പോൾ, അതിനെ നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞെന്നു വരില്ല.

**ഉപദർശനങ്ങൾ**

നിർമ്മിതബുദ്ധി എന്നത് മനുഷ്യൻ ഇതുവരെ നിർമ്മിച്ചതിൽവെച്ച് ഏറ്റവും ശക്തമായ കണ്ടെത്തലാണ്. എന്നാൽ അത് പ്രവർത്തിക്കുന്നത് മനുഷ്യൻ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ, എ.ഐ.യിലെ പിഴവുകൾ യഥാർത്ഥത്തിൽ മനുഷ്യസമൂഹത്തിലെ പിഴവുകളുടെ പ്രതിഫലനമാണ്. സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കൊപ്പംതന്നെ നൈതികതയുടെ വളർച്ചയും അനിവാര്യമാണ്.

സൗന്ദര്യസങ്കൽപ്പങ്ങളെ ഏകീകരിക്കുന്ന, വംശീയമായ വേർതിരിവുകൾ കാണിക്കുന്ന ഒരു എ.ഐ. മാനവരാശിക്ക് ആവശ്യമില്ല. വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന, മാനുഷികമൂല്യങ്ങളോട് ചേർന്നുനിൽക്കുന്ന സാങ്കേതികതയാണ് നമുക്കുവേണ്ടത്. അതിനായി സാങ്കേതികവിദഗ്ധരും, സാമൂഹികശാസ്ത്രജ്ഞരും, നിയമവിദഗ്ധരും ഒത്തുചേർന്നുള്ള ഒരു പ്രവർത്തനം അനിവാര്യമാണ്. നിർമ്മിതബുദ്ധിയുടെ കാലത്തെ നൈതികപ്രശ്നങ്ങൾ പരിഹരിക്കാൻ 'എ.ഐ അലൈൻമെന്റ്' പോലെയുള്ള സുരക്ഷാമാനദണ്ഡങ്ങൾ കർശനമാക്കേണ്ടതുണ്ട്. മനുഷ്യന്റെ ധാർമ്മികമൂല്യങ്ങൾക്കു വിധേയമായി പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ അൽഗോരിതങ്ങളെ പരിശീലിപ്പിക്കണം. നിക്ക് ബോസ്ട്രോം സൂചിപ്പിക്കുന്നതുപോലെ ഭാവിയിൽ ഒരു 'സൂപ്പർ ഇന്റലിജൻസ്' രൂപപ്പെട്ടാൽ, അത് മനുഷ്യരാശിയുടെ നിലനിൽപ്പിന് ഭീഷണിയാകാതിരിക്കാൻ ആഗോളതലത്തിൽ നിയമനിർമ്മാണങ്ങളും നൈതികചട്ടക്കൂടുകളും അടിയന്തരമായി രൂപീകരിക്കേണ്ടതുണ്ട്.

**ഗ്രന്ഥസൂചി**

Bender, E. M., et al. (2021). "On the Dangers of Stochastic Parrots: Can Language Models Be Too Big?". FAccT '21 Proceedings.
Bostrom, Nick. (2014). Superintelligence: Paths, Dangers, Strategies. Oxford University Press.
Crawford, Kate. (2021). Atlas of AI: Power, Politics, and the Planetary Costs of Artificial Intelligence. Yale University Press.
O'Neil, Cathy. (2016). Weapons of Math Destruction: How Big Data Increases Inequality and Threatens Democracy. Crown Books.
Russell, Stuart. (2019). Human Compatible: Artificial Intelligence and the Problem of Control. Viking.

**ഇ–സൂചിക**

. ഏഷ്യാനെറ്റ് ന്യൂസ്. (2024). ഡീപ് ഫേക്കും എ.ഐ പക്ഷപാതവും: ഡിജിറ്റൽ ലോകത്തെ പുതിയ വെല്ലുവിളികൾ. [Online]. ലഭ്യമായ ഇടം: asianetnews.com
. ദേശാഭിമാനി. (2023). ആർട്ടിഫിഷ്യൽ ഇന്റലിജൻസ്: തൊഴിലും മൂലധനവും തമ്മിലുള്ള പുതിയ പോരാട്ടം. [Online]. ലഭ്യമായ ഇടം: deshabhimani.com
. മനോരമ ഓൺലൈൻ. (2023). എ.ഐ കാലത്തെ തൊഴിൽ ഭീതി: ആർക്കൊക്കെ ജോലി നഷ്ടപ്പെടും? [Online]. ലഭ്യമായ ഇടം: manoramaonline.com
. മനോരമ ഓൺലൈൻ. (2024). നിങ്ങളെ ജോലിക്ക് എടുക്കുന്നത് ഒരു എ.ഐ ആണോ? റിക്രൂട്ട്മെന്റിലെ പക്ഷപാതങ്ങൾ. [Online]. ലഭ്യമായ ഇടം: manoramaonline.com
. മനോരമ ഓൺലൈൻ. (2026). ആർട്ടിഫിഷ്യൽ ഇന്റലിജൻസിലെ പക്ഷപാതങ്ങളും വെല്ലുവിളികളും. [Online]. ലഭ്യമായ ഇടം: manoramaonline.com
. മാതൃഭൂമി. (2023). ചാറ്റ് ജിപിറ്റിയും എ.ഐ വിപ്ലവവും: തൊഴിൽ വിപണിയിൽ സംഭവിക്കുന്ന മാറ്റങ്ങൾ. [Online]. ലഭ്യമായ ഇടം: mathrubhumi.com
. മാതൃഭൂമി. (2024). അൽഗോരിതങ്ങളിലെ ചതിക്കുഴികൾ: എ.ഐ പക്ഷപാതപരമാകുന്നത് എന്തുകൊണ്ട്? [Online]. ലഭ്യമായ ഇടം: mathrubhumi.com
. മാതൃഭൂമി. (2026). എ.ഐ.യും ഭാവിയിലെ തൊഴിൽ വിപണിയും: ഒരു വിശകലനം. [Online]. ലഭ്യമായ ഇടം: mathrubhumi.com

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

About the Researcher
ഡോ.ഷിംജിത്ത് എസ്. പി
അസിസ്റ്റന്റ് പ്രൊഫസർ(On Contract)
സെന്റ് മേരീസ് കോളേജ് (Autonomous) തൃശ്ശൂർ
Email: shimjithsp@gmail.com
Mob: 9020868197

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0028

# ആദാമിൻ്റെ വാരിയെല്ല് : ആൽഫാമെയിലും ആണത്തത്തിന്റെ മൃഗീയതലവും

**വിഷ്ണു പി.എസ്.**

**പ്രബന്ധസംഗ്രഹം**
ചലച്ചിത്രങ്ങളിലെ ആണത്ത അധീശത്വസങ്കല്പങ്ങളുടെ നരവംശപരവും മനഃശാസ്ത്രപരവുമായ വിശകലനത്തിൽ ഉപയോഗിക്കുന്ന സാങ്കേതിക സംജ്ഞകളിലൊന്നാണ് ആൽഫാ മെയിൽ. ആണത്തം, ലിംഗപദവി, അധീശത്വം എന്നിവയെക്കുറിച്ചുള്ള ആദിമബോധ്യങ്ങളെ തിരിച്ചറിയുവാൻ ഇത് സഹായിക്കുന്നു. ഇത്തരത്തിൽ കെ.ജി.ജോർജിന്റെ ആദാമിന്റെ വാരിയെല്ല് എന്ന സിനിമയെ പഠനവിധേയമാക്കുകയാണ് ഇവിടെ.

**താക്കോൽവാക്കുകൾ**
സോഷ്യോ സെക്ഷ്വൽ ഹൈറാർക്കി, ആൽഫ മെയിൽ, ബീറ്റ, ഒമേഗ, ഗാമ, ഡെൽറ്റ, ആണത്തം, അധീശത്വം, ലിംഗപദവി, ആദിപ്രരൂപം

..............................................................................................................................................................................

## ആമുഖം

സിനിമകളിലെ നായകപ്രതിനിധാനങ്ങളെ ആധാരമാക്കിയുള്ള പഠനങ്ങളിലും നിരീക്ഷണങ്ങളിലുമാണ് ആൽഫാ മെയിൽ സങ്കല്പം എന്ന സംജ്ഞ ഇന്ന് പ്രത്യക്ഷപ്പെടുന്നത്. ഇത് ആധുനിക പുരുഷന്റെ പ്രതിസന്ധികളെയും സമൂഹം അടിച്ചേൽപ്പിക്കുന്ന "പുരുഷത്വം" എന്ന ആശയത്തെയും ചോദ്യം ചെയ്യുന്ന ആശയം കൂടിയാണ്. ശാരീരിക ശക്തിയും ആധിപത്യവുമല്ല, മറിച്ച് വൈകാരിക ബുദ്ധിയും ഉത്തരവാദിത്തവുമാണ് യഥാർത്ഥ "ആൽഫാ" എന്ന് പുതിയകാലം മാറ്റി എഴുതുന്നു.

ഗ്രീക്കിലെ ആദ്യാക്ഷരമായ ആൽഫാ ആദ്യത്തേത്, പ്രധാനപ്പെട്ടത്, മേധാവിത്വമുള്ളത് എന്നർത്ഥത്തിലാണ് പ്രയോഗിക്കാറുള്ളത്. കൂട്ടത്തിലെ ശക്തനായ, മേധാവിത്വമുള്ള, നേതൃത്വസ്ഥാനം വഹിക്കുന്ന മൃഗത്തെയോ വ്യക്തിയെയോ ആണ് ആൽഫാ എന്ന് സൂചിപ്പിക്കുക. ഇത്തരത്തിലുള്ള പുരുഷനെ ആൽഫാ മെയിൽ എന്നും സ്ത്രീയെ ആൽഫാ ഫീമെയിൽ എന്നും ആൺ–പെൺ ജോഡികളെ ആൽഫാ ജോഡികൾ അഥവാ ആൽഫാ പെയറുകൾ എന്നും വിളിക്കുന്നു. ആൽഫാ മെയിൽ എന്ന പദത്തിന് കൃത്യമായ മലയാളപദമില്ലെങ്കിലും തത്തുല്യമായ ആശയം സ്വീകരിച്ചുകൊണ്ട് ആധിപത്യമുള്ള പുരുഷൻ, പ്രബലനായ പുരുഷൻ എന്നിങ്ങനെ വിളിക്കാവുന്നതാണ്.
1870–കളിലാണ് ഈ ആശയത്തിന് തുടക്കം കുറിക്കുന്നത്. ചെന്നായകളിൽ പഠനം നടത്തിയ റുഡോൾഫ് ഷെങ്കൽ 1947ൽ "എക്സ്പ്രഷൻസ് സ്റ്റഡി ഓൺ വോൾവ്സ്" എന്ന പേരിൽ ഒരു പേപ്പർ പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ ചെന്നായക്കൂട്ടത്തിൽ ഒരു ചെന്നായ മാത്രം മേധാവിത്വം പുലർത്തുന്നതായി കാണാൻ സാധിച്ചു. അധികാരം ഉപയോഗിച്ച് ആ ചെന്നായ മറ്റുള്ള ചെന്നായകളെ നിയന്ത്രിക്കുന്നതുകൊണ്ട് അദ്ദേഹം അതിനെ 'ആൽഫാ' എന്ന് വിളിച്ചു. തന്റെ കണ്ടെത്തൽ പ്രസിദ്ധീകരിച്ചതിനുശേഷം മേധാവിത്വം പുലർത്തിയ ചെന്നായ രക്ഷിതാവും ബാക്കി കുട്ടികളുമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. പക്ഷെ, സമൂഹത്തിൽ മേധാവിത്വം പുലർത്താൻ ആഗ്രഹിച്ചിരുന്നവർ ഈ കണ്ടെത്തലിനെ പ്രകീർത്തിച്ചു. പിന്നീട് ഡോ. എൽ. ഡേവിഡ് മെക്കിന്റെ "ദി വോൾഫ് ഇക്കോളജി ആൻഡ് ബിഹേവിയർ ഓഫ് ആൻ എന്റേൻജെർഡ് സ്പീഷീസ്" (1968) എന്ന കൃതിയിലും ആൽഫാ മെയിൽ ചെന്നായകളെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. കാലഹരണപ്പെട്ട തന്റെ ഈ ആശയം ഉള്ളതുകൊണ്ട് തന്നെ പ്രസിദ്ധീകരണം നിർത്താൻ അദ്ദേഹം ആവശ്യപ്പെട്ടെങ്കിലും 50 വർഷങ്ങൾക്ക് ശേഷവും ആ കൃതി അച്ചടിയിലുണ്ട്.

ആൽഫാ മെയിൽ സങ്കല്പം ചെന്നായകൾക്ക് പുറമെ നായകളിലും ഗോറില്ലകളിലും ചിമ്പാൻസികളിലും കാണാം. നരവംശശാസ്ത്രജ്ഞയായ ഡോ. ജെയ്ൻ ഗൂഡോൾ ചിമ്പാൻസികളിൽ പഠനം നടത്തി അവയിലെ അധികാരശ്രേണി നിരീക്ഷിക്കുന്നുണ്ട്.

മൃഗങ്ങളിൽ വ്യത്യസ്ത രീതികളിലാണ് ആൽഫാ മെയിലിനെ കണ്ടെത്താറുള്ളത്. ശക്തി, ബുദ്ധി, സ്നേഹം, കരുണ, പ്രായം, ഉത്തരവാദിത്തങ്ങൾ, ശരീരഘടന, ഭക്ഷണം നേടൽ, സൗഹൃദം, രതി എന്നിവയുടെ അടിസ്ഥാനത്തിൽ ആൽഫയെ നിർവചിക്കുന്നു. ഇതിന്റെ മറ്റൊരു പകർപ്പാണ് മനുഷ്യരിൽ കാണുക. അധികാരം, പേര്, പ്രശസ്തി, ശരീരഘടന, സ്ത്രീബന്ധങ്ങൾ തുടങ്ങിയവയാണ് പ്രാഥമികതലത്തിൽ ആൽഫയെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ. 1960–കൾക്ക് മുമ്പ് എഴുത്തുകാരനായ അൽഡൗസ് ഹസ്‌ലെ തന്റെ "ബ്രേവ് ന്യൂ വേൾഡ്" എന്ന കൃതിയിൽ ആൽഫ മെയിൽ എന്ന വാക്ക് ഉപയോഗിച്ച് കാണുന്നുണ്ട്. 2011–ൽ വലത് ആക്ടിവിസ്റ്റായ തിയഡോർ റോബർട്ട് ബിൽ ആണ് മനഃശാസ്ത്രപരമായ മനുഷ്യന്റെ സ്വഭാവസവിശേഷതകളെ സോഷ്യോ സെക്ഷ്വൽ ഹൈറാർക്കിയായി തരംതിരിക്കുന്നത്. പിരമിഡ് രൂപത്തിലുള്ള ഈ ശ്രേണിയിൽ ഒന്നാമത്തേത് ആൽഫയാണ്. ബീറ്റ, ഒമേഗ, ഗാമ, ഡെൽറ്റ എന്നിങ്ങനെ ശ്രേണി താഴേക്ക് വരുന്നു. ഇതിൽനിന്ന് എല്ലാം വലുതാണ് സിഗ്മ എന്ന വിഭാഗം.

**ആൽഫ മെയിലിന്റെ സ്വഭാവസവിശേഷതകൾ**

മേധാവിത്വം പുലർത്തുന്നവരായതിനാൽ തന്നെ ധൈര്യശാലികളും കൃത്യമായ ഉദ്ദേശ്യങ്ങളുമുള്ളവരായിരിക്കും ആൽഫകൾ. കൃത്യമായ തീരുമാനങ്ങൾ എടുക്കുകയും മനസ്സിലുള്ളത് തുറന്നുപറയുകയും ദുർബലതകൾ സ്വയം പരിഹരിക്കുകയും ചെയ്യുന്ന ഇവർ ശരീരഘടനയ്ക്കും ആരോഗ്യത്തിനും പ്രാധാന്യം നൽകുന്നു. മറ്റൊരാളുടെ അംഗീകാരം ആവശ്യമില്ലാത്ത ഇവർ സ്വയം നേതൃത്വം അലങ്കരിക്കുകയും സംഘങ്ങളിൽ ഡോമിനേറ്റ് ചെയ്യുകയും ചെയ്യുന്നു. ഉയർന്ന നിശ്ചയദാർഢ്യം, രോഗപ്രതിരോധശേഷി, ലൈംഗികക്ഷമത, ഉയരം, വ്യക്തമായി നിർവചിക്കപ്പെട്ട താടിയെല്ല്, കനത്ത ശബ്ദം, കുട്ടുപിരികം തുടങ്ങി നീണ്ടുപോകുന്നു ആൽഫാ മെയിലിന്റെ ശരീരസ്വഭാവസവിശേഷതകൾ.

മനഃശാസ്ത്രജ്ഞനായ കാൾ യുങ് അവതരിപ്പിച്ച മനുഷ്യരാശിയുടെ ആദിമവും സാർവ്വലൗകികവുമായ അനുഭവങ്ങളെ സൂചിപ്പിക്കുന്ന അടിസ്ഥാന സങ്കൽപ്പനമാണ് ആദിപ്രരൂപം അഥവാ ആർക്കിടൈപ്പ്. ഇത് മനുഷ്യവർഗ്ഗത്തിന്റെ ആകെ അനുഭവങ്ങളുടെ അന്തർബോധപരമായ രൂപങ്ങളാണ്. പണം നേടുക, സ്ത്രീകളെ ആകർഷിക്കുക തുടങ്ങിയ അരക്ഷിത ചിന്തകളുടെ മുകളിൽ രൂപംകൊണ്ട ആൽഫാ മെയിൽ എന്ന പുരുഷ ആദിപ്രരൂപം ഇന്ന് ആണത്തത്തെ തന്നെ നിർവചിക്കുന്നു. വ്യക്തികളുടെ സ്വഭാവസവിശേഷതകളെ അവയുടെ വൈവിധ്യത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിലെ അശാസ്ത്രീയത ഇന്ന് ചോദ്യം ചെയ്യപ്പെടുന്നുണ്ടെങ്കിലും ആണത്തപഠനത്തിന്റെ പുതിയ രൂപമാണ് ആൽഫാ മെയിൽ സങ്കല്പം എന്നു പറയാം.

ആണത്തവും അധീശത്വവും

ലിംഗപദവി പഠനങ്ങളിലൂടെയാണ് ആണത്തവും പെണ്ണത്തവും ചർച്ച ചെയ്തു തുടങ്ങുന്നത്. സമൂഹത്തിലെ അധികാരത്തിന്റെ ചലനാത്മകതയെയും അധികാരകൈമാറ്റം, സാമൂഹികക്രമം തുടങ്ങിയവയുടെ സൂക്ഷ്മവും വൈവിധ്യമാർന്നതുമായ വഴികളെയും പിയറി ബോർദ്യു തന്റെ കൃതികൾ അവതരിപ്പിക്കുന്നുണ്ട്. 'മെൻസ് മൂവ്മെന്റി'ന്റെ ഭാഗമായാണ് ആണത്തപഠനങ്ങൾ ആരംഭിക്കുന്നതും വികാസം പ്രാപിക്കുന്നതും. 'ശബ്ദതാരാവലി'യിൽ ആണത്തത്തെ ആണിന്റെ സ്വഭാവം, ആണായിരിക്കുന്ന അവസ്ഥ, പുരുഷത്വം, ചുണ, ധീരത, സകല പ്രാണികളിലും വച്ച് മുമ്പനെന്നും ആണത്തമുള്ളവൻ എന്നും അർത്ഥങ്ങൾ നൽകിയിരിക്കുന്നു.

ബേയ്നോൺ "മസ്ക്യുലിനിറ്റീസ് ആൻഡ് കൾച്ചർ" (2002) എന്ന കൃതിയിൽ ആണത്തത്തെ ഇങ്ങനെ നിർവചിക്കുന്നു. "നിരവധി ആണത്തങ്ങളുടെ ഒരു സമാഹാരമാണ് ആണത്തം. സാംസ്കാരികമായി നിർമ്മിക്കപ്പെടുന്ന സർവ്വകാലികമോ സാർവത്രികമോ ആയ സ്വഭാവസവിശേഷതകൾ ഒന്നുമില്ലാതെ ലിംഗപദവി ബന്ധമാണ് ആണത്തങ്ങൾ.

ബെയ്നോണിന് പുറമേ കിമ്മൽ, ഹാറ്റി, വൈറ്റ് ഹെഡ് & ബാരറ്റ്, കോഹൻ, ഹാർക്, ലോറൻസൻ എന്നിവർ ആണത്തത്തെ നിർവചിക്കുന്നു. ഹാറ്റിയുടെ ("മസ്ക്യുലിനിറ്റീസ് വയലൻസ് ആൻഡ് കൾച്ചർ", 2005) അഭിപ്രായത്തിൽ അധികാരം, വീര്യം, പിതൃകോയ്മ, രാഷ്ട്രീയം തുടങ്ങിയവയിലാണ് ആണത്തം കേന്ദ്രീകരിക്കുന്നത്.
വർഗ്ഗം, ലിംഗം, വംശീയത തുടങ്ങിയവയും ആണത്തത്തെ നിർവചിക്കുന്നുണ്ട്. ആണിന്റെ സാമൂഹിക അധികാരമായ ആണത്തത്തിന്റെ അടിസ്ഥാനം പുരുഷത്വമാണ്. ലൈംഗികശേഷിയെ കുറിക്കാനാണ് പുരുഷത്വം എന്ന വാക്ക് പൊതുവേ ഉപയോഗിക്കുക.

ജൈവികമായി രൂപംകൊള്ളുന്ന മനുഷ്യർക്ക് മനുഷ്യാതീതമായ ചില സത്തകളുണ്ടെന്നും അതിനനുസരിച്ചുള്ള വികാസമാണ് അവർ സാമൂഹ്യജീവിതത്തിലൂടെ നേടുന്നതെന്ന് സത്താവാദവും പ്രകൃതിവാദവും മുന്നോട്ടുവെക്കുന്നു. പ്രകൃതിവാദം സ്ത്രീയും പുരുഷനും പ്രകൃതിയുടെ പകർപ്പാണെന്നും സ്ത്രീ ജന്മനാ ശുശ്രൂഷാ താല്പര്യമനോഭാവമുള്ളവളും പുരുഷൻ അക്രമതത്പരനുമാണെന്ന് പറഞ്ഞുവയ്ക്കുന്നു. ഈ സ്വഭാവത്തിന് മാറ്റം സാധ്യമല്ലെന്നും പ്രകൃതിവാദം സ്ഥാപിക്കുന്നു. പീറ്റർ സെന്നിന്റെ ("അൺമാസ്കിങ് മസ്ക്യുലിനിറ്റീസ്", 1998) ഈ കണ്ടെത്തൽ പുരുഷ ആദിപ്രരൂപ രൂപീകരണത്തെക്കുറിച്ചുള്ള തിരിച്ചറിവിലേക്ക് വഴി തുറക്കുന്നുണ്ട്.

ആണത്തത്തെ ചേർത്തുവച്ചുകൊണ്ട് മാത്രമേ അധികാരത്തെയും അധീശത്വത്തെയും വായിക്കുവാൻ സാധിക്കുകയുള്ളൂ. "ആണുമായി ബന്ധപ്പെട്ടതല്ല ആണത്തം എന്നും അത് അധികാരവുമായി ബന്ധപ്പെട്ടതാണെന്നും അധികാരത്തമെന്നാണ് അതിനെ വിളിക്കേണ്ടത്" എന്നും കെ. ആർ. മീര 'ഘാതകനെ' കുറിച്ചുള്ള പ്രമോഷൻ വീഡിയോയിൽ പറയുന്നുണ്ട്. അന്റോണിയോ ഗ്രാംഷിയുടെ അധീശത്വസങ്കല്പത്തെ മുൻനിർത്തിയാണ് അധീശത്വ ആണത്തം കടന്നുവരുന്നത്. ഒരു സംഘം ആളുകൾ ആധിപത്യം പുലർത്തുന്ന പെരുമാറ്റസംഹിത കൂടിയാണ് അധീശത്വ ആണത്തം. പുരുഷാധിപത്യത്തെ സാധൂകരിച്ച് സ്ത്രീയെ അടിച്ചമർത്തി കരുത്തിന്റെയും കീഴടക്കലിന്റെയും മാതൃകയായി പുരുഷൻ മാറുന്നതാണ് അധീശത്വ ആണത്തത്തിന്റെ കാതൽ. ഇത് സിനിമകളിലൂടെ സ്ഥാപനവത്ക്കരിക്കുന്നത് വഴി ആണത്തം എന്നത് ആദർശാത്മക ഗുണമായുള്ള ഒരു പൊതുബോധം രൂപപ്പെടുന്നു.

**അൽഫാ മെയിൽ സങ്കല്പം മലയാളസിനിമയിൽ**

സിനിമയിലെ ആൽഫാ മെയിൽ സങ്കല്പം പ്രധാനമായും കടന്നുവരുന്നത് നായക പ്രതിനായക രൂപീകരണത്തിലാണ്. മേൽക്കോയ്മയുള്ള സാമൂഹ്യവ്യവസ്ഥിതിയെ നിലനിർത്തിപ്പോരുന്നതിൽ ഇത്തരം സിനിമകൾക്ക് വലിയ സ്ഥാനമുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഇങ്ങനെയുള്ള സാമൂഹികവ്യവസ്ഥിതിയുടെ ഉത്പന്നമാണ് സിനിമയിലെ പുരുഷസങ്കല്പം. സ്റ്റീവൻ നീലിന്റെ 'മസ്കുലിനിറ്റി ആസ് സ്പെക്ടക്കിൾ' (1980) എന്ന ലേഖനമാണ് സിനിമയിലെ ആണത്തത്തെ ആദ്യമായി അന്വേഷിക്കുന്നത്.

പണക്കാരനായ പിതാവ്, വീട്ടുജോലിക്കാരിയായ കുടുംബിനി, ലക്ഷ്യബോധമില്ലാത്ത മക്കൾ എന്നിങ്ങനെ കെ. ജി. ജോർജ് സൃഷ്ടിച്ച ക്രിസ്ത്യൻ കുടുംബമാതൃക പിന്നീട് ടി. ദാമോദരൻ, ഐ. വി. ശശി, ജോഷി, രഞ്ജി പണിക്കർ, രഞ്ജിത്ത് എന്നിവർ പിന്തുടർന്നു. കുപിതനായ ധിക്കാരിയായ അഹംഭാവമുള്ള ആവേശഭരിതനായ നീതിബോധമുള്ള പുരുഷരൂപങ്ങൾ ഇവരുടെ സിനിമകളിലൂടെ അവതരിപ്പിക്കപ്പെട്ടു. പലപ്പോഴും സവർണഹിന്ദു, ഫ്യൂഡൽ മാടമ്പി, അച്ചായൻ എന്നീ സങ്കല്പത്തെ പിൻപറ്റിയായിരുന്നു അവയുടെ രൂപീകരണം. ദി കിംഗ്, ധ്രുവം, വല്യേട്ടൻ, കോട്ടയം കുഞ്ഞച്ചൻ, സംഘം, രാക്ഷസരാജാവ്, ദേവാസുരം, ആറാം തമ്പുരാൻ, പ്രജ, നാട്ടുരാജാവ്, രാവണപ്രഭു, വാഴുന്നോർ, ലേലം, കമ്മീഷണർ, താന്തോന്നി, അയ്യപ്പനും കോശിയും, കടുവ എന്നിങ്ങനെ നീണ്ടുപോകുന്നതാണ് ആൽഫാ മെയിലുകളായ നായകപ്രതിനിധാനങ്ങൾ. സിനിമയുടെ പേര് തന്നെ കഥാപാത്രത്തിൻ്റെ വ്യക്തിത്വത്തിലേക്ക് വിരൽ ചൂണ്ടുമ്പോൾ സ്ത്രീയുടെ മേലുള്ള ആധിപത്യവും അശ്ലീലവും പരിഹാസവും കൂടിച്ചേർന്ന ശാരീരിക ലക്ഷണങ്ങളുള്ള കുടുംബസ്ഥൻ കൂടിയായ ആൽഫാ മെയിൽ നായകൻ പൂർണ്ണനാകുന്നു.

**ആൽഫാ മെയിൽ സങ്കൽപം: ആദാമിന്റെ വാരിയെല്ലിൽ**

1984–ൽ കെ. ജി. ജോർജിൻ്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ സിനിമയാണ് ആദാമിന്റെ വാരിയെല്ല്. ജീവിതത്തിൻ്റെ മൂന്ന് വ്യത്യസ്ത തലത്തിലെ സ്ത്രീപുരുഷ ജീവിതങ്ങളാണ് സിനിമയുടെ പ്രമേയം. മധ്യവർഗ്ഗ കുടുംബത്തിൽപ്പെട്ട ആലീസിനും വാസന്തിക്കും ഭർത്താക്കന്മാരിൽനിന്നും നേരിടേണ്ടി വരുന്ന അവഗണനകൾ അവരെ യഥാക്രമം ആത്മഹത്യയിലേക്കും മനോവിഭ്രാന്തിയിലേക്കും നയിക്കുന്നു. വീട്ടുവേലക്കാരിയായ അമ്മിണിയാവട്ടെ പുനരധിവാസകേന്ദ്രത്തിലേക്കാണ് എത്തിപ്പെടുന്നത്.

പ്രധാനപ്പെട്ട രണ്ട് പുരുഷകഥാപാത്രങ്ങളാണ് സിനിമയിലുള്ളത്. മാമച്ചനും ഗോപനും. ഉയർന്ന സാമ്പത്തികനിലയും രാഷ്ട്രീയാധികാര സ്വാധീനവുമുള്ള ബിസിനസുകാരനാണ് മാമച്ചൻ. പിരിച്ചുവച്ച മീശ, ഉറച്ച ശബ്ദം, ഉയരം, തോക്ക്, സ്വർണ്ണമാല, സ്വർണ്ണവാച്ച്, സിൽക്ക് ജൂബ്ബ, സിൽക്ക് മുണ്ട്, സ്യൂട്ട്കേസ്, സിഗരറ്റ് എന്നീ ആഹാര്യശോഭയോടെയാണ് മാമച്ചൻ പ്രത്യക്ഷപ്പെടുന്നത്. അയാളും ഭാര്യ ആലീസും തമ്മിലുള്ള ദാമ്പത്യം അത്ര സുഖകരമല്ല. ആലീസിന് തൻ്റെ ആൺ സുഹൃത്തായ ജോസിനോട് പ്രണയമുണ്ട്. എങ്കിലും തൻ്റെ ഭർത്താവിനെ എതിർത്ത് പ്രവൃത്തിക്കുവാനുള്ള ധൈര്യം അവർക്കില്ല. ഒരിടത്തും ഭാര്യാഭർത്തൃബന്ധത്തിലെ സ്നേഹം അവർക്കിടയിൽ കാണുവാൻ സാധ്യമല്ല. വേട്ടക്കാരനും ഇരയും എന്നപോലെ അവർക്കിടയിലെ അകൽച്ച സിനിമയിലുടനീളം കാണാം. ഇതിനു ഉദാഹരണമാണ് മാമച്ചൻ്റെ വീട്ടിൽ വച്ച് സുഹൃത്തിന്റെ (തിലകൻ) സംഭാഷണം.

"ഫിലിപ്പോസ് മുതലാളിയുടെ കണക്കെഴുത്തുകാരനായ മാമച്ചൻ
ഇത്രയും പൊങ്ങിയത് ആരുടെ കഴിവാ?"

ആലീസിനെ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ സംസാരം മാമച്ചന് തീരെ ഇഷ്ടപ്പെടുന്നില്ല. തന്റെ വളർച്ചയ്ക്ക് വേണ്ടി ഭാര്യയെ ഉപയോഗപ്പെടുത്തിയത് എല്ലാവരും മനസ്സിലാക്കി എന്ന കാര്യമാണ് മാമച്ചനെ ബുദ്ധിമുട്ടിലാക്കുന്നത്. രാത്രിയിൽ ബിസിനസ് കാര്യങ്ങളും കണക്കെഴുത്തുകളും തീർത്ത് ഭാര്യ ഉറങ്ങിയെന്ന് ഉറപ്പുവരുത്തിയതിനുശേഷം തന്റെ ലൈംഗികതാത്പര്യങ്ങൾ തീർക്കുന്നത് വേലക്കാരി അമ്മിണിയുടെ അടുത്താണ്. ഭാര്യയെ കാത്തു നിൽക്കാതെ സ്വയം ഭക്ഷണം എടുത്തുകഴിക്കുന്ന, ജോലിക്കാരിയോട് എന്നപോലെ ആജ്ഞകൾ നൽകുന്ന മാമച്ചന് ഭാര്യ ഒരു അലങ്കാരം മാത്രമാണ്.

തന്റെ ഭർത്താവിൻ്റെ വ്യക്തിത്വത്തെക്കുറിച്ച് ആലീസിന് വ്യക്തമായ ബോധ്യങ്ങളുണ്ട്. അമ്മിണി ഗർഭിണിയായതറിഞ്ഞുള്ള അവരുടെ സംഭാഷണങ്ങൾ ഇങ്ങനെയാണ്.

"സ്വന്തം സുഖത്തിനുവേണ്ടി ആരെയും നോവിക്കുമല്ലോ.
പണത്തിനുവേണ്ടി ആരെയും തീറെഴുതും, ഭാര്യയെ പോലും",
"ഏത് കായലിലാണ് ശവം പൊന്താൻ പോകുന്നത്?"

തൻ്റെ അനുഭവങ്ങളിലൂടെ ആലീസ് മാമച്ചനുമായി വാഗ്വാദങ്ങളിൽ ഏർപ്പെടുന്നു. ഇത്തരം സന്ദർഭങ്ങളിലൊന്നും മാമച്ചനിൽ കുറ്റബോധമോ പാപബോധമോ കാണുവാൻ സാധ്യമല്ല.

"നീ തുള്ളണ്ട എനിക്കറിയാം എന്താ ചെയ്യേണ്ടതെന്ന്",

എന്ന് മറുപടി നൽകി ഭാര്യയെ അടക്കുകയാണ് അയാൾ ചെയ്യുന്നത്. താൻ മൂലം ഭാര്യ അനുഭവിക്കുന്ന മാനസികപ്രയാസങ്ങളോ അമ്മിണിയുടെ ഭാവിജീവിതമോ ഒന്നും അയാളെ അലട്ടുന്നില്ല. എങ്കിലും ഒരു സന്ദർഭത്തിൽ ഭാര്യയുടെ പ്രണയത്തെ അയാൾ പ്രശ്നവത്ക്കരിക്കുന്നുണ്ട്. നാട്ടുകാരൊക്കെ പറഞ്ഞുതുടങ്ങിയെന്നും തനിക്ക് വെളിയിലിറങ്ങി നടക്കണമെന്നും കുട്ടികൾ വലുതായതെങ്കിലും ശ്രദ്ധിക്കണമെന്നും മാമച്ചൻ ഭാര്യയെ ഓർമ്മിപ്പിക്കുന്നു. അതിന് മറുപടിയായി ആലീസ് പറയുന്നു,

"ഇപ്പോൾ മാമച്ചൻ മുതലാളി വലിയ മാന്യനാണല്ലോ. കുട്ടികൾ
നിങ്ങളുടേതന്നെയെന്ന് ഉറപ്പുണ്ടോ? കോൺട്രാക്ട് കിട്ടാനും ബില്ല്
പാസാക്കാനും മലമ്പുഴയിലും പീച്ചിയിലും കോവളത്തും എന്നെ
കൊണ്ടുനടന്നില്ലേ. മിണ്ടരുത് പോടോ…"

തന്റെ ആണത്തത്തിനേറ്റ പ്രഹരത്തിൽ മുമ്പൊരിക്കലും തളർന്നുപോകാത്ത അയാൾ അവിടെ തളർന്നുപോകുന്നു. പുരുഷനാണ് കുടുംബവും സമൂഹവും ഭരിക്കേണ്ടത് എന്ന ചിന്ത മകനിലേക്ക് പകർന്നുനൽകുന്ന അച്ഛനെ മാമച്ചനിലൂടെ സംവിധായകൻ വരച്ചുകാട്ടുന്നുണ്ട്. തന്റെ സഹോദരി നിഷയേയും തൻ്റെ സ്കൂളിൽ ചേർത്തു പഠിപ്പിക്കണമെന്ന ആവശ്യം പറയുന്ന മകനോട് മാമച്ചൻ്റെ മറുപടി ഇങ്ങനെയാണ്. "അവളെ എന്തിനാടാ അവിടെയൊക്കെ ചേർത്ത് പഠിപ്പിക്കുന്നത്? നീയല്ലേ പഠിച്ച് വലിയവനാകേണ്ടത്. അവള് പഠിച്ചാലും പഠിച്ചില്ലേലും വല്ലവനും കല്യാണം കഴിച്ചു പോവും. നീയാ പപ്പയുടെ ബിസിനസ്സൊക്കെ നോക്കേണ്ടത്", ഇത്തരത്തിൽ സ്ത്രീയെ വിവാഹം, പ്രസവം, കുടുംബം എന്നതിലേക്ക് ചുരുക്കിവയ്ക്കുകയാണ് അയാൾ.

ക്ലാസ് മുറിയിൽവച്ച് നിഷയും സുഹൃത്തും തമ്മിലുള്ള സംഭാഷണം പുരുഷസങ്കല്പത്തെക്കുറിച്ചുള്ള സ്ത്രീ കാമനകളാണ്.

സുഹൃത്ത്: (മിഥുൻ ചക്രവർത്തിയുടെ ചിത്രം കാണിച്ചുകൊണ്ട്)
"എന്തൊരു മസ്കുലിനാ!"
നിഷ: "നീ സൂപ്പർമാൻ സ്റ്റീവ് റിവ്സിൻ്റെ പടം കണ്ടിട്ടുണ്ടോ? ദാറ്റ് ഈസ്
ഫൻ്റാസ്റ്റിക്."

മറ്റൊരു അവസരത്തിൽ കാമുകൻ്റെ പ്രണയലേഖനം വായിച്ച്, കണ്ണാടി നോക്കി തന്റെ ശരീരഭംഗി ആസ്വദിക്കുന്ന നിഷയേയും കാണാം. എന്തായിരിക്കണം പുരുഷസൗന്ദര്യമെന്നും പുരുഷന് എന്തായിരിക്കണം സ്ത്രീസൗന്ദര്യമെന്നുമുള്ള ഭൂരിപക്ഷത്തിന്റെ മിഥ്യാധാരണകളെ സംവിധായകൻ കഥാപാത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. എത്രത്തോളം മസ്കുലിനാവാൻ പറ്റുമോ അത്തരത്തിലുള്ള ഒരു ശരീരത്തെയാണ് ഇവിടെ സമൂഹം അംഗീകരിക്കുന്നത്.

സിനിമയിലെ മറ്റൊരു പ്രധാന പുരുഷകഥാപാത്രമാണ് വാസന്തിയുടെ ഭർത്താവായ ഗോപൻ/ഗോപി. തൊഴിൽ നഷ്ടപ്പെട്ട ഗോപിക്ക് മറ്റൊരാളുടെ കീഴിൽ അയാൾ പറയുന്നതുപോലെ ജോലിചെയ്യാൻ ബുദ്ധിമുട്ടാണ്. നിരന്തരം മദ്യപിച്ചുകൊണ്ടാണ് പലരുടെയും ചോദ്യത്തിന് അയാൾ മറുപടി നൽകുന്നത്. ഇങ്ങനെ കടന്നുവരുന്ന ഗോപിക്ക് ഭയഭക്തിബഹുമാനത്തിലാണ് വാസന്തി ഭക്ഷണം നൽകുന്നത്. അയാൾ പകുതിക്കുവച്ച് ഭക്ഷണം കഴിക്കുന്നത് നിർത്തിയെങ്കിലും പാത്രത്തിൽ അവശേഷിക്കുന്നത് കഴിക്കുകയാണ് ഭാര്യ. ഭക്ഷണം പാഴാക്കരുത് എന്ന മനോഭാവത്തിലല്ല, മറിച്ച് തൻ്റെ കടമയാണ് അതെന്ന ഭാവത്തിലാണ് അവർ അങ്ങനെ ചെയ്യുന്നത്. രാവിലെ എഴുന്നേറ്റ് സിഗരറ്റ് വലിച്ചുകൊണ്ട് പത്രം വായിക്കുന്ന ഗോപിക്ക് ചായ നൽകി കഴിക്കാനുള്ളത് മേശപ്പുറത്ത് വച്ചിട്ടുണ്ടെന്ന് എളിമയോടെ അവൾ ഓർമ്മിപ്പിക്കുന്നു. തൻ്റെ പങ്കാളിക്ക് ജോലി ഇല്ലെന്നതിൽ ഭാര്യക്ക് ആശങ്കയുണ്ട്, എന്നാൽ ഗോപിക്ക് അതില്ല. ഭാര്യ തന്നെ നോക്കിക്കൊള്ളും അല്ലെങ്കിൽ ഭാര്യയുടെ ധർമ്മം തന്നെ അതാണെന്ന് അയാൾ കരുതുന്നു. മദ്യപിക്കാൻവേണ്ടി വാസന്തിയോട് 25 രൂപ ആജ്ഞാപിച്ച് വാങ്ങുന്നതും.

"ആമ്പിള്ളേര് പ്രായമായാൽ ഇച്ചിരി കുടിച്ചെന്നൊക്കെ വരും"

എന്ന് പറയുന്ന അമ്മായിയമ്മയും പുരുഷകേന്ദ്രീകൃതവ്യവസ്ഥയുടെ ഉത്പന്നങ്ങളാകുന്നു. തലവേദനയുമായി വീട്ടിലെത്തുന്ന വാസന്തിയോട്

"മെൻസസ്ടസ് ആണോ?"

എന്ന് കളിയാക്കി ചോദിക്കുകയും നിർബന്ധിച്ച് സെക്സിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്ന ഗോപി, മാനസികനില തെറ്റിയ അവസ്ഥയിൽപോലും കട്ടിലിൽ കിടത്തി അവളെ അടിച്ച് അനുസരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഇത്തരത്തിൽ വൈചിത്ര്യങ്ങളാർന്ന ആൽഫകളുടെ സ്വഭാവം ആദാമിൻ്റെ വാരിയെല്ലിലെ പ്രധാനപുരുഷന്മാർ പലപ്പോഴായി പ്രകടിപ്പിക്കുന്നു. ഇവർക്ക് പുറമേ സ്ത്രീയെ വസ്തുവത്ക്കരിക്കുന്ന പുരുഷകഥാപാത്രങ്ങൾ വേറെയുമുണ്ട്. ഭക്ഷണം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

വിളമ്പിത്തരുമ്പോൾ ആലീസിനേയും വേലക്കാരിയേയും നോക്കി നിൽക്കുന്ന മാമച്ചന്റെ സുഹൃത്ത്, ലൈംഗികബന്ധത്തിന് ശേഷം വേർപിരിയുന്ന ആലീസിൻ്റെ സുഹൃത്ത് ജോസ്, ഗർഭിണിയായിരിക്കുന്ന അമ്മിണിയോട് താത്പര്യമുള്ള ചാക്കുണ്ണി, നിഷയുമായി ഹോട്ടലിൽ മുറിയെടുക്കുന്ന കാമുകൻ തുടങ്ങിയവർ ഇതിലുൾപ്പെടുന്നു. ഇത്തരമൊരു സമൂഹത്തിന്റെ പുനരധിവാസകേന്ദ്രത്തിൽ നിന്നുമാണ് അമ്മിണി രക്ഷപ്പെടുവാൻ നേതൃത്വം നൽകുന്നത്. എങ്കിലും ആൽഫാ മെയിലുകളുടെ എല്ലാതരം മൃഗീയതയും വച്ചുപുലർത്തുന്ന കഥാപാത്രങ്ങൾ സിനിമയിൽ അവശേഷിക്കുന്നു. സമൂഹത്തിൽ അവർക്ക് ലഭിക്കുന്ന സ്ഥാനവും ആധിപത്യവും സംവിധായകൻ സൂചിപ്പിക്കുന്നു. ആൽഫയുടെയും സിഗ്മയുടേയും സവിശേഷതകൾ മാമച്ചനും ഗോപിയും പിന്തുടരുന്നതുപോലെ സോഷ്യോ സെക്ഷ്വൽ ഹൈറാർക്കിയിലെ ബീറ്റ, ഒമേഗ, ഗാമ, ഡെൽറ്റ തുടങ്ങിയവയുടെ പ്രത്യേകതകൾ മറ്റു കഥാപാത്രങ്ങളും പിന്തുടരുന്നുണ്ട്.

**ഉപദർശനങ്ങൾ**

സിനിമയിലെ 'ആൽഫാ മെയിൽ' സങ്കല്പം വെറുമൊരു സ്വഭാവസവിശേഷത എന്നതിലുപരി, ആഴത്തിൽ വേരൂന്നിയ പുരുഷാധിപത്യമൂല്യങ്ങളുടെയും അധികാരവ്യവസ്ഥകളുടെയും പ്രതിഫലനമാണ്. മൃഗലോകത്തെ തെറ്റായ നിരീക്ഷണങ്ങളിൽനിന്ന് കടംകൊണ്ട ഈ ആശയത്തെ സിനിമകൾ നായകത്വത്തിന്റെ അടയാളമായി ആഘോഷിക്കുന്നു. ശക്തി, അധികാരം, സ്ത്രീയ്ക്കുമേലുള്ള ആധിപത്യം എന്നിവയെ പൗരുഷത്തിന്റെ അളവുകോലുകളായി അവതരിപ്പിക്കുന്നത് വഴി, സമൂഹത്തിൽ നിലനിൽക്കുന്ന അധീശത്വ ആണത്തത്തെ സിനിമകൾ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്.

കെ. ജി. ജോർജിന്റെ 'ആദാമിന്റെ വാരിയെല്ല്' എന്ന സിനിമ ഈ ആൽഫാ സ്വഭാവങ്ങളെ വിചാരണ ചെയ്യുന്നു. മാമച്ചനിലൂടെയും ഗോപനിലൂടെയും വെളിവാകുന്ന അധികാരപ്രവണതകളും സ്ത്രീവിരുദ്ധതയും, ആൽഫാ മെയിൽ സങ്കല്പം എങ്ങനെ ഒരു കുടുംബത്തെയും വ്യക്തിബന്ധങ്ങളെയും തകർക്കുന്നുവെന്ന് വ്യക്തമാക്കുന്നു. ശാരീരികമായ കരുത്തും സാമ്പത്തിക സ്വാധീനവും ഉപയോഗിച്ച് സ്ത്രീകളെ അടിച്ചമർത്തുന്ന ഇവർ, ആധുനിക സിനിമയിലെ 'മാസ്സ്' നായക സങ്കല്പങ്ങളുടെ മുൻഗാമികളാണ്.

ആണത്തത്തെ വൈവിധ്യങ്ങളില്ലാത്ത ഒരു ഏകശിലാരൂപമായി കാണുന്ന ആൽഫാ മെയിൽ സങ്കല്പം ശാസ്ത്രീയമായി ചോദ്യം ചെയ്യപ്പെടുന്നുണ്ടെങ്കിലും, അത് സിനിമകളിലൂടെ ഇന്നും ശക്തമായി നിലനിൽക്കുന്നു. ഇത്തരത്തിലുള്ള നായകപ്രതിനിധാനങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന പുരുഷാധിപത്യപരമായ പൊതുബോധത്തെ തിരിച്ചറിയുകയും തിരുത്തുകയും ചെയ്യേണ്ടത് ലിംഗസമത്വമുള്ള ഒരു സമൂഹത്തിന് അനിവാര്യമാണ്. സിനിമകളിലെ ഈ അധികാരശ്രേണികളെ വിശകലനം ചെയ്യുന്നത് ആണത്തപഠനങ്ങളിൽ നിർണ്ണായകമായ ഒരു ചുവടുവയ്പ്പാണ്.

ഗോത്രവർഗ്ഗഹിംസയുടെ ആദിമചോതനകളെ കഥാപാത്രങ്ങളിൽ സന്നിവേശിപ്പിച്ച് ഭക്ഷണം, അധികാരം, രതി എന്നീ ആവശ്യകതകളുടെ നിയന്ത്രണവും സംസ്ഥാപനവത്ക്കരണവും സിനിമ പ്രതീകവത്ക്കരിക്കുന്നുണ്ട്. വർഗ്ഗസംഘർഷങ്ങളുടെ പരിണാമഘട്ടത്തിൽ അതിജീവിച്ചുവന്ന ഹോമോസാപിയൻസ് കൊന്നും തിന്നും വെട്ടിപ്പിടിച്ചുമുണ്ടാക്കിയ പാരമ്പര്യ സ്വത്വബോധത്തെ അൽഫാ മെയിലുകൾ ശക്തമായി പിന്തുടരുന്നു. ഹിംസാചരിത്രത്തിൻ്റെ വക്താക്കൾ ഈ മിഥ്യാബോധത്തെ അലങ്കാരമായും അഭിമാനമായും കരുതി "ടോളറൻസ് ഈസ് നോട്ട് എ സാപിയൻസ് ട്രേഡ്മാർക്ക്" (യുവാൽ നോവ ഹരാരി, 2014: 19) എന്ന യുവാൽ നോവ ഹരാരിയുടെ കണ്ടെത്തലിൽ പ്രതിജ്ഞാബദ്ധരാകുന്നു. മാനുഷികതയുടെതല്ല മറിച്ച് മൃഗീയതയുടെതാണ് ഈ ചിന്താധാരയെന്ന് തിരിച്ചറിയാതെ 'അമേരിക്കൻ സൈക്കോ'യിലെ ക്രിസ്റ്റ്യൻ ബ്ലെയ്ക്കിൻ്റെ കഥാപാത്രത്തെ ആരാധിച്ച് സ്വയം ഒരു ഐഡന്റിക്കൽ ട്രാൻസിഷൻ്റെ ഭാഗമാകുന്നുണ്ട് ആൽഫാ മെയിലുകൾ.

**ഗ്രന്ഥസൂചി**

. Yuval Noah Harari, McClelland & Stewart, Toronto, Ontario, 2014
. പ്രബന്ധം: ആധുനികതയും പുരുഷത്വവും ഘാതകവധം (1877), നാലുകെട്ട് (1958) എന്നീ നോവലുകളെ അടിസ്ഥാനമാക്കിയുള്ള കേരളീയലിംഗ രൂപീകരണത്തെക്കുറിച്ചുള്ള പഠനം - യാക്കോബ് തോമസ്, 2019, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി.

**ദൃശ്യസൂചിക**

ആദാമിന്റെ വാരിയെല്ല്, സംവി. കെ. ജി. ജോർജ്, ഗാന്ധിമതി ഫിലിംസ്, 1984.

**ഇ-സൂചിക**

. https://www.manoramanews.com/news/spotlight/2023/03/14/alpha-male-sigma-maleand-other-male-personalities-that-will-badly-affect-people-video.html, 2026: 30 January, 8.30 PM
. https://en.m.wikipedia.org/wiki/Alpha_and_beta_male, 2026: 30 January, 10.50 PM
. https://wolf.org/headlines/44265/ 2026: 31 January, 5.15 PM

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

. https://www.livingwithwolves.org/portfolio/the-alpha-male/ 2026: 31 January, 7.55 PM

About the Researcher

വിഷ്ണു പി.എസ്.
ഗവേഷകൻ
മലയാളവിഭാഗം
കേരള കേന്ദ്രസർവകലാശാല
Email: vishnudasnileshwar@gmail.com
Mob: 7736170977

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0029

# സംഹാരത്തിന്റെ പുസ്തകം: ദർശനവും സമകാലികതയും

ഡോ. ഫ്രാൻസിസ് മൈക്കിൾ

**പ്രബന്ധസംഗ്രഹം**
ഹിംസയുടെ തത്വശാസ്ത്രവും ചരിത്രവും വിശകലനം ചെയ്യുന്ന ആനന്ദിന്റെ കൃതിയാണ് സംഹാരത്തിന്റെ പുസ്തകം. . കൊല്ലാനുള്ള ജന്മവാസനയുള്ളവർ സ്വാഭാവികമായി സംഘടിതരാകുന്നു. അവർ അക്രമവും കൊലയും തന്ത്രപരമായും കലാപരമായും യാഥാർത്ഥ്യവത്കരിക്കുന്ന വൈരുദ്ധ്യം സംഹാരത്തിന്റെ പുസ്തകം അനാവരണം ചെയ്യുന്നു. സംഹാരത്തിന്റെ പുസ്തകം ഹിംസയുടെ ഭീകരതയും വന്യതയും അതിനെ ഭരിക്കുന്ന നിഗൂഢ ചിന്താധാരകളും വ്യക്തമാക്കുന്നു. ഹിംസയെ ആദർശവും സംസ്കാരവുമാക്കി മാറ്റുന്ന പ്രത്യയ ശാസ്ത്രങ്ങളെ നോവൽ ആവിഷ്കരിക്കുന്നു. ഹിംസ സൃഷ്ടിപോലെ സാർവത്രികമാണ്. ഹിംസയുടെ വൈരുദ്ധ്യങ്ങളും കാര്യകാരണങ്ങളും സംഹാരത്തിന്റെ പുസ്തകം ആഖ്യാനതന്ത്രങ്ങളുടെയും ഭാവനയുടെയും മികവോടെ വ്യക്തമാക്കുന്നു. ഹിംസയുടെ സമകാലിക യാഥാർത്ഥ്യങ്ങൾ നോവൽപ്രമേയത്തെ പ്രസക്തമാക്കുന്നു.

**താക്കോൽ വാക്കുകൾ**
ഹിംസ, സംസ്കരണം, ചരിത്രവഴികൾ, തുന്നൽക്കാരൻ, പ്രത്യയശാസ്ത്രം, സമകാലികത
.......................................................................................................................................................................................

**ആമുഖം**
സംഹാരത്തിന്റെ പുസ്തകം സംഭവങ്ങളുടെ പരമ്പരയാണ്. ഓരോ സംഭവവും സംഹാരത്തിന്റെ വ്യത്യസ്ത രൂപങ്ങളെ വ്യക്തമാക്കുന്നു (ആനന്ദ്, 2006: 41). മനുഷ്യനും ജീവജാലങ്ങളും നിരന്തര സംഹാരത്തിന് വിധേയമാകുന്ന കാലയളവിൽ സംഹാരത്തിന്റെ പുസ്തകം സവിശേഷ ശ്രദ്ധ അർഹിക്കുന്നു. 'സംഹാരം ഭാവിയുടെ സ്വഭാവമാണെ'ന്ന് വിശേഷിപ്പിക്കുന്ന ശേഷാദ്രിയെ അവതരിപ്പിച്ചാണ് നോവലിന്റെ തുടക്കം. സംഹാരത്തിന്റെ ഭീകരതയും പ്രത്യയശാസ്ത്രവും ശേഷാദ്രി എഴുതിയ കത്തിലൂടെ എഴുത്തുകാരനും വായനക്കാരനും അതിഭാവുകത്വത്തിന്റെ അത്ഭുതവും ഭയവും നിറഞ്ഞ ആഖ്യാനത്തിലൂടെ അനുഭവിച്ചറിയുന്നു. സ്വാഭാവികത നഷ്ടപ്പെടുന്ന ആഖ്യാനം വായനയെ പ്രശ്നവൽകരിക്കുമ്പോഴും മാജിക്കൽ റിയലിസത്തിലെന്ന പോലെ ഹിംസയുടെ ഭീകരരൂപങ്ങൾ നോവലിലെ ഓരോ പുറത്തിലും ഭയത്തിന്റെയും ഉത്കണ്ഠയുടെയും ആകുലതകൾ നിറയ്ക്കുന്നു. ഹിംസയുടെ വന്യരൂപങ്ങൾ നിറയ്ക്കുന്ന അസ്വസ്ഥതകൾ മാനവരാശിയുടെ തന്നെ ആശങ്കകളായി വായനക്കാരെ നിരന്തരം വേട്ടയാടുന്നു. ഹിംസയുടെ സ്വരൂപവും നൈരന്തര്യവും നോവലിൽ അനാവൃത മാകുന്നു. "സംഹാരത്തിന്റെ തത്വത്തെ എങ്ങനെ നിർമാർജനം ചെയ്യുവാനാണ് ! സൃഷ്ടിയോളം പഴക്കമുള്ളതാണ് സംഹാരം. എല്ലാ സംസ്കാരങ്ങളുടെയും മതങ്ങള ടെയും പ്രത്യയശാസ്ത്രങ്ങളുടെയും അടിയിൽ സംഹാരം ഉണ്ടായിരുന്നു. നീതിയുടെയും പ്രേമത്തിന്റെയുമായി അവയിൽ കാണുന്ന പച്ചപ്പും പൂക്കളും മണ്ണിനടിയിൽ പതുങ്ങി ച്ചെന്ന് രസം കവർന്നെടുക്കുന്ന വേരുകളാൽ നിലനിർത്തപ്പെടുന്നവയാണ്. എന്തിന് സംസ്കാരവും മതങ്ങളും സമസ്ത ജീവജാലങ്ങളും ചതിച്ചും കൊന്നുമാണ് ജീവൻ പോഷിപ്പിക്കുന്നത്." (ആനന്ദ്, 2006: 17) എന്ന് നോവലിന്റെ തുടക്കത്തിൽ തന്നെ ആനന്ദ് എഴുതുമ്പോൾ സംഹാരത്തിന്റെ വിശ്വരൂപം അതിന്റെ സമഗ്രതയിൽ ആലേഖനം ചെയ്യപ്പെടുന്നു. കൊലയുടെ തത്വശാസ്ത്രം ഹിന്ദുവിനെയും മുസ്ലീമിനെയും ബ്രാഹ്മണനെയും ദളിതനെയും നഗരവാസിയെയും നാടോടിയെയും ഒന്നിപ്പിക്കുന്ന ഏക തത്വശാസ്ത്രമാണ് (ആനന്ദ്, 2006: 17) എന്ന് പറയുമ്പോൾ ഹിംസയുടെ നീതീകരണം തന്ത്രപരമായി നോവൽ വെളിപ്പെടുത്തുന്നു. ഹിംസയുടെ വന്യത എല്ലായിടങ്ങളിലും പ്രകടമാണ്. വ്യക്തിഹത്യയും പീഡന പരമ്പരകളും ആൾക്കൂട്ട കൊലപാതകങ്ങളും ഏറ്റവും പ്രിയപ്പെട്ടവരെ പോലും നിർദയം കൊല്ലുന്നതും വംശഹത്യയും വർഗീയ കലാപങ്ങളും മനുഷ്യബോംബുകളായി പൊട്ടിച്ചിതറുന്നവരും സമൂഹ–വർഗ സംഘർഷ ങ്ങളും പ്രാദേശിക കലാപങ്ങളും തീവ്രവാദങ്ങളുടെ അകമ്പടിയോടെ അരങ്ങേറുന്ന നിരപരാധികളുടെ ഹിംസയും രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിലെ ക്രൂരതയും അനുദിനം അനുഭവമാകുന്ന ലോകത്തിൽ സംഹാരത്തിന്റെ പുസ്തകം യാഥാർത്ഥ്യ ങ്ങളുടെ നേർക്കാഴ്ചയായി ഭവിക്കുന്നു. സംഹാരത്തിന്റെ പുസ്തകം ആവിഷ്കരിക്കുന്ന ഹിംസയുടെ പ്രത്യയശാസ്ത്രങ്ങളെ വിശദീകരിക്കാനുള്ള ശ്രമമാണ് ഈ ലേഖനം.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**നോവൽ സ്വരൂപം**

ഡിസി ബുക്സ് 2005–ൽ പ്രസിദ്ധീകരിച്ച ആനന്ദിന്റെ കൃതിയാണ് സംഹാരത്തിന്റെ പുസ്തകം. ആയുധങ്ങൾ ഉപയോഗിച്ച് രാഷ്ട്രങ്ങൾ നടത്തുന്ന യുദ്ധങ്ങളും ആയുധങ്ങളുമായും അല്ലാതെയും വ്യക്തികളുടെ തലത്തിൽ നടത്തുന്ന ഹിംസകളും മഹാമാരികൾ പോലെ മനുഷ്യകുലത്തെ വേട്ടയാടുന്ന കാലമാണിത്. ഹിംസ മരണത്തെ പടക്കളത്തിൽ നിന്ന് വീട്ടുമുറ്റത്തും വഴിയിലും എത്തിച്ചിരിക്കുന്നു. വികലമായ വിശ്വാസങ്ങളും സംശയകരമായ ലക്ഷ്യങ്ങളും നയിക്കുന്ന ഹിംസയുടെ പ്രത്യയശാസ്ത്രം ലക്ഷ്യംവയ്ക്കുന്നത് പലപ്പോഴും നിരപരാധികളെയാണ്. വൈരമൊന്നുമില്ലാത്തവരെ കൊന്നൊടുക്കുന്ന മാനസിക അപചയം പലപ്പോഴും ബലിയുടെ പരിവേഷം തേടുന്ന വൈരുദ്ധ്യമാണ് നോവൽ അവതരിപ്പിക്കുന്നത്. തോട്ടക്കാരനായ ശേഷാദ്രിയെ പരിചയപ്പെടുത്തുന്ന സംഹാരത്തിന്റെ പുസ്തകം ഹിംസയുടെ വായനയായി മാറുന്നു. തോട്ടക്കാരന്റെ സ്വാഭാവിക വേഷത്തിൽ അയാളുടെ ചതിയുടെയും കൊലയുടെയും ലക്ഷ്യവും രീതിയും പ്രത്യയശാസ്ത്രവും നൂറ്റാണ്ടുകളായി പ്രസ്ഥാനമായി വളരുന്നതിന്റെ കാര്യകാരണങ്ങൾ ശേഷാദ്രി എഴുതുന്ന നീണ്ട കത്തിലൂടെ അനാവൃതമാകുന്നു. തോട്ടത്തിലെ എല്ലാ പൂക്കളുടെയും കഴുത്തറുക്കുന്ന തോട്ടക്കാരന്റെ പരിവേഷം ശേഷാദ്രി ആർജിക്കുമ്പോൾ വായനക്കാരിൽ അയാളുടെ രീതിശാസ്ത്രം പേടിപ്പിക്കുന്ന യാഥാർത്ഥ്യമായി മാറുന്നു.

നോവലിന്റെ രണ്ടാം ഭാഗം ആത്മബലിയുടെ പരിവേഷം പേറുന്ന ഹോട്ടൽക്കാരന്റേതാണ്. അതിഭാവുകത്വവും അസ്വാഭാവികതയും നിറയുന്ന ആഖ്യാനത്തിലൂടെ യാദൃശ്ചികതയെ അത്ഭുതപ്പെടുത്തുന്ന സ്വാഭാവികതയായി നോവൽ മാറ്റുന്നു. ഹിംസയെ വിശ്വാസമാക്കി മാറ്റിയ വ്യത്യസ്ത വിഭാഗങ്ങളെ നോവൽ പരിചയപ്പെടുത്തുന്നു. അവരെ നിയന്ത്രിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ തികച്ചും വൈരുദ്ധ്യം നിറഞ്ഞതാണ്. ഹോട്ടൽക്കാരൻ തന്റെ ഹോട്ടലിൽ താമസിക്കാൻ എത്തിയ എല്ലാവരെയും സൗജന്യ ആഘോഷ വിരുന്നിലേക്ക് അതിഥികളായി ക്ഷണിക്കുന്നു. പ്രസ്തുത വിരുന്നിൽ അയാൾ മനുഷ്യബോംബായി പൊട്ടിച്ചിതറുന്ന കൂട്ടക്കുരുതി ഹിംസയ്ക്ക് ആത്മബലിയുടെ പരിവേഷം നൽകുന്നു. മാജിക്കൽ റിയലിസത്തിന്റെ സാധ്യതകളെ അവലംബിക്കുന്ന നോവൽ ആഖ്യാനം ഹിംസയുടെ വ്യത്യസ്ത സംഘങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളെ ഹോട്ടൽക്കാരന്റെ സമീപനങ്ങളിലൂടെയും നിലപാടുകളിലൂടെയും വ്യക്തമാക്കുന്നു.

തുന്നൽക്കാരന്റെ വ്യവഹാരങ്ങളുടെ ആവിഷ്കരണമാണ് നോവലിന്റെ മൂന്നാം ഭാഗം. തുന്നലിന്റെ ചരിത്ര – സാംസ്കാരിക – സാങ്കേതിക ദർശനങ്ങളെ ഹിംസയുടെ കാര്യകാരണങ്ങളുമായി കൊരുത്തെടുക്കാൻ നോവലിസ്റ്റിന് കഴിയുന്നു. The Book of Cutting and Tailoring– നെ 'മനുഷ്യജീവിതത്തിന്റെ ആപൽക്കരമായ കളികൾക്കുവേണ്ടി രചിക്കപ്പെടുന്ന നിഷ്കളങ്കമായ വസ്ത്രനിർമാണ പുസ്തകമായി' (ആനന്ദ്, 2006:104) ആനന്ദ് ചിത്രീകരിക്കുന്നു.

തുന്നൽക്കാരൻ "സ്വയമൊരു കലാകാരനോ, സ്രഷ്ടാവോ, പ്രവാചകനോ, ദേവതയോ ആയിരുന്നില്ല. വെറുമൊരു മാസ്റ്റർ ഓഫ് സെറിമണി മാത്രം. ദേവതകൾ നാടകം കളിക്കുന്ന അരങ്ങിന്റെ വശങ്ങളിലേക്ക് പിൻവാങ്ങുമ്പോൾ അടിസ്ഥാന സത്യം വെളിപ്പെടുത്തുവാൻ അവശേഷിക്കുക വെറും സെറിമണിയുടെ മാസ്റ്റർമാർ ആയിരിക്കും. അല്ലെങ്കിൽ സ്ക്രിപ്റ്റ് ഉരുവിട്ട് കൊടുക്കുന്ന പ്രോംപ്ടർമാർ. ലൈറ്റ് ബോയ്, സൗണ്ട് ബോയ്, തൂപ്പുകാരൻ തന്നെ. അങ്ങനെയുമുണ്ട് ചരിത്രത്തിന് ഒരുവശം" (ആനന്ദ്, 2006:104) എന്ന് നോവൽ അവസാനിക്കുമ്പോൾ തുന്നൽക്കാരൻ സ്വന്തം ശരീരം അയാളുടെ സംഘാംഗങ്ങൾക്ക് ഭക്ഷണമായി വെച്ചുതീർത്തിരുന്നു. ആഘോഷമായി സംഘാംഗങ്ങൾ അയാളെ ഭക്ഷിക്കുമ്പോൾ ഹിംസയുടെ വന്യത ആത്മബലിയും അനുഷ്ഠാനവുമായി മാറുന്ന വൈരുദ്ധ്യം നോവൽ വ്യക്തമാക്കുന്നു. പുതിയ മാസ്റ്റർ ഓഫ് സെറിമണി പ്രസ്തുത സംഘത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ ദേവത തന്നെ ബലിയാക്കപ്പെടുന്ന ഹിംസയുടെ വൈരുദ്ധ്യവും ആഘോഷവും വലിയ ആഘാതമായി വായനക്കാരെ വേട്ടയാടുന്നു. ഹിംസയുടെ പ്രത്യയശാസ്ത്രപരമായ നൈരന്തര്യം കലാപരമായി സ്ഥാപിച്ചാണ് നോവൽ അവസാനിക്കുന്നത്. നിർവികാരവും നിഷ്ഠൂരവുമായ ചതിയും വഞ്ചനയും നിറയുന്ന കർമവും അനുഷ്ഠാനവും ആത്മബലിയായി കൊലയുടെ പരമ്പര നീളുമെന്ന് നോവൽ പ്രതീകാത്മകമായി സ്പഷ്ടമാക്കുന്നു.

നോവലിന്റെ മൂന്ന് ഖണ്ഡങ്ങളും സ്വതന്ത്രമായി നിലനിൽക്കുമ്പോഴും അദൃശ്യമായ വിധത്തിൽ ഹിംസയുടെ അതിക്രൂര വൈരുദ്ധ്യങ്ങളും പ്രത്യയശാസ്ത്ര വൈവിധ്യങ്ങളും അവയെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നു. ഭാവനയും യാഥാർത്ഥ്യവും അതിഭാവുകത്വവും നിറയുന്ന ആഖ്യാനം മാജിക്കൽ റിയലിസത്തിന്റെയും സറിയലിസത്തിന്റെയും തത്വചിന്തയുടെയും മനഃശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും സമീപനങ്ങളെ സമന്വയിപ്പിക്കുന്നു. കഥാപാത്രങ്ങൾ വിചിത്രമായ മനോനിലയും പ്രവർത്തികളും ദർശനങ്ങളും പേറുന്ന അസാധാരണ വ്യക്തികളാണ്.

കാലവും സമയവും കൃത്യമായി നോവൽ അടയാളപ്പെടുത്തുന്നില്ല എന്നത് ഹിംസയുടെ സാർവത്രിക സ്വഭാവത്തെ സൂചിപ്പിക്കുന്നു. നോവലിന്റെ സ്ഥലപശ്ചാത്ത ലത്തിലും ആഖ്യാനത്തിലും ഹിംസയുടെ നിഗൂഢതകൾ നിറയുന്നുണ്ട്. ഹിംസയെ നയിക്കുന്ന പ്രത്യയശാസ്ത്രം ചരിത്രമായി മാറുന്ന വിധം നോവൽ ആവിഷ്കരിക്കുന്നു. നോവൽവായനയെ ആഖ്യാനവും നോവൽ സംഭവങ്ങളും കഠിനമായ ആഘാത മേൽപ്പിക്കുന്നു. കഥാപാത്രങ്ങൾ വൈരുദ്ധ്യങ്ങളുടെ സങ്കലനമാണ്. ഹിംസയുടെ വിചിത്ര പ്രത്യയശാസ്ത്രങ്ങൾ അവരെ ഭരിക്കുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**ഹിംസയുടെ സംസ്കരണവും സാർവത്രികതയും**

"താത്വികമായ ഹിംസയെ വികാരത്തിന്റെയും വൈരത്തിന്റെയും മാലിന്യങ്ങൾ കഴുകിക്കളഞ്ഞ് സംസ്കരിച്ചെടുത്ത് അതിന്റെ പരിശുദ്ധിയിൽ പരിരക്ഷിക്കുന്നവർ ഠഗുകൾ മാത്രമാണ്.... കൊലക്കുശേഷം ഇരയുടെ കയ്യിലുള്ളത് പത്ത് പൈസയാണെ ങ്കിലും ഞങ്ങൾ സ്വീകരിക്കും. ഒന്നും ഇല്ലെങ്കിൽ അവൻ ഉടുത്ത തുണി അതാണ് ദേവി ഭവാനിക്കും അല്ലാഹുവിനും ഉള്ള നൈവേദ്യം. ഞങ്ങൾക്ക് പ്രസാദവും" (ആനന്ദ്, 2006:18). ഹിംസയുടെ തത്വശാസ്ത്രം വിശുദ്ധീകരിക്കപ്പെടുന്ന വിധമാണ് ആനന്ദ് വ്യക്തമാക്കുന്നത്. ഠഗുകൾ മാത്രമല്ല ഇരയെ വേട്ടയാടുന്ന എല്ലാ ഘാതകരിലും കുടികൊള്ളുന്ന പ്രസ്തുത വിശുദ്ധീകരണം ഹിംസയുടെ ഏറ്റവും ശ്രേഷ്ഠമായ ന്യായീകരണമായി മാറുന്നു.

സംഹാരത്തിന്റെ തത്വത്തെ ഒരിക്കലും നിർമാർജനം ചെയ്യാൻ കഴിയില്ല എന്നും പ്രപഞ്ചത്തിന്റെ ദ്രുപഭാവങ്ങളിൽ അവയുടെ സഹജമായ സാന്നിധ്യമുണ്ടെന്നും നോവൽ സ്ഥാപിക്കുന്നു. സാഹിത്യകാരൻ പോലും വേട്ടക്കാരനാണെന്ന് നോവൽ പ്രസ്താവിക്കുന്നു. കാരണം നുണയും വഞ്ചനയും നിറയുന്നതാണ് സാഹിത്യ സൃഷ്ടികൾ. സാഹിത്യകൃതികൾ വായനക്കാരുടെ മനസ്സിന് മുകളിൽ ആധിപത്യം സ്ഥാപിക്കുന്നത് ബലപ്രയോഗത്തിലൂടെയാണ്. വഞ്ചിതരാകുന്നു എന്നറിഞ്ഞുകൊണ്ട് വായനക്കാർ എഴുത്തുകാർക്ക് കീഴ്പ്പെടുന്നു എന്ന് (ആനന്ദ്, 2006:20) നോവൽ സമർത്ഥിക്കുന്നു. ഠഗുകൾ ഹിംസയുടെ സാത്വികത കണ്ടെത്തുന്നതിനാൽ യാതന യാതനയല്ലാതായിത്തീരുന്നു (ആനന്ദ്, 2006: 21) എന്ന് നോവൽ സാക്ഷ്യപ്പെടുത്തുമ്പോൾ ഹിംസയുടെ വന്യതയും ക്രൂരതയും തന്ത്രപരമായി ന്യായീകരിക്കപ്പെടുന്നു.

ഠഗുകളുടെ അംഗബലം അത്ഭുതപ്പെടുത്തുന്നതാണ്. വെറും സാധാരണക്കാർ മുതൽ തികഞ്ഞ പ്രൊഫഷണലുകളും ന്യായാധിപന്മാരും ഠഗുകളിലെ അംഗങ്ങളാണ് എന്നത് മനുഷ്യമനസിലെ ഹിംസയുടെ സഹജവാസന വ്യക്തമാക്കുന്നതാണ്. "കൊലയും കൊള്ളയും നടത്തിയതിനുശേഷം അടുത്ത ദിവസം അവർ അവരുടെ ഓഫീസുകളിലും കടകളിലും വീടുകളിലും മന്ദിരങ്ങളിലും ഹാജരായിരിക്കും. സ്വയം ഠഗുകളല്ലെങ്കിലും അവരെ സംരക്ഷിക്കുന്നവരിലും ജന്മിമാരും പ്രഭുക്കന്മാരും മാത്രമല്ല രാജാക്കന്മാർ വരെയും ഉണ്ടായിരുന്നു. സ്വർഗത്തിലെ സുഖം ആസ്വദിക്കാനുള്ള അദമ്യമായ ആഗ്രഹമാണ് ഠഗുകളെ നയിച്ചിരുന്നത്" (ആനന്ദ്, 2006:21). അതുകൊണ്ട് എല്ലാ വൈവിധ്യങ്ങൾക്കും അതീതമായി കൊലയുടെ പ്രത്യയശാസ്ത്രം ഠഗുകളെ ഒന്നിപ്പിക്കുന്ന സാഹോദര്യത്തിന്റെ കാരണമായി.

ഇന്ത്യൻ ഉപഭൂഖണ്ഡം പോലെ നാനാത്വത്തിന്റെ വൈരുദ്ധ്യങ്ങൾ നിറയുന്ന രാജ്യത്തിൽ ഠഗുകളുടെ പ്രത്യയശാസ്ത്രം സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും കാരണമാകുന്ന ഭീകരയാഥാർത്ഥ്യം നോവൽ തന്ത്രപരമായി സ്ഥാപിക്കുന്നു. സംഹാരത്തിന്റെ പുസ്തകത്തിൽ ചോദ്യങ്ങൾക്ക് ഉത്തരമില്ല. അതിൽ സംഭവങ്ങൾ മാത്രമേ യുള്ളൂ. ഓരോ സംഭവവും സംഹാരമാകുന്നു. ഓരോ സംഹാരവും ഒരേട് (ആനന്ദ്, 2006:41) ആകുന്ന വിധത്തിൽ സംഹാരത്തിന്റെ പുസ്തകം ആഖ്യാനം തുടരുമ്പോൾ ഹിംസയുടെ സാർവത്രികത കൃത്യമായി നോവലിസ്റ്റ് അടയാളപ്പെടുത്തുന്നു.

ഹിംസയുടെ ചരിത്രവഴികൾ

നോവലിന്റെ രണ്ടാം ഖണ്ഡം ഹോട്ടൽക്കാരന്റെ വ്യവഹാരങ്ങളിൽ കേന്ദ്രീകരി ക്കുന്നു. യാദൃശ്ചികതയെ അവലംബിക്കുന്ന സംഭവങ്ങളുടെ പരമ്പര, സംഖ്യകളുടെ മാന്ത്രികത, അതിഭാവുകത്വം ഇവയെല്ലാം ഇടകലരുന്ന ആഖ്യാനത്തിന്റെ സങ്കീർണത സംഭവങ്ങളെ ഹിംസ പോലെ അതീവ നിഗൂഢമാക്കുന്നു. സെയ്നുൽ ആബിദീൻ എന്ന ചെറുപ്പക്കാരനാണ് ഹോട്ടൽ ഉടമസ്ഥൻ. അയാൾ മനുഷ്യ ബോംബായി പൊട്ടിത്തെറിച്ചത് തന്റെ ഹോട്ടലിലെ താമസക്കാരെ ക്ഷണിച്ച സൗജന്യ വിരുന്നു സൽക്കാരത്തിനിടയിലാണ്. ഭയാനകമായ പ്രസ്തുത ദുരന്തത്തിന് മായിക സ്വഭാവം കൽപ്പിച്ചു കൊടുക്കാൻ മനുഷ്യരും മീഡിയയും പരമാവധി പങ്കാളികളായി. ദുരന്തവും അക്രമവും ഒരുതരം മായിക പ്രതിഭാസമാണ് (ആനന്ദ്, 2006, pp. 50–51) എന്ന് നോവലിസ്റ്റ് സ്ഥാപിക്കുമ്പോൾ ഹിംസയുടെ മായികലോകവും ഹോട്ടൽക്കാരനിലൂടെ ആവിഷ്കൃതമാകുന്നു.

ഹസൻ ഇബൻ സബ്ബ കൊടുത്തയച്ച കത്തിനൊപ്പമുള്ള പ്രൊഫസർ അമീർ അലി എഴുതുന്ന ലേഖനവും ഹിംസയുടെ ചരിത്രവഴികളും മായികലോകവും വ്യക്തമാക്കുന്നു. കൊല്ലുന്നതോടുകൂടെ സ്വയം മരിക്കണമെന്ന് ആഗ്രഹിക്കുന്ന കൊലയുടെ പ്രസ്ഥാനങ്ങളെയും അംഗങ്ങളെയും അമീർ അലിയുടെ ലേഖനം കൃത്യമായി പരിചയപ്പെടുത്തുന്നു. അതിൽ അസാസിനുകളെ ഏറ്റവും മാരകമായ ഘാതകസംഘമായി നോവൽ ചിത്രീകരിക്കുന്നു. ജനങ്ങൾക്കിടയിൽ നരമേധങ്ങളിലൂടെ ഭീതി വിതയ്ക്കുന്നതായിരുന്നു അവരുടെ രീതി. ആസൂത്രണം അതീവ രഹസ്യമായിരിക്കണം. കൊല നടത്തേണ്ടത് വലിയ ജനക്കൂട്ടത്തിന് മുൻപിൽ പരസ്യമായിട്ടായിരിക്കണം എന്നത് അവർക്ക് നിർബന്ധമായിരുന്നു. ശത്രുസംഹാരം മാത്രമല്ല ഇവിടെ ലക്ഷ്യം, പൊതുജനത്തിന് രണ്ടുതരം പാഠങ്ങൾ

കൊടുക്കാനുള്ള മാർഗം കൂടിയായിരുന്നു അത്. (i)ഇരയ്ക്ക് ശിക്ഷ ഉറപ്പാക്കുന്നു. (ii) ധീരമായ ആത്മത്യാഗത്തിലൂടെ ആദരവ് നേടുന്നു. രക്തസാക്ഷികളാകുന്നവരെ നയിച്ചിരുന്നത് അന്ധമായ വിശ്വാസത്തിന്റെ മയക്കുമരുന്ന് ആയിരിക്കാം. അതുകൊണ്ടാണ് അസാസിനുകൾ മരണത്തെ ശാന്തമായി സ്വീകരിക്കുന്നത് എന്ന് നോവൽ വ്യക്തമാക്കുന്നു.

**തുന്നൽക്കാരനും ഹിംസയും**

'തുന്നൽവിദ്യയുടെ ചരിത്രപുസ്തകം ഇല്ലെങ്കിൽ ഉണ്ടായിരിക്കേണ്ടതാണ്' (ആനന്ദ്, 2006:81) എന്ന് നോവലിലെ മൂന്നാം ഖണ്ഡത്തിന്റെ തുടക്കത്തിൽ തന്നെ ആനന്ദ് രേഖപ്പെടുത്തുന്നു. തുന്നലിന്റെ ചരിത്ര–ദാർശനിക ഭാവങ്ങളിലൂടെ ഹിംസയുടെ വൈരുദ്ധ്യങ്ങളെ നെയ്തെടുക്കുന്ന നോവലിസ്റ്റിന്റെ ഭാവന അതിശയിപ്പിക്കുന്നതും ആഖ്യാനം അത്ഭുതപ്പെടുത്തുന്നതുമാണ്. തുന്നലിന്റെ കല, ചരിത്രം, വൈരുദ്ധ്യം, യാഥാർത്ഥ്യം എന്നിവ തുന്നൽക്കാരൻ വ്യക്തമാക്കുന്നുണ്ട്. "വസ്ത്രങ്ങളാണ് സുഹൃത്തേ മനുഷ്യനെ നിർവചിക്കുന്നത്. അവന് രൂപവും കാന്തിയും കൊടുക്കുക മാത്രമല്ല അവ ചെയ്യുന്നത്, അവന്റെ സ്വഭാവത്തെയും ശീലങ്ങളെയും ചേഷ്ടകളെയും രൂപപ്പെടുത്തുക കൂടിയാണ്. അവന്റെ വഴിയും ദർശനങ്ങളും വസ്ത്രങ്ങൾ അവന് മനസ്സിലാക്കി കൊടുക്കുന്നു. ഒരുവൻ അവന്റെ ഉടുപ്പാണ് എന്നതാണ് തുന്നൽ ദർശനം. ഉടുപ്പണിയാത്ത മനുഷ്യൻ കളിമൺ പാവയാണ്. കലയില്ലാത്ത മനുഷ്യൻ ജന്തുസമാനനത്രേ. തുന്നൽ കലയാണ്. കല തുന്നലാണ്. കളിമൺ പാവയെ മനുഷ്യനാക്കുന്ന വസ്ത്രത്തിന്റെ കല" (ആനന്ദ്, 2006, p.86). തുന്നലിന്റെ ദാർശനികത അതിന്റെ സമഗ്രതയിൽ പ്രതിപാദിക്കുന്ന Book of Cutting and Tailoring തുന്നൽക്കാരൻ തൊട്ടുനമസ്കരിച്ചതിനു ശേഷം പറയുന്ന വിചിത്രമായ കാര്യം മനുഷ്യർക്ക് അവരെ അവരാക്കുന്ന ഉടുപ്പേതെന്ന് അറിയില്ല എന്നതാണ്. അത് അറിയുന്നത് തുന്നലിന്റെ പുസ്തകം മാത്രമാണ് (ആനന്ദ്, 2006:86). ഏറെ വിചിത്രമായിരുന്നു തുന്നൽക്കാരന്റെ കടയിലെ കാര്യങ്ങൾ. കട മിക്കപ്പോഴും വിജനമായിരുന്നു. തുന്നിയ ഉടുപ്പുകൾക്ക് ആവശ്യക്കാരില്ലായിരുന്നു. അയാളുടെ പ്രതീക്ഷയുടെ കാത്തിരിപ്പുകൾ നിഷ്ഫലമായി. മാന്ത്രികതയിലെന്നപോലെ അയാളുടെ സൃഷ്ടികൾ കലാപം പ്രഖ്യാപിച്ചു. ഏകാന്തവും പൊള്ളയുമായ നിൽപ്പ് സഹിക്കാനാകാതെ അയാൾ തുന്നിയ ഉടുപ്പുകൾ അനുയോജ്യമായ ശരീരങ്ങളെ അന്വേഷിച്ച് തെരുവിലേക്കിറങ്ങി. തുന്നൽക്കാരൻ തികച്ചും നിർവികാരനായിരുന്നു. സൃഷ്ടികൾ സ്വയം ചലിക്കാൻ തുടങ്ങുമ്പോൾ ഭാവനയുടെ വഴി അവസാനിക്കുമെന്നും തന്റെ കർമം കഴിഞ്ഞു എന്നും സൃഷ്ടാവിന്റെ സ്ഥാനം ഇനി സൃഷ്ടികളുടെ കയ്യിലാണെന്നുമുള്ള യാഥാർത്ഥ്യം തുന്നൽക്കാരൻ സമ്മതിക്കുന്നു. പക്ഷേ ഇനിയും തുന്നൽക്കാർ എത്തുമെന്ന പ്രതീക്ഷ അയാൾ പകരുന്നു. ശൂന്യത ഉണ്ടാവില്ല എന്ന് അയാൾ ഉറപ്പിക്കുന്നു (ആനന്ദ്, 2006:89).

ഇറങ്ങിപ്പോയ ഉടുപ്പുകളെ അന്വേഷിച്ചിറങ്ങുന്ന എഴുത്തുകാരൻ വിചിത്രമായ കാഴ്ചകൾക്കും അനുഭവങ്ങൾക്കുമൊടുവിൽ ഭയത്തിന്റെ പാരമ്യത്തിൽ 'നമ്മുടെ ഇടം' എന്ന് വിശേഷിപ്പിക്കുന്ന സ്ഥലത്ത് തുന്നൽക്കാരന്റെ ഉടുപ്പുകളെയും അവ കണ്ടെത്തിയ എല്ലാ മനുഷ്യരെയും ഒരു സംഘമായി ദർശിക്കുന്നു. അവിടെനിന്ന് കുറച്ചുകൂടി നിഗൂഢവും ഇടുങ്ങിയതുമായ 'സ്വന്തം ഇട'ത്തിൽ അവരെല്ലാവരും എത്തുന്നു. മഹാത്ഭുതം പോലെ തുന്നൽക്കാരനെ എഴുത്തുകാരൻ അവിടെ കണ്ടെത്തുന്നു. വീടും വഴിയും അറിയാത്തവരും തുണ്ടം തുണ്ടമായവരും നഗ്നരുമായ വഴിപോക്കരെ ശ്രദ്ധാപൂർവ്വം ഡിസൈൻ ചെയ്ത തന്റെ ഉടുപ്പുകളിൽ കയറ്റി ഒന്നിപ്പിച്ച് വഴിയും സ്വന്തമായ ഒരിടവും ഉണ്ടാക്കിക്കൊടുത്ത് അവസാനം തന്റെ നീണ്ട സപര്യയുടെ പാരമ്യത്തിൽ സ്വയം വിവസ്ത്രനായി അവരുടെ തോളിൽ കയറി ഇരിക്കുന്ന കലാകാരനും കവിയും കൂടിയായ ഒരു ഗ്രാൻഡ് മാസ്റ്റർ തുന്നൽക്കാരൻ! "ആ സംഭവപരമ്പര ഭയാനകമായ ഒരു പരിസമാപ്തിയിലേക്ക് തിരിച്ചുവരവില്ലാത്ത വിധം നീങ്ങുകയാണെന്ന ബോധം എന്റെ അംഗങ്ങളിൽ വിറങ്ങലിപ്പുണ്ടാക്കി" (ആനന്ദ്, 2006:.99).

എഴുത്തുകാരന്റെ ധാരണ ശരിയായിരുന്നു. അവർ തുന്നൽക്കാരന്റെ കഴുത്ത് ഭീകരമായ വിധത്തിൽ അറുക്കുന്നു. സംഘത്തിലുള്ളവർ അത്യധികം ആഹ്ലാദത്തോടെ ആരവങ്ങൾ മുഴക്കുന്നു. അയാളുടെ രക്തം അവർ പാനീയമാക്കി. "അപ്പമാണവൻ നമുക്ക്. വീഞ്ഞാണവൻ നമുക്ക്. ബലികൾ വലുതാകുന്നു" (ആനന്ദ്, 2006, p.100) എന്ന് അവർ മന്ത്രം പോലെ ഒന്നിച്ച് ഉരുവിടുന്നു. പിന്നീട് ഹിംസയുടെ ഏറ്റവും ഭീകരരൂപം അനാവൃതമാകുന്നു. തുന്നൽക്കാരന്റെ ശരീരം വേവിച്ച് സംഘത്തിലുള്ളവർ ആഹ്ലാദത്തോടെ ഭക്ഷിക്കുന്നു. അതിൽ അഭിരമിച്ച് ആത്മസംതൃപ്തി കണ്ടെത്തുന്നു. ഭയം വിട്ടുമാറാത്ത എഴുത്തുകാരൻ പുതിയ തുന്നൽക്കാരനെ (പുതിയ മാസ്റ്റർ ഓഫ് സെറിമണിയെ) അത്ഭുതത്തോടെ നോക്കുന്നു. അയാൾ ഏറെ സന്തോഷവാനായിരുന്നു എന്നത് മറ്റൊരു വൈരുദ്ധ്യം. കൊലചെയ്യപ്പെട്ട തുന്നൽക്കാരനെ അയാൾ വിശേഷിപ്പിച്ചത് കലാകാരൻ, സ്രഷ്ടാവ് എന്നൊക്കെയാണ്. ബലികളിൽ ഏറ്റവും ശ്രേഷ്ഠമായ ബലിയാണ് അയാളുടേത് എന്നും പുതിയ തുന്നൽക്കാരൻ സ്ഥാപിക്കുന്നു. ഹിംസയെ ഏറ്റവും ഭീകരമായ ആഘോഷവും ആത്മബലിയുമാക്കി തുന്നൽക്കാരനും സംഘവും മാറ്റുന്നു. ഹിംസയുടെ തുടർച്ച ഉറപ്പാക്കി പുതിയ തുന്നൽക്കാരൻ നിയോഗം ഏറ്റെടുക്കുമ്പോൾ നോവൽ അവസാനിക്കുന്നു.

**ഹിംസയുടെ പ്രത്യയശാസ്ത്രം**

സംഹാരത്തിന്റെ പുസ്തകം ഹിംസയുടെ പ്രത്യയശാസ്ത്ര വിശകലനമാണ്. ഹിംസയുടെ സാർവത്രികതയും സഹജമായ പ്രവണതകളും നോവൽ ദർശനത്തെ നിർണയിക്കുന്നു. കൊലയുടെ സഹജവാസനകൾ വ്യക്തിയെ പ്രസ്ഥാനങ്ങളുടെ ഭാഗമാക്കുന്നു. പ്രസ്ഥാനങ്ങളുടെ പ്രത്യയശാസ്ത്രങ്ങളെ വ്യക്തി ബോധപൂർവ്വം സ്വീകരിക്കുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

ഹിംസയെ ന്യായീകരിക്കാനും വിശുദ്ധീകരിക്കാനും പ്രസ്തുത പ്രത്യയ ശാസ്ത്രങ്ങൾക്കു കഴിയുന്നു. തന്മൂലം ഹിംസയുടെ സംഘങ്ങളും പ്രസ്ഥാനങ്ങളും അവയുടെ നിലനിൽപ്പ് ഭദ്രമാക്കുന്നു. ചരിത്രവും ഭരണകൂടവും ഹിംസയുടെ പ്രത്യയശാസ്ത്രങ്ങളെ സംരക്ഷിക്കുകയും സങ്കേതം ഒരുക്കുകയും ചെയ്യുമ്പോൾ ഹിംസയുടെ താണ്ഡവങ്ങൾ നിരന്തര പരമ്പരകൾ ആകുന്നു. ഭയവും ശിക്ഷയും നിറയ്ക്കുന്ന ഹിംസയുടെ വിധ്വംസകത ഇരകളെ വേട്ടയാടുന്നതിൽ ആത്മനിർവൃതി കണ്ടെത്തുന്നു. ആത്മബലിയുടെയും ധീരപരിത്യാഗത്തിന്റെയും പരിവേഷം നൽകുമ്പോൾ ഹിംസ ആദർശവൽകരിക്കപ്പെടുന്നു.

**ഹിംസയുടെ സമകാലികത**

കൊലയുടെ വന്യത അനുദിന യാഥാർത്ഥ്യമാണ്. വ്യക്തി, സമൂഹം, രാഷ്ട്രം തുടങ്ങി മനുഷ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഹിംസയുടെ വ്യത്യസ്ത രൂപങ്ങൾ പ്രകടമാണ്. വാക്കും മാനസിക– ശാരീരിക പീഡനങ്ങളും ആയുധങ്ങളും ഹിംസയുടെ ഉപാധികളാണ്. 'കൊല്ല്' എന്നത് തികച്ചും സ്വാഭാവിക പദപ്രയോഗം ആകുന്ന കാലമാണിത്. സാധാരണക്കാരുടെ സംസാരം മുതൽ ചാനലുകളിലെ അവതാരകരുടെ ഭാഷണങ്ങളിൽ പോലും ഹിംസയുടെ നിർദയ ശൈലികൾ പ്രകടമാണ്. സാംസ്കാരിക അധിനിവേശങ്ങളിലും അപചയങ്ങളിലും ഉന്മാദങ്ങളിലും ലഹരിയുടെ വിഹാരങ്ങളിലും സംഗീതത്തിന്റെ അലകളിൽ പോലും ഹിംസയുടെ രൂപങ്ങൾ തെളിഞ്ഞു കാണുന്നു. . നവസാങ്കേതികതയും ഓൺലൈൻ ഗെയിമുകളും ഹിംസയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നവയാണ്. മനുഷ്യന്റെ സഹജവാസനകളെ സാക്ഷാത്കരിക്കുന്നവിധം ഹിംസയുടെ പ്രത്യയശാസ്ത്രം വ്യത്യസ്ത രൂപങ്ങൾ കൈവരിക്കുന്നു. തീവ്രവാദങ്ങളും പ്രസ്ഥാനങ്ങളും പ്രത്യേക സംഘങ്ങളും സംഘടനകളും ഹിംസയെ സാധൂകരിക്കുമ്പോൾ അരാജകത്വം അരങ്ങുവാഴുന്നു. മാനവിക ദർശനങ്ങളും ധാർമിക പരികല്പനകളും ആത്മീയ വിചാരങ്ങളും അന്യമാകുന്നിടത്ത് ഹിംസയുടെ പ്രത്യയശാസ്ത്രങ്ങൾ ആധിപത്യം ഉറപ്പിക്കുന്നു. മാനുഷികതയും നീതിയും സാഹോദര്യവും ധാർമികതയും പുലരുന്ന സമൂഹം ഹിംസയുടെ പ്രത്യയശാസ്ത്രങ്ങളെ പ്രതിരോധിക്കാൻ അനിവാര്യമാണ്.

**ഉപദർശനങ്ങൾ**

സംഹാരത്തിന്റെ പുസ്തകം ഹിംസയുടെ പ്രത്യയശാസ്ത്ര വിശകലനമാണ്. ഹിംസയുടെ പ്രവണതകൾ സഹജവും സാർവത്രികവുമാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ ഇടങ്ങളിലും തലങ്ങളിലും ഹിംസയുടെ വ്യത്യസ്ത രൂപങ്ങൾ പ്രകടമാണ്. പൂക്കൾ നുള്ളിയെടുക്കുന്ന ലാഘവത്തോടെ കൊലയും ചതിയും നടത്തുന്ന തോട്ടക്കാരനും സ്വയം കൊന്ന് മറ്റുള്ളവരെ കൊല്ലുന്ന ഹോട്ടൽക്കാരനും രക്തസാക്ഷിയായി, സ്വന്തം ശരീരം വേവിച്ച് ഭക്ഷണമായി നൽകി, ഹിംസയെ ആഘോഷവും ആത്മബലിയുമാക്കുന്ന തുന്നൽക്കാരനും സംഹാരത്തിന്റെ പുസ്തകത്തിൽ ഹിംസയുടെ വ്യത്യസ്ത പ്രത്യയശാസ്ത്ര പ്രതീകങ്ങളാണ്. ആനന്ദ് ആഖ്യാനത്തിന്റെയും ഭാവനയുടെയും മികവോടെ അവതരിപ്പിക്കുന്ന ഹിംസയുടെ വ്യത്യസ്ത രൂപങ്ങളും പ്രത്യയശാസ്ത്രങ്ങളും സമകാലിക യാഥാർത്ഥ്യങ്ങളാണ്. ഹിംസയുടെ വന്യതയും ഭീകരതയും പ്രതിരോധിക്കാൻ മാനുഷികതയും നീതിയും പുലരുന്ന സാമൂഹികക്രമം അനിവാര്യമാണ്.

ഹിംസയെ ആദർശവത്കരിക്കുന്ന പ്രത്യയശാസ്ത്രങ്ങളെ ചരിത്രവും ഭരണകൂടവും നീതീകരിക്കുമ്പോൾ കൊലയുടെ വന്യത ആഗോള പ്രതിഭാസമായി തുടരും. ഹിംസയുടെ ഇരകൾ പലപ്പോഴും നിഷ്കളങ്കരായ മനുഷ്യരാണ്. അവർ ഒരിക്കലും പ്രതിയോഗികൾ അല്ല എന്നത് തികഞ്ഞ വൈരുദ്ധ്യമാണ്. തങ്ങൾ ഇരകളാകുന്നതിന്റെ കാരണം പോലും അവർക്ക് അജ്ഞാതമാണ്. മനുഷ്യ ജീവിതത്തിന്റെ എല്ലാ ഇടങ്ങളിലും തലങ്ങളിലും ഹിംസയുടെ ഭീകരരൂപങ്ങൾ പ്രകടമാണ്. ഹിംസയുടെ പ്രത്യയശാസ്ത്രങ്ങൾ നീതിവിരുദ്ധവും മനുഷ്യവിരുദ്ധവുമാണെങ്കിലും പ്രസ്തുത പ്രത്യയശാസ്ത്രങ്ങളെ വക്താക്കൾ സമ്പൂർണമായി സ്വാംശീകരിക്കുന്ന വൈരുദ്ധ്യം സംഹാരത്തിന്റെ പുസ്തകം നിറയെ ഭയവും ഉത്കണ്ഠയും നിറയ്ക്കുന്നു. അത് മനുഷ്യകുലത്തിന്റെ മുഴുവൻ ആകുലതയായി പരിണമിക്കുന്ന സമകാലിക യാഥാർത്ഥ്യം കൃതിയെ പ്രസക്തമാക്കുന്നു.

**ഗ്രന്ഥസൂചി**

ആനന്ദ്. (2006), സംഹാരത്തിന്റെ പുസ്തകം. കോട്ടയം: ഡി.സി. ബുക്സ്.
Bourdieu, P. (1991). Language and Symbolic Power. Cambridge: Harvard University Press.
Foucault, M. (1980). Power/Knowledge: Selected Interviews and Other Writings. New York: Pantheon Books.
Spivak, G. C. (1999). A Critique of Postcolonial Reason: Toward a History of the Vanishing Present. Harvard University Press.
Thapar, R. (2014). The Past as Present: Foraging Contemporary Identities Through History. Delhi: Aleph Book Company.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

About the researcher:
ഡോ. ഫ്രാൻസിസ് മൈക്കിൾ
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളവിഭാഗം,
നിർമല കോളേജ്, മൂവാറ്റുപുഴ.
Email: franciskm70@gmail.com
Mob: 9447900957

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0030

# ഡിജിറ്റൽ റീമീഡിയേഷനും മലയാള കവിതയും: കാവ്യം സുഗേയത്തെ മുൻനിർത്തിയുള്ള പഠനം

**ആർദ്ര. പി. ആർ**

**പ്രബന്ധസംഗ്രഹം**

അച്ചടി മാധ്യമത്തിൽനിന്നും ഒരു സാഹിത്യരൂപത്തെ നേരിട്ട് ഇലക്ട്രോണിക്ക് മാധ്യമത്തിലേക്ക് പകർത്തുകയോ ദൃശ്യശ്രവ്യസാധ്യതകൾ പ്രയോജനപ്പെടുത്തി പുനരാവിഷ്ക്കരിക്കുകയോ ചെയ്യുന്ന പ്രക്രിയയെയാണ് സാഹിത്യപശ്ചാത്തലത്തിൽ 'ഡിജിറ്റൽ റീമീഡിയേഷൻ' അഥവാ 'പുനഃമാധ്യമീകരണം' എന്ന് പറയുന്നത്. മലയാളത്തിലെ ക്ലാസ്സിക് കവിതകളെ കാലാനുസൃതമായി വീണ്ടെടുക്കുവാനുള്ള പരിശ്രമമമായ ജ്യോതിബായ് പരിയാടത്തിന്റെ 'കാവ്യം സുഗേയം' എന്ന ബ്ലോഗിനെ ഡിജിറ്റൽ റീമീഡിയേഷൻ എന്ന ആശയത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് ഈ പ്രബന്ധം. പഴയകാല കവിതകളെ വിസ്മൃതിയിൽനിന്നും വീണ്ടെടുത്ത് വർത്തമാനകാലത്തോട് ചേർന്നുനിന്ന് പുതിയ തലമുറയോട് സംവദിക്കുന്ന രീതിയിൽ പുനരാവിഷ്ക്കരിക്കുന്നതിലൂടെ റീമീഡിയേഷൻ പ്രക്രിയ സാധ്യമാകുന്നത് എങ്ങനെയെന്ന് ഈ പ്രബന്ധത്തിൽ മാതൃകകൾ മുൻനിർത്തി വിശകലനം ചെയ്യുന്നു. കവിത എന്നത് വെറുമൊരു വായനാനുഭവം എന്നതിലുപരി ബഹുമാധ്യമസംയോജനത്തിലൂടെ ഒരു ബഹുമുഖാനുഭവമായി പരിവർത്തിപ്പിക്കപ്പെടുക വഴി കാലാനുസൃതമായ ഭാവുകത്വം സംജാതമാകുകയും കൃതിയുടെ സ്വീകാര്യത വർദ്ധിക്കുകയും സാഹിത്യത്തിന് വായനയ്ക്കതീതമായ ഒരു ആസ്വാദന സാധ്യത രൂപപ്പെടുകയും ചെയ്യുന്നു എന്ന് ഈ വിശകലനം വെളിവാക്കുന്നു.

**താക്കോൽ വാക്കുകൾ**

പുനഃമാധ്യമീകരണം/ഡിജിറ്റൽ റീമീഡിയേഷൻ (digital remediation), കാലാനുസൃത വീണ്ടെടുപ്പ് (contextual retrieval), അമാധ്യമത (immediacy), അതിമാധ്യമത (hyper mediacy), പുനഃവിനിയോഗം (repurposing), പുനഃശൈലീകരണം (refashioning)

..............................................................................................................................................

## ആമുഖം

സാങ്കേതികവിദ്യയുടെ പുരോഗതി വായനാശീലങ്ങളെയും സാഹിത്യതാൽപ്പര്യങ്ങളെയും സ്വാധീനിക്കുമ്പോൾ മലയാളത്തിലെ പഴയകാല രചനകൾ നവഭാവുകത്വങ്ങളോടും തെരഞ്ഞെടുപ്പുകളോടും മത്സരിച്ചുതോറ്റ് വായനായിടങ്ങളിൽനിന്നും അപ്രത്യക്ഷമാകുന്നുണ്ട്. അവയുടെ അവഗണനയ്ക്ക് കാരണഭൂതമായ അതേ സാങ്കേതികവിദ്യയിലൂടെതന്നെ അവയെ പുനരുജ്ജീവിപ്പിച്ച് ഇന്നത്തെ തലമുറയോട് ഇണങ്ങുന്ന വിധത്തിൽ പുനരാവിഷ്ക്കരിക്കുവാനും അതിലൂടെ അവയിൽ ആലേഖനം ചെയ്യപ്പെട്ട സാംസ്കാരിക അടയാളങ്ങളെ വീണ്ടെടുക്കുവാനും പുനഃമാധ്യമീകരണത്തിലൂടെ സാധിക്കുന്നുണ്ട്. പരമ്പരാഗത മലയാളസാഹിത്യകൃതികളെ മറവിയിലേക്ക് തള്ളിവിടാതെ അവയിലെ സാഹിത്യപരവും ആശയപരവുമായ മൂല്യത്തെ സാങ്കേതികവിദ്യയുടെ സാദ്ധ്യതകളുപയോഗിച്ച് കാലാനുസൃതമായി വീണ്ടെടുക്കുകയും അവയെ ദൃശ്യശ്രാവ്യസാദ്ധ്യതകൾ ഉൾപ്പെടുത്തി പുനരാവിഷ്ക്കരിക്കുകയും ചെയ്യുന്നതിലൂടെ അവ പുതിയൊരു ഭാവുകത്വം കൈവരിക്കുന്നത് എങ്ങനെയാണെന്നാണ് ഇവിടെ അന്വേഷിക്കുന്നത്. മലയാളകവിതാസാഹിത്യത്തിലെ പ്രാചീന–മധ്യകാല–ആധുനികകാല കവിതകളുടെ കാലാനുസൃതവും സാങ്കേതികസാഹചര്യങ്ങൾക്ക് അനുകൂലവുമായ പുനരാവിഷ്ക്കരണ പ്രവർത്തനമായ ജ്യോതിബായ് പരിയാടത്തിന്റെ 'കാവ്യം സുഗേയം' എന്ന ബ്ലോഗിന്റെ കേസ് സ്റ്റഡിയിലൂടെയാണ് ഗവേഷണം മുന്നോട്ടുകൊണ്ടുപോകുന്നത്. റീമീഡിയേഷൻ സിദ്ധാന്തം പ്രയോജനപ്പെടുത്തി ബ്ലോഗിൽ ഉൾപ്പെടുത്തിയിരിക്കുന്ന കവിതകളിൽനിന്ന് ഗവേഷണസൗകര്യാർത്ഥം തെരഞ്ഞെടുത്ത കവിതകളുടെ യൂട്യൂബ് വീഡിയോകളുടെ ദൃശ്യശ്രാവ്യപാഠത്തിന്റെ ഗുണാത്മകവിശകലനം സാധ്യമാക്കി കവിതകളുടെ ലിഖിതപാഠവുമായി താരതമ്യപ്പെടുത്തി വിശകലനാത്മകമായി വിലയിരുത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**ഡിജിറ്റൽ റീമീഡിയേഷൻ (പുനഃമാധ്യമീകരണം)**

1999–ൽ പ്രസിദ്ധീകൃതമായ 'റീമീഡിയേഷൻ: അണ്ടർസ്റ്റാന്റിങ്ങ് ന്യൂ മീഡിയ' എന്ന പുസ്തകത്തിലൂടെയാണ് ജെയ് ഡേവിഡ് ബോൾട്ടറും റിച്ചാർഡ് ഗ്രുസിനും ചേർന്ന് റീമീഡിയേഷൻ സിദ്ധാന്തം അവതരിപ്പിച്ചത്. "ഒരു മാധ്യമത്തിൽ കടന്നുവരുന്ന മറ്റൊരു മാധ്യമത്തിന്റെ പ്രതിനിധാനമാണ് പുനഃമാധ്യമീകരണം"1 എന്നാണ് ബോൾട്ടറും ഗ്രുസിനും പുനഃമാധ്യമീകരണത്തെ നിർവചിക്കുന്നത് (Bolter and Grusin 45). പുതിയ സാങ്കേതികവിദ്യകൾ രൂപപ്പെടുന്നതിനനുസരിച്ച് പഴയകാല മാധ്യമങ്ങളിലെ സവിശേഷതകൾ കാലാനുസൃതമായി പരിഷ്ക്കരിച്ച് പുതിയ മാധ്യമങ്ങളിലേക്ക് ആവിഷ്ക്കരിക്കുന്നതാണ് പുനഃമാധ്യമീകരണം എന്ന് പറയാം. പുനഃമാധ്യമീകരണസിദ്ധാന്തം പ്രധാനമായും മാധ്യമപഠനമേഖലയുമായി ബന്ധപ്പെട്ട സിദ്ധാന്തമാണ്. എന്നാൽ വർത്തമാനകാലത്ത് സാഹിത്യകൃതികളെ ഒരു മാധ്യമത്തിൽനിന്നും മറ്റൊരു മാധ്യമത്തിലേക്ക് നേരിട്ടോ അല്ലാതെയോ ആവിഷ്ക്കരിക്കുന്ന പ്രവർത്തനങ്ങൾ സജീവമായ സാഹചര്യത്തിൽ സാഹിത്യപഠനത്തിലും ഈ സിദ്ധാന്തം പ്രസക്തമാകുന്നു.

സാഹിത്യത്തെ സംബന്ധിച്ച് പറയുമ്പോൾ പഴയകാല ലിഖിതസാഹിത്യകൃതികൾ പുസ്തകത്താളുകളിൽനിന്ന് തിരയിലേക്ക് ആവിഷ്ക്കരിക്കപ്പെടുന്നതിനെയാണ് പുനഃമാധ്യമീകരണം എന്ന് വിശേഷിപ്പിക്കുന്നത്. ഇവിടെ പഴയമാധ്യമത്തിൽ ആവിഷ്ക്കരിക്കപ്പെട്ട ആശയത്തിന്റെ പ്രതിനിധാനം തന്നെയാണ് പുതിയ മാധ്യമത്തിലും കടന്നുവരുന്നത്. എന്നാൽ സാങ്കേതികവിദ്യയുടെ വികസനത്തിനനുസരിച്ചുള്ള പരിഷ്ക്കരണം സംഭവിക്കുന്നുണ്ട് എന്നുമാത്രം. പുനഃമാധ്യമീകരണത്തിന് ദ്വിയുക്തികളുണ്ട്; അമാധ്യമത (immediacy), അതിമാധ്യമത (hypermediacy). "മാധ്യമം അപ്രത്യക്ഷമാകുകയും പ്രതിനിധീകരിക്കപ്പെടുന്ന വസ്തുവിന്റെ സാന്നിദ്ധ്യം മാത്രം അനുഭവവേധ്യമാകുകയും ചെയ്യുന്ന പ്രക്രിയയാണ് അമാധ്യമതയുടെ യുക്തി" എന്നാണ് ബോൾട്ടറും ഗ്രുസിനും വിശേഷിപ്പിക്കുന്നത്2 (Bolter and Grusin 6). ഒരു സാഹിത്യകൃതി ഒരു മാധ്യമത്തിൽ നിന്നും മറ്റൊരു മാധ്യമത്തിലേക്ക് ആവിഷ്ക്കരിക്കപ്പെടുമ്പോൾ, ഒരു മാധ്യമത്തിന്റെ ചട്ടക്കൂടിനകത്താണ് അതാവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത് എന്ന തോന്നൽ ഉണ്ടാക്കാത്തവിധത്തിൽ വിഷയം പ്രേക്ഷകരോട് നേരിട്ട് സംവദിക്കുകയും പഴയതിനെ അപേക്ഷിച്ച് കൂടുതൽ മികവുപുലർത്തുകയും ചെയ്യുന്നതാണ് അമാധ്യമത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വിർച്വൽ റിയാലിറ്റി പോഡ് ഉപയോഗിച്ച് വീഡിയോ കാണുമ്പോൾ സ്ക്രീൻ, പോഡ് തുടങ്ങിയ മാധ്യമങ്ങളെല്ലാം അപ്രത്യക്ഷമാകുകയും പ്രേക്ഷകൻ നേരിട്ട് കാഴ്ചകൾ കാണുന്ന പ്രതീതി ഉണ്ടാകുകയും ചെയ്യുന്നു. ഇവിടെ മാധ്യമം അദൃശ്യമാകുകയും അമാധ്യമത സാധ്യമാകുകയും ചെയ്യുന്നു. അതിമാധ്യമത എന്നത് അമാധ്യമതയുടെ നേർവിപരീതരൂപമാണ്. മാധ്യമമാണ് എന്ന് നിരന്തരം ഓർമ്മിപ്പിക്കപ്പെടുന്നതിനെയാണ് അതിമാധ്യമത എന്ന് പറയുന്നത്. "അതിമാധ്യമത സ്വയം ആവിഷ്ക്കരിക്കുന്നത് ബഹുസ്വരത എന്ന നിലയിലാണ്" എന്നാണ് ബോൾട്ടറും ഗ്രുസിനും പറയുന്നത്3 (Bolter and Grusin 33). ഓഡിയോ, വീഡിയോ, ഹൈപ്പർലിങ്ക്, ചിത്രം തുടങ്ങി നിരവധി സാദ്ധ്യതകൾ കൂടിച്ചേർന്ന ഒരു ബഹുസ്വരരൂപമാണ് അതിമാധ്യമത എന്നാണ് അതുകൊണ്ട് അവർ അർത്ഥമാക്കുന്നത്. നിരവധി വിൻഡോകൾ തുറന്നുവച്ചിരിക്കുന്ന ഒരു കമ്പ്യൂട്ടർസ്ക്രീൻ അതിമാധ്യമതയുടെ ഉദാഹരണമാണ്. പുസ്തകത്തിൽനിന്നും വ്യത്യസ്തമായി ഇലക്ട്രോണിക് മാധ്യമങ്ങളിലുള്ള സാങ്കേതിക സാധ്യതകൾ സാഹിത്യകൃതികൾ പ്രയോജനപ്പെടുത്തുമ്പോൾ അത് മാധ്യമത്തിലാണ് ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത് എന്ന തോന്നൽ നിരന്തരം സൃഷ്ടിക്കപ്പെടുന്നു. എന്നാൽ അത്തരം സാങ്കേതികപരിഷ്ക്കരണം കൃതിയെ കൂടുതൽ മികച്ചതാക്കുകയാണ് ചെയ്യുന്നത്. ബോൾട്ടറിന്റെയും ഗ്രുസിന്റെയും അഭിപ്രായത്തിൽ പുനഃമാധ്യമീകരണത്തിന് രണ്ട് രൂപഭേദങ്ങൾ ഉണ്ട് : പുനഃവിനിയോഗം (Repurposing), പുനഃശൈലീകരണം (Refashioning). "ഒരു മാധ്യമത്തിൽ നിന്ന് ഒരു സവിശേഷത എടുക്കുകയും അത് മറ്റൊരു മാധ്യമത്തിൽ വീണ്ടും ഉപയോഗിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് പുനഃവിനിയോഗം" എന്ന് പറയുന്നത്4 (Bolter and Grusin 33) എന്നാണ് ബോൾട്ടറും ഗ്രുസിനും പുനഃവിനിയോഗത്തെ നിർവചിക്കുന്നത്. ഒരു സാഹിത്യകൃതിയെ പേപ്പറിൽനിന്ന് അതേരൂപത്തിൽ തിരയിലേക്ക് പകർത്തുന്നതാണ് പുനഃവിനിയോഗം എന്ന് സാഹിത്യപശ്ചാത്തലത്തിൽ പറയുവാൻ സാധിക്കും. ഒരു മാധ്യമത്തിലെ സവിശേഷതയെ അതേപടി മറ്റൊരു മാധ്യമത്തിലേക്ക് പകർത്താതെ വർത്തമാനകാലത്തെ സാങ്കേതികസാധ്യതകൾ പ്രയോജനപ്പെടുത്തി ആവശ്യമായ പരിഷ്ക്കരണങ്ങൾ വരുത്തിയതിനുശേഷം പുതിയകാല മാധ്യമത്തിൽ ഉപയോഗിക്കുന്നതിനെയാണ് പുനഃശൈലീകരണം എന്ന് പറയുന്നത്. ഒരു സാഹിത്യകൃതിയെ ബഹുമാധ്യമസാധ്യതകൾ പ്രയോജനപ്പെടുത്തി പരിഷ്ക്കരിച്ച് എഴുത്തിനുമപ്പുറമുള്ള മറ്റൊരു രൂപത്തിൽ പുനരാവിഷ്ക്കരിക്കുന്നതാണ് പുനഃശൈലീകരണം എന്ന് സാഹിത്യപശ്ചാത്തലത്തിൽ പറയാം. ഒരു ലിഖിതകൃതിയുടെ പി.ഡി.എഫ്. പുനഃവിനിയോഗമാണെങ്കിൽ ഒരു ലിഖിതകൃതിയുടെ ഭാവനാത്മകമായ വീഡിയോ ആവിഷ്ക്കാരം പുനഃശൈലീകരണമാണ്.

**കാലാനുസൃത വീണ്ടെടുപ്പ്**

ഒരു കൃതി രൂപപ്പെട്ട സമയത്തെ അർത്ഥമോ സ്വീകാര്യതയോ അല്ല അത് വായിക്കപ്പെടുന്ന കാലത്ത് ഉണ്ടായിരിക്കുക. വായനാരീതികൾ, വായനാമാധ്യമം, എഴുതപ്പെട്ട കാലത്തെയും വായിക്കപ്പെടുന്ന കാലത്തെയും സാമൂഹിക സാംസ്കാരിക പരിസരങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഒരു കൃതി വായിക്കപ്പെടുന്നതിനെ

സ്വാധീനിക്കുന്നുണ്ട്. അത് എഴുതപ്പെട്ട സമയത്ത് ഓലയിൽ നാരായം ഉപയോഗിച്ചാണ് എഴുതപ്പെട്ടതെങ്കിൽ അത് വായിക്കുന്നത് അച്ചടിക്ക് ശേഷമുള്ള കാലത്താണെങ്കിൽ ഓലയെടുത്ത് വായിക്കുവാൻ ആ കാലഘട്ടത്തിലെ തലമുറ തുനിയണമെന്നില്ല. അവയെ കാലത്തിനു അനുയോജ്യമായ പ്രസാധന മാർഗങ്ങൾ ഉപയോഗിച്ച് ആവിഷ്ക്കരിക്കുകയാണെങ്കിലെ ആ കാലത്തെ തലമുറയിലേക്ക് ആ കൃതികൾ എത്തുകയുള്ളൂ. പേപ്പറിൽ അച്ചടിച്ചാലെ ആ തലമുറയുമായി സംവദിക്കുവാൻ ആ കൃതികൾക്ക് സാധിക്കൂ. ഇന്ന് സാങ്കേതികവിദ്യ ഏറെ പുരോഗമിച്ച് ഡിജിറ്റൽ യുഗത്തിൽ എത്തിനിൽക്കുമ്പോൾ ഇന്നത്തെ വയനാരീതികൾക്കും സാങ്കേതികവളർച്ചയ്ക്കും അനുസൃതമായി ഇന്നത്തെ തലമുറയോട് സംവദിക്കുന്ന വിധത്തിൽ പഴയകൃതികളെ ആവിഷ്ക്കരിച്ചെങ്കിലെ ഇന്നത്തെ തലമുറ അവയെ പരിചയപ്പെടുകയുള്ളൂ. എങ്കിൽ മാത്രമേ അവയുടെ സാംസ്കാരികമൂല്യങ്ങൾ തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കുകയും ഭാവിയിലേക്ക് കൈമാറി സാംസ്കാരികത്തുടർച്ച നിലനിർത്തുകയും ചെയ്യുകയുള്ളൂ.

വർത്തമാനകാലത്തെ സാങ്കേതികസാഹചര്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ പഴയകാല കൃതികളെ പരിഷ്ക്കരിച്ച് ആവിഷ്ക്കരിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യുന്നതാണ് കാലാനുസൃത വീണ്ടെടുപ്പ്. ഒരു കൃതിയുടെ അർത്ഥം, രൂപം, പ്രസാധനമാർഗങ്ങൾ, സംരക്ഷണമാർഗങ്ങൾ തുടങ്ങിയവ കാലഘട്ടത്തിലെ മാറ്റങ്ങൾക്കനുസരിച്ച് പരിവർത്തനവിധേയമാക്കുകയും കാലഘട്ടം ആവശ്യപ്പെടുന്ന രീതിയിൽ അവയെ പുനരാവിഷ്ക്കരിക്കുകയും ചെയ്തുകൊണ്ട് അവയെ വർത്തമാനകാല തലമുറയോട് സംവദിക്കുന്നവിധത്തിൽ വീണ്ടെടുക്കുകയും ചെയ്യുന്ന പ്രക്രിയയെയാണ് കാലാനുസൃത വീണ്ടെടുപ്പ് എന്നതുകൊണ്ട് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്. പുനഃമാധ്യമീകരണപ്രക്രിയയിലൂടെ മലയാളത്തിലെ കവിതകളെ 'കാവ്യം സുഗേയം' ബ്ലോഗ് കാലാനുസൃതമായി വീണ്ടെടുത്ത് അവതരിപ്പിക്കുന്നതിന്റെ പ്രസക്തിയാണ് ഈ ഗവേഷണം വെളിവാക്കുന്നത്.

**കാവ്യം സുഗേയം : ഒരു ആമുഖം**

മലയാളസാഹിത്യരംഗത്ത് കവി, വിവർത്തക, ബ്ലോഗ് എഴുത്തുകാരി എന്നീ നിലകളിൽ പ്രവർത്തിക്കുന്ന വ്യക്തിയാണ് ജ്യോതിബായ് പരിയാടത്ത്. അവരുടെ പ്രശസ്തമായ ബ്ലോഗാണ് 'കാവ്യം സുഗേയം'. "മലയാളത്തിലെ കാലാതിവർത്തികളായ കവിതകളെ ചൊല്ലി അടയാളപ്പെടുത്താനായി ഒരു ശ്രമം" എന്നാണ് ജ്യോതിബായ് ഈ ബ്ലോഗിനെ വിവരിക്കുന്നത്. 'ബ്ലോഗിനെക്കുറിച്ച്' എന്നൊരു ലിങ്കിൽ "കവിതയുടെ വഴികളെ തിരയുവാനുള്ള ചൊൽ ശ്രമമാണ് കാവ്യം സുഗേയം" എന്നും ഇരുപതാം നൂറ്റാണ്ടിലെ കവിതകളെ ചൊല്ലി അടയാളപ്പെടുത്തുവാനുള്ള ഉദ്യമമാണ് ഈ ബ്ലോഗെന്നും കവി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലോഗ് നാല് ഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. പാഠപുസ്തകത്തിലെ കവിതകളെ ആവിഷ്ക്കരിക്കുന്ന 'കാവ്യശ്രീ', കവിതകൾ വായന നടത്തുന്ന 'നിധിച്ചെപ്പ്', കവിതാലാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന 'പോഡ്കാസ്റ്റ്', കവിതകളും ദൃശ്യാവിഷ്ക്കാരങ്ങളും ഉൾക്കൊള്ളുന്ന 'വീഡിയോ' എന്നിവയാണവ. മലയാളത്തിലെ പ്രാചീന-മധ്യകാല-ആധുനിക-ഉത്തരാധുനിക കവിതകൾ ഈ ബ്ലോഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.കൂടാതെ കവിത, കവി, സാഹിത്യപ്രസ്ഥാനം തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങളും ബ്ലോഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാവ്യം സുഗേയം : പുനഃശൈലീകരണം**

കവിതാപുസ്തകത്തിന്റെ ഉള്ളടക്കം സൂചിപ്പിക്കുന്ന പേജിന്റെ പുനഃശൈലീകൃതരൂപമാണീ ബ്ലോഗ് എന്ന് പറയാം. അക്ഷരമാലാക്രമത്തിൽ എഴുത്തുകാരുടെ പേരും അവരുടെ കവിതകളുടെ പേരും ചേർത്ത ലിങ്കുകളാണ് ഈ കവിതാപ്പട്ടികയിൽ നൽകിയിരിക്കുന്നത്. കവിതാപുസ്തകത്തെ നേരിട്ട് തിരയിലേക്ക് പറിച്ചുനടുകയല്ല ഇവിടെ ചെയ്തിരിക്കുന്നത്. തിരമൊഴിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പുസ്തകത്തേക്കാൾ വർദ്ധിതമായ സാദ്ധ്യതകൾ ഉൾപ്പെടുത്തി പുനഃശൈലീകരണത്തിലൂടെയാണ് ഇവിടെ ക്രമീകരിച്ചിരിക്കുന്നത്. പുസ്തകത്തിലെ രേഖീയവായനയെ പൊളിച്ചെഴുതിക്കൊണ്ട് തിരമൊഴിയുടെ സഹായത്തോടെ  ക്രോസ് പ്ലാറ്റ്ഫോം ഹൈപ്പർലിങ്ക് സാധ്യതകൾ ഉപയോഗപ്പെടുത്തി ഉള്ളടക്കത്തിലെ തലക്കെട്ടുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ ബ്ലോഗിന്റെ ചുറ്റുമതിലുകൾ ഭേദിച്ച് മറ്റൊരു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ യൂട്യൂബിലേക്ക് എത്തിച്ചേരുന്ന വിധത്തിലാണ് കവിതകളുടെ ക്രമീകരണം.

യൂട്യൂബിൽ ദൃശ്യശ്രാവ്യഘടകങ്ങളുടെ സഹായത്തോടെ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നതിനാൽ വായനയേക്കാൾ മികച്ച സാധ്യതകൾ കവിതകൾക്ക് നൽകുന്നു. സൈബറിടത്തിലെ രേഖീയമല്ലാത്ത വായനാപരിസരങ്ങൾ പരിചയിച്ച പുതുതലമുറയുടെ വായനാശീലങ്ങളോട് അടുത്തുനിൽക്കുന്നവിധത്തിൽ പുസ്തകവായനയെ കാലാനുസൃതമായി പുനരാവിഷ്ക്കരിക്കുവാൻ ഇതിലൂടെ സാധിക്കുന്നു. ഒരേസമയം കവിതയിലെ വരികൾ സ്ക്രീനിൽ വായിക്കുവാനും, കവിത ചൊല്ലുന്നത് കേൾക്കുവാനും, ചില ദൃശ്യങ്ങൾ സ്ക്രീനിൽ കാണുവാനും സാധിക്കുന്ന വിധത്തിലാണ് കൃതികളെ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ പ്രത്യേകത എല്ലാ ഇന്ദ്രിയങ്ങളെയും ഒരേസമയം ആസ്വാദനപ്രക്രിയയിൽ ഭാഗമാക്കുകയും കവിതയോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു. കവിയേയും കവിതകളെയും പറ്റിയുള്ള വിശദീകരണങ്ങൾ കുറിപ്പുകളായും ശബ്ദലേഖകളായും വീഡിയോ രൂപത്തിലുള്ള വിവരണങ്ങളായും  ചേർത്തുകാണുന്നത് ബ്ലോഗിന് ഒരു വിജ്ഞാനകോശസ്വഭാവം നൽകുന്നുണ്ട്. ഈ പ്രത്യേകത ഒരു കവിതാസമാഹാരത്തിന്റെ തലത്തിൽനിന്നുമുയർന്ന് പാഠപുസ്തകത്തിന്റെ ആധികാരികതയിലേക്ക്  ഈ

ബ്ലോഗിനെ എത്തിക്കുന്നു. പുസ്തകത്തിൽ കവിതകളെ ലിഖിതരൂപത്തിൽ ആവിഷ്ക്കരിക്കുന്നരീതിയെ പരിഷ്ക്കരിച്ച് സാങ്കേതികസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ബഹുമാധ്യമതയുടെ സംയോജനത്തിലൂടെ പുനഃശൈലീകരിച്ചാണ് ഇവിടെ കവിതകൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇത് വായനയേക്കാൾ വർദ്ധിച്ച സാധ്യതകൾ ഈ കവിതകൾക്ക് നൽകുന്നു. ഇത് ഇന്നത്തെ സാങ്കേതികവളർച്ചയ്ക്കും സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗശൈലിക്കും അനുയോജ്യമായ വിധത്തിലുള്ള പരമ്പരാഗത കവിതാസമാഹാരങ്ങളുടെ കാലാനുസൃത വീണ്ടെടുപ്പായി തിരിച്ചറിയുവാൻ സാധിക്കും.

**അമാധ്യമതയുടെ പ്രയോഗം**

പുസ്തകം കയ്യിൽ പിടിച്ച് താളുകൾ മറിച്ച് താളുകളിലെ അക്ഷരങ്ങൾ വായിക്കുന്ന രീതി മാധ്യമതയുടെ ഉദ്ഘോഷണമാണ്. ഓരോ തവണ പേജ് മറിക്കുമ്പോഴും വായന തടസ്സപ്പെടുന്നു. അത് ഒരു മാധ്യമമാണെന്നും താൻ വായിക്കുകയാണെന്നും പ്രേക്ഷകനെ നിരന്തരം ഓർമപ്പെടുത്തുന്നു. എന്നാൽ 'കാവ്യം സുഗേയ'ത്തിലെ കാവ്യാവിഷ്ക്കാരങ്ങളാകട്ടെ വായനയുടെ തലത്തിൽ നിന്നുമുയർന്ന് അമാധ്യമതയെ ആവിഷ്ക്കരിക്കുവാൻ ശ്രമിക്കുന്നു. പുസ്തകം വായിക്കുക എന്നതിനപ്പുറം കവിത കേൾക്കുക, ദൃശ്യങ്ങളിൽ മുഴുകുക, വരികൾ വായിക്കുക എന്നിങ്ങനെ ബഹുതലസാദ്ധ്യതകൾ പ്രേക്ഷകന് നൽകുന്നു. അവിടെ മാധ്യമം അപ്രത്യക്ഷമാകുകയും കവിത ശബ്ദമായും ദൃശ്യമായും പ്രേക്ഷകരോട് നേരിട്ട് സംവദിക്കുകയും ചെയ്യുന്നു. അമാധ്യമത മാധ്യമത്തെ അദൃശ്യമാക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. കാവ്യം സുഗേയത്തിലെ ചൊൽക്കാഴ്ചകൾ അമാധ്യമതയിലൂടെ തന്നെ അവതരണത്തെ സജ്ജീവമാക്കുവാൻ പരിശ്രമിക്കുന്നു. സുഗതകുമാരിയുടെ 'ഗജേന്ദ്രമോക്ഷം', അയ്യപ്പപണിക്കരുടെ 'ഗോപികാദണ്ഡകം' തുടങ്ങിയ കവിതകൾ കവി ആലപിക്കുന്നത് 'ക്ലോസ് അപ്പ്' രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു. ഇവിടെ മാധ്യമം അപ്രത്യക്ഷമാകുകയും കവി തൊട്ടുമുന്നിൽ നിന്ന് കവിത ആലപിക്കുന്നത് കണ്ടിരിക്കുന്ന പ്രതീതി പ്രേക്ഷകന് ലഭിക്കുകയും ചെയ്യുന്നു. ഇത് വായനയേക്കാൾ മികച്ച ഒരു അനുഭവം പ്രേക്ഷകർക്ക് നൽകുന്നു.

ക്ലോസ് അപ്പ് ഷോട്ടുകൾ ആസ്വാദകനും അവതാരകനും തമ്മിലുള്ള ഭൗതികമായ അകലം ഇല്ലാതാക്കുന്നു. ഡിജിറ്റൽ മാധ്യമത്തിന്റെ സാങ്കേതികത്വത്തെ വിസ്മരിച്ച് കവിതയുമായി നേരിട്ട് സംവദിക്കുന്നു എന്ന തോന്നലുണ്ടാക്കുന്നു. ക്യാമറയുടെ സാന്നിദ്ധ്യം പ്രേക്ഷകൻ മറക്കുന്നു. കവി തന്റെ മുന്നിൽ നിന്ന് കവിത ചൊല്ലുന്നു എന്ന തോന്നൽ ആസ്വാദകനിൽ ഉണ്ടാക്കുന്നത് അമാധ്യമതയുടെ സവിശേഷതയാണ്. ക്ലോസ് അപ്പ് ദൃശ്യങ്ങൾ മുഖഭാവങ്ങൾ പൂർണമായും ഒപ്പിയെടുക്കാൻ സമർത്ഥമായതിനാൽ കവിത ചൊല്ലുമ്പോൾ കവിതയുടെ ഭാവത്തിനനുസരിച്ച് ജ്യോതിബായ് പരിയാടത്തിന്റെ മുഖത്ത് പ്രത്യക്ഷമാകുന്ന ചലനങ്ങൾ, ഭാവമാറ്റങ്ങൾ എല്ലാം തന്നെ പ്രേക്ഷകന് അനുഭവവേദ്യമാകുന്നു. കവിതയിലെ വികാരം നേരിട്ട് ആസ്വാദകനിലേക്ക് എത്തുന്നു. അത് കവിതയെ വായനാനുഭവം എന്നതിനപ്പുറം ഒരു പ്രകടനം എന്ന നിലയിലേക്കും പരിവർത്തിപ്പിക്കുന്നു. പുസ്തകവായനയുടെ അനുഭവം വായനക്കാരൻ ഒറ്റക്ക് കണ്ടെത്തുമ്പോൾ ഇത്തരം ചൊൽക്കാഴ്ചകൾ അവതാരകൻ നൽകുന്ന അനുഭവം കൂടി ആസ്വദിക്കുവാൻ അവസരം നൽകുന്നു. കവിതയുടെ താളം, നിശബ്ധതകൾ, വാക്കുകൾക്കിടയിലെ ഇടവേളകൾ തുടങ്ങിയവ ചൊൽക്കാഴ്ച്ചയുടെ ഭാഗമായി വീഡിയോകളിൽ വിന്യസിക്കപ്പെടുന്നുണ്ട്. ഒരു സ്റ്റേജ് അവതരണത്തിലെ ചൊൽക്കാഴ്ച്ചയുടെ ആഢംബരങ്ങളില്ലാതെ കവി തൊട്ടുമുന്നിൽനിന്ന് പ്രേക്ഷകന് വേണ്ടി കവിത ചൊല്ലുന്ന പ്രതീതി ഉളവാക്കുന്നത് അമാധ്യമതയുടെ ആവിഷ്ക്കാരമാണ്.

വീഡിയോ ആവിഷ്ക്കാരങ്ങൾ ഇല്ലാത്ത കവിതയുടെ ആലാപനങ്ങളാകട്ടെ കവിതയുടെ ലിഖിതരൂപത്തിന്റെ വായനയെയോ പുസ്തകം എന്ന മാധ്യമത്തെയോ വിസ്മരിച്ച് ശബ്ദത്തിൽ മാത്രം മുഴുകുവാൻ പ്രേക്ഷകനെ സഹായിക്കുന്നു. ഇത് മാധ്യമത്തെ മറന്നുകൊണ്ട് ആസ്വാദനത്തിനു കൂടുതൽ മികവ് നൽകുന്നു. മാധ്യമത്തിൽനിന്നും അകന്ന് കേൾവിയിൽ മാത്രം മുഴുകി വരികളെയും അതിലെ അർത്ഥതലങ്ങളെയും മാത്രം ശ്രദ്ധിക്കുവാനും ആസ്വദിക്കുവാനുമുള്ള സാദ്ധ്യതകൾ ഇവിടെ പ്രേക്ഷകന് ലഭിക്കുന്നത് അമാധ്യമതയുടെ യുക്തിയുടെ ഉചിതമായ സന്നിവേശത്തിലൂടെയാണ്. പുസ്തകവായനയേക്കാൾ അധികമായി ശബ്ദസാധ്യതകളുടെ സന്നിവേശം സാധ്യമാക്കുന്നതിലൂടെ മാധ്യമത്തെ മറന്ന് കവിതയിൽ കൂടുതൽ ലയിക്കുവാൻ അവസരം ലഭിക്കുന്നതിന് അമാധ്യമതയുടെ യുക്തിപ്രയോഗങ്ങൾ അവസരം ഒരുക്കുന്നതിനാൽ ഉയർന്ന ആസ്വാദനസാധ്യതകൾ പ്രേക്ഷകന് മുന്നിൽ തുറന്നു കിട്ടുന്നു. ഇത് സാങ്കേതിക വളർച്ചയ്ക്ക് അനുയോജ്യമായരീതിയിലുള്ള വായനാസംസ്ക്കാരത്തിന്റെ തിരിച്ചുപിടിക്കലായി മനസിലാക്കുവാൻ സാധിക്കും.

**അതിമാധ്യമതയും കാവ്യാത്മക പുരോഗതിയും**

'കാവ്യം സുഗേയം' ബ്ലോഗിന്റെ വിശകലനത്തിൽ അതൊരു മാധ്യമമാണെന്നും പ്രേക്ഷകൻ ഒരു മാധ്യമത്തിലൂടെ കവിതയെ ആസ്വദിക്കുകയാണെന്നും നിരന്തരം ഓർമിപ്പിക്കുന്ന അതിമാധ്യമതയുടെ ഘടകങ്ങളും കാണുവാൻ സാധിക്കും. ബ്ലോഗിന്റെ 'ഇന്റർഫെയിസ്' തന്നെ ഒരുപാട് ഹൈപ്പർലിങ്കുകൾ നിറഞ്ഞ അതിമാധ്യമതയുടെ ആവിഷ്ക്കാരമാണ്. ഹൈപ്പർലിങ്കിലൂടെ ബ്ലോഗിൽനിന്നും യൂട്യൂബിലേക്കുള്ള യാത്രയും മാധ്യമത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നു. ദൃശ്യശ്രവ്യാവിഷ്ക്കാരങ്ങളായി കവിതകൾ അവതരിപ്പിക്കപ്പെടുന്നിടത്തും അതിമാധ്യമത ദൃശ്യമാണ്. സഹോദരൻ അയ്യപ്പന്റെ 'ആൾദൈവം', അക്കിത്തത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം',

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

ഉള്ളൂരിന്റെ ‘ഭ്രതകണ്ണാടി’ തുടങ്ങിയ കവിതകളുടെ ആവിഷ്ക്കാരത്തിൽ ചലനാത്മകപാഠം അഥവാ ‘കൈനെറ്റിക് ടെക്സ്റ്റ്’ ’ രൂപത്തിൽ കവിതയിലെ വരികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. ഇത് പുസ്തകവായനയേക്കാൾ സംവേദനാത്മകവും കാലാനുസൃതവുമായ വായനാരീതികൾ ആവിഷ്ക്കരിക്കുകയും നിരന്തരം മാധ്യമപ്രതീതി ഉളവാക്കുകയും ചെയ്യുന്നു.

വൈലോപ്പിള്ളിയുടെ ‘നർത്തകി’ എന്ന കവിതയിൽ പശ്ചാത്തലത്തിൽ ചേർത്തിരിക്കുന്ന നൃത്തം ചെയ്യുന്ന പെൺകുട്ടിയുടെ ആനിമേഷൻ വീഡിയോ അതിമാധ്യമസാദ്ധ്യതകളിലൂടെ അർത്ഥപ്രകാശനത്തിന് കാഴ്ചാനുഭവത്തിന്റെ തലം നൽകുമ്പോൾ നൃത്തത്തെ അനുഭവിക്കുവാൻ പ്രേക്ഷകന് സാധിക്കുന്നു. കുമാരനാശാന്റെ ‘കരുണ’ എന്ന കവിതയുടെ ആവിഷ്ക്കാരത്തിൽ ലിഖിതപാഠം ചിത്രരൂപത്തിൽ ദൃശ്യമാക്കുകയും പുസ്തകം മറിക്കുന്ന തരത്തിലുള്ള ‘ട്രാൻസിഷൻ’ ഉപയോഗിച്ച് പുസ്തകപ്രതീതി ഉണ്ടാക്കുകയും ചെയ്യുന്നത് പുനഃമാധ്യമീകരണത്തിലൂടെ ഒരു ‘നൊസ്റ്റാൾജിയ’ സൃഷ്ടിക്കുവാൻ സഹായകമാകുന്നു. ചെറുശ്ശേരിയുടെ ‘കൃഷ്ണഗാഥ’യിൽ വൃന്ദാവനത്തിൽ കൃഷ്ണൻ പാട്ട് പാടുന്നത് കേൾക്കുന്ന വനത്തിലെ പക്ഷിമൃഗാധികളുടെ പ്രതികരണം വർണ്ണിക്കുന്ന ‘ഗാനം കേട്ട നേരം’ എന്നപേരിൽ മൂന്നാം ക്ലാസ്സിലെ മലയാള പാഠപുസ്തകത്തിൽ (2014 സിലബസ്) നൽകിയിരിക്കുന്ന ഭാഗം ആവിഷ്ക്കരിക്കുമ്പോൾ വരികളുടെ അർത്ഥം ധ്വനിപ്പിക്കുന്ന വിധത്തിൽ കാവ്യപശ്ചാലത്തിൽ നിരവധി മൃഗങ്ങളുടെയും പക്ഷികളുടെയും ചിത്രങ്ങളും വീഡിയോകളും ‘ഫെയ്ഡ് ഇൻ’, ‘ഫെയ്ഡ് ഔട്ട്’ ’ ട്രാൻസിഷനുകൾ ഉപയോഗിച്ച് കാണിക്കുന്നത് കൃത്യമായ അർത്ഥവിപുലീകരണം സാധ്യമാക്കുന്ന അതിമാധ്യമപ്രയോഗമാണ്. എൻ.വി.കൃഷ്ണവാര്യരുടെ ‘വെള്ളപ്പൊക്കം’ എന്ന കാവ്യാവിഷ്ക്കാരത്തിൽ പശ്ചാത്തലത്തിൽ ദൃശ്യമാകുന്ന നീർക്കുമിളകളുടെ വീഡിയോ പ്രേക്ഷകൻ വെള്ളത്തിനടിയിൽ മുങ്ങിക്കിടക്കുകയാണ് എന്ന പ്രതീതിജനിപ്പിക്കുകയും കാവ്യാർത്ഥത്തെ അനുഭവവേധ്യമാക്കുകയും ചെയ്യുന്നു. മുകളിലെ ‘സ്പോട്ട് ലൈറ്റ്’ ’ ആകട്ടെ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന വ്യക്തി മുകളിൽനിന്ന് വരുന്ന സൂര്യപ്രകാശം കാണുന്ന അനുഭവമാണ് സൃഷ്ടിക്കുന്നത്.

അനിത തമ്പിയുടെ ‘ആലപ്പുഴ വെള്ളം’ എന്ന കവിതയിലാകട്ടെ ആലപ്പുഴയിലെ കായലോരങ്ങളെ അനുഭവവേധ്യമാക്കുന്നതിന് പുഴയോരത്തിന്റെ വീഡിയോ പശ്ചാത്തലത്തിൽ നൽകിയിരിക്കുന്നു. പുഴയിലെ ഓളങ്ങളുടെ ചലനങ്ങളും പുഴയോരത്തെ തെങ്ങുകളും കവിതയിലെ പശ്ചാത്തലപ്രദേശത്തെ വ്യക്തമായി പ്രേക്ഷകനുമുന്നിൽ ആവിഷ്ക്കരിക്കുന്നു. “ആലപ്പുഴ നാട്ടുകാരി കരിമണ്ണുനിറക്കാരി കവിതയിലെഴുതുമ്പോൾ ജലമെന്നാണെഴുതുന്നു” എന്ന വരികളോട് പുഴയുടെ ദൃശ്യം ചേർത്തുവയ്ക്കുമ്പോൾ ആലപ്പുഴയിലെ ‘വെള്ള’ത്തിനും വയനാട്ടിലെ ‘ജല’ത്തിനും ഒരേ സ്വത്വമാണെന്ന ചിന്ത മുന്നോട്ടുവയ്ക്കുവാൻ സഹായകമാകുന്നു. അതിമാധ്യമതയിലൂടെ കവിതയിലെ ആശയാവിഷ്ക്കാരത്തിന് പുതിയ അനുഭവതലങ്ങൾ നൽകുവാൻ ഇവിടെ സാധിക്കുന്നു. ഈ കവിതയിൽ “കവി ആറ്റൂർ ചോദിച്ചു” എന്ന വരിയെത്തുമ്പോൾ ആറ്റൂരിന്റെ ചിത്രം പശ്ചാത്തലത്തിൽ പ്രദർശിപ്പിക്കുകയും കവിതയിലെ വരി ‘സ്പിൻ ആൻഡ് ഫ്ലൈ ഇൻ’ ട്രാൻസിഷൻ ഉപയോഗിച്ച് പ്രേക്ഷകർക്ക് മുന്നിലെത്തുകയും ചെയ്യുമ്പോൾ കവിയെ നേരിട്ടുകണ്ട പ്രതീതി പ്രേക്ഷകർക്ക് ലഭിക്കുന്നതോടൊപ്പം കവിയുടെ ചോദ്യത്തിന്റെ പ്രാധാന്യവും പ്രേക്ഷകന് അനുഭവവേദ്യമാകുന്നു. കുമാരനാശാന്റെ ‘ഒരു വനയാത്ര’ എന്ന കവിതയിലാകട്ടെ പശ്ചാത്തലത്തിൽ വനത്തിന്റെ ചിത്രവും നിശബ്ദവനത്തിലൂടെയുള്ള യാത്രയിൽ കേൾക്കുന്ന പക്ഷികളുടെ ശബ്ദങ്ങളും സംയോജിക്കുമ്പോൾ യഥാർത്ഥ വനയാത്രയുടെ പ്രതീതി പ്രേക്ഷകന് ഉളവാകുന്നു. ഇടശ്ശേരിയുടെ ‘കറുത്തചെട്ടിച്ചികൾ’ എന്ന കവിതയുടെ ആവിഷ്ക്കാരത്തിൽ മാറിവരുന്ന കാവ്യപരിസരത്തിനനുസരിച്ച് പശ്ചാത്തല ദൃശ്യങ്ങളും മാറിവരുന്നത് കാവ്യാർത്ഥത്തെ ധ്വനിപ്പിക്കുവാൻ സഹായകമാകുന്നുണ്ട്. ഉദാഹരണത്തിന് “ചുണ്ടും പിളർത്തി ചുരുളൻ മുടിയുമായ് മുണ്ടകപ്പാടങ്ങൾ കാത്തുകിടക്കയാം പെറ്റെണീക്കുംമുമ്പു കണ്ണടച്ചാളഹോ പറ്റേവിളർത്തൊരാക്കാലവർഷാംഗന” എന്ന വരികളെത്തുമ്പോൾ കേരളകാലാവസ്ഥയെ വ്യക്തമാക്കുന്നവിധത്തിൽ വരണ്ടപാടങ്ങളുടെ ചിത്രമാണ് പശ്ചാത്തലത്തിൽ ആവിഷ്ക്കരിക്കുന്നത്. ഇത് ആ വരികളുടെ ഭാവഭംഗി കൂടുതൽ ധ്വനിപ്പിക്കുവാനും കാലാവസ്ഥാപ്രശ്നങ്ങളുടെ തീവ്രതയാവിഷ്ക്കരിക്കുവാനും സഹായിക്കുന്നു. ഇതെല്ലാം കാലാനുസൃതമായി കവിതകളെ ബഹുമാധ്യമരൂപത്തിൽ വീണ്ടെടുക്കുമ്പോൾ വായനയേക്കാൾ അധികമായി സ്വായത്തമാകുന്ന അർത്ഥവിപുലീകരണങ്ങളുടെ നിദർശനമാണ്. ഇവിടെ സാഹിത്യത്തോട് സാങ്കേതികഘടകങ്ങളായ ദൃശ്യശബ്ദസാദ്ധ്യതകൾ കൂടിച്ചേരുമ്പോൾ കാവ്യാർത്ഥത്തിന് കൂടുതൽ പ്രകാശനവഴികൾ തുറന്നുകിട്ടുന്നു. സാങ്കേതികഘടകങ്ങൾ പുനഃശൈലീവത്ക്കരണത്തിലൂടെ കവിതയെയും കാവ്യാസ്വാദനത്തെയും കൂടുതൽ മികവിലേക്ക് ഉയർത്തുന്നു. ബഹുമാധ്യമസന്നിവേശത്തിലൂടെ സാധ്യമാകുന്ന അതിമാധ്യമതയുടെ ആവിഷ്ക്കാരം പുസ്തകവായനയിലൂടെ ലഭിക്കാത്ത ഇന്ദ്രിയാനുഭവങ്ങൾ പ്രേക്ഷകന് നൽകുന്നു. ഇത് കവിതയ്ക്ക് വാക്കുകൾക്കതീതമായ അർത്ഥപ്രകാശന സാദ്ധ്യതകൾ നൽകുകയും അതിലൂടെ ഒരുപടി ഉയർന്ന അർത്ഥാവിഷ്ക്കാരം സാധ്യമാകുകയും കവിതയിലെ അർത്ഥസന്നിവേശപ്രക്രിയയിൽ രൂപീകരിച്ച കാലാനുസൃതമാറ്റങ്ങൾ കവിതയെ പ്രേക്ഷകരോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു.

**ഡിജിറ്റൽ ആർക്കൈവിങ്ങ് : പാരമ്പര്യ സംരക്ഷണത്തിന്റെ പുതുരൂപം**

പുസ്തകരൂപത്തിൽ സൂക്ഷിക്കപ്പെട്ട വിവരങ്ങളുടെ ഭൗതികനിലനിൽപ്പിന്റെ കാര്യത്തിൽ ഉറപ്പില്ലാത്തതിനാൽ ദീർഘകാലത്തേക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഡിജിറ്റൽരൂപത്തിൽ അവയെ സൂക്ഷിക്കുന്നതിനാണ്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

ഡിജിറ്റൽ ആർക്കൈവുകൾ പ്രയോജനപ്പെടുത്തുന്നത്. ചിത്രം, വീഡിയോ, ഓഡിയോ തുടങ്ങിയ ബഹുമാധ്യമരൂപങ്ങളിലോ വരമൊഴിരൂപത്തിലോ ലഭ്യമായ ദത്തങ്ങളെ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനെയാണ് ഡിജിറ്റൽ ആർക്കൈവിങ്ങ് എന്ന് പറയുന്നത്. അതിനാൽ തന്നെ ഡിജിറ്റൽ ആർക്കൈവിങ്ങിനെ കാലാനുസൃത വീണ്ടെടുപ്പിന്റെ വർത്തമാനകാലരൂപമായി തിരിച്ചറിയുവാൻ സാധിക്കും. ഈ സമ്പ്രദായം സാഹിത്യകൃതികളെ പുസ്തകരൂപത്തിൽനിന്ന് പരിവർത്തിപ്പിച്ച് ഡിജിറ്റൽ രൂപത്തിലേക്ക് ആവിഷ്ക്കരിച്ച് അവയെ കാലാനുസൃതമായി വീണ്ടെടുക്കുവാനും ഭാവിയിലേക്കായി അവയെ സൂക്ഷിക്കുവാനും സഹായകമാകുന്നു. അതുവഴി പുസ്തകങ്ങളുടെ ഭൗതികനാശം നിമിത്തം ഉണ്ടാകുവാൻ സാധ്യതയുള്ള പഴയകാല കൃതികളുടെ നഷ്ടങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കുവാൻ സാധിക്കുന്നു. ജ്യോതിബായ് പരിയാടത്തിന്റെ 'കാവ്യം സുഗേയം' എന്ന ബ്ലോഗ് മലയാളത്തിലെ പ്രാചീന–മധ്യകാല–ആധുനിക കാലത്തെ നിരവധി കവിതകൾ ഉൾക്കൊള്ളുന്ന ഒരു ഡിജിറ്റൽ ആർക്കൈവാണെന്ന് പറയുവാൻ സാധിക്കും. എന്നാൽ സാധാരണ ഡിജിറ്റൽ ആർക്കൈവുകളെക്കാൾ ജനകീയസാധ്യതകളോടെ ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്ന ആക്സെസ്സ് ആർക്കൈവുകൾ കൂടിയാണ് ബ്ലോഗുകൾ. 'കാവ്യം സുഗേയം' ബ്ലോഗ് സാധാരണ ഡിജിറ്റൽ ആർക്കൈവുകളിൽനിന്നും വ്യത്യസ്തമായി പുനഃമാധ്യമീകരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ടാണ് കവിതകളെ സംരക്ഷിക്കുന്നത്.

മലയാളത്തിന്റെ പാരമ്പര്യത്തെയും സാഹിത്യവളർച്ചയുടെ നാൾവഴികളെയും ഉൾക്കൊള്ളുന്ന കവിതകളെ ദൃശ്യം, ശബ്ദം തുടങ്ങിയ ആവിഷ്ക്കാരസാധ്യതകൾ പ്രയോജനപ്പെടുത്തി പുനഃമാധ്യമീകരണത്തിലൂടെ അവയുടെ ആസ്വാദനസാധ്യതകൾ മെച്ചപ്പെടുത്തിയാണ് ഇവിടെ ആർക്കൈവിങ്ങ് സാധ്യമാക്കിയിരിക്കുന്നത്. സാധാരണ ഡിജിറ്റൽ ആർക്കൈവിങ്ങ് രീതികളിൽനിന്ന് വ്യത്യസ്തമായി പുനഃവിനിയോഗത്തിലൂടെയല്ല അതിനേക്കാൾ ഒരുപടി ഉയർന്ന് പുനഃശൈലീവത്ക്കരണത്തിലൂടെ കൃതികളെ സാങ്കേതികവളർച്ചയ്ക്ക് അനുയോജ്യമായ രീതിയിൽ പരിവർത്തനവിധേയമാക്കിയാണ് ഇവിടെ ആർക്കൈവിങ്ങ് സാധ്യമാക്കിയിരിക്കുന്നത്. മാത്രവുമല്ല ഒരു ലൈബ്രറി കാറ്റലോഗിനെ ഓർമിപ്പിക്കുന്നവിധത്തിൽ അക്ഷരമാലക്രമത്തിൽ അടുക്കിയിരിക്കുന്ന കവിതകളിൽനിന്നും തങ്ങൾക്കാവശ്യമായ കവിതകൾ തെരഞ്ഞെടുക്കുവാനും ആസ്വദിക്കുവാനുമുള്ള സാദ്ധ്യതകൾ ഇവിടെയുണ്ട്. ലൈബ്രറി കാറ്റലോഗിൽനിന്നും പുസ്തകത്തിന്റെ ഉള്ളടക്ക പേജിൽനിന്നും വ്യത്യസ്തമായി തിരമൊഴിയിലൂടെ കവിതയുടെ യൂട്യൂബ് വീഡിയോയിലേയ്ക്ക് എത്തിച്ചേരുവാനുള്ള വർദ്ധിതസാദ്ധ്യതകൾ പുനഃശൈലീവത്ക്കരണത്തിന്റെ പ്രയോഗഫലമായി ഉണ്ടായതാണ്. അത് പുസ്തകത്തിലെ രേഖീയവായനയിൽനിന്ന് വ്യത്യസ്തമായ വായനാപരിസരത്തേക്ക് വായനക്കാരെ എത്തിക്കുന്നതോടൊപ്പം സാഹിത്യത്തിന്റെ ലിഖിതരൂപത്തിനപ്പുറമുള്ള സാധ്യതകളിലേക്ക് കൂട്ടികൊണ്ടുപോകുകയും ചെയ്യുന്നു. മാത്രവുമല്ല കവിയെക്കുറിച്ചും കവിതയെക്കുറിച്ചും ആ കവിതയും കവിയും പ്രതിനിധീകരിക്കുന്ന ഭാവുകത്വത്തെക്കുറിച്ചും വീഡിയോയിലെ വിവരണരൂപത്തിലും ബ്ലോഗിലെ എഴുത്ത് രൂപത്തിലും നല്കിയിട്ടുള്ള വിവരങ്ങൾ ബ്ലോഗിന് ഒരു വിജ്ഞാനകോശസ്വഭാവവും നൽകുന്നുണ്ട്. കാവ്യം സുഗേയം ബ്ലോഗ് മുന്നോട്ട് വയ്ക്കുന്ന ആക്സസ് ആർക്കൈവ് സാധ്യതകളും തിരമൊഴിയിലൂടെ സാധ്യമാക്കിയ പുസ്തകവായനയ്ക്കപ്പുറമുള്ള കവിതാന്വേഷണസാധ്യതകളും മലയാളസാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണെന്ന് മനസിലാക്കുവാൻ സാധിക്കും.

**കാലാനുസൃത വീണ്ടെടുപ്പിന്റെ സാംസ്കാരിക നോട്ടം**

താളിയോലക്കെട്ടുകളിൽ മണ്ണറഞ്ഞുപോകുമായിരുന്ന പ്രാചീനസാഹിത്യകൃതികളെയും അച്ചടിയിലൂടെ പ്രകാശിതമായ കൃതികളെയും ഇന്നിന്റെ പ്രസാദനയിടങ്ങളായ ബ്ലോഗിന്റെയും യൂട്യൂബിന്റെയും സംയോജനത്തിലൂടെ വർത്തമാനകാല തലമുറയോട് സംവദിക്കുന്നവിധത്തിൽ പുനരാവിഷ്ക്കരിക്കുകവഴി ഈ കൃതികൾ വിസ്മൃതിയിലേക്ക് വീണുപോകാതെ കാത്തുസൂക്ഷിക്കുവാൻ 'കാവ്യം സുഗേയ'ത്തിനു സാധിക്കുന്നുണ്ട്. ഇന്നത്തെ തലമുറയുടെ ദൃശ്യശ്രാവ്യരൂപത്തിലുള്ള ആസ്വാദനസംസ്കാരത്തെ കൃത്യമായി തിരിച്ചറിഞ്ഞുകൊണ്ട് അവയ്ക്കനുയോജ്യമായ വിധത്തിലാണ് ഈ ബ്ലോഗിൽ കവിതകളെ ആവിഷ്ക്കരിക്കുന്നത്. വയനയ്ക്കപ്പുറത്ത് കവിതയെ ശബ്ദമായും ദൃശ്യമായും അനുഭവിച്ചറിയുവാനുള്ള സാദ്ധ്യതകൾ ഈ ബ്ലോഗ് മുന്നോട്ടുവയ്ക്കുന്നു. ഇത് കാലാനുസൃതമായ പ്രസിദ്ധീകരണതന്ത്രങ്ങളുടെ ഉപയോഗത്തിലൂടെ വർത്തമാനകാലതലമുറയെ മലയാളസാഹിത്യപാരമ്പര്യത്തിലേക്ക് ആകർഷിക്കുകയും സാഹിത്യസംസ്കാരത്തെ പുനരാനയിക്കുകയും ചെയ്യുന്നു.

മലയാളകവിതകൾ ചൊല്ലിയവതരിപ്പിച്ച ഈ സംരംഭം മലയാളത്തിലെ ചൊൽക്കവിതാപാരമ്പര്യത്തെ വർത്തമാനകാല സാങ്കേതികസവിശേഷതകളോട് ചേർത്തുവച്ച് തിരിച്ചുപിടിക്കുകയും പുനരാവിഷ്ക്കരിക്കുകയും ചെയ്യുന്നു. അതിലൂടെ പഴയ വാമൊഴിസംസ്കാരത്തിന്റെ ഡിജിറ്റൽ രൂപമായി ഈ ബ്ലോഗിനെ തിരിച്ചറിയുവാൻ നമുക്ക് സാധിക്കുന്നു. കവിത ചൊല്ലുന്നതിലൂടെ പഴയകാല കൃതികളിലെ ശൈലികളും വാക്കുകളും പ്രയോഗങ്ങളും ഉച്ചാരണരീതികളും മറവിയിൽനിന്ന് തിരിച്ചുപിടിക്കുവാനും പുതിയതലമുറയ്ക്ക് പരിചയപ്പെടുത്തുവാനും സാധിക്കുന്നു. പഴയകാലത്ത് ഒരു കൂട്ടം ജനതയ്ക്ക് നിഷിദ്ധമായിരുന്ന അതേ സാഹിത്യകൃതികളെ അതിനേക്കാൾ മെച്ചപ്പെട്ടരീതിയിൽ സാധാരണക്കാർക്ക് മനസിലാകുന്നവിധത്തിൽ വിവേചനങ്ങൾക്കതീതമായി ഏവർക്കും ലഭ്യമാക്കുവാൻ ഇതിലൂടെ സാധിക്കുന്നു. അങ്ങനെ ഈ ബ്ലോഗ് സാഹിത്യത്തിന്റെ സാങ്കേതിക ജനാധിപത്യവത്ക്കരണത്തിന്റെ ഇടമായി മാറുന്നു. നാളുകൾക്ക് മുൻപ് രചിക്കപ്പെട്ട കവിതകളെ ഇന്നത്തെ

സാമൂഹികപരിസരങ്ങൾക്ക് അനുയോജ്യമായ ദൃശ്യാകമ്പടികളോടെ പുനരാവിഷ്ക്കരിക്കുമ്പോൾ സമകാലികസാമൂഹികാർത്ഥപരിസരങ്ങൾ കവിതകൾക്ക് കൈവരുന്നു. ഒ.എൻ.വിയുടെ 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിത വർത്തമാനകാലത്തെ പ്രകൃതിചൂഷണത്തിന്റെ ചിത്രങ്ങളോട് ചേർത്തുവച്ച് അവതരിപ്പിച്ചിരിക്കുന്നത് കവിതയുടെ ക്രാന്തദർശിത്വത്തെ അടയാളപ്പെടുത്തുന്നതോടൊപ്പം കവിതയെ കാലത്തോട് ചേർത്തുവച്ച് വായിക്കുവാൻ ഇന്നത്തെ തലമുറയെ പ്രേരിപ്പിക്കുന്നു. കേരളീയപ്രകൃതിയോട് അടുത്തുനിൽക്കുന്ന കാവ്യശകലങ്ങളെ പ്രകൃതിദൃശ്യങ്ങളോട് ചേർത്തുവച്ച് അവതരിപ്പിക്കുന്നതിലൂടെ കവിതകളിലെ കേരളീയഘടകങ്ങൾ കാലാനുസൃതമായി ആവിഷ്ക്കരിക്കുവാനും കവിതയോട് ചേർത്തുവച്ച് മനസിലാക്കുമ്പോൾ കവിതയുടെ ആശയപരിസരത്തെ വികസിപ്പിക്കുവാനും ഉപകാരപ്പെടുന്നു.

കുമാരനാശാന്റെ 'വനയാത്ര'യിലെ വനസൗന്ദര്യദൃശ്യാവിഷ്ക്കാരങ്ങളും അനിത തമ്പിയുടെ 'ആലപ്പുഴവെള്ള'ത്തിലെ കായലോരസൗന്ദര്യപ്രതിനിധാനങ്ങളും കേരളീയഭൂമിശാസ്ത്രഘടകങ്ങളെ ദൃശ്യരൂപത്തിൽ ആവിഷ്ക്കരിച്ചുകൊണ്ട് കവിതയോട് കേരളീയപരിസരത്തെ ചേർത്തുവയ്ക്കുന്നതിന് ഉദാഹരണമാണ്. ഇവ ബ്ലോഗുപോലുള്ള സൈബറിടങ്ങളിൽ പ്രസിദ്ധീകരിക്കുകവഴി ഒരു സമൂഹത്തിനിടയിൽ മലയാളകവിതകൾ ഒതുങ്ങിപോകാതെ ആഗോളതലത്തിൽ ഇവ ലഭ്യമാക്കുകയും തിരിച്ചറിയപ്പെടുവാനുള്ള സാധ്യതയൊരുക്കുകയും ചെയ്യുന്നു. ദൃശ്യശ്രാവ്യപുനരാവിഷ്ക്കാരങ്ങളായതിനാൽ ഭാഷയ്ക്കതീതമായ ആസ്വാദ്യസാദ്ധ്യതകൾ തുറന്നിടുകയും ആഗോളസ്വീകാര്യതയാകർഷിക്കുകയുംവഴി മലയാളകവിതാസാഹിത്യത്തെ ലോകശ്രദ്ധയിലേക്ക് എത്തിക്കുവാൻ സാധിക്കുന്നു. ഭാഷാപഠനക്ലാസ്സുകളിൽ മാത്രമൊതുങ്ങുന്ന മലയാള പ്രാചീനകവിതകളെയും കാവ്യപ്രസ്ഥാനങ്ങളെയും ഓരോ കവിയും കവിതയും ഉൾക്കൊള്ളുന്ന ഭാവുകത്വങ്ങളെയും സാധാരണ ജനതയ്ക്കുമുന്നിൽ പരിചയപ്പെടുത്തുവാനും സാഹിത്യപഠിതാക്കൾക്കപ്പുറമുള്ള വിഭാഗങ്ങൾക്കിടയിലേക്ക് സാഹിത്യചരിത്രത്തെ സംബന്ധിച്ച സാമാന്യധാരണകൾ എത്തിക്കുന്നതിനും ഈ സംരംഭത്തിന് സാധിക്കുന്നുണ്ട്.

**വായനാസംസ്കാരത്തിലെ വ്യതിയാനം – വിമർശനാത്മക നോട്ടം**

പുസ്തക വായനയും ഇത്തരം വീഡിയോ ആവിഷ്ക്കാരങ്ങളുടെ ആസ്വാദനവും പലവിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പുസ്തകവായനയിൽ അതിമാധ്യമത ആവിഷ്ക്കരിക്കപ്പെടുന്നത് പേജ് മറിക്കുന്ന നിരന്തര പ്രവർത്തനം വായനയിൽ കടന്നുവരുമ്പോഴാണ്. എന്നാൽ വായന എന്ന പ്രക്രിയ മനുഷ്യമനസ്സിനെ ഏകാഗ്രമാക്കിക്കൊണ്ട് ഭാവനയെ ഉണർത്തുന്നു. വായിക്കുന്ന കാര്യങ്ങൾ ഭാവനയിൽ കാണുവാനും ആസ്വദിക്കുവാനും സാധിക്കുന്നു. വായിക്കുന്ന ഓരോ വ്യക്തിയുടെയും ഭാവന പലവിധത്തിൽ പ്രവർത്തിക്കുന്നു. അതിനാൽ ഒരു കൃതിയുടെ വായനാനുഭവം ഓരോരുത്തർക്കും വ്യത്യസ്തമാകുന്നു. എന്നാൽ 'കാവ്യം സുഗേയ'ത്തിൽ കാണുന്ന കാവ്യാവിഷ്ക്കാരങ്ങൾ വായനയ്ക്കതീതമായി ശബ്ദം, ദൃശ്യം തുടങ്ങി ബഹുമുഖ അനുഭവമാക്കി കവിതയെ മാറ്റുന്നു. അത് പുസ്തകവായനയേക്കാൾ മികച്ച അനുഭവം നൽകുന്നു. ഒരേ സമയം കാഴ്ച, കേൾവി തുടങ്ങിയ ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിച്ച് ഒരു ബഹുമുഖ അനുഭവമാക്കി കാവ്യസ്വാദനത്തെ പരിവർത്തിപ്പിക്കുന്നു. എന്നാൽ ഇത് ഏകാഗ്രമായ വായന എന്ന സങ്കൽപ്പത്തെയും പുസ്തകവായന മുന്നോട്ട് വയ്ക്കുന്ന അമാധ്യമതയെയും തിരുത്തിയെഴുതുന്നു. വായന എന്നത് വായനക്കാരൻ സ്വയം കണ്ടെത്തുന്ന അനുഭൂതികളുടെ നിശബ്ദ പ്രോത്സാഹനമാണ്. എന്നാൽ കവിതകളുടെ ചൊൽക്കാഴ്ചകൾ ഇവിടെ അതിമാധ്യമതയുടെ പ്രകടനരൂപമായി മാറുന്നു. കവി അഥവാ വീഡിയോ ആവിഷ്ക്കരങ്ങളുടെ സ്രഷ്ടാവ് ഓരോ വരികൾക്കും നൽകിയിരിക്കുന്ന ദൃശ്യാവിഷ്ക്കാരങ്ങളിൽ ആസ്വാദകന്റെ മനസ്സ് കുടുങ്ങികിടക്കുന്നു. അതിനപ്പുറമുള്ള വ്യക്തിപരമായ ഭാവനാതലങ്ങളിലേക്കുള്ള യാത്ര തടസ്സപ്പെടുന്നു. ഒരേ സമയം ദൃശ്യങ്ങൾ, ശബ്ദം, ചലനാത്മക പാഠം തുടങ്ങി നിരവധി ഘടകങ്ങളിൽ ആസ്വാദകന്റെ ശ്രദ്ധ ചിതറിപ്പോകുന്നു. അത് കവിതയെ ആഴത്തിൽ വിശകലനം ചെയ്യുന്നതിനു പകരം ഉപരിപ്ലവമായ വായനരീതി സ്വീകരിക്കുവാൻ ആസ്വാദകനെ പ്രേരിപ്പിക്കുന്നു. വീഡിയോ ആവിഷ്ക്കാരങ്ങൾ ഒരേ സമയം പലതിലേക്ക് ആസ്വാദകന്റെ ശ്രദ്ധയാകർഷിച്ച് ആഴത്തിലുള്ള ആസ്വാദനത്തെ തടസ്സപ്പെടുത്തുന്നു. ഇത് ഒരു വ്യക്തിയുടെ 'അറ്റൻഷൻ സ്പാൻ' (ഒരു കാര്യത്തിൽ ഒരു നിശ്ചിത സമയത്തിൽ കൂടുതൽ ഏകാഗ്രമായി ശ്രദ്ധിക്കുവാനുള്ള കഴിവ്) കുറയ്ക്കുന്നു. മാത്രവുമല്ല ഒരു കൃതിയ്ക്ക് നേരത്തെ തന്നെ ഒരു ദൃശ്യാവിഷ്ക്കാരം നിർമ്മിച്ച് വയ്ക്കുമ്പോൾ വായനയിലൂടെ ഒരു കൃതിയ്ക്ക് കൈവന്നേക്കാവുന്ന നിരവധി വ്യാഖ്യാനങ്ങളെ തടസ്സപ്പെടുത്തുക കൂടിയാണ് ചെയ്യുന്നത്. ഒരു കൃതിയുടെ രചനയോടെ എഴുത്തുകാരൻ മരിക്കുന്നു എന്നും, വായനക്കാരനാണ് ആ കൃതിക്ക് അർത്ഥങ്ങൾ നൽകുന്നത് എന്നുമുള്ള ചിന്ത വ്യർത്ഥമാകുന്നു. ഇവിടെ വീഡിയോകളുടെ സ്രഷ്ടാവ് നിർമ്മിച്ചുവച്ച ദൃശ്യങ്ങളിൽ വ്യാഖ്യാനങ്ങൾ ഒതുങ്ങുന്നു. വ്യത്യസ്തമായ കാഴ്ചപ്പാടുകളെയും വ്യാഖ്യാനങ്ങളെയും നിരുത്സാപ്പെടുത്തുകയാണ് ഇത്തരം വീഡിയോകൾ ചെയ്യുന്നത്. ഡിജിറ്റൽ റീമീഡിയേഷൻ പ്രക്രിയ മലയാളത്തിലെ പഴയകാല കവിതകളെ കാലാനുസൃതമായി വീണ്ടെടുക്കുമ്പോൾ ഇതുവരെ നിലനിന്നുപോന്ന വായനാസംസ്കാരത്തെ തന്നെ തിരുത്തിയെഴുതുകകൂടിയാണ് ചെയ്യുന്നത്.

**ഉപസംഹാരം**

രേഖീയ വായനാമാതൃകയായ കവിതാപുസ്തകത്തിന്റെ പുനഃശൈലീകൃതരൂപമാണ് 'കാവ്യം സുഗേയം' ബ്ലോഗ്. കാലാനുസൃതമായ സാങ്കേതികവളർച്ചയെ പ്രയോജനപ്പെടുത്തി ബഹുമാധ്യമതയുടെ സംയോജനത്തിലൂടെയാണ്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

'കാവ്യം സുഗേയം' ബ്ലോഗിൽ കവിതകളെ പുനരാവിഷ്ക്കരിച്ചിരിക്കുന്നത്. ബ്ലോഗറായ കവി ജ്യോതിബായ് പരിയാടത്ത് മലയാളത്തിലെ ക്ലാസ്സിക്ക് കവിതകൾ ചൊല്ലുന്നത് പ്രേക്ഷകൻ നേരിട്ട് കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ പുസ്തകവായനയുടെ മാധ്യമീകൃതസ്വഭാവത്തെ മറികടന്ന് അമാധ്യമതയുടെ യുക്തിയിലൂടെ പ്രേക്ഷകരെ നേരിട്ട് കവിതയിലേക്ക് അടുപ്പിക്കുവാൻ ഈ ബ്ലോഗിലെ കാവ്യാവിഷ്ക്കാരങ്ങൾക്ക് സാധിക്കുന്നുണ്ട്. ബ്ലോഗിന്റെ ഇന്റർഫെയ്സ്, തിരമൊഴിയുടെ സഞ്ചാരപദങ്ങൾ തുടങ്ങിയവ അതിമാധ്യമതയിലൂടെ പുസ്തകത്തിലെ ലിഖിതാവിഷ്ക്കാരങ്ങളെക്കാൾ മികച്ച സൗകര്യങ്ങൾ ബ്ലോഗിന് നൽകുകയും കാലാനുസൃതമായി വായനാസംസ്കാരത്തെ പരിഷ്ക്കരിക്കുകയും ചെയ്യുന്നു. വീഡിയോ, ഓഡിയോ, കൈനെറ്റിക് ടെക്സ്റ്റ്, ആനിമേഷൻ തുടങ്ങിയ ബഹുമാധ്യമ സന്നിവേശത്തിലൂടെയും ട്രാൻസിഷനുകൾ ഇണക്കിചേർത്ത എഡിറ്റിംഗ് തന്ത്രങ്ങളിലൂടെയും അതിമാധ്യമ പ്രതിഫലനത്തിലൂടെ കാവ്യാവിഷ്ക്കാരങ്ങളെ കാലാനുസൃതമായി വീണ്ടെടുക്കുവാനും ബ്ലോഗിലെ കവിതകൾക്ക് സാധിക്കുന്നുണ്ട്.

പുസ്തകം മറിക്കുന്ന ട്രാൻസിഷനുകളുടെ പ്രയോഗമാകട്ടെ പുനഃശൈലീവാത്ക്കരണത്തിലൂടെയുള്ള ഒരു 'നൊസ്റ്റാൾജിയ' രൂപീകരണമായും മനസിലാക്കുവാൻ സാധിക്കും. കാവ്യാർത്ഥങ്ങളുടെ ധ്വനിവ്യാപ്തിയെ വർദ്ധിപ്പിക്കുന്നതിനും കാവ്യാർത്ഥത്തെ വർത്തമാനകാല സാഹചര്യങ്ങളോട് ചേർത്തുവച്ച് മനസിലാക്കുന്നതിനുമെല്ലാം അതിമാധ്യമതാസന്നിവേശം ഉപയോഗിക്കപ്പെടുന്നത് വായനയെക്കാൾ മികച്ച ആശയപരിസരങ്ങൾ പുനഃമാധ്യമീകൃതരൂപത്തിൽ കവിതകൾക്ക് സ്വായത്തമാകുന്നുണ്ട്. മാത്രവുമല്ല കവിതകളെ അനുഭവവേദ്യമാക്കുവാൻ ബഹുമാധ്യമസന്നിവേശംകൊണ്ട് സാധിക്കുന്നത് സാങ്കേതിക പുരോഗതിക്കനുസരിച്ച് കാലാനുസൃതമായി വായനാസമ്പ്രദായത്തിന് കൈവന്നിട്ടുള്ള പരിണാമപ്രതിഫലനമാണ്.

'കാവ്യം സുഗേയം' എന്ന ബ്ലോഗ് ഒരു ഓപ്പൺ ആക്സസ് ഡിജിറ്റൽ ആർക്കൈവായി മാറിക്കൊണ്ട് മലയാളസാഹിത്യത്തിലെ പ്രാചീന–മധ്യകാല–ആധുനിക–ഉത്തരാധുനിക ഘട്ടങ്ങളിലെ മലയാളകവിതാസാഹിത്യത്തിന്റെ പ്രതിനിധീകൃത മാതൃകകളെ സാങ്കേതിക പുനരാവിഷ്ക്കരണത്തിലൂടെ കാലാനുസൃതമായി വീണ്ടെടുക്കുകയും ഭാവിയിലേക്കായി കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. കവി, കവിത, പ്രസ്ഥാനം തുടങ്ങിയവയെ സംബന്ധിച്ച വിവരണങ്ങൾ നൽകിയിരിക്കുന്നത് ഒരു ഡിജിറ്റൽ രൂപത്തിലുള്ള കവിതാശേഖരം എന്നതിൽ കവിഞ്ഞ് ഒരു വിജ്ഞാനകോശ സ്വഭാവവും ഈ ബ്ലോഗിന് നൽകുന്നു. പുനഃശൈലീകരണത്തിലൂടെയുള്ള ഈ ഡിജിറ്റൽ ആർക്കൈവിങ്ങ് പദ്ധതി കവിതകളുടെ കാലാനുസൃതമായ പുനരുജ്ജീവനത്തിലൂടെ പുതുതലമുറയെയും മലയാളസാഹിത്യത്തിലേക്ക് അടുപ്പിക്കുന്നു. ഈ സംരംഭം മലയാളസാഹിത്യത്തിലെ ചൊൽക്കവിതാപാരമ്പര്യത്തെ സാങ്കേതികതയിലൂടെ തിരിച്ചുപിടിക്കുന്നു. ഇത് 'കാവ്യം സുഗേയം' എന്ന ബ്ലോഗിനെ പഴയവാമൊഴി സംസ്കാരത്തിന്റെ ഡിജിറ്റൽ രൂപമായി പരിവർത്തിപ്പിക്കുന്നു. മാത്രവുമല്ല ഈ ഡിജിറ്റലൈസേഷൻ പ്രക്രിയ മലയാളസാഹിത്യത്തെ ജനാധിപത്യവത്ക്കരിക്കുവാനും സഹായകമായിട്ടുണ്ട്. കൃതികളെ വർത്തമാനകാലത്തോട് ചേർത്തുവച്ചുകൊണ്ട് പുനഃശൈലീകരിക്കുമ്പോൾ കവിതകൾക്ക് സമകാലിക സാമൂഹികാർത്ഥപരിസരങ്ങൾ കൈവരികയും കവിതയുടെ അർത്ഥവ്യാപ്തി വർദ്ധിക്കുകയും ചെയ്യുന്നു. ഭാഷയ്ക്കതീതമായ ബഹുമാധ്യമപ്രകാശനങ്ങളുടെ സാമൂഹ്യമാധ്യമപ്രസിദ്ധീകരണരൂപമായ ഈ ബ്ലോഗ് മലയാളകവിതാസാഹിത്യത്തെ ആഗോളസ്വീകാര്യതയിലേക്ക് ഉയർത്തുവാനും അവസരമൊരുക്കുന്നു. മലയാളസാഹിത്യകൃതികളെയും സാഹിത്യചരിത്രവിവരണങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് കാലത്തോട് സംവദിക്കുന്നവിധത്തിലുള്ള ഇത്തരമൊരു പുനഃശൈലീകൃത ഡിജിറ്റൽ ആർക്കൈവിങ്ങ് പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കുകയും മലയാളസാഹിത്യചരിത്രത്തെ കാലാനുസൃതമായി വീണ്ടെടുത്ത് അവയുടെ വായനയിലേക്ക് വർത്തമാനകാല തലമുറയുടെ ശ്രദ്ധയാകർഷിക്കുകയും സാഹിത്യകൃതികളെ ഭാവിയിലേക്ക് കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വെളിവാക്കുന്നതോടൊപ്പം അതിന്റെ ഒരു പ്രായോഗികമാതൃക മുന്നോട്ടുവയ്ക്കുകയും കൂടി ചെയ്യുന്ന സംരംഭമാണ് 'കാവ്യം സുഗേയം' ബ്ലോഗ് എന്ന് മനസിലാക്കാം.

കാവ്യാവിഷ്ക്കാരങ്ങളിലെ ബഹുമാധ്യമ സന്നിവേശം വായനാസംസ്കാരത്തിൽ തന്നെ മാറ്റം കൊണ്ടുവന്നിട്ടുണ്ട്. നിരവധി ഗുണങ്ങളോടൊപ്പം ദോഷങ്ങളും ഇത്തരം ആവിഷ്ക്കരരീതി മുന്നോട്ട് വയ്ക്കുന്നുണ്ട്. ഭാവനാപരിസരങ്ങളെ പരിമിതപ്പെടുത്തുവാനും വ്യത്യസ്തവ്യാഖ്യാനങ്ങളെ നിരുത്സാഹപ്പെടുത്തുവാനും ഇത്തരം ദൃശ്യാവിഷ്ക്കാരങ്ങൾ കാരണമാകുന്നുണ്ട്. ആഴത്തിലുള്ള വായനയെ പരിമിതപ്പെടുത്തി ഉപരിപ്ലവമായ വായനാസംസ്കാരത്തെ മുന്നോട്ടുവച്ച് വ്യക്തികളുടെ ശ്രദ്ധാകേന്ദ്രീകരണ സമയപരിധി കുറയ്ക്കുവാനും കാരണമാകുന്നുണ്ട്. വായനാസംസ്കാരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഇത്തരം ദോഷകരമായ വ്യതിയാനങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടും അവ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ടും ഇത്തരം പുനഃമാധ്യമീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

**കുറിപ്പുകൾ**

1. Bolter and Grusin, p.45: "The representation of one medium in another is remediation"
2. Bolter and Grusin, p.6: "The logic of immediacy dictates that the medium itself should disappear and leave us in the presence of the thing represented"

3. Bolter and Grusin.p.33: “Hypermediacy expresses itself as multiplicity”
4. Bolter and Grusin, p.33: “Repurposing: To take a ‘property’ from one medium and reuse it in another”

**ഗ്രന്ഥസൂചി**

. ആലീസ്, മിനി. കവിതയുടെ രസമാപിനികൾ. സൈകതം ബുക്സ് ,2024.
. പാലക്കുടി, മനോജ് ജെ. മലയാള സൈബർ സാഹിത്യം. ഗ്രീൻ ബുക്സ്, 2018.
. മാന്നുവൽ, ജോസ് കെ., എഡിറ്റർ. നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം. ആത്മ ബുക്സ്, 2022.
. മാന്നുവൽ, ജോസ് കെ., സൈബർ ആധുനികത @ മലയാളം. ആത്മ ബുക്സ്, 2023.
. ഷെല്ലി, എം. ആർ., എ. എസ്. പ്രതീഷ്. നവമാധ്യമങ്ങൾ: സാഹിത്യം സംസ്കാരം രാഷ്ട്രീയം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2019.
. Bolter, Jay David, and Richard Grusin. Remediation: Understanding New Media. MIT Press, 2000.

വെബ്സൈറ്റുകൾ

പരിയടത്ത്, ജ്യോതിഭായ്. "കാവ്യം സുഗേയം". ഗൂഗിൾ സൈറ്റ്, https://kavyamsugeyam.blogspot.com/?m=1 . സന്ദർശിച്ച തീയതി: 12 ഫെബ്രുവരി 2026.

"ആലപ്പുഴ വെള്ളം | Alappuzhavellam | Anitha Thampi". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 20 ഡിസംബർ 2021, https://youtu.be/6qnc1O_JmMU?si=yE2XT8bVuRrAkZ3m.

"Bhoothakkannaadi | ഭൂതക്കണ്ണാടി | Ulloor S. Parameswara Iyer". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 3 ഫെബ്രുവരി 2014, https://youtu.be/iREhgEwPDUo?si=QgnY4FGAdA6umaAV.

"ഭൂമിക്ക് ഒരു ചരമഗീതം | Bhoomikku Oru Charamageetham | O.N.V. Kurupp". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 18 മാർച്ച് 2013, https://youtu.be/9vT3lLKJEqU?si=v9ZgVWBVQsSclZWm

"Day 16 | Gajendramoksham | ഗജേന്ദ്രമോക്ഷം | Sugathakumari". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 8 ഏപ്രിൽ 2020, https://youtu.be/vWpAxitjM48?si=luz-QBJAz0Q5Hw1Y

"ഗരിസപ്പാ അരുവി അല്ലെങ്കിൽ ഒരു വനയാത്ര | Garisappa Aruvi Allenkil Oru Vanayathra | Kumaran Asan". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 6 സെപ്റ്റംബർ 2022, https://youtu.be/-FAzfrzu86E?si=gn98CLCncU-QHW0_.

"Karuna | കരുണ | Kumaran Asan". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 23 ജൂൺ 2012, https://youtu.be/7oEoLw4OyF0?si=59j71iu2z1FoLFM8.

"Karutha Chettichikal | കറുത്ത ചെട്ടിച്ചികൾ | Edasseri Govindan Nair". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 5 ഒക്ടോബർ 2023, https://share.google/KJhZGPJc8p7yG0hYy

"Krishnagadha | Cherusseri". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 26 ജൂൺ 2014, https://youtu.be/poLorp3ly9g?si=o0My7rGCaC-32szp.

"നർത്തകി | Narthaki | Vyloppilli Sreedhara Menon". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 19 ജൂലൈ 2025, https://youtu.be/WuiE65kx6ak?si=eaSjUpKj2QeXSSGc.

"Vellappokkam | വെള്ളപ്പൊക്കം | N. V. Krishna Warrier". YouTube, uploaded by Jyothibai Pariyadath കാവ്യം സുഗേയം, 6 ജൂൺ 2014, https://youtu.be/3qB3PaPBMf0?si=A-GcSyoVa5Np4Pel.

About the Researcher

ആർദ്ര. പി. ആർ.
ഗവേഷക
മലയാള വിഭാഗം
യൂണിയൻ ക്രിസ്ത്യൻ കോളേജ് ആലുവ
Email: aadhuaardra@gmail.com
Mob: 9895488679

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0031

# പുതുകഥ: സ്വത്വനിർമ്മിതിയും പ്രാദേശിക പ്രതിനിധാനവും

**ആദിത്യ കെ.ജി.**

**പ്രബന്ധസംഗ്രഹം**

ആധുനികതയുടെ നിർവചനങ്ങളെയും പരിധികളെയും ചോദ്യം ചെയ്തുകൊണ്ട് ഒരു സാംസ്കാരിക ബൗദ്ധിക പ്രസ്ഥാനമായി ഉയർന്നുവന്ന ഉത്തരാധുനികത ഇരുപതാം നൂറ്റാണ്ടിൻ്റെ അവസാനപാദങ്ങളിൽ മലയാള സാഹിത്യത്തിലാകമാനം മാറ്റങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. വ്യക്തികളുടെ ആന്തരികവും സാമൂഹികവുമായ സ്വത്വം പല മാനങ്ങളിൽ നിന്ന് വീക്ഷിക്കപ്പെടാൻ തുടങ്ങിയതോടെ കഥാസാഹിത്യത്തിന് ഒരു നവീനമുഖം പ്രത്യക്ഷമായി. ആഖ്യാനം, പ്രമേയം എന്നിവയെ കുറിച്ചുള്ള സാമ്പ്രദായികധാരണകളെ പൊളിച്ചെഴുതിക്കൊണ്ടാണ് വർത്തമാനസാഹിത്യത്തിൽ ഓരോ ചെറുകഥയും പിറവിയെടുക്കുന്നത്. അനുദിനം പരിണാമവിധേയമായിക്കൊണ്ടിരിക്കുന്ന ചെറുകഥകൾ ഭാവനയുടെയും വിശ്വാസത്തിൻ്റെയും ചരിത്രത്തിൻ്റെയും വർത്തമാനയാഥാർഥ്യങ്ങളുടെയും മിശ്രണത്തിലൂടെ കൃത്യമായ രാഷ്ട്രീയം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. കഥയ്ക്കുള്ളിൽ അവതരിപ്പിക്കപ്പെടുന്ന ദേശകാലചരിത്രസംഭവങ്ങൾ എപ്പോഴും ചർച്ചകൾക്ക് വിഷയമാണ്. അവിടെയെല്ലാം അടിവരയിട്ട് രേഖപ്പെടുത്തുന്ന ഒന്ന് മലയാളചെറുകഥയ്ക്ക് ഇവിടുത്തെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പരിണാമങ്ങളുമായുള്ള ബന്ധമാണ്. കഥകൾ വെറും ആഖ്യാനങ്ങളല്ലാതെ ഒരു പ്രദേശത്തിന്റെ ഭാഷയും സംസ്കാരവും ജീവിതരീതികളും അടയാളപ്പെടുത്തുന്ന പ്രാദേശികപ്രതിനിധാനങ്ങളായി മാറുകയും തികച്ചും സങ്കീർണ്ണമായ സാമൂഹിക- മാനസിക വ്യാപാരങ്ങളുള്ള കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടുന്ന ഭൂമികയായി പരിണമിക്കപ്പെടുകയും ചെയ്തു. ഇങ്ങനെ പുതുകഥകളിൽ പ്രത്യക്ഷമാകുന്ന പ്രാദേശികതയെയും സ്വത്വനിർമ്മിതിയെയും വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ പഠനം.

.......................................................................................................................................................................

**ആമുഖം**

കഥപറച്ചിലിൻ്റെ വ്യത്യസ്തമായ വഴികളെ ശീലിച്ചവരാണ് മലയാളികൾ. രൂപത്തിലും ഭാവത്തിലുമുള്ള വൈവിധ്യം ആരംഭദശ മുതൽ ചെറുകഥകൾക്കുണ്ടായിരുന്നു. നവോത്ഥാനപ്രസ്ഥാനത്തോടെ ജീവിതഗന്ധികളായിത്തീർന്ന ചെറുകഥകൾ മനുഷ്യജീവിതത്തിൻ്റെ എല്ലാ വശങ്ങളിലേക്കും നിസ്സങ്കോചം കടന്നുചെന്നു. അതോടെ നവീനമായൊരു ഭാവുകത്വം മലയാള ചെറുകഥയ്ക്ക് വന്നുചേർന്നു. ഈ ഭാവുകത്വപരിണാമത്തിന്റെ തുടർച്ചയോ പരിഷ്കരിക്കപ്പെട്ട രൂപമോ ആണ് ആധുനികാനന്തര ചെറുകഥകൾ. പരമ്പരാഗത കഥാകഥന രീതിയും പ്രതീകാത്മകതയും ഭാവുകത്വവും മാറ്റിനിർത്തി മനുഷ്യരുടെ ദൈനംദിന ജീവിതാനുഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിക്കാനാണ് പുതുകഥ ശ്രമിച്ചത്. ഈ പുതിയ കഥാസഞ്ചാരത്തിൽ വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം പുനർനിർവചിക്കപ്പെടുകയും അതിൽ സമൂഹം, സംസ്കാരം, വ്യക്തിബന്ധങ്ങൾ, വ്യക്തിത്വം, സാമൂഹിക രാഷ്ട്രീയ പ്രാദേശിക ഘടകങ്ങൾ തുടങ്ങിയവ പുതിയ അർത്ഥതലങ്ങളോടെ പ്രത്യക്ഷപ്പെടാൻ തുടങ്ങുകയും ചെയ്തു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

ആഖ്യാനം, പ്രമേയം, രൂപം എന്നിവയെ കുറിച്ചുള്ള സാമ്പ്രദായികധാരണകളെ തിരുത്തിയെഴുതിക്കൊണ്ടുള്ള ബഹുസ്വരമായ ആവിഷ്കാരം നവീനകഥാഖ്യാനത്തെ വിപുലപ്പെടുത്തി. ഈ വൈപുല്യത്തിലാണ് സ്ത്രീകളും ദളിതരും പരിസ്ഥിതിയുമൊക്കെ ഉൾപ്പെടുന്നത്. അസ്തിത്വദുഃഖവും നിരർഥകതാബോധവും മൃത്യുപൂജയുമൊക്കെ വാഴ്ത്തപ്പെട്ട ആധുനികകഥകളിൽ നിന്ന് പുതിയ കഥകൾ വ്യത്യസ്തമാകുന്നത് ചെറുതുകളുടെ ഈ സൂക്ഷ്മാവിഷ്കാരത്തിലാണ്. ഒരു തരത്തിൽ പഴയ റിയലിസ്റ്റിക് കഥകളുടെ പുനരാവർത്തനമായി നവീന ചെറുകഥകളിലെ ഈ മാറ്റങ്ങളെ പരിഗണിക്കാം. കാരണം പുതിയ കഥകൾ നിലനിൽക്കുന്ന മനുഷ്യജീവിതത്തിൻ്റെ സാധാരണസാഹചര്യങ്ങളുടെ സ്വാഭാവിക ഉൽപ്പന്നങ്ങൾ തന്നെയാണ്. ഇതിവൃത്തവും പ്രമേയവും കഥാപാത്രങ്ങളുമെല്ലാം അവയുടെ ഏറ്റവും ശുദ്ധമായ നൈസർഗ്ഗികതയിൽ ഈ കഥകളിൽ കടന്നുകൂടുന്നു എന്നതിനെയാണ് പ്രത്യേകമായി കാണേണ്ടത്. കഥാപാത്രങ്ങളുടെ സ്വഭാവത്തിലും വ്യക്തിത്വ നിർമ്മിതിയിലും എഴുത്തുകാർ സൂക്ഷ്മത പുലർത്തുന്നു. കഥാപാത്രങ്ങളുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്ന സാമൂഹിക സാംസ്കാരിക ഭാഷാ പശ്ചാത്തലങ്ങളുടെ നിർമ്മിതിയിലാണ് പിന്നീട് ഓരോ എഴുത്തുകാരും കാര്യമായി ശ്രദ്ധിക്കുന്നതെന്നും മനസ്സിലാക്കണം. കഥകൾ വെറും ആഖ്യാനം എന്ന രീതി വിട്ട് ഒരു പ്രദേശത്തിൻ്റെ ഭാഷയും സംസ്കാരവും ജീവിതരീതിയും ഉൾപ്പെടുന്ന പ്രദേശിക നിർമ്മിതികളായി മാറുന്നു. അതുകൊണ്ടുതന്നെ പുതുകഥയിലെ സ്വത്വനിർമ്മിതിയെ കുറിച്ചും പ്രാദേശിക പ്രതിനിധാനത്തെ കുറിച്ചുമുള്ള പഠനത്തിന് സാംഗത്യമുണ്ട്. ഫ്രാൻസിസ് നൊറോണയുടെ 'തൊട്ടപ്പൻ' , വി.ഷിനിലാലിൻ്റെ 'രണ്ടു മരങ്ങൾ', എബ്രഹാം മാത്യുവിന്റെ 'മൗനം മധുരം', 'കടുവ' എന്നീ കഥകളാണ് ഈ പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഇവയുടെ വിശകലനത്തിലൂടെ പുതുകഥകളിലെ സ്വത്വ നിർമ്മിതി, പ്രാദേശിക പ്രതിനിധാനം എന്നീ ഘടകങ്ങളെ കുറിച്ച് പഠിക്കുന്നു.

**പുതുകഥ**

മലയാള ചെറുകഥയുടെ വർത്തമാനം വൈവിധ്യങ്ങളുടെ വിശാല ഭൂമികയാണ്. ഏകാത്മകതയോ സമാനതകളോ പങ്കുവയ്ക്കാതെ തന്നെ സമകാലിക ലോകജീവിതത്തിൻ്റെ ഭിന്നപാഠങ്ങൾ ഈ കഥകളിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിൻ്റെ പ്രാരംഭഘട്ടത്തിൽ ജീവിതത്തെക്കുറിച്ചുള്ള വ്യതിരിക്തഭാവങ്ങളുമായി കടന്നു വന്ന ചെറുകഥാപ്രസ്ഥാനം നിർവ്വചനങ്ങളിൽ ഒതുങ്ങിക്കൂടുന്നതായിരുന്നില്ല. രൂപഭാവതലങ്ങളിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമങ്ങളാണ് ഇതിന് ഹേതുവാകുന്നത്. മനുഷ്യൻ എന്ന ജീവിവർഗ്ഗം ആന്തരികവും ബാഹ്യവുമായ സങ്കീർണ്ണജീവിതം നയിക്കുന്നവരാണ്. മൂർത്തവും അമൂർത്തവുമായ ഈ ജീവിതസങ്കീർണത മറ്റ് സാഹിത്യങ്ങളിലെന്ന പോലെ കഥാലോകത്തും ചലനങ്ങളുണ്ടാക്കി. സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ ഘടകങ്ങളോട് ഈ സങ്കീർണ്ണത കൂടിച്ചേരുകയും വിഘടിക്കുകയും ചെയ്തതിൻ്റെ അനന്തരഫലങ്ങളാണ് പുതുകഥയെ സൃഷ്ടിക്കുന്നത്.

സങ്കീർണ്ണമായ പ്രമേയങ്ങളും സർഗാത്മകതയും ഉത്തരാധുനിക ചെറുകഥകളെ തീക്ഷ്ണസുന്ദരമാക്കിത്തീർക്കുന്നു. സ്ത്രീവാദം, ദളിത് വാദം, പരിസ്ഥിതിവാദം, എന്നിവയ്ക്കൊപ്പം മാധ്യമസംസ്കാരവും വിപണിസംസ്കാരവും കൂടി പുതുകഥകളിൽ വിഷയീഭവിക്കാൻ തുടങ്ങിയതോടെ കാലാതീതമായി മനുഷ്യരെ കാണുവാനും നവസാങ്കേതികവിദ്യയുടെ അപമാനവീകരണ ശ്രമങ്ങളെ തുറന്നെഴുതുവാനുമുള്ള കരുത്ത് പുതുകാല ആഖ്യാനങ്ങൾ നേടി. ഏച്ചുകെട്ടലുകളും ദുർഗ്രാഹ്യതയും വെടിഞ്ഞ് സ്വതന്ത്രവും സ്വാഭാവികവുമായ ഭാഷയിൽ മനുഷ്യജീവിതം ഈ കഥകളിൽ ആവിഷ്കരിക്കപ്പെടുന്നു. സമൂഹത്തിൻ്റെ മുഖ്യധാരയിൽ നിന്ന് പാർശ്വവത്കരിക്കപ്പെട്ടവരുടെയും മാറ്റിനിർത്തപ്പെട്ടവരുടേയും ശബ്ദങ്ങളെ പുതുകാല കഥകൾ ബോധപൂർവം സ്വീകരിക്കുന്നു. ലിംഗവൈവിധ്യങ്ങളും അരികു ജീവിതങ്ങളും കള്ളനും കൊലപാതകിയും തുടങ്ങി മനുഷ്യർ എന്ന ഏകവചനത്തിൽ ഒതുക്കപ്പെട്ട സകല വൈവിധ്യങ്ങളുടെയും പ്രതിനിധാനങ്ങളുടെ രാഷ്ട്രീയം പുതുകഥകൾക്കുണ്ട്. ചരിത്രം, മാനവികത, അധികാരം, പ്രാദേശികത, കുടുംബം, സ്വത്വം, സംസ്കാരം എന്നിവയെല്ലാം പുതുകഥകളിൽ പ്രാധാന്യത്തോടെ പ്രത്യക്ഷപ്പെടുന്നു.

സ്വത്വനിർമ്മിതി പുതുകഥകളിൽ

പുതുകഥ വ്യക്തികളുടെ ആന്തരിക ഭാവങ്ങളിലേക്ക് ചൂഴ്ന്നു പോകുന്ന സാഹിത്യമാണ്. കഥാപാത്രങ്ങളുടെ മനഃശാസ്ത്രം, വികാരങ്ങൾ, ആകാംക്ഷകൾ, ഒറ്റപ്പെടലുകൾ തുടങ്ങിയ മനോവ്യാപാരങ്ങൾ മുഖ്യമായി പ്രതിഫലിപ്പിക്കുന്നതിലൂടെ മനുഷ്യരുടെ സ്വത്വം പുതുകഥാഖ്യാനത്തിലെ പ്രധാന ഘടകമായി. ഒരു വ്യക്തിയുടെയോ വസ്തുവിൻ്റെയോ സ്വത്വമെന്നത് അതിൻ്റെ തന്മ അഥവാ മറ്റൊന്നിൽ നിന്ന് അതിനെ വേർതിരിക്കുന്ന ഘടകം എന്നാണ് അർത്ഥം. ഇംഗ്ലീഷിലെ ഐഡൻറിറ്റി, പേഴ്സണലിറ്റി എന്നീ വാക്കുകളുടെ സംയോജിതാർഥമാണ് സ്വത്വത്തിനുള്ളത്. ഓരോ വ്യക്തികളുടെയും സ്വത്വം എന്നത് അയാളുടെ മാത്രം സവിശേഷതയാണ്. സ്വഭാവം, ചിന്ത, കാഴ്ചപ്പാടുകൾ, അഹംബോധം, തനിമ, അനന്യത തുടങ്ങിയവയെല്ലാം സ്വത്വത്തിൽ ഉൾച്ചേർന്നിരിക്കുന്നു. "ഒരു വ്യക്തിയുടെ പെരുമാറ്റപരവും വൈകാരികപരവുമായ പ്രത്യേകതകളുടെ ആകെത്തുകയായി വിവിധ ചിന്താധാരകളിൽ സ്വത്വം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്."[1] ഒരാളുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങളാണ് ജന്മവാസന, പാരമ്പര്യം, സാഹചര്യം, വിദ്യാഭ്യാസം എന്നിവ. ഇതെല്ലാം ചേർന്നുള്ള വ്യക്തിത്വമാണ് സ്വത്വത്തിന്റെ കാതൽ.

ഒരു മനുഷ്യൻ തന്റെ വ്യക്തിത്വവും സ്ഥിതിയും മനസ്സിലാക്കി സ്വയം നിർവചിക്കുന്ന പ്രക്രിയയാണ് സ്വത്വനിർമ്മിതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉത്തരാധുനികത  മനുഷ്യന്റെ സ്വത്വം ഒരു സ്ഥിരസത്യമല്ലെന്ന് കരുതുന്നു. ഈ അസ്ഥിരത നിലനിൽക്കുന്നതുകൊണ്ട് ഇതുവരെയുള്ള കഥകളിൽ നിന്ന് വ്യത്യസ്തമായി പുതുകഥകളിൽ നായക/പ്രതിനായക കഥാപാത്രങ്ങൾ കൃത്യമായി അടയാളം ചെയ്യപ്പെടുന്നില്ല. കഥാപാത്രങ്ങൾക്കുള്ളിൽ തന്നെ തങ്ങൾ ആര്, എന്ത് എന്നുള്ള സംശയങ്ങൾ ഉണ്ടാകുന്നതും സാധാരണമാണ്. ഇതിനെ വിഘടിത സ്വത്വം (Fragmented Identity) എന്ന് പറയുന്നു. ഉത്തരാധുനിക കഥകളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ വെറും ആശയവിനിമയ മാധ്യമമല്ല. ഇവിടെ ഭാഷ തന്നെയാണ് സ്വത്വം നിർമ്മിക്കുന്ന പ്രധാന ഉപാധിയാകുന്നത്. ചുരുക്കത്തിൽ, ഉത്തരാധുനിക കഥകളിൽ സ്വത്വനിർമ്മിതി സ്ഥിരതയില്ലാത്ത, വിഘടിതമായ സ്വത്വങ്ങളുടെ അവതാരമായി മാറുന്നു. സമൂഹം, ഭാഷ, മാധ്യമങ്ങൾ, അധികാരബന്ധങ്ങൾ എന്നിവയുടെ സ്വാധീനത്താൽ കഥാപാത്രങ്ങളുടെ സ്വത്വം നിരന്തരം പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കും.

സ്ഥിരവും ഏകകേന്ദ്രീകൃതവുമായ ആന്തരിക യാഥാർഥ്യമായാണ് ആധുനികത സ്വത്വത്തെ കണ്ടത്. എന്നാൽ പുതുകഥകളിൽ വ്യക്തിയും സമൂഹവും തമ്മിലുള്ള ഒരിക്കലും അവസാനിക്കാത്ത ബന്ധവ്യൂഹങ്ങളിലാണ് സ്വത്വം അവതരിപ്പിക്കപ്പെടുന്നത്. അതു ശരിവെയ്ക്കുന്ന കഥയാണ് ഫ്രാൻസിസ് നൊറോണയുടെ 'തൊട്ടപ്പൻ' എന്ന കഥ. അരികുവത്കരിക്കപ്പെട്ട ജനതയുടെ ജീവിതവും സംസ്കാരവും സൂക്ഷ്മ ദൃഷ്ടിയോടെ ആഖ്യാനം ചെയ്യുന്ന കഥാകാരനാണ് ഫ്രാൻസിസ് നൊറോണ. നിലവിലെ കഥയെഴുത്തിൻ്റെ രീതിശാസ്ത്രത്തെ അപനിർമിച്ചുകൊണ്ട് 'തൊട്ടപ്പനി'ൽ അദ്ദേഹം സൃഷ്ടിക്കുന്ന നായിക പ്രതിജീവിതത്തിൻ്റെ ഉടലടയാളമാണ്. അച്ഛനില്ലാത്ത ഒരു പെൺകുട്ടി, അവൾ കുഞ്ഞാടെന്ന് വിളിക്കപ്പെട്ടു. അമ്മയും ദാരിദ്ര്യവും അവളും ചേർന്നുള്ള ദുരിതജീവിതത്തിലേക്ക് അവളുടെ തലതൊട്ടപ്പനായി തൊട്ടപ്പൻ കടന്നുവരുന്നു. കളവിൻ്റെ ജീവിതം അയാളിൽ നിന്നും അവളിലേക്ക് പടരുന്നു. കുഞ്ഞാടും തൊട്ടപ്പനും തമ്മിലെ ആത്മബന്ധം കഥയുടെ കാതലാണ്. അബലയോ ചപലയോ ആയിരുന്നില്ല കുഞ്ഞാടിലെ സ്ത്രീ. തൻ്റെ തൊട്ടപ്പൻ്റെ കൊലപാതകിയെ വകവരുത്താൻ ഇറങ്ങിത്തിരിക്കുന്ന, സാമൂഹികമായും മതപരമായും സ്വതന്ത്ര വീക്ഷണം നടത്തുന്ന ഒരു തികഞ്ഞ പെണ്ണ്. അമ്മയുടെ മരണത്തോടെ ഒറ്റപ്പെട്ടുപോകുന്ന അവളെ തൊട്ടപ്പൻ അതിയായി സ്നേഹിക്കുകയും വാത്സല്യത്തോടെ സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഒറ്റപ്പെടുമ്പോൾ സുരക്ഷ എത്രമാത്രം ഭീതി ഉണർത്തുന്നതാണെന്ന് കുഞ്ഞാടിലൂടെ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ അവസരത്തിലാണ് കുഞ്ഞാട് പന്ത്രണ്ടു പൂച്ചകളെ തനിക്കൊപ്പം വളർത്തുന്നത്. യേശുവിന്റെ ശിഷ്യന്മാരുടെ പേര് ചൊല്ലി വിളിച്ച പന്ത്രണ്ടുപേരും കഥാന്ത്യത്തിൽ യൂദാസുമാരാകുന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യത്തിലേക്കാണ് കഥ നമ്മെ കൊണ്ടെത്തിക്കുന്നത്. കള്ളനായ തൊട്ടപ്പൻ്റെ കളവിന് സഹായിയായും സ്വന്തം നിലയിൽ ചില ചൂണ്ടലുകൾ നടത്തിയും ജീവിക്കുന്ന നായിക പാതിയിൽ ആ പാതയിൽ നിന്നും സ്വയം മാറി നടക്കുന്നു. അവളുടെ സ്ത്രീസ്വത്വം അത്യന്തം സങ്കീർണമായ അവസ്ഥകളിലൂടെയാണ് കടന്നു പോകുന്നത്. കറുപ്പും വെളുപ്പും ദാരിദ്ര്യവും അരക്ഷിതാവസ്ഥയും വിശ്വാസവും മതവും കളവും കൊലയും കൂടിച്ചേരുന്ന ഇരുണ്ട സ്ഥലികളിലാണ് അവളുടെ സ്വത്വം രൂപപ്പെടുന്നത്. മതവും മത ചിഹ്നങ്ങളും വർണ്ണവും ആണധികാരവും ഉയർത്തുന്ന ശബ്ദങ്ങളോട്  ഒറ്റക്ക് നടത്തിയ നിരന്തര കലഹങ്ങളാണ് അവളുടെ വ്യവഹാരങ്ങളെ ബോധത്തിലും അബോധത്തിലും നിയന്ത്രിക്കുന്നത്. പത്താം ക്ലാസിൽ പഠിക്കുന്നകാലത്താണ് അവൾക്ക് പൊടിമീശയും താടീമ്മേ അഞ്ചാറു നീളൻ രോമവും വളർന്ന് തുടങ്ങിയത്. 'താടീം മീശേം വടിച്ച കളഞ്ഞാ നിൻ്റെ മുഖാ അങ്ങേർക്കും' എന്നുള്ള പറച്ചിലിലൂടെ മറ്റുള്ളവർക്ക് വേണ്ടി ബലിയാടായ ക്രിസ്തുവിനോട് കുഞ്ഞാടിനു സാദൃശ്യമുണ്ടെന്ന് കഥാകൃത്ത് തൊട്ടപ്പനെ കൊണ്ട് പറയിക്കുന്നു. കഥാന്ത്യത്തിൽ കുഞ്ഞാടും ബലിയാടാകുന്നു. വെളിമ്പറമ്പിൽ തുറാൻ വിടുകയും വാറ്റ് ചാരായം കൊണ്ട് ചന്തി കഴുകിക്കുകയും രാത്രി സിനിമയ്ക്ക് ഒറ്റയ്ക്ക് വിടുകയും ബീഡി വലിപ്പിക്കുകയും ചെയ്തുകൊണ്ട് നായികാസങ്കൽപ്പത്തെ കഥാകൃത്ത് വെല്ലുവിളിക്കുന്നു. എന്നിട്ടും ഒടുവിൽ അവളെ പുരുഷാധിപത്യത്തിന്റെ മുന്നിൽ മുട്ടുകുത്തിച്ച് ദാരുണമായി കൊന്നുകളഞ്ഞ കഥാകൃത്ത് മാനവികതയുടെ അവസാന തുള്ളിയും വറ്റിപ്പോയ ഒരു സമൂഹത്തെ കഥയിലേക്ക് വലിച്ചിടുകയാണ് ചെയ്യുന്നത്. കഥയിലുടനീളം തെളിയുന്ന മതചിഹ്നങ്ങളിലൂടെ സമകാലികസമൂഹത്തിൽ ആവശ്യത്തിനും അനാവശ്യത്തിനും പൊങ്ങിവരുന്ന ജാതി മത ചിന്തകളെ കഥാകൃത്ത് പ്രശ്നവത്കരിക്കുന്നു. അനാഥത്വവും അന്യതാബോധവും അസുരക്ഷയിലെ ഭയവുമുള്ളപ്പോഴും പിന്തിരിഞ്ഞോടാൻ തയ്യാറാകാത്ത ആത്മധൈര്യം കുഞ്ഞാട് എന്ന കഥാപാത്രത്തിൽ കാണാം. ഇങ്ങനെ ഭയവും ധൈര്യവും കലർന്ന വിഘടിതമായ സ്വത്വത്തിനുടമയാണ് കുഞ്ഞാട്.

തൊട്ടപ്പൻ എന്ന കഥാപാത്രത്തിൻ്റെ നിർമ്മിതിയും ശ്രദ്ധേയമാണ്. കള്ളന്മാർക്ക് അവരുടേതായ വേദപുസ്തകങ്ങളുണ്ടാകും. സ്വന്തം വേദങ്ങളിൽ അവർ വിശ്വസിക്കുകയും അത് മറ്റുള്ളവർക്ക് പകർന്നു നൽകുകയും ചെയ്യും. അത്തരത്തിൽ സ്വന്തം വേദങ്ങളിൽ ജീവിച്ച് കൊല്ലപ്പെട്ട ഒരാളാണ് തൊട്ടപ്പൻ.വളരെ ലിബറലായ ഒരു കള്ളൻ. പള്ളിയിലെ മോഷണത്തിന് മുൻപ് അയാൾ ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനും ശുദ്ധമാനമറിയവും കറുത്തപുണ്യാളന്റെ ജപവുമൊക്കെ ചൊല്ലുന്നുണ്ട്. കുരിശിൻ്റെ ഇടത്തും വലത്തും കിടക്കുന്നവന്മാരെ ചൂണ്ടി കള്ളന്മാർക്ക് തമ്പുരാൻ കർത്താവിനോട് നേരിട്ടാണ് ഇടപാടെന്ന് അയാൾ കുഞ്ഞാടിനെ ഉപദേശിക്കുന്നു.  താൻ തലതൊട്ട, കൗമാരം കഴിയാത്ത കുഞ്ഞാട് എന്ന കഥാനായികയെ കളവിന്

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

കൂടെക്കൂട്ടുന്ന തൊട്ടപ്പൻ ധാർമ്മികത എന്ന മുഖംമൂടി എടുത്തണിയുന്നില്ല. കളവിൻ്റെ വഴി തെറ്റാണെന്ന ധാരണ അയാൾക്കില്ല. അതുകൊണ്ടാണ് അയാൾ കുഞ്ഞാടിൻ്റെ മോഷണ വാസനയെ 'അത്രപിയാൽ നെറഞ്ഞ ചിരിയോടെ' പ്രോത്സാഹിപ്പിക്കുന്നത്. അനാഥയായ കുഞ്ഞാടിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന തൊട്ടപ്പൻ സമൂഹത്തിൻറെ മുന്നിൽ മോഷ്ടാവും കുറ്റവാളിയും ആണ്. തൊട്ടപ്പന്റെ സ്വത്വം ബന്ധങ്ങൾക്ക് അനുസരിച്ച് മാറുന്ന അസ്ഥിരമായ ഒന്നാണ്. ജാക് ലക്കാൻ (Jacques Lacan) അവതരിപ്പിച്ച Mirror Stage എന്ന സങ്കല്പം മനുഷ്യരുടെ "ഞാൻ" എന്ന ബോധം തന്നെ വിഘടിതമാണെന്ന് പ്രസ്താവിക്കുന്നു. വ്യക്തികൾ തങ്ങളെ സ്വയം കാണുന്ന കാഴ്ചയിൽനിന്നും വ്യത്യസ്തമാണ് സമൂഹത്തിൻ്റെ കാഴ്ചയെന്നും ഓരോ വ്യക്തിയും ദ്വന്ദ്വസ്വത്വം പേറുന്നവരാണെന്നുമുള്ള ലക്കാൻ്റെ ആശയങ്ങൾ തൊട്ടപ്പൻ്റെയും കുഞ്ഞാടിൻ്റെയും സ്വത്വനിർമ്മിതിയിൽ കണ്ടെത്താനാകും.

സ്വാതന്ത്ര്യം തേടുന്ന, സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന കഥാപാത്രങ്ങൾ പുതിയ കഥകളുടെ വലിയ പ്രത്യേകതയാണ്. അത്തരത്തിൽ സ്വാതന്ത്ര്യത്തിലേക്ക് നടന്നുപോകുന്ന രണ്ട് സ്ത്രീകളുടെ ചിത്രീകരണം 'രണ്ടു മരങ്ങൾ' എന്ന കഥയിലൂടെ വി. ഷിനിലാൽ നിർവഹിക്കുന്നു. ഭർത്താവും കുട്ടികളും വീടും സൗകര്യങ്ങളും ഉണ്ടെങ്കിലും ഇഷ്ടങ്ങൾ മറന്നുപോയ, സ്വന്തം ജീവിതം ജീവിക്കാൻ സമയം കിട്ടാത്ത രണ്ട് സ്ത്രീകൾ അർദ്ധരാത്രിയിൽ തങ്ങൾക്ക് പ്രഖ്യാപിക്കുന്ന സ്വാതന്ത്ര്യമാണ് കഥയുടെ ജീവൻ. വിയർപ്പിന്റെയും ശുക്ലത്തിന്റെയും ചളിച്ച ഗന്ധമുള്ള അർദ്ധരാത്രികൾ ശീലിച്ച രണ്ട് സ്ത്രീകൾ കൂർക്കം വലിച്ചുറങ്ങുന്ന ഭർത്താവിന് സല്യൂട്ടടിച്ചു മതില് ചാടി സ്വാതന്ത്ര്യത്തിന്റെ രാത്രിയിലേക്ക് വണ്ടിയോടിച്ചു പോകുന്നു. പരസ്പരം കെട്ടിപ്പിടിച്ച് വിഷമങ്ങൾ മറന്ന് പുലരുമ്പോഴേക്കും അവർ തങ്ങളുടെ വീടുകളിലേക്ക് മടങ്ങിയെത്തുന്നു. ലോകത്തിന് ഒരു മാറ്റവും ഉണ്ടായില്ല. അകത്തും പുറത്തുമായി രണ്ടു ജീവിതം നയിക്കുന്ന സ്ത്രീകളെ കഥയിലെ സ്ത്രീകൾ പ്രതിനിധീകരിക്കുന്നു. യാഥാസ്ഥിതിക സമൂഹം സ്ത്രീ ജീവിതത്തിന് പരിധി കൽപ്പിക്കുമ്പോഴും അവരിലെ സ്വാതന്ത്ര്യമോഹം അതിരുകൾ ഭേദിച്ച് പുറത്തേക്ക് വരിക തന്നെ ചെയ്യുമെന്ന് കഥ ഓർമ്മിപ്പിക്കുന്നു. കഥയിലെ സ്ത്രീകളുടെ സ്വത്വത്തെ കുറിച്ചുള്ള ആലോചനകളിൽ ഈ സ്വാതന്ത്ര്യമോഹം പ്രധാനമായി നിൽക്കുന്നുണ്ട്. എങ്കിലും തങ്ങളുടെ ജീവിതത്തെ അവർ അപ്പാടെ വെറുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല. ഉറങ്ങിക്കിടക്കുന്ന ഭർത്താവിന് സല്യൂട്ടടിച്ചു പുറത്തിറങ്ങുകയും രാത്രിയിലെ സ്വതന്ത്രവിഹാരം കഴിഞ്ഞ് പുലർച്ചെ തിരിച്ചെത്തുകയും ചെയ്യുന്ന സ്ത്രീകൾ തങ്ങളുടെ ദൗർബല്യങ്ങളെ കുറിച്ച് പൂർണ്ണ ബോധമുള്ളവരാണ്. ഇറങ്ങിനടത്തത്തിന്റെ ആ രാത്രിയിൽ, ഇണചേരുന്ന സ്ത്രീയെയും പുരുഷനെയും കണ്ട് അസൂയപ്പെടുകയും വിഷമിക്കുകയും ചെയ്യുന്ന സ്ത്രീകളിൽ അവരുടെ ലൈംഗികജീവിതത്തിലുള്ള അസംതൃപ്തിയാണ് കണ്ടെത്താനാകുന്നത്. എന്നാൽ അതവരെ തങ്ങളുടെ അതുവരെയുള്ള ജീവിതത്തിൽ നിന്ന് പൂർണ്ണമായി ഇറങ്ങിനടക്കാൻ പ്രേരിപ്പിക്കുന്നുമില്ല. ജീവിതത്തിൻ്റെ ആനന്ദത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ചിന്തിക്കുകയും അതേസമയം പുരുഷാധിപത്യ സമൂഹത്തിൻ്റെ വേലിക്കെട്ടുകൾ ഭേദിച്ചു പുറത്തുപോകാൻ ധൈര്യമില്ലാതിരിക്കുകയും ചെയ്യുന്ന നിസ്സംഗതയിലാണ് അവരുടെ സ്വത്വം നിമഗ്നമായിരിക്കുന്നത് എന്ന് കണ്ടെത്താം. ദ്വന്ദ്വസ്വത്വമെന്ന ആശയത്തിലേക്കാണ് ഈ സ്ത്രീകളുടെ സ്വത്വനിർമ്മിതിയും കേന്ദ്രീകരിക്കപ്പെടുന്നത്. ദ്വന്ദ്വസ്വത്വനിർമ്മിതി എന്നത് വ്യക്തിയുടെ സ്വത്വം ഏകീകൃതമല്ലാതെ പരസ്പരം വ്യത്യസ്തമായ തലങ്ങളിൽ രൂപംകൊള്ളുന്ന പ്രക്രിയയാണ്. കഥയിലെ സ്ത്രീകൾ തങ്ങളുടെ ജീവിതത്തിൽ അസംതൃപ്തരാണ്. അവർ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവരും തങ്ങളുടെ നിലയിൽ സ്വാതന്ത്ര്യം നേടിയെടുക്കാൻ പ്രാപ്തരുമാണ്. എന്നാൽ അവർ ജീവിക്കുന്ന യാഥാസ്ഥിതിക സമൂഹത്തിൻറെ വേലിക്കെട്ടുകൾ എന്നേക്കുമായി തകർത്തെറിയുവാൻ അവർക്ക് സാധിക്കുന്നില്ല. ഈ വൈരുദ്ധ്യത്തിലാണ് അവരുടെ സ്വത്വം നിലകൊള്ളുന്നത്. സ്കൂട്ടർ ഓടിക്കുകയും തെങ്ങിൽ കയറുകയും മതിലുചാടുകയും ചെയ്യുന്ന സ്ത്രീകൾ ശാരീരികമായി ഒരിക്കലും അബലകളല്ല. ഒറ്റരാത്രിയിലെങ്കിലും ജീവിതം ആസ്വദിച്ച് മരിക്കണമെന്ന തീരുമാനമെടുത്ത് അതിനെ നടപ്പിലാക്കുന്ന സ്ത്രീകൾ വൈകാരികമായും അശക്തരല്ല. ജീവിച്ചുവന്ന സാഹചര്യങ്ങളിൽ സമരസപ്പെട്ടുപോയ സ്വഭാവത്തിൻ്റെയും ശീലത്തിൻ്റെയും നിസ്സഹായതയാണ് ആ രണ്ടു സ്ത്രീകൾ.

ഈ കഥകളിലൊക്കെയും സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായ സാഹചര്യങ്ങളാൽ നിർമ്മിക്കപ്പെടുന്ന, അസ്ഥിരമായ ഒന്നാണ് ഉത്തരാധുനികതയിലെ സ്വത്വം. അത് സ്വത്വത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ ചോദ്യം ചെയ്യുന്നു. ഉത്തരാധുനിക പരിസരങ്ങളിൽ സ്വത്വം ഒരു സ്ഥിരവും ഏകീകൃതവുമായ സത്യമായല്ല, ഭാഷ, സംസ്കാരം, അധികാരം, മാധ്യമങ്ങൾ, സാമൂഹികബന്ധങ്ങൾ എന്നിവയുടെ ഇടപെടലിലൂടെ നിരന്തരം നിർമ്മിക്കപ്പെടുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്യുന്ന ബഹുസ്വരവും വിഘടിതവുമായ അതിയാഥാർത്ഥ്യമായാണ് നിർവചിക്കപ്പെടുന്നത്.

**പുതുകഥകളിലെ പ്രാദേശിക പ്രതിനിധാനം**

ഓരോ പ്രദേശത്തിൻ്റെയും അനുഭവങ്ങളെ നിർണ്ണയിക്കുന്നത് അവിടത്തെ ഭാഷ, ഭൂപ്രകൃതി, ആചാരാനുഷ്ഠാനങ്ങൾ, ജാതിവ്യത്യാസങ്ങൾ, സാമൂഹിക സംവിധാനങ്ങൾ, കൃഷി, ജീവജാലങ്ങൾ, സസ്യലതാദികൾ എന്നിവ ചേർന്നു നിർമ്മിക്കുന്ന സാംസ്കാരിക ഭൂമികയാണ്. ജാതിയുടെയും മതത്തിൻ്റെയും ആചാരത്തിൻ്റെയും

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

അടയാളങ്ങൾ പല കഥകളിലും കടന്നുവരുന്നത് കാണാം. കഥകളിൽ പ്രാദേശിക ഘടകങ്ങൾ കടന്നുവരുന്നത് പുതുകാലത്തിൻ്റെ മാത്രം സവിശേഷതയല്ല. വള്ളുവനാടിൻ്റെ കഥ പറഞ്ഞ എം.ടി വാസുദേവൻ നായർ, കുട്ടനാട്ടിലെ കർഷകരുടെ ജീവിതമാവിഷ്കരിച്ച തകഴി ശിവശങ്കര പിള്ള, മലബാറിലെ മുസ്ലിം ജീവിതം പകർത്തിയ വൈക്കം മുഹമ്മദ് ബഷീർ തുടങ്ങി പ്രാദേശിക ഭാഷയും സംസ്കാരവും ജീവിതവും ആവിഷ്കരിച്ചുകൊണ്ട് അവരവരുടെ നാടിൻ്റ തനിമ സർഗസൃഷ്ടിക്ക് അടിസ്ഥാനമാക്കിയ എഴുത്തുപാരമ്പര്യം മലയാളത്തിനുണ്ട്. എന്നാൽ പുതുകഥയിൽ ഇത് മറ്റൊരു തരത്തിലാണ് പ്രകടമാകുന്നത്. കഥയെയും കഥാപാത്രങ്ങളെയും നിരന്തരം സ്വാധീനിക്കുന്ന ആവാസവ്യവസ്ഥയാണ് ഉത്തരാധുനികതയിൽ പ്രാദേശികത. പുനർനിർമ്മിക്കപ്പെടുന്ന മിത്തുകളും കെട്ടുകഥകളും ആചാരാനുഷ്ഠാനങ്ങളും കൂടി പുതിയ കഥകളിൽ പ്രാദേശിക പ്രതിനിധാനത്തിൻ്റെ ധർമ്മം വഹിക്കുന്നു. പ്രാദേശിക പ്രതിനിധാനം ഒരു പ്രദേശത്തിന്റെ ജീവിതരീതിയുടെ വെറും ചിത്രീകരണമല്ല. ഭാഷ, സംസ്കാരം, വർഗ്ഗം, അധികാരം, ചരിത്രം, സ്വത്വം എന്നിവയുടെ സങ്കീർണ്ണ ഇടപെടലുകളെ പ്രതിഫലിപ്പിക്കുന്ന സാംസ്കാരിക രാഷ്ട്രീയ സ്വരൂപമാണ് അതിനുണ്ടാവുക.

ദേശഭാഷയുടെയും ജാതി മത വിശ്വാസങ്ങളുടെയും നൂലുകൾ കഥയുടെ ഭാവനയുമായി ചേർത്തുവെച്ചു കൊണ്ട് പുതുകഥകൾ മലയാള ഭാഷയെ പ്രാദേശികവത്കരിക്കുന്നു. എസ്. ഹരീഷ്, ഉണ്ണി ആർ., വിനോയ് തോമസ്, എബ്രഹാം മാത്യു, ഫ്രാൻസിസ് നൊറോണ തുടങ്ങിയ പുതിയ കഥാകൃത്തുക്കൾ ഭാഷയിൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തുന്നവരാണ്. പുതുകഥകളിൽ കഥാപാത്രങ്ങളുടെ സ്വത്വം പോലും ഈ ദേശഭാഷാവിന്യാസത്തിൽ ഇഴചേർന്ന് നിൽക്കുന്നതായി കാണാം. ഫ്രാൻസിസ് നൊറോണയുടെ 'തൊട്ടപ്പനി'ൽ തീരദേശഭാഷയുടെ സമർത്ഥമായ ഉപയോഗപ്പെടുത്തലിലൂടെയാണ് നായികയായ കുഞ്ഞാടിൻ്റെ സ്വത്വത്തെ ആവിഷ്കരിച്ചിരിക്കുന്നത്. അരികുവത്കരിക്കപ്പെട്ട ജനങ്ങൾക്കൊപ്പം അവരുടെ ഭാഷയും ഉത്തരാധുനിക കഥയിൽ ഇടംപിടിക്കുകയും പ്രാദേശികസ്വത്വമായി പ്രതിഷ്ഠാപനം ചെയ്യപ്പെടുകയും ചെയ്യുന്ന കാഴ്ചയാണത്. മിഖായേൽ ബക്തിൻ അവതരിപ്പിച്ച heteroglossia എന്ന ആശയം ഇവിടെ പ്രധാനമാണ്. ഒരു ഭാഷയിൽ തന്നെ നിരവധി സാമൂഹിക ശബ്ദങ്ങൾ ഉണ്ടാകുമെന്നും അതുകൊണ്ട് സാഹിത്യത്തിലെ പ്രാദേശിക ഭാഷ വെറും ശൈലി മാത്രമല്ല, സാമൂഹിക സ്വത്വത്തിന്റെ പ്രകടനമാണെന്നും അദ്ദേഹം ഇതിലൂടെ വിശദീകരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ 'തൊട്ടപ്പനി'ലെ പ്രാദേശിക ഭാഷാപ്രയോഗങ്ങൾ അതിലെ കഥാപാത്രങ്ങൾക്കൊപ്പം ചേർക്കപ്പെടേണ്ട ഭാഷാസ്വത്വമായി വേണം പരിഗണിക്കപ്പെടേണ്ടത്.
മതവും ആണധികാരാധിഷ്ഠിത വ്യവസ്ഥിതികളും ഇഴചേരുന്ന ഒരു പ്രാദേശിക ഭൂപടം കഥയെ ആദ്യന്തം നിയന്ത്രിക്കുകയും നിജപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 'തൊട്ടപ്പനി'ൽ പ്രാദേശികത വെറും ഭാഷയോ സ്ഥലമോ അല്ല; അത് സ്വത്വനിർമാണത്തിന്റെ സാമൂഹികാടിത്തറ കൂടിയാണ്. മതം, വിശ്വാസം എന്നിവയെ കൂട്ടുപിടിച്ച് ലോകത്താകമാനം നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ കൊള്ളകളിലേക്കും കൊലപാതകങ്ങളിലേക്കും 'തൊട്ടപ്പനി'ലെ കഥാപരിസരം വളരുന്നു. ആഗോളീകരിക്കപ്പെട്ട പ്രാദേശികതയാണ് ഈ കഥയിൽ പ്രതിഫലിക്കുന്നത് എന്നു കാണാം. പുതിയ കഥയിലെ പ്രാദേശിക പ്രതിനിധാനത്തിന്റെ പ്രധാന ഘടകമാണ് ഈ സ്ഥലബോധം.

ചെറുകിട കർഷകരുടെയും നസ്രാണി കുടുംബങ്ങളുടെയും കഥ പറഞ്ഞുകൊണ്ട് കേരളത്തിൻ്റെ സാമൂഹ്യ ചുറ്റുപാടുകളെ സൂക്ഷമായി ആഖ്യാനം ചെയ്യുന്ന കഥാകാരനാണ് എബ്രഹാം മാത്യു. കടുവ, കൃഷിക്കാരൻ, മൗനം മധുരം തുടങ്ങിയ കഥകളിലൊക്കെ നസ്രാണി കർഷകരെയും അവരുടെ ജീവിത സംഘർഷങ്ങളെയും പ്രമേയമാക്കിയിരിക്കുന്നു. ഗ്രാമീണ ദൃശ്യങ്ങളുടെ അവതരണത്തിൽ മാത്രമല്ല അതിനുപയോഗിച്ചിരിക്കുന്ന ഭാഷയിലും പ്രാദേശിക ഘടകങ്ങൾ കണ്ടെത്താം. 'മൗനം മധുരം' എന്ന കഥ ഒരു നസ്രാണി കർഷക കുടുംബത്തിൽ ഉണ്ടാകുന്ന സംഭവപരമ്പരകളുടെ ആഖ്യാനമാണ്. "പെരുമഴ തീർന്നു. വല്ലപ്പോഴും എത്തിനോക്കുന്ന വെയിലത്ത് കാപ്പിക്കുരു ഉണങ്ങാൻ നിരത്തിയിട്ട് നടുനിർത്തി നോക്കുമ്പോൾ ഒരു തലയിൽ കെട്ട്. പട്ടി കെടന്നു കുരയോട് കുര." ഇങ്ങനെ ഏറ്റവും പ്രാദേശികമായ ഒരു വീട്ടുകാഴ്ചയിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. പോത്തും എരുമയും കാപ്പിക്കൃഷിയും കുരുമുളക് കൃഷിയും അടയ്ക്ക കൃഷിയുമായി ജീവിച്ചു പോകുന്ന മലയോരത്തെ ഈ കർഷകകുടുംബം കേരളത്തിലെ ഉൾനാടൻ ജീവിതങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഒരുകാലത്ത് ഫ്യൂഡൽവ്യവസ്ഥിതികളോട് കലഹംചെയ്ത കർഷകർ ഇന്ന് മലവെള്ളപ്പാച്ചിലിനോടും പ്രകൃതിദുരന്തങ്ങളോടും സാമൂഹികവ്യവസ്ഥിതികളോടും സമരം ചെയ്യുന്ന കാഴ്ച കഥയുടെ രാഷ്ട്രീയ പശ്ചാത്തലമാകുന്നു. വിപ്ലവങ്ങൾ എത്ര വന്നു പോയാലും ഈ നാട്ടിലെ കർഷകരുടെയും സാധാരണ ജനങ്ങളുടെയും ജീവിതം നിരന്തര സമരങ്ങളുടെതായിരിക്കുമെന്ന് ഈ കഥ ഓർമിപ്പിക്കുന്നു. ഇവിടെ പ്രാദേശിക പ്രതിനിധാനം ഒരു ജനതയുടെ വർഗ്ഗസംഘർഷങ്ങളുടെ സാംസ്കാരിക രൂപം കൈവരിക്കുന്നു.

ഒരു പ്രദേശത്തിന്റെ സാമ്പത്തിക ഘടന, തൊഴിൽരീതി, ഭൂവുടമസ്ഥത, ദാരിദ്ര്യം എന്നിവ സാഹിത്യത്തിൽ പ്രതിഫലിക്കുമ്പോൾ അത് സാമൂഹിക യാഥാർത്ഥ്യത്തെയാണ് തുറന്നുകാട്ടുന്നത്. ഈ യാഥാർഥ്യങ്ങളാണ് കഥയിലെ കർഷകൻ്റെ സ്വത്വത്തെ രൂപപ്പെടുത്തുന്നത്. എബ്രാഹം മാത്യുവിൻ്റെ 'നിരണംപള്ളി', 'കടുവ'

തുടങ്ങിയ കഥകളിലും ഭൂമിശാസ്ത്രം, ഭാഷാശൈലി, സാമൂഹികാചാരങ്ങൾ, തൊഴിലുകൾ, പ്രാദേശിക ദൈവവിശ്വാസങ്ങൾ തുടങ്ങിയവ ശക്തമായി പ്രതിഫലിക്കുന്നതായി കാണാം. ഗ്രാമീണ തൊഴിൽജീവിതത്തിൻ്റെ ഭൗതികതയും ആത്മീയതയും ഈ കഥകളിൽ ഒരു അവിഭാജ്യ ഘടകമായി കടന്നു വരുന്നു. മലയോര കർഷകർ നേരിടുന്ന വന്യജീവി ആക്രമണത്തിൻ്റെ ദുരന്തവശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന കഥയാണ് 'കടുവ'. നരഭോജിയായ കടുവയ്ക്ക് കിട്ടുന്ന പരിഗണനയുടെ ഒരംശം പോലും ലഭിക്കാത്ത ഒരു കർഷകൻ കഥയിലിരുന്ന് അധികാരികളെയും പൊതുസമൂഹത്തെയും തുറിച്ചു നോക്കുന്നു. ജനിച്ച വീടും ഏക വരുമാനമാർഗമായ കൃഷിയിടവും ഉപേക്ഷിക്കേണ്ടിവരുന്ന മലയോര ജീവിതങ്ങളിലേക്ക് നമ്മെ കൊണ്ടുപോകുന്നു. കഥയിലെ കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അയാളുടെ മലയോര കൃഷിഭൂമിയും ഗ്രാമവും വെറുമൊരു ഭൂവിഭാഗം മാത്രമല്ല. അത് അയാളെ സൃഷ്ടിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്ന അയാളിലെ തന്നെ മറ്റൊരു അംശമാണ്. ഒടുവിൽ സ്വയം കടുവയായി പ്രഖ്യാപിച്ച് തൻ്റെ മണ്ണിൽ അയാൾ വേരുറപ്പിക്കുന്നതും അതുകൊണ്ടാണ്. പരിതസ്ഥികളോടുള്ള അനുബന്ധനങ്ങൾ (conditioning) വഴി അകംപുറം ജീവിതങ്ങൾ തമ്മിലെ രേഖ നേർത്ത് രണ്ടും ചേർന്ന മറ്റൊരു സ്വത്വം മെനയുന്ന നിസ്സഹായനാണ് 'കടുവ'യിലെ കർഷകൻ.

ബക്തിൻ്റെ വാദം പ്രാദേശിക ഭാഷയും സ്വത്വവും തമ്മിലുള്ള ബന്ധം വിവരിക്കുമ്പോൾ സാംസ്കാരിക പഠനത്തിൻ്റെ (cultural studies) പരിധിയിലുൾപ്പെടുത്തി പ്രാദേശിക പ്രതിനിധാനം നിഷ്പക്ഷമല്ല, അത് രാഷ്ട്രീയപരമാണെന്ന് സ്റ്റുവർട്ട് ഹാൾ പ്രസ്താവിക്കുന്നുണ്ട്. സാഹിത്യത്തിൽ ഒരു പ്രദേശത്തെ എങ്ങനെ അവതരിപ്പിക്കുന്നു, ആരുടെ ശബ്ദമാണ് മുന്നിലെത്തുന്നത്, ആരെയെല്ലാം ഒഴിവാക്കുന്നുണ്ട് എന്നിങ്ങനെയുള്ള വിമർശനാത്മക ചോദ്യങ്ങൾ (critical problems) ഈ സമീപനം ഉന്നയിക്കുന്നുണ്ട്. ഉത്തരാധുനിക കഥാലോകം പശ്ചാത്തലവത്കരിക്കുന്ന പ്രാദേശിക പ്രതിനിധാനസംസ്കാരത്തിന് ഈ ചോദ്യങ്ങൾക്ക് കൃത്യമായ രാഷ്ട്രീയ മറുപടികൾ നൽകാനുണ്ട്. അങ്ങനെ പ്രാദേശികത സംഭവസ്ഥലം എന്ന കേവലസ്വത്വം വെടിഞ്ഞ് ബഹുസ്വരമായ മറ്റൊരു സ്വത്വത്തിലേക്ക് വളരുന്നത് പുതുകഥകളിൽ നിന്ന് കണ്ടെടുക്കാവുന്ന പ്രധാന വസ്തുതയാണ്. 'കടുവ' എന്ന കഥയിലെ കർഷകൻ്റെ രൂപാന്തരണം ഈ തത്വവുമായി ചേർത്ത് വായിക്കാവുന്നതാണ്. കഥകളിൽ പ്രാദേശികത വെറും ദേശവിവരണമല്ല; അത് കഥാപാത്രങ്ങളുടെ സാംസ്കാരികവും സാമൂഹികവും മാനസികവുമായ സ്വത്വത്തെ നിർമ്മിക്കുന്ന അടിസ്ഥാന ഘടകമാണ്.

**ഉപദർശനങ്ങൾ**

ബഹുസ്വരതയുടെ ബൃഹദാഖ്യാനങ്ങളാണ് ഉത്തരാധുനിക കഥാസാഹിത്യം. മനുഷ്യ ജീവിതവും ബഹുസ്വരമായ മറ്റൊരാവിഷ്കാരമാണ്. ഓരോ മനുഷ്യനും അവരവർക്ക് വേണ്ടിയാണ് ജീവിതമെന്ന ആവിഷ്കാരം നടത്തുന്നത്. ഈ ആവിഷ്കാരത്തിനായി നിലനിൽക്കുന്ന വ്യവസ്ഥിതികളോട് ജാതി മത വർഗ വർണ്ണ ലിംഗ വ്യത്യാസമില്ലാതെ അവർ നിരന്തരസമരം ചെയ്യുന്നു. വ്യവസ്ഥിതികളോട് കലഹം ചെയ്യുന്ന മനുഷ്യരുടെ ഒരു വലിയ നിര തന്നെയുണ്ട് പുതുകഥകളിൽ. ഉൾക്കനമുള്ള സ്വത്വം പേറുന്ന കഥാപാത്രങ്ങൾ പുതുകഥകളുടെ മുഖമുദ്രയാകുന്നു. ഈ സ്വത്വനിർമ്മിതിയ്ക്ക് സുഗമമായ പാതയാകുന്നത് പ്രാദേശിക ഘടകങ്ങളുമാകുന്നു.

ഉത്തരാധുനിക മലയാള കഥയിലെ പ്രാദേശിക പ്രതിനിധാനവും സ്വത്വനിർമ്മിതിയും പരസ്പരബന്ധമുള്ള രണ്ടു മുഖങ്ങളാണ്. പ്രാദേശികത കഥകളെ ദേശത്തിന്റെ സംസ്കാരത്തോടും ഭാഷയോടും ആഴത്തിൽ ബന്ധിപ്പിക്കുന്നു. അതേ സമയം സ്വത്വനിർമ്മിതി വ്യക്തിയുടെ മാനസിക–സാമൂഹിക യാത്രയെ പ്രതിഫലിപ്പിക്കുന്നു. ഇത് മലയാള കഥയെ കൂടുതൽ ജനാധിപത്യവൽക്കരിക്കുകയും മനുഷ്യാനുഭവങ്ങളുടെ വൈവിധ്യം ഉൾക്കൊള്ളാൻ പാകത്തിന് വിശാലത നൽകുകയും ചെയ്യുന്നു. പ്രാദേശികത പരിമിതത്വത്തിന്റെ പ്രതീകമാകാതെ സാർവജനീയതയിലേക്കുള്ള പുതിയ വഴിയായി മാറുന്നു. പ്രാദേശികസ്വത്വാവിഷ്കരം എന്ന ആഖ്യാന രീതിയാണ് ഈ കഥകളിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. അതായത് പുതുകഥകളിൽ സ്ഥലവും കഥാപാത്രങ്ങളും പരസ്പരം വേർതിരിക്കാനാവാത്ത വിധം ഇഴചേർന്നിരിക്കുന്നതായി മനസ്സിലാക്കാം.

**ഗ്രന്ഥസൂചി**

അനീഷ്കുമാർ.വി.ഡോ., 2022, ആധുനിക കഥയിലെ സ്ത്രീസ്വത്വ നിർമ്മിതികൾ, ടേൺ ബുക്ക്സ്, കോട്ടയം.
ചേമ്പൻ അജിത.ഡോ.എഡി., 2017, തെന്നിന്ത്യൻ കഥ, സാംസ്കാരിക വായനകൾ, ബുക്ക്സ്, കണ്ണൂർ.
മാത്യൂ എബ്രഹാം., 2023, കഥകൾ, കറൻ്റ് ബുക്ക്സ്, കോട്ടയം.
രാജശേഖരൻ. പി. കെ. ഡോ.എഡി., 2004, സമകാലിക കഥ, കേരള സാഹിത്യ അക്കാദമി തൃശൂർ.
ശ്രീജൻ. വി.സി., 1999, ആധുനികോത്തരം: വികലനവും വിമർശനവും, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
ഷനിലാൽ.വി., 2022, ഗരിസപ്പ അരുവി അഥവാ ഒരു ജലയാത്ര, ഡി സി ബുക്ക്സ്, കോട്ടയം.
സീമ സി.വി, ഉത്തരാധുനിക കഥ:ബഹുസ്വര സംവാദങ്ങളുടെ ആഖ്യാനഭൂമിക,സാഹിത്യ ലോകം, കേരള സാഹിത്യ അക്കാദമി, തൃശൂർ സെപ്റ്റംബർ–ഒക്ടോബർ 2024.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

About the Researcher
ആദിത്യ കെ.ജി.
ഗവേഷണ വിദ്യാർത്ഥി
ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
Email: adithyakg2017@gmail.com
Mob: 7356890761

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0032

# പ്രതിരോധത്തിന്റെ ആഖ്യാനമാതൃകകൾ: സി. അയ്യപ്പന്റെ കഥകളുടെ പഠനം

**ദേവിക വി.എസ്.**

**പ്രബന്ധസംഗ്രഹം**

മേലാളനിൽ നിന്നും ചൂഷണം നേരിടുന്ന അടിയാളനെ പ്രതിരോധത്തിന്റെ മികച്ച മാതൃകയാക്കിയാണ് കഥകളിൽ അവതരിപ്പിക്കുന്നത്. മേലാളൻ എപ്പോഴും സമ്പത്ത്, ജാതി, വംശം എന്നിവയുടെ അധികാരത്താൽ മേൽക്കോയ്മയിൽ നിൽക്കുന്ന ആളാകും. ദളിത് ശരീരത്തിനുമേൽ സ്ഥാപിക്കുന്ന അധികാരമാണ് പ്രാഥമികം. സമൂഹത്തിന്റെ കീഴ്ത്തട്ടിലുള്ള ജനതയ്ക്കാണ് ഇത്തരത്തിൽ നിരവധി ചൂഷണങ്ങളും പീഡനങ്ങളും നേരിടേണ്ടി വരുന്നത്. സ്ത്രീവർഗ്ഗം ഉൾപ്പടെയുള്ള വിഭാഗം പ്രതികരിക്കുന്നതിന് അല്ലെങ്കിൽ അവയെ പ്രതിരോധിക്കുന്നതിന് പല മാർഗങ്ങൾ സ്വീകരിക്കുന്നു. അതിൽ സ്വപ്നത്തിൽ പ്രതിരോധിക്കുന്നതിലൂടെ ആശ്വാസം കണ്ടെത്തുന്നവർ ഉണ്ട്, മറ്റു ചിലപ്പോൾ ഈ പ്രതിരോധം രക്തസാക്ഷിത്വത്തിലേക്ക് നയിക്കപ്പെടുന്നു. എങ്കിലും പ്രതിരോധത്തിന്റെ വിവിധ മാതൃകകൾ എന്ന നിലയിൽ അത് അവസാനിക്കുന്നില്ല. ഒരു സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ജനതയുടെ നിലനിൽപ്പിന്റെയും സംസ്കാരത്തിന്റെയും ഭാഗം എന്ന നിലയിൽ അവർ ചെറുത്തുനിൽപ്പ് നടത്തുന്നു. ശരീര ഭാഷയിലും പ്രേതഭാഷയിലും സ്വപ്നഭാഷയിലും എല്ലാം ഇതിന്റെ സൂചനകൾ അടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ ഒരു പ്രത്യേകവിഭാഗത്തിന്റെ ആത്മാവിഷ്കാരങ്ങളിലൂടെയുള്ള പ്രതിരോധത്തിന്റെ വിവിധ മാതൃകകൾ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു എന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ:**
പ്രതിരോധം, ആത്മാവിഷ്കാരം, ഭ്രമാത്മകത, മിത്ത്

## ആമുഖം

മലയാള ചെറുകഥയിൽ ടി.കെ.സി. വടുതലയ്ക്ക് ശേഷം ദളിത്പക്ഷത്തുനിന്നും സവർണാധികാരത്തെ ചോദ്യംചെയ്ത എഴുത്തുകാരനാണ് സി. അയ്യപ്പൻ. ദളിതരുടെ പ്രതികരണശേഷിയും പ്രതികാരത്തിന്റെ തീവ്രതയും തെളിയിക്കുന്ന ചില സംഭവങ്ങൾ ചരിത്രത്തിൽ തന്നെ പരാമർശിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് 'ഒടിയൻ'. കേരളത്തിൽ നിലനിന്നിരുന്ന ഒരു ഇതിഹാസ കഥാപാത്രമാണ് ഒടിയൻ. രാത്രികാലങ്ങളിൽ കേരളത്തിലെ ഗ്രാമങ്ങളിലെ ഇടവഴികളിൽ പതിയിരുന്ന് ശത്രുക്കളെ വകവരുത്തുന്ന ഒടിയന്മാർ പകുതി മനുഷ്യനായും പകുതി മൃഗമായും കാണപ്പെടുന്നു. പാണർ, പറയർ തുടങ്ങിയ സമുദായത്തിലുള്ളവർ നടത്തിയിരുന്ന ഒരു പ്രതികാര നിർവഹണമായിരുന്നു ' ഒടിവിദ്യ'. ഇതിലൂടെ തങ്ങളുടെ സമുദായത്തിൻ്റെ ശക്തി വർധിപ്പിക്കുകയാണ് അവർ ചെയ്തിരുന്നത്. "ഒടിവിദ്യ കീഴാള ഭാവനയുടെയും ശാരീരികാവിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ മേലാളചൂഷകരോടുള്ള എതിർപ്പിന്റെയും കടന്നാക്രമണത്തിന്റെയും ക്രിയ തന്നെയാണ് . പരമ്പരാഗതമായ കീഴ്മയിൽനിന്ന് കുതറിമാറാൻ നടത്തുന്ന സാഹസികമായ ശ്രമമായി ഓടിയനെ കാണാവുന്നതാണ്"(രാജഗോപലൻ ഇ.പി., 2021:47) കേരളത്തിലെ ദളിതരുടെ ജീവചരിത്രത്തിലും ഇക്കാര്യം വ്യക്തമാണ്. റിയലിസത്തിന്റെ പ്രാഥമികയുക്തിയെ തള്ളിക്കളയുന്നതോടൊപ്പം അത് മുന്നോട്ടു വയ്ക്കുന്ന ഭാഷാക്രമത്തെ സി. അയ്യപ്പൻ സ്വീകരിക്കുകയും ചെയ്യുന്നു. കീഴാളജനതയുടെ ജീവിതം ആവിഷ്കരിക്കാൻ റിയലിസത്തിന് സാധിക്കുന്നില്ല. അതിനാൽ ആത്മഭാഷണങ്ങളുടെ ആവിഷ്കരണത്തിലൂടെ തന്റെ കഥാപാത്രങ്ങൾക്ക് സ്വാതന്ത്ര്യം നൽകുകയാണ് കഥകളിലൂടെ എഴുത്തുകാരൻ ചെയ്യുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

മുന്നാക്കസമുദായക്കാരിൽ നിന്നും നേരിട്ട ചൂഷണങ്ങളുടെയും പീഡനങ്ങളുടെയും ആത്മാവിഷ്കാരം എന്ന നിലയിൽ അവ വ്യത്യസ്ത ആഖ്യാന മാതൃകകളിലൂടെ കടന്നുവരുന്നു. പ്രേതബാധ കൂടിയ ആളിന്റെ ഭാഷണം, ഭൂതബാധിതനായവർ, ഭ്രാന്തും ഭ്രമകല്പനകളും, നാടകശൈലിയിൽ നടുക്കമുണ്ടാക്കുന്ന അനുഭവം തരുന്ന കഥകൾ, മാനസികസഞ്ചാരം, പ്രേതഭാഷണ സങ്കല്പം, കരിനാക്ക് തുടങ്ങിയവ ശ്രദ്ധേയമായ ആഖ്യാനോപാദികളാണ്. ഇവയൊക്കെയും കീഴാള ജനതയുടെ ഭൂമിശാസ്ത്ര–സാംസ്കാരിക പരാമർശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഉച്ചമയക്കത്തിലെ സ്വപ്നങ്ങൾ (1986), ഞണ്ടുകൾ (2003) എന്നീ കഥാസമാഹരങ്ങളാണ് സി. അയ്യപ്പന്റെതായിട്ടുള്ളത്. ലിംഗം, വംശം, സാമ്പത്തികം തുടങ്ങിയ ഘടകങ്ങളാൽ നിർണയിക്കപ്പെടുന്നതാണ് മനുഷ്യന്റെ സാമൂഹികജീവിതം. ഈ ജീവിതത്തിന്റെ വൈരുദ്ധ്യാത്മകത അവതരിപ്പിക്കുവാനാണ് സി. അയ്യപ്പൻ തന്റെ കഥകളിലൂടെ ശ്രമിച്ചത്. അതിലൂടെ ആവർത്തിക്കപ്പെടുന്ന പ്രണയനഷ്ടങ്ങളും പ്രതികാരങ്ങളുമെല്ലാം താനുൾപ്പെടുന്ന സമുദായം അഭിമുഖീകരിക്കുന്ന ഭീതിയുടെയും വഞ്ചനയുടെയും സംഘർഷങ്ങളുടെയും ഭാഗമാണ്. മേലാളർ, കീഴാള ജനതയുടെമേൽ സ്ഥാപിക്കുന്ന ആധിപത്യം അവരുടെ ജീവിതത്തിന്റെ മുന്നോട്ടുള്ള വികാസത്തെ തടയുന്നു. സ്ത്രീകളിൽ പ്രണയത്തിന്റെ മധുരത്തിൽ വിഷം ചേർത്ത് വഞ്ചിച്ച് ഭോഗവസ്തുവായി മാറ്റിയ ശേഷം വലിച്ചെറിയുന്നു. ഇത്തരം അവസ്ഥകൾ അയ്യപ്പന്റെ കഥകളിൽ  സർവ്വസാധാരണമാണ്. കാവൽഭൂതം, പ്രേതഭാഷണം, അരുന്ധതിദർശനന്യായം, നിരവത്തുകയ്യാണി, ഭൂതബലി, പുലിയങ്കം തുടങ്ങിയ കഥകളിലെല്ലാം കീഴാളന് നീതി ലഭിക്കുന്നത് മരണത്തിലൂടെയാണ്. ജീവിതത്തിന്റെ ഭൂതകാലങ്ങളിൽ നിശബ്ദരും പ്രതികരണശേഷി നഷ്ടപ്പെട്ടതുമായ സമൂഹത്തിന്റെ മരണാനന്തരമുള്ള പ്രതിരോധ ഭാഷണങ്ങളാണ് ഇത്തരം രചനകൾ. ഈ പ്രതിഷേധം കൂടുതൽ ദൃഢമാക്കിത്തീർക്കുവാനാണ് ഭ്രമാത്മകതയും മിത്തും കഥകളിൽ ആഖ്യാനതന്ത്രമായി സ്വീകരിച്ചിട്ടുള്ളത്. അയ്യപ്പന്റെ കഥകളിൽ പ്രേതവും മനുഷ്യരും മിത്തും ഇടകലർന്ന ഒരു ലോകം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ജീവിതപ്രശ്നങ്ങൾ പറയുന്നത് പ്രേതങ്ങളും ഭൂതപിശാചുക്കളുമാണ്. ഓർമ്മയുടെ അജ്ഞാത താഴ്വരകളിൽ ഇരുന്ന് അവർ നേരിട്ട വ്യഥകൾ പങ്കുവയ്ക്കുന്നു. ആത്മാക്കളിലൂടെയും അദൃശ്യരൂപികളിലൂടെയും ചരിത്രത്തിൽ നിന്നും പുറത്താക്കപ്പെട്ടവരുടെ സാന്നിധ്യമാണ് ഇത്തരം കഥകൾ.

**പ്രതിരോധത്തിന്റെ ആത്മഭാഷണങ്ങൾ**

സി.അയ്യപ്പന്റെ കഥകളിൽ അധികവും പ്രേതഭാഷണങ്ങളാണ്. "ആത്മാഭിമാനത്തിനുവേണ്ടിയുള്ള കരച്ചിലും കല്ലുകടിയുമാണ് അദ്ദേഹത്തിന്റെ രചനകൾ. പ്രേതങ്ങളെ പ്രതിരോധത്തിനും പ്രതികാരത്തിനുമായിട്ടുള്ള ഉപാധികളായാണ് കാണുന്നത്. ചത്തവനെ കൊല്ലാനാവില്ലെന്ന തിരിച്ചറിവിൽ നിന്നും ഉയിർ നേടുകയാണ് പല കഥാപത്രങ്ങളും"(ബഷീർ എം.എം, ഡോ, 2008:613) പരാജയപ്പെട്ടവരുടെ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും സൂചകമായിട്ടാണ് കഥകളിൽ ചൂഷിതർക്ക് ദംഷ്ട്രകൾ എഴുത്തുകാരൻ വിഭാവന ചെയ്യുന്നത്. കീഴാളജീവിതത്തിന്റെ ദുരന്തപൂരിതമായ അനുഭവങ്ങൾ സി. അയ്യപ്പന്റെ കഥകളിൽ കാണാൻ സാധിക്കും. പ്രേതങ്ങളുടെ ലോകത്തിലൂടെ അവതരിപ്പിക്കുന്ന കഥകൾക്ക് വ്യത്യസ്ത ആഖ്യാനമാതൃകകൾ വന്നുചേരുന്നു. സംഘർഷഭരിതമായ ജീവിതത്തിൽ മരണപ്പെട്ടവരുടെയും ജീവിച്ചിരിക്കുന്നവരുടെയും ജീവിതാവസ്ഥകളുടെ വ്യത്യസ്ത ആഖ്യാനങ്ങൾ കാണാൻ സാധിക്കും. പ്രേതങ്ങളുടെ അധോലോകങ്ങൾ ചിത്രീകരിക്കുന്ന കഥകളാണ് 'പ്രേതഭാഷണം', 'കാവൽഭൂതം', 'ഭൂതബലി' എന്നീ കഥകൾ. ജീവിച്ച മതിവരാതെ ആഗ്രഹപൂർത്തീകരണത്തിനു വേണ്ടി മോക്ഷം ലഭിക്കാതെ അലയുന്നവരാണ് പ്രേതാത്മാക്കൾ. ഈ കഥകളിൽ സമൂഹത്തിന്റെ കീഴ്ത്തട്ടിൽ മാറ്റി നിർത്തപ്പെട്ടവർ മുൻനിരയിലേക്കെത്തുന്നത് ആത്മാവായിട്ടാണ്. അവരുടെ ശബ്ദം ഉറച്ച കേൾക്കുന്നതും പ്രതികാരദാഹം തീർക്കുന്നതും അദൃശ്യരൂപികളായിട്ടാണ്.

**പ്രേതഭാഷണം**

സവർണ്ണാധികാരത്തെ ചോദ്യംചെയ്യുന്ന കഥയാണ് പ്രേതഭാഷണം. ജാതിയിലും നിറത്തിലും സമ്പത്തിലും താഴ്ന്നവളും എന്നാൽ ലൈംഗികോപകരണമെന്ന നിലയിൽ ഉയർന്നവളുമായ കീഴാളയുവതിയെ മേലാളർ സമീപിക്കുന്ന രീതിയെ കഥാകൃത്ത് ഈ കഥയിൽ വിമർശനവിധേയമാക്കുന്നു. ചങ്ങലയിൽ കിടക്കുന്ന ഒരു യുവതിയോടുള്ള ഒരാത്മാവിന്റെ സംഭാഷണമായാണ് പ്രേതഭാഷണം എന്ന കഥ വികസിക്കുന്നത്. പുലക്കള്ളിയുടെ മകൾ ഒരു മേലാളയുവാവിന്റെ കപട പ്രണയത്തിൽ വിശ്വസിച്ച് അവനു കീഴ്പ്പെടുകയും അവന്റെ പ്രണയം ശരീരത്തോട് മാത്രമാണെന്നും താൻ ഇത്രയുംനാൾ ഒരു ഉപഭോഗ വസ്തുവായിരുന്നു എന്നും തിരിച്ചറിയുന്ന നിമിഷം അവൾ സ്വയം ജീവത്യാഗം ചെയ്യുന്നു. പിന്നീട് പ്രതികാരദാഹിയായി ഒരു പ്രേതാത്മാവായി മാറി കാമുകന്റെ സഹോദരിയുടെ ദേഹത്തിൽ പ്രവേശിക്കുന്നതോടെ കാമുകനുമായി ശാരീരിക ബന്ധത്തിലേർപ്പെടുന്നു. സ്വന്തം സഹോദരനാൽ നഗ്നത അനാവൃതമാക്കപ്പെട്ട പാപി എന്ന് ദൈവം പ്രേതത്തെ അധിക്ഷേപിച്ചു. അതിനൊരു മറുചോദ്യം സവർണ്ണ ദൈവത്തോട് പ്രേതം ചോദിച്ചു. "ക്രിസ്ത്യാനിക്കെങ്ങനയാ മൂപ്പീന്നേ പെലക്കള്ളി പെങ്ങളാകണത്"(അയ്യപ്പൻ സി., 2018:22) ഈ ചോദ്യോത്തരത്തിലൂടെ മേലാള സമുദായത്തിന്റെ ധാർമ്മിക മൂല്യത്തെയാണ് കഥാകൃത്ത് ചോദ്യം ചെയ്യുന്നത്. കാമുകന്റെ അച്ഛനും  തന്റെ അച്ഛനും ഒന്നാണെന്ന സത്യത്തെ ആത്മാവ് മനഃപൂർവ്വം നിഷേധിക്കുകയാണിവിടെ. കീഴാളയുവതികളോട് മേലാളർ നടത്തുന്ന അതിക്രമങ്ങളെയും പ്രണയ നാടകങ്ങളെയും പ്രേതഭാഷണത്തിലൂടെ ക്രൂരമായിതന്നെ വിമർശിക്കുകയാണ് സി. അയ്യപ്പൻ.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**കാവൽഭൂതം**

ജീവിച്ചിരുന്നപ്പോൾ ശങ്കുണ്ണിയെ ഗൗനിക്കാത്ത ദേവിയുടെ ഉടലിൽ പ്രേതമായി ആവേശിച്ച് ദേവിയോട് നടത്തുന്ന ഭാഷണമാണ് ' കാവൽ ഭൂതം' എന്ന കഥ. കഥാപാത്രമായ ശങ്കുണ്ണിയുടെ സുഹൃത്താണ് ദേവിയെ വിവാഹം ചെയ്തത്. അതോടെ സുഹൃത്തായ വാസു ആത്മഹത്യ ചെയ്യുന്നു. വാസുവിന്റെ ആത്മാവിനോട് കാര്യങ്ങൾ തിരക്കാനാണ് ശങ്കുണ്ണിയും സ്വയംഹത്യ ചെയ്യുന്നത്. ദേവിയുടെ ഗർഭത്തിൽ വാസു പുത്രനായി എത്തിയെന്ന വാർത്തയറിഞ്ഞ് ദേവിയെ നിത്യഗർഭിണിയാക്കി പ്രതികാരം ചെയ്യാനൊരുങ്ങുന്നു ശങ്കുണ്ണി. ഇഹലോകത്തിൽ വച്ച് പറയുവാനോ പ്രകടിപ്പിക്കുവാനോ സാധിക്കാത്ത പ്രണയം ശങ്കുണ്ണി പരലോകത്തിൽ വച്ച് യാഥാർത്ഥ്യമാക്കാനാണ് ശ്രമിക്കുന്നത്. പ്രതികാരദാഹിയായി പ്രേതരൂപം പൂണ്ട ശങ്കുണ്ണിയുടെ ആത്മാവിനെ ശാന്തരൂപിയാക്കിത്തീർക്കുന്നത് ദേവിയോടുള്ള പ്രണയമാണ്. ശങ്കുണ്ണിയുടെ സ്നേഹത്തെ ദേവി തിരസ്കരിച്ചതുകൊണ്ടാണ് ദേവിയോടുള്ള പ്രതികാരമെന്ന നിലയിൽ ശങ്കുണ്ണി ആത്മഹത്യ ചെയ്യുന്നതും തുടർന്ന്  പ്രേതാവസ്ഥയിലെത്തുന്നതും. ജീവിച്ചിരിക്കുമ്പോൾ പാവപ്പെട്ട പുലക്കള്ളി പെൺകുട്ടികളെ ഉപദ്രവിക്കുന്നവരോട് വഴക്കിട്ടു. അതിനു മറുപടിയായി സവർണ്ണൻ പറയുന്നത് "ആളുകൾ ആട്ടിറച്ചി ഉണ്ടായാലും പശുവിറച്ചി വാങ്ങിക്കുന്നത് അതിനു വില കുറവായതുകൊണ്ട്" (അയ്യപ്പൻ സി.,2018:28,29) എന്നാണ്. ഈ മറുപടിയിലൂടെ സവർണ്ണർക്ക് അവർണ്ണനോടുള്ള വെറുപ്പും അവജ്ഞയും വ്യക്തമാണ്. സവർണ്ണന്റെ ധാർമികതയുടെ മുഖംമൂടി അഴിഞ്ഞുവീഴുകയാണ് ഇവിടെ. താഴ്ന്ന സ്ത്രീകളുടെ മൂല്യച്യുതിയെയും അവർ എന്നും മേലാളന്റെ അടിമകളാണെന്നും അത് സ്വന്തമാക്കാൻ എളുപ്പമാണെന്നും ഉള്ള കാലാകാലങ്ങളായുള്ള മേലാളന്റെ പ്രാകൃതമനോഭാവത്തെ കൂടിയാണ് കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്. ഇത്തരം പ്രാകൃതവിശ്വാസങ്ങളെയും യാഥാസ്ഥിതിക മനോഭാവത്തെയും ചോദ്യം ചെയ്യുകയാണ് കഥാകൃത്ത്. ജീവിച്ചിരിക്കുന്നത്  മരണത്തെക്കാൾ ഭയാനകമാണ്. മരിച്ചു കഴിഞ്ഞാൽ ആരെയും ഭയക്കാതെ സ്വതന്ത്രമായി ജീവിക്കാം അഭിപ്രായപ്രകടനങ്ങൾ നടത്താം. അടിമത്വത്തിൽ നിന്നുള്ള മോചനമാണ് മരണം എന്നിങ്ങനെയുള്ള നിരീക്ഷണങ്ങൾ ഈ  കഥ അടയാളപ്പെടുത്തുന്നു.

**ഭൂതബലി**

പുരുഷന് അടിപ്പെട്ട് നിൽക്കുന്ന ദളിത് സ്ത്രീയുടെ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് ഭൂതബലി എന്ന കഥ. അച്ചടിഭാഷയിൽ സംസാരിക്കുകയും അശ്ലീലം കേട്ടാൽ ചെവി പൊത്തുകയും സെപ്റ്റിക് ടാങ്കുള്ള കക്കൂസിന്റെ ഏക ഉടമ എന്നറിയപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കണ്ടൻമാസ്റ്റർ ദളിത് സമുദായത്തിലെ ആദ്യത്തെ സ്കൂൾ അധ്യാപകനാണ്. അച്ചടിഭാഷ സവർണ്ണതയുടെയും ആഢ്യത്വത്തിന്റെയും പ്രതീകമാണ് എന്നാണ് അയാൾ ധരിച്ചിരിക്കുന്നത്. കണ്ടൻമാസ്റ്ററുടെ മകളും കോളേജ് അധ്യാപികയുമായ യുവതിയുടെ പ്രേതഭാഷണമാണ് ഈ കഥയുടെ പ്രമേയം. സവർണ്ണനും വിവാഹിതനുമായ യുവാവിന്റെ പ്രണയത്തിൽനിന്നും വിദഗ്ധമായി രക്ഷപ്പെടുന്ന യുവതി അച്ഛനായ കണ്ടൻമാസ്റ്റർ കൊണ്ടുവരുന്ന വിവാഹാലോചന വരുന്നതോടെ പ്രേതാത്മാവായി മാറുന്നു. പിന്നീട് വിവാഹം കഴിക്കാനെത്തിയ യുവാവിനെ ഉപദ്രവിക്കുകയും  വിവാഹത്തിനു പിന്നിലെ ചതിയെ പൊതുസമൂഹത്തിനു മുന്നിൽ തുറന്നുകാണിക്കുകയും ചെയ്യുന്നു. പുരുഷമേധാവിത്ത ലോകത്തിൽ സ്ത്രീ അനുഭവിക്കുന്ന അടിമത്തമാണ് ഇവിടെ വിമർശനവിധേയമാകുന്നത്. സ്വന്തം വ്യക്തിത്വത്തെ പ്രദർശിപ്പിച്ചുകൊണ്ട് ഇത്തരം സാഹസികപ്രവർത്തികൾ ചെയ്യുന്നത് സ്ത്രീക്ക് അസാധ്യമാണ്. പുരുഷന് വിധേയപ്പെട്ട് നിൽക്കാൻ മാത്രമേ അവർക്ക് സാധിക്കുകയുള്ളൂ. എന്നാൽ ഒരു പ്രേതാത്മാവിനെ സംബന്ധിച്ച് ജാതിയും മതവും പ്രശ്നമായി വരുന്നില്ല. അതിന് ഏതുവിധത്തിലുള്ള പൊള്ളത്തരങ്ങളും മറനീക്കി പുറത്തുകൊണ്ടുവരാൻ സാധിക്കും. പല സത്യങ്ങളും തെളിവുസഹിതം തെളിയിക്കാൻ സാധിക്കും. ഈ തിരിച്ചറിവ് തന്നെയാണ് കണ്ടങ്കോരൻമാസ്റ്ററുടെ മകൾക്കും ഉണ്ടായത്. 'ചൂമ്പ' ഈ കഥയിൽ ദളിത് സംസ്കാരത്തിന്റെ പ്രതീകമായാണ് അവതരിപ്പിക്കുന്നത്. ക്ലാസ്മുറിയിൽ ചൂമ്പ കൊണ്ട്വച്ച് മാസ്റ്ററെ അധിക്ഷേപിക്കാൻ ശ്രമിക്കുമ്പോൾ മാസ്റ്റർക്ക് അത് അധിക്ഷേപമായി  തോന്നുന്നില്ല. അതിനെതിരെ ചോദ്യം ചെയ്യലുകളോ ആക്രോശങ്ങളോ നടത്തുന്നതുമില്ല. ചൂമ്പയും കൊണ്ട് പണിക്കുപോകുന്നതാണ് ദളിതന്റെ കുലത്തൊഴിൽ അല്ലാതെ അധ്യാപനം അല്ല എന്നുള്ളതാണ് ഈ അധിക്ഷേപത്തിന് പിന്നിലെ പൊരുൾ. ചൂമ്പയുടെ സംസ്കാരത്തെ പ്രതിസംസ്കാരമായി രൂപപ്പെടുത്തുന്ന എഴുത്തുകാരന്റെ രചനവൈഭവം അർത്ഥവത്തായി മാറുന്നത് ഇവിടെ കാണാവുന്നതാണ്. സ്ത്രീയുടെ സ്വാതന്ത്ര്യമില്ലായ്മക്കെതിരെയുള്ള പ്രതിരോധമായും സംസ്കാരത്തിന്റെ ആവിഷ്കരണം എന്നനിലയിലും ശ്രദ്ധേയമാണ് ഭൂതബലി എന്ന കഥ.

**മിത്തും ഭ്രമാത്മകതയും**

സി. അയ്യപ്പന്റെ ആഖ്യാന തന്ത്രങ്ങളിൽ ശ്രദ്ധേയമാണ് ഭ്രമാത്മകതയും മിത്തും . ഇവ രണ്ടിന്റെയും കൂടിച്ചേരലുകളിലൂടെ പുതിയ ഒരു ആഖ്യാനമാതൃക സി. അയ്യപ്പൻ സൃഷ്ടിക്കുന്നു. കെട്ടുകഥകളും അന്ധവിശ്വാസങ്ങളും ആചാരങ്ങളും പുരാവൃത്തങ്ങളും ചേർന്ന് ഒരു അന്തരീക്ഷം അയ്യപ്പന്റെ കഥകൾക്ക് ഭ്രമാത്മകതയുടെ പരിവേഷം നൽകുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**നിരവത്തുകയ്യാണി**

നിരവത്തുകയ്യാണി എന്ന കഥയിൽ ജീവിതയാഥാർത്ഥ്യങ്ങളെ മിത്ത്, ഫാന്റസി എന്നിവയുടെ സങ്കേതങ്ങളുമായി കൂട്ടിയിണക്കി അവതരിപ്പിക്കുന്നു. പീഡിതയായ യുവതിയുടെ മാനസികസഞ്ചാരമാണ് ഭ്രമകല്പനകളിലൂടെ ഈ കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഉണ്ണൂലി, ശാരദ എന്നിവരുടെ ജീവിതയാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുന്നതിലൂടെ കഥയ്ക്ക് പുതിയൊരു ആഖ്യാനസവിശേഷത കൈവരുന്നു. ഉണ്ണൂലിയിൽ ദൃശ്യമായ ദംഷ്ട്രകൾ പ്രതിരോധത്തിന്റെ ബിംബങ്ങളാണ്. ആത്മാവിഷ്കാ രത്തിനായി ഗ്രന്ഥകാരൻ തിരഞ്ഞെടുക്കുന്ന ഭാഷ സ്വാതന്ത്ര്യത്തിന്റേതാണ്. അതുകൊണ്ടുതന്നെ ക്രൂശിതഭാഷ കൊണ്ടാണ് ഉണ്ണൂലി ആത്മഭാഷണം നടത്തുന്നത്. അതിനു തെളിവാണ് എന്റെ ദേഹത്ത് 'നമസ്തേ എന്ന് മൂത്രം തെറിപ്പിച്ചത് ' എന്ന പ്രയോഗം. മേലാളന്റെ അതിക്രമങ്ങളെ ചോദ്യം ചെയ്യാൻ ഉതകുന്ന ഭാഷ തന്നെയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ പ്രയോഗത്തിലൂടെ മേലാള വർഗ്ഗത്തിനു പൊതുവായുണ്ടായിരുന്ന മാന്യതയുടെ മൂടുപടമാണ് അഴിഞ്ഞുവീണത്. ഇവിടെ സവർണ്ണനെ സൂചിപ്പിക്കാൻ ആണ് നമസ്തേ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഇതിനുപിന്നിൽ കറുത്തഫലിതം കലർത്തി വിമർശിക്കുകയാണ് കഥാകാരൻ. "എന്നെ കഴുത്തു ഞെരിച്ചു കൊന്നതും കൊന്നു കുഴിച്ചുമൂടി നാലഞ്ചുനാൾക്കകം കുറുക്കൻ തലമാന്തി പുറത്തിട്ടപ്പോൾ കാലുകൾ കൊണ്ട് തട്ടിയുരുട്ടി തലയിലെഴുത്തു വായിച്ചു പൊട്ടിച്ചിരിച്ചുകൊണ്ട് പാടത്തെ നടുതലയ്ക്ക് നോക്കു കുത്തിയാക്കാം എന്ന് വിധിച്ചതും താൻ ഒറ്റയൊരുത്തനാണ്"(അയ്യപ്പൻ സി. , 2018:33,34). ഈ സന്ദർഭം തികച്ചും ഭ്രമാത്മക സൃഷ്ടിയാണ്. അസംഭവ്യമായതിനെ സംഭവ്യമാക്കി മാറ്റുന്നതാണ് ഭ്രമാത്മകത. ഇവിടെ കൊല്ലപ്പെട്ടയാൾ തന്നെ സാക്ഷിയാകുന്നതും മൊഴി നൽകുന്നതുമായ അസംഭവ്യതയെ സംഭവ്യമാക്കി തീർക്കുന്നു കഥാകാരൻ." കലയിലെ യഥാർത്ഥ രാഷ്ട്രീയം ആയ സ്വാതന്ത്ര്യത്തിന്റെ രാഷ്ട്രീയം അസംഭവ്യതയെയും ആയുധമാക്കും. കലയ്ക്ക് പ്രധാനം യാഥാർത്ഥ്യത്തെകുറിച്ചുള്ള പൊതുബോധത്തിലെ പ്രതീതിയല്ല അത് ആവിഷ്കാരവും വിനിമയവുമാണ്"(രാജഗോപാലൻ ഇ.പി., 2018: 50). അതുകൊണ്ട് കല പലതരത്തിലുള്ള ആഖ്യാനമാതൃകകൾ സ്വീകരിക്കുന്നു. അതിലൊന്നാണ് ഭ്രമാത്മകത. നിലവിലുള്ള സാമൂഹികവ്യവസ്ഥയെ അനുകൂലിച്ച് ജീവിക്കുന്നവർ ഫാന്റസിയെ സ്വീകരിക്കുന്നില്ല. അതിനോട് എതിർത്തു നിന്നു പോരാടുന്നവർക്കാണ് ഒരായുധം എന്നനിലയിൽ ഫാന്റസിയുടെ ആവശ്യം. അതുകൊണ്ടാണ് ഈ കഥയിൽ ഭ്രമാത്മ കതയുടെ സങ്കേതം സ്വീകരിച്ചിരിക്കുന്നത്.ആധിപത്യത്തിന്റെയും അധികാരത്തിന്റെയും ക്രൂരതകളെ ജനങ്ങളിലേക്കെത്തിക്കാൻ ഭ്രമാത്മകത എന്ന ആഖ്യാനതന്ത്രം എഴുത്തുകാർ വളരെയധികം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ബന്ധുവായ ശാരദ എന്ന യുവതിയുടെ മാനസികസഞ്ചാരം കടന്നുവരുന്ന സന്ദർഭവും ഭ്രമാത്മകമാണ്. ശാരദ അനുഭവിക്കുന്ന പീഡനത്തിന്റെ കാഠിന്യത്തിൽ അവൾ പൂർവിക സ്മരണകളിലേക്ക് കടക്കുന്നു. ഈ സ്മരണകളിലൂടെ ഉണ്ണൂലിയും ശാരദയും അനുഭവിക്കുന്ന പീഡനങ്ങളുടെ ഒരു പരമ്പരയുടെ ചരിത്രം തന്നെ കഥയിൽ സ്ഥാപിക്കപ്പെടുകയാണ്.

**അരുന്ധതിന്യായദർശനം**

നിലവിലുള്ള ജാതിവ്യവസ്ഥയ്ക്കും അനീതിക്കും എതിരായുള്ള വിദ്വേഷം തികച്ചും ഭ്രമാത്മകതയുടെ സങ്കേതത്താൽ അവതരിപ്പിക്കുന്ന കഥയാണ് അരുന്ധതിന്യായദർശനം. പുലയകുടിലിൽ മീൻ ചുടുന്ന മണം ആസ്വദിച്ചതിന്റെ പേരിൽ ഭ്രഷ്ടരാകേണ്ടിവന്ന രണ്ടു ദേവിമാരുടെ കഥയാണ് ഭ്രമാത്മകതയുടെ സങ്കേതത്താൽ ഈ കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇങ്ങനെ ഭ്രഷ്ടരാക്കപ്പെടുന്നവർക്ക് ഒരു പ്രതിഭാഷണം ആവശ്യമാണ്. ജീവിതയാഥാർത്ഥ്യങ്ങളെ മിത്തുമായി കൂട്ടിയിണക്കുന്ന ഈ കഥയിൽ ആഖ്യാതാവിന്റെ ആത്മകഥന രൂപേണയാണ് കഥ മുന്നോട്ട് പോകുന്നത്. ഗീതു എസ് നായർ എന്ന അയൽക്കാരിയുമായുള്ള ആഖ്യാതാവിന്റെ സംഭാഷണവും ദളിത് യുവാവിന്റെ പ്രേതം ഗീതുവിനെ കൊലപ്പെടുത്താൻ ശ്രമിക്കുന്നതിനിടയിൽ ആഖ്യാതാവും പ്രേതവുമായുള്ള ഏറ്റുമുട്ടലും എല്ലാം ഭ്രമാത്മകതയുടെ സ്വഭാവം കഥയ്ക്കു നൽകുന്നു. ഗീതു ആത്മഹത്യ ചെയ്യുന്നതിനു പിന്നാലെ ആഖ്യാതാവും ദേവി വിഗ്രഹത്തിൽ ചവിട്ടി നിന്ന് ആത്മഹത്യ ചെയ്യുന്നു. ഭഗവതിമാരുടെ മിത്തും അവരിലൂടെ സൃഷ്ടിക്കപ്പെടുന്ന ഗ്രാമീണതയും ചേർന്ന് പരലോകസൃഷ്ടിയായി കഥ മാറുന്നു. മരിക്കാൻ പോകുന്നു എന്ന് പറയുന്നതിന് പകരം അയാൾ ജനിക്കാൻ പോകുന്നു എന്നാണ് പറയുന്നത്. അയാൾ സ്വയം ജനിപ്പിക്കാൻ പോകുന്നു എന്ന് അർത്ഥമാക്കുന്നു. ജീവിച്ചിരിക്കുമ്പോൾ നടക്കാത്ത പലകാര്യങ്ങളും മരണാനന്തരം ജീവിതത്തിലൂടെ നേടിയെടുക്കാമെന്ന ധാരണയാണ് ഈ ആത്മവിശ്വാസത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. ഗീതുവിനെ ആക്രമിക്കുന്നത് ഗീതുവിന്റെ ബന്ധുവായ സ്ത്രീയുമായുള്ള വിശുദ്ധ ബന്ധം മൂലമാണ്. ഒരു വ്യക്തിമൂലം ഉണ്ടാകുന്ന ദുരന്തം ആ കുടുംബത്തോട് മുഴുവനായി തീർക്കാനാണ് യുവാവ് പ്രേതാത്മാവായി മാറിയത്. സവർണകുടുംബങ്ങളുമായുള്ള ദളിതരുടെ ബന്ധം അവരെ നാശത്തിലേക്ക് മാത്രമേ നയിക്കുകയുള്ളൂ. ഇത്തരത്തിൽ സവർണരോടുള്ള പ്രതികാരം ചെയ്യാൻ പ്രേതമായി അവതരിക്കുന്നതിലൂടെ ഒരു പുനർജന്മത്തിനാണ് ആഖ്യാതാവ് മുതിരുന്നത്. മേൽക്കോയ്മയുടെ ജീർണ്ണത അവതരിപ്പിക്കുന്നതിലൂടെ സവർണ്ണസമൂഹത്തെ മുഴുവൻ പരിഹസിക്കുകയാണ് ഭ്രമാത്മകത എന്ന ആഖ്യാനതന്ത്രത്തിലൂടെ കഥാകൃത്ത് ചെയ്യുന്നത്.

**പുലിയങ്കം**

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

ഭ്രമാത്മകതയുടെ സാങ്കേതികത ഉപയോഗിച്ച് രചിച്ചിട്ടുള്ള മറ്റൊരു കഥയാണ് പുലിയങ്കം. നാടകീയമായ അന്തരീക്ഷ സൃഷ്ടിയിൽ രൂപപ്പെട്ട ഈ കഥ അയിത്തത്തിനെതിരായുള്ള പ്രതിരോധമാണ്. ഈ കഥയിലെ അവർണ്ണനായ നായകൻ നളചരിതം ആട്ടക്കഥയിലെ കാട്ടാളന്റെ വേഷം കെട്ടാൻ വിസമ്മതിക്കുന്നതിലൂടെ സവർണസമൂഹത്തിന്റെ മുഴുവൻ വിശ്വാസപ്രമാണങ്ങളാണ് തകരുന്നത്. മേലാളന്മാരുടെ അധികാരത്തെ പ്രതിരോധിക്കാൻ ഒരു പ്രതിരോധ മാർഗം എന്ന നിലയിൽ ഒരു പുലിയായി ജന്മമെടുക്കുകയാണ് ഇതിലെ കഥാപാത്രം. ദളിതന്റെ ഉള്ളിൽ രൂപപ്പെടുന്ന ആന്തരിക രോഷമാണ് പുലിജന്മം പ്രാപിക്കുന്നതിന് കഥാപാത്രത്തെ പ്രാപ്തനാക്കുന്നത്.

### പ്രസ്താവന

യജമാനന്റെ ചൂഷണത്തിനിരയായ ദളിത് യുവാവിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ കഥയാണ് 'പ്രസ്താവന'. തന്റെ മുഖത്ത് കാർക്കിച്ച് തുപ്പുന്ന യജമാനനെ കോപത്തോടെ നോക്കുമ്പോൾ അവന്റെ കോപം ഒരു പട്ടിയുടെ പുഞ്ചിരി പോലെയാണെന്ന് യജമാനൻ പറയുന്നു. അതുകേട്ട ചാർത്താവ് നാണിച്ചു ചത്തുപോകുകയും ഒരു പട്ടിയായി ഉയർത്തെഴുന്നേൽക്കുകയും ചെയ്യുന്നതാണ് കഥ. മേലാളന്റെ അധിക്ഷേപത്തിന്റെ ക്രൂരതയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ദളിതന്റെ വികാരങ്ങൾക്കും വിചാരങ്ങൾക്കും പട്ടിയുടെ വില പോലും കൊടുക്കാത്ത ജാതി വ്യവസ്ഥിതിയെ രൂക്ഷമായി വിമർശിക്കുകയാണ് കഥാകൃത്ത്. പട്ടിയായി ഉയർത്തെഴുന്നേൽക്കുന്നതിനു പിന്നിൽ ചാർത്താവ് ആഗ്രഹിക്കുന്നത് സ്വാതന്ത്ര്യമാണ്. എന്നാൽ അടിമത്തത്തെ ചോദ്യം ചെയ്തതിന് വീണ്ടും മരണശിക്ഷയാണ് ലഭിച്ചത്. ജാതിമരത്തിന് വളമായി കുഴിച്ചിട്ടപ്പോൾ അവിടെനിന്നും വീണ്ടും ഉയർത്തെഴുന്നേൽക്കുകയാണ് ചാർത്താവ്. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അമിതമായ ആഗ്രഹമാണ് ഉയർത്തെഴുന്നേൽപ്പിനു കാരണമാകുന്നത്. കീഴാളന്റെ രക്തവും വിയർപ്പും കാടത്തവും ആണ് മേലാളനെ ഉന്നതനാക്കിയത്. കീഴാളൻ ഇല്ലെങ്കിൽ മേലാളൻ ഇല്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടാണ് അവസാന കൊലപാതകത്തിൽ നിന്നും ചാർത്താവ് എഴുന്നേൽക്കുന്നത്. ഇത് ചാർത്താവ് എന്ന വ്യക്തിയുടെ കഥയല്ല. ദളിത് സമൂഹത്തിന്റെ പ്രതിനിധി എന്ന നിലയിലാണ് ചാർത്താവ് ഇവിടെ പ്രാധാന്യം അർഹിക്കുന്നത്. ഉപരിവർഗ്ഗജനതയുടെ അടിമകൾ മാത്രമായി ദളിത് സമൂഹം മാറുന്ന കാഴ്ചയാണ് ഈ കഥ അവതരിപ്പിക്കുന്നത്. ഇതിനെതിരെ തന്റെ സ്വത്വത്തെ അംഗീകരിച്ചുകൊണ്ട് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തുന്ന ജനതയെയാണ് ചാർത്താവിലൂടെ സി. അയ്യപ്പൻ അവതരിപ്പിക്കുന്നത്.

### ഉപസംഹാരം

സി. അയ്യപ്പന്റെ ചെറുകഥകൾ മേലാളവർഗ്ഗത്തോടുള്ള കീഴാളവർഗ്ഗത്തിന്റെ പ്രതികാരമാണ്. സ്വന്തം രചനകളിലൂടെ ആധുനികതയെ മറയാക്കി ദളിത് അസ്തിത്വത്തെ സാധൂകരിക്കുകയാണ് സി. അയ്യപ്പൻ ചെയ്തത്. ആധുനികതയുടെ പൊതു പ്രവണതകൾക്കെതിരെ നിരന്തരം കലഹിച്ചു. പ്രേതഭാഷണം, കാവൽഭൂതം, ഭൂതബലി, നിരവത്തുകയ്യാണി, അരുന്ധതീന്യായദർശനം, പുലിയങ്കം,പ്രസ്താവന തുടങ്ങിയ കഥകളി ലെല്ലാം തന്നെ ഈ സ്വഭാവം കാണാൻ സാധിക്കും. സ്വയം പ്രഖ്യാപിത നിയമങ്ങളിലൂടെയും പ്രസ്താവനകളിലൂടെയും താഴ്ന്നുൾപ്പെട്ട അധഃകൃത സമൂഹത്തിനു നേരിടേണ്ടിവന്ന ആത്മാഭിമാനനഷ്ടത്തെയും സ്വത്വനഷ്ടത്തെയും വളരെ വ്യക്തമായി ആവിഷ്കരിക്കാൻ അയ്യപ്പനു സാധിച്ചു. അദൃശ്യമായി നിന്നുകൊണ്ട് യഥാർത്ഥമായി അവതരിപ്പിക്കുന്നവയാണ് ഈ കഥകൾ. കീഴാളരുടെ സാമൂഹിക-ജീവിത യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ട നിരവധി പരാമർശങ്ങൾ മേല്പറഞ്ഞ കഥകളിൽ കാണാൻ സാധിക്കും. വരേണ്യവർഗ്ഗത്തെ വിമർശനവിധേയമാക്കി അവതരിപ്പിക്കുന്നതിലൂടെ ദളിത് സമുദായത്തിന്റെ സ്വയംസ്ഥാപനം കൂടിയാണ് അയ്യപ്പന്റെ കഥകൾ. ദളിതന്റെ പ്രതിരോധങ്ങളെ അവതരിപ്പിക്കാനും സവർണന്റെ നിയമസംഹിതകളെ ആക്ഷേപഹാസ്യവൽക്കരിക്കാനും ഭ്രമാത്മകത, മിത്ത് തുടങ്ങിയ ആഖ്യാനതന്ത്രങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ ഭാഷയിലും പ്രമേയത്തിലും പുലർത്തുന്ന പ്രതിനിധാനം സമുദായത്തിന്റെ സ്വത്വപ്രതിഷ്ഠാപനം കൂടിയാണ്.

### ഗ്രന്ഥസൂചി

1.അപ്പൻ, കെ.പി., തിരസ്കാരം,നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1984
2. അപ്പൻ, കെ.പി., കെ.പി അപ്പന്റെ തെരഞ്ഞെടുത്ത കൃതികൾ, ഹരിതം ബുക്ക്സ്, കോഴിക്കോട്, 2003
3. അയ്യപ്പൻ, സി., സി അയ്യപ്പന്റെ കഥകൾ - സമ്പൂർണ്ണം, ആമി ബുക്സ്, കോഴിക്കോട്, 2018
4. അയ്യപ്പൻ, സി., ഞണ്ടുകൾ, ഡിസി ബുക്സ്, കോട്ടയം, 2003
5. രാജഗോപാലൻ, ഇ.പി., ഉൾക്കഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട് 2021
6. ബഷീർ, എം.എം., ഡോ, മലയാള ചെറുകഥ സാഹിത്യ ചരിത്രം 1950-2007, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2008
7. രാജശേഖരൻ, പി. കെ., ആസാദ് (എഡി) നോവൽ ബോധവും പ്രതിബോധവും, ഡിസി ബുക്സ്,കോട്ടയം, 1922

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

About the Researcher
ദേവിക വി.എസ്.
ഗവേഷക
കേരളപഠനവിഭാഗം
കേരളസർവകലാശാല
കാര്യവട്ടം
E mail. devikavs222@gmail.com
Ph. 9037777855

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0033

**യക്ഷി സങ്കല്പം സൗപർണിക നാടകത്തിൽ**

**അഞ്ജലി ശ്രീനിവാസ് പി.കെ.**

**പ്രബന്ധസംഗ്രഹം**
ഇന്ത്യയിൽ നിലനിന്ന പ്രാക്തന ആരാധനാസമ്പ്രദായത്തിന്റെ അവശേഷിപ്പാണ് യക്ഷിസങ്കല്പം. ആദിമ അമ്മദൈവാരാധന, ഗോത്രവിശ്വാസങ്ങൾ, ആര്യ–ദ്രാവിഡസംഘർഷങ്ങൾ, ബുദ്ധ–ജൈന സ്വാധീനങ്ങൾ എന്നിവയെല്ലാം യക്ഷിസങ്കല്പത്തെ നിർമ്മിക്കുകയും രൂപഭേദങ്ങൾ വരുത്തുകയും ചെയ്തു. കേരളീയരുടെ കാഴ്ചപ്പാടിൽ, യക്ഷി പൊതുവെ ഭയവും ലൈംഗികതയും ചേർന്ന രൂപത്തിലാണ് നിലകൊള്ളുന്നത്. നരേന്ദ്രപ്രസാദിന്റെ സൗപർണിക എന്ന നാടകം നിർമ്മിച്ച യക്ഷി സങ്കല്പത്തെ പഠനവിധേയമാക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**താക്കോൽ വാക്കുകൾ**
മിത്ത്, ആണധികാരം, ജാതി – വർണ്ണ വ്യവസ്ഥ, ലൈംഗികത

.............................................................................................................................................................................

**ആമുഖം**
പ്രാക്തന ജനതയുടെ ജീവിതദർശനങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ഭാവനാപൂർണ്ണമായ അടയാളപ്പെടുത്തലുകളാണ് പുരാവൃത്തങ്ങൾ അഥവാ മിത്തുകൾ. സമൂഹത്തിൽ പ്രതിഷ്ഠിതമാകുന്ന സാങ്കല്പികകഥകളാണ് ഇവ. സമൂഹത്തിൽ ഉറച്ചുപോയ ഇത്തരം കഥകൾ വിശ്വാസവും പൊതുബോധവും മൂല്യവ്യവസ്ഥയും രൂപീകരിക്കാനുതകുന്ന രൂപകങ്ങളായി പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ ഒരു വ്യക്തിയുടെ സ്വഭാവം, ചിന്ത, ഭാവന, കാഴ്ചപ്പാടുകൾ എന്നിവയിലെല്ലാം സമൂഹം പൊതുവായി പങ്കിടുന്ന മിത്തുകളുടെ സാംസ്കാരിക കണികകൾ ഉൾപ്പെട്ടിരിക്കും. ചരിത്രാതീതകാലംതൊട്ടുതന്നെ ജനമനസ്സിൽ അനവധി നാട്ടറിവുകളുണ്ട്. കണ്ടും കേട്ടുമറിഞ്ഞ ഇത്തരമറിവുകൾ അതതു കാലത്തിന്റെ ബോധ്യത്തിനനുസരിച്ച് പരുവപ്പെട്ടുപോരുകയും പുനരവതരിപ്പിക്കുകയും ചെയ്തു. മനുഷ്യവർഗ്ഗത്തിന്റെ ഉത്പത്തികാലം മുതൽക്കുതന്നെ മിത്തുകളുടെ സൃഷ്ടിയും നടന്നുവെന്ന് അനുമാനിക്കാം. എല്ലാ കാലഘട്ടത്തിലും മിത്തുകൾ നിർമ്മിക്കപ്പെടുകയും പഴയ മിത്തുകൾക്ക് പാഠരൂപങ്ങൾ ഉണ്ടാവുകയും ചെയ്യുന്നുണ്ട്.  മിത്തുകൾ കേവലം കഥകൾ മാത്രമല്ല. ശാസ്ത്രത്തിനും യുക്തിക്കും അതീതമാണ് മിത്തുകളെന്ന് പാശ്ചാത്യസാഹിത്യചിന്തകർ പറയുമ്പോഴും അവ കേവലമായൊരു സർഗാത്മകസൃഷ്ടിയല്ല എന്നത് വ്യക്തമാണ്. മിത്തുകൾ വെറും ഭാവനയുടെ നിർമ്മിതികൾ എന്നതിലുപരി സാമൂഹികാധികാരം കൈയാളുന്നവരുടെ ദൃശ്യ – ശ്രാവ്യ ആയുധമാണ് എന്ന നിലയിൽ റൊളാങ് ബാർത്ത് മിത്തിനെ വിശകലനം ചെയ്യുന്നുണ്ട്. മലയാളിയുടെ പൊതുബോധത്തിൽ ആണ്ടുകിടക്കുന്ന യക്ഷി സങ്കല്പം മിത്തിന്റെ അനാദിരൂപമാണ്. മിത്തുകളുടെ മറപിടിച്ച് പുരുഷാധികാരത്തിനോ അവന്റെ മാന്ത്രിക പൗരുഷത്തിനോ വിധേയമാക്കേണ്ട സ്ത്രീ മാതൃകകൾ സൃഷ്ടിക്കാനാണ് മലയാളികളുടെ യക്ഷി സങ്കല്പങ്ങൾ ശ്രമിച്ചത്. പ്രാചീനമായ യക്ഷിസങ്കല്പത്തെ അതിന്റെ സമകാലികഭാവത്തിൽ മലയാളി പുരുഷന്റെ അഭിലാഷ ലോകത്തുനിന്ന് അവതരിപ്പിക്കാനാണ് മലയാളത്തിലെ ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ ശ്രമിച്ചത് .

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**യക്ഷിസങ്കല്പം**

ഇന്ത്യയിലെ ബഹുജനസാമൂഹ്യഭാവനാലോകത്തെ പ്രബല സങ്കൽപ്പങ്ങളിലൊന്നാണ് യക്ഷി. ഇന്ത്യയിൽ നിലനിന്ന പ്രാക്തന ആരാധനാസമ്പ്രദായത്തിന്റെ അവശേഷിപ്പുകൂടിയാണ് യക്ഷിസങ്കല്പം. യക്ഷി – യക്ഷന്മാരെ ആരാധിക്കുന്ന സമ്പ്രദായം ഇന്ത്യയിൽ നിലനിന്നിരുന്നു. ചിലപ്പതികാരത്തിൽ യക്ഷി ആരാധനയെപ്പറ്റി സൂചനകളുണ്ട്. അതനുസരിച്ച് ദക്ഷിണേന്ത്യയിലെ ആഭിരന്മാർ യക്ഷന്മാരെ ആരാധിക്കുന്നവരാണ് (ഡോ.വി.വി. ഹരിദാസ്,2020,45). ആദിമമായ അമ്മദൈവസങ്കല്പങ്ങൾ കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട ഉർവ്വരതാപ്രാർത്ഥനകൾ ഗോത്രദേവതപൂജകൾ തുടങ്ങിയവയെല്ലാം ബ്രാഹ്മണമതവുമായുണ്ടായ കൊള്ളകൊടുക്കലുകൾ വഴി രൂപഭേദങ്ങൾ സംഭവിച്ചിട്ടുണ്ട്.

"യക്ഷിസങ്കല്പങ്ങളും വിശ്വാസങ്ങളും കേരളത്തിലെത്തുന്നത് പുരാണങ്ങളിലൂടെയും ആദിമവനവാസി അമ്മദൈവ വിശ്വാസങ്ങളിലൂടെയും ആര്യദ്രാവിഡ സംഘർഷങ്ങളിലൂടെയും ബുദ്ധ – ജൈനമത കഥകളിലൂടെയുമൊക്കെ കലങ്ങിക്കറങ്ങിയാണ്. അപ്പോഴേക്കും തികച്ചും വിരുദ്ധങ്ങളായ രൂപപരിണാമങ്ങൾ യക്ഷിക്ക് സംഭവിക്കുന്നു" (സി.എസ്. വെങ്കിടേശ്വരൻ,2025 : 54).

ശബ്ദതാരാവലിയിൽ യക്ഷി എന്ന വാക്കിന് ഒരു ദേവത, പൊതുവേ വേഷം മാറുകയും ജനങ്ങളെ പീഡചെയ്യുകയും ചെയ്യുന്ന ഒരു തരം പിശാച് എന്നാണർത്ഥം നൽകിയിരിക്കുന്നത്. ശബ്ദസാഗരത്തിൽ യക്ഷവർഗത്തിലെ സ്ത്രീ, യക്ഷന്റെ പത്നി, അന്തരീക്ഷത്തിൽ വിഹരിക്കുന്ന ഒരു അദൃശ്യശക്തി, ഒരു ദുർദേവത എന്ന അർത്ഥവും നൽകിയിരിക്കുന്നു. ഭൂതം, പ്രേതം, യക്ഷി തുടങ്ങിയ പ്രതിഭാസങ്ങൾ നാടോടിക്കഥകളിലും കാണാം.

മരണാനന്തരം ആത്മാവ് മോക്ഷം ലഭിക്കാതെ അതൃപ്തിയായി ഭൂമിയിൽ അലഞ്ഞു നടക്കും എന്ന വിശ്വാസം മനുഷ്യസമൂഹത്തിന് ഒന്നാകെയുള്ളതാണ്. അപമൃത്യു സംഭവിച്ച പതിവ്രതകളും നിഷ്കളങ്കയുമായ സ്ത്രീയുടെ ആത്മാവ് യക്ഷിയായി മാറുന്നുവെന്ന കേരളീയരുടെ മിത്തും ഇതേ വിശ്വാസത്തിന്റെ ഭാഗമാണ്. യക്ഷിസങ്കല്പം വളർന്ന് വികസിച്ചത് പൊതുവേ വാമൊഴിയായി പ്രചരിച്ചിരുന്ന മിത്തുകളിലൂടെയാണ്. സ്ത്രൈണ സൗന്ദര്യത്തിന്റെ മൂർത്തീഭാവം ഈ യക്ഷിക്കഥകളിലെല്ലാം കാണാം. മലയാളിയുടെ യക്ഷിസങ്കല്പം പൊതുവെ ലൈംഗികതയുമായി ബന്ധപ്പെട്ടതാണ്. സർവാംഗസുന്ദരിയും അനിതരവനിതാസാധാരണമായ രൂപലാവണ്യത്തോട് കൂടിയവളുമായ യക്ഷി സാധാരണ സ്ത്രീയുടെ വേഷം ധരിച്ച് വഴിയരികത്ത് പോയി നിൽക്കുകയും വഴിയിൽക്കൂടി വരുന്ന പുരുഷന്മാരുടെ അടുത്ത് ചെന്ന് മുറുക്കാൻ ചോദിക്കുകയും ആ മോഹനാംഗിയുടെ സൗന്ദര്യത്തിൽ മയങ്ങിയ പുരുഷന്മാരെ കാമകേളികൾക്ക് ക്ഷണിക്കുകയും ചെയ്യുന്ന യക്ഷികളെ ഐതിഹ്യകഥകളിലെല്ലാം കാണാം. കള്ളിയങ്കാട്ട് നീലി, വെള്ളസാരി, അഴിച്ചിട്ട നീണ്ടമുടി, പാലമരം, കരിമ്പന, അമാവാസി, മന്ത്രവാദി എന്നിങ്ങനെ ഭയപ്പെടുത്തുന്ന ആഖ്യാനത്തിനായി ധാരാളം ബിംബങ്ങളുടെ പശ്ചാത്തലമുപയോഗിച്ചാണ് യക്ഷിക്കഥകൾ ആഖ്യാനം ചെയ്യപ്പെട്ടിരുന്നത്. ദൈവവിശ്വാസം പോലെത്തന്നെ മനുഷ്യരിൽ യക്ഷി ഭയം നിറക്കാനും ആ കഥകൾക്ക് കഴിഞ്ഞു. യക്ഷിയുടെ തീക്ഷ്ണമായ വന്യകാമന ഇത്തരം നാടോടികഥകളിലെല്ലാം കാണാം. സൂക്ഷ്മപരിശോധനയിൽ ആ യക്ഷിക്കഥകളൊക്കെത്തന്നെ കേവലം ഭയമുളവാക്കുന്ന കഥകൾ മാത്രമല്ലെന്ന് കാണാം. ആണധികാരത്തിന് അപ്രാപ്യമായ കാടും ആണധികാരത്തിന്റെ ഈറ്റില്ലമായ വീടും എന്ന ദ്വന്ദ്വാത്മത യക്ഷിക്കഥകൾക്കെല്ലാമുണ്ട്. യക്ഷിയുടെ വന്യമായ കാമനകളെ മാന്യസമൂഹത്തിന്റെ അപഥസഞ്ചാരങ്ങളായി വ്യാഖ്യാനിക്കുകയും അതിലൂടെ സ്ത്രീയുടെ വന്യകാമനകളെ മുഴുവൻ തളച്ച് മെരുക്കിയെടുക്കുകയുമാണ് ഈ കഥകളെല്ലാം ചെയ്യുന്നത്.

**സാഹിത്യത്തിലെ യക്ഷി**

ദക്ഷിണേന്ത്യയിലെ യക്ഷിസങ്കല്പത്തിന് സംഘകാലത്തോളം പഴക്കമുണ്ട്. ചിലപ്പതികാരത്തിൽ യക്ഷി ആരാധനയെപ്പറ്റി സൂചനകളുണ്ട്. കേരളീയ സാഹിത്യത്തിൽ മധ്യകാലമണിപ്രവാളസാഹിത്യം മുതലാണ് യക്ഷി ലിഖിതരൂപത്തിൽ പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നത്. ലക്ഷ്മിദാസന്റെ ശുകസന്ദേശത്തിൽ യക്ഷി പരാമർശമുണ്ട്. ഉണ്ണുനീലിസന്ദേശത്തിൽ നായകനായ ആദിത്യവർമ്മയെ ഉറങ്ങുമ്പോൾ എടുത്തു കൊണ്ടുപോകുന്നത് കാമോന്മത്തയായ യക്ഷിയാണ്. കാമക്രീഡാവ്യാകുലയായ ഉണ്ണുനീലിയെ മാറിടത്തിൽ വഹിച്ചു കൊണ്ട് ഉറങ്ങിയ നായകനെ മദനോന്മത്തയായ ഒരു യക്ഷി രാവണന്റെ ഇളയ സഹോദരിയായ ശൂർപ്പണഖ ലക്ഷ്മണനെയെന്ന പോലെ സാമർത്ഥ്യത്തോടെ തെക്കേ ദിക്കിലേക്ക് തട്ടിക്കൊണ്ട് പോയി എന്നാണ് പറയുന്നത് . യക്ഷി, പൊടിച്ചൂട്ട്, ഭുവനേശ്വരി തുടങ്ങിയ സങ്കല്പങ്ങളിൽ നിന്നാണ് പൂതപ്പാട്ടിലെ പൂതത്തിന്റെ സൃഷ്ടിക്ക് കാരണമെന്ന് ഇടശ്ശേരി പൂതപ്പാട്ടിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. പൂതപ്പാട്ടിലെ പൂതം ഭയപ്പെടുത്തുന്ന ആഖ്യാനമല്ല, മറിച്ച് പൂതത്തിന് ഒരു മാതൃപരിവേഷം നൽകിയതായി കാണാം. മാതൃസ്നേഹം തുളുമ്പുന്ന യക്ഷിയെയും താമ്പൂലപ്രിയയായ യക്ഷിയെയും കവിതയിൽ കാണാം. പൂതത്തിന്റെ പ്രവൃത്തികൾ യക്ഷിക്കഥകളിലേതിന് സമാനമാണ്. ലോകസാഹിത്യത്തിൽത്തന്നെ യക്ഷിയെ മനുഷ്യവൽക്കരിച്ചുകൊണ്ട് അവതരിപ്പിച്ചത് വൈക്കം മുഹമ്മദ് ബഷീറിന്റെ നീലവെളിച്ചം എന്ന കഥയിലാണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**സൗപർണിക നാടകം**

1981 ലാണ് നരേന്ദ്രപ്രസാദിന്റെ സൗപർണിക നാടകം പുറത്തിറങ്ങിയത്. 1985 ലെ കേരളസാഹിത്യ അക്കാദമി അവാർഡ് സൗപർണികയ്ക്ക് ലഭിച്ചു. നരേന്ദ്രപ്രസാദ് തിരുവനന്തപുരത്ത് സ്ഥാപിച്ച നാട്യഗൃഹത്തിന്റെ സംവിധാനത്തിൽ നാടകം രംഗത്തവതരിപ്പിച്ചു. നാട്യധർമ്മി അഭിനയത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് ഭൗമ–ഭൗമാതീത ലോകങ്ങളെ തമ്മിലിണക്കി ഐതിഹ്യമാലയിലെ രണ്ട് യക്ഷിക്കഥകൾക്ക് രംഗഭാഷ്യം നൽകുകയാണ് നരേന്ദ്രപ്രസാദ് ചെയ്തത്. കാലടി നമ്പൂതിരിയെ യക്ഷി ഭക്ഷിച്ച കഥയാണ് ആദ്യത്തേത്. വെണ്മണി നമ്പൂതിരിയും യക്ഷിയുമായുള്ള പ്രണയവും ആ ബന്ധം നമ്പൂതിരിയുടെ കുലനാശത്തിന് കാരണമായി തീർന്നതുമായ കഥയാണ് രണ്ടാമത്തേത്.
പ്രസിദ്ധമായ ഒരു യക്ഷിയെക്കുറിച്ചുള്ള നാടകമാണിതെന്ന് നാടകാരംഭത്തിൽ തന്നെ പറയുന്നുണ്ട്. ദീപാരാധന കഴിഞ്ഞ് ആളൊഴിഞ്ഞ ഗ്രാമീണക്ഷേത്രമാണ് വേദി. പ്രണയചാപല്യങ്ങൾ കൊണ്ട് ഒരു രാജകന്യകയെ ശല്യപ്പെടുത്തിയതിന്റെ പേരിൽ നാട്ടുകടത്തപ്പെട്ട അനാര്യനായ ചിത്രകാരൻ ക്ഷേത്രമുറ്റത്ത് സുന്ദരിയായ ഒരു യക്ഷിയുടെ ചിത്രം വരച്ചു. ആ ചിത്രത്തിന്റെ പൂർണ്ണത നിമിത്തം സൗപർണികയെന്ന ആ യക്ഷി ഉഗ്രരൂപിണിയായി ചിത്രകാരനെ രക്തം കുടിച്ച് കൊന്നു. ഈ യക്ഷിയുടെ ദിവ്യസ്പർശത്തിന്റെ ശക്തി നേരിടാനാവാതെ പുരുഷന്മാർ പരലോകത്തെ പ്രാപിച്ചു. ഭീകരരൂപണിയും രക്തദാഹിയുമായ സൗപർണികയെ തളക്കാനെത്തിയ കാലടി നമ്പൂതിരിയുടെ മുടിയും നഖവും മാത്രമാണ് സൗപർണിക അവശേഷിപ്പിച്ചത്. പിന്നീട് യക്ഷിയെ തളക്കാനെത്തിയ കാലടി നമ്പൂതിരിയുടെ മകൻ സൂര്യകാലടിയുടെ മരണവും യക്ഷി ശപിച്ചതിനെത്തുടർന്നാണ സംഭവിച്ചത്.

മന്ദബുദ്ധിയായ വെണ്മണി മകൻ നമ്പൂതിരിപ്പാട് സൗപർണിക യക്ഷിയുടെ ചിത്രം നോക്കി ഇന്നു രാത്രി വരണമെന്ന് സഹപാഠികളുടെ നിർബന്ധപ്രകാരമാണ് പറയുന്നത്. മന്ദബുദ്ധിയായ വെണ്മണി നമ്പൂതിരിപ്പാടിനെ കുഴപ്പത്തിലാക്കാനാണ് സഹപാഠികൾ യക്ഷിയെ വിളിച്ചു വരുത്താൻ ആവശ്യപ്പെട്ടത്. എന്നാൽ യക്ഷിയുടെ സ്പർശമേറ്റ നിമിഷം വെണ്മണിയുടെ ബുദ്ധി തെളിഞ്ഞു. വർഷങ്ങളോളം അവർ ഭാര്യാഭർത്താക്കന്മാരെ പോലെ കഴിഞ്ഞു. വെണ്മണിയുടെ സന്തതി പരമ്പര നിലനിർത്താനായി വിവാഹം കഴിക്കാനും സൗപർണിക സമ്മതം നൽകി. വിവാഹാനന്തരം വെണ്മണിക്ക് ഒരു കുഞ്ഞു ജനിച്ചപ്പോൾ ആ കുട്ടിയുടെ ഉപനയനക്രിയയുടെ ഭാഗമായി ഭിക്ഷ ആദ്യം തനിക്ക് ലഭിക്കണമെന്ന് സൗപർണിക ആഗ്രഹം പ്രകടിപ്പിച്ചു. യക്ഷിയേതരമായ ഈ ആഗ്രഹം സൗപർണികയുടെ അന്ത്യത്തിന് കാരണമായി.

ഐതിഹ്യമാലയിലെ ഈ കഥയോടൊപ്പം തന്നെ നാടകകൃത്ത് സ്വതന്ത്രമായ ചില രംഗങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. ജാതിവ്യവസ്ഥയുടെ യാഥാർത്ഥ്യം ചിത്രീകരിക്കുകയാണ് ഈ രംഗങ്ങളിലൂടെ. കഥയുടെ വിമർശന സാധ്യതകളും പുതിയ വീക്ഷണങ്ങളും സൂത്രധാരനിലൂടെയാണ് അവതരിപ്പിക്കപ്പെടുന്നത്. നാടകം ആരംഭിക്കുന്നത് തന്നെ നാടകം കളിക്കാൻ തനിക്ക് തീരെ താല്പര്യം ഇല്ലെന്നു മട്ടിൽ സൂത്രധാരൻ പ്രവേശിക്കുന്നതിലൂടെയാണ്. തനിക്ക് സൂത്രധാരനാകാൻ യോഗ്യതയില്ലെന്ന് അയാൾ ആദ്യം തന്നെ പറയുന്നുണ്ട്. "ഈ കറുകറെ കറുത്ത ഞാനേ! ആഢ്യനും ആര്യനുമാവണം സൂത്രധാരൻ. എനിക്കാവട്ടെ, കുലമഹിമയില്ല ജാതിമേന്മയില്ല. ഈ പാമരൻ എങ്ങനെയാണാവോ ഈ നാടകയാനപാത്രത്തിന്റെ പാമരമായി... "(നരേന്ദ്രപ്രസാദ് ,2005:17)

നാടകത്തിലെ ആദ്യ രംഗത്തിലെ ആദ്യ സംഭാഷണത്തിലൂടെതന്നെ ജാതി – വർണ്ണ ബോധത്തെ അട്ടിമറിക്കുന്നതായികാണാം. നാടകത്തിലെ പ്രധാന കഥാപാത്രമായ നടിയെ 'ആര്യേ' എന്ന് വിളിക്കുന്നതിനു പകരം 'അനാര്യേ' എന്നാണ് സൂത്രധാരൻ വിളിക്കുന്നത്. ഇവൾ അനാര്യ തന്നെയായിരിക്കണം യക്ഷികളെയും മറ്റും പോലെ എന്ന് അയാൾ പറയുന്നുണ്ട്. നടി തിരിച്ച് സൂത്രധാരനെ 'അനാര്യാ' എന്ന് തന്നെയാണ് വിളിക്കുന്നത്. ജാതി – ലിംഗപരമായ ആര്യ – അനാര്യത്വം ഈ വിളികളിൽ കാണാം. സൂത്രധാരൻ അനാര്യേ എന്ന് വിളിക്കുന്നതിന് മുമ്പ്തന്നെ നായിക വിളികേൾക്കുന്നുണ്ട്. കുലീനയായ സ്ത്രീ ഒരിക്കലും അങ്ങനെ വിളി കേൾക്കുകയോ പ്രത്യക്ഷപ്പെടുകയോ ചെയ്യില്ല എന്ന് സൂത്രധാരൻ പറയുന്നു.
"ആരെങ്കിലും വന്നു വിളിച്ചെന്നാകിൽ മാത്രം
പോയീട്ടും ഞാനെന്നവളാണായിട്ടുപോലും" (നരേന്ദ്രപ്രസാദ് ,2005: 23)
രംഗവേദിയായി സങ്കൽപ്പിച്ചിരിക്കുന്നത് ഒരു ക്ഷേത്രമുറ്റം ആണെന്നും ഈ സ്ഥലത്തിന്റെ ആഭിജാത്യമൊന്നും അനാര്യയുടെ കുലമഹിമയിലില്ലെന്നും സൂത്രധാരൻ പറയുന്നുണ്ട്. സ്ത്രീയിലുള്ള ആസക്തി തന്നെയാണ് യക്ഷിയായി പുരുഷന്റെ പിന്നാലെ കൂടുന്നത്. കുലീനയായ സ്ത്രീ – രാക്ഷസസ്ത്രീ ദ്വന്ദ്വങ്ങൾ ഈ വരികൾ ഓർമ്മിപ്പിക്കുന്നു. രാത്രി സമയത്ത് ഒറ്റയ്ക്ക് നിൽക്കുന്ന സുന്ദരികളിൽ ആകൃഷ്ടരായി കാമാവേശംകൊണ്ട നമ്പൂതിരിമാരാണ് ആപത്തിൽപ്പെടുന്നത്. ഇതിലൂടെ ജാതിവ്യവസ്ഥയുടെ അപഹാസ്യമായ മുഖം തുറന്നുകാട്ടുകയാണ് നാടകകൃത്ത്. കാലടി നമ്പൂതിരിയുടെ കഥയിൽ നിന്നുള്ള രംഗം തന്നെ ഇതിന് ഉദാഹരണമാണ്. "ങ്ങടെ തോളിൽ ച്ചട്ടി ഞാനിറങ്ങിക്കോളാം, ആപത്ത് സമയത്ത് തൊട്ടശുദ്ധമായാലും സാരല്യ" (നരേന്ദ്രപ്രസാദ് ,2005:21). കാലടി നമ്പൂതിരിയെ യക്ഷി തിന്നുകയും കൂട്ടുകാരനായ നമ്പൂതിരി രക്ഷപ്പെടുകയും ചെയ്ത സന്ദർഭത്തിൽ നിന്നുള്ള

സംഭാഷണശകലമാണിത്. ജാതീയത എത്രമാത്രം അപഹാസ്യമാണെന്ന് പരിഹസിക്കുകയാണ് നാടകകൃത്ത്. ജാതി വ്യവസ്ഥയും ജാതിക്കുള്ളിലെ ഉപശ്രേണിയും നാടകത്തിലുണ്ട്. നമ്പൂതിരി ഇല്ലങ്ങൾക്കിടയിലെ സാമ്പത്തിക ഉച്ചനീചത്വങ്ങൾ വ്യക്തമാക്കുന്നവയാണ് അവ.

ബുദ്ധിമാന്ദ്യമുള്ള കഥാപാത്രമായാണ് വെൺമണിയെ നാടകത്തിൽ അവതരിപ്പിക്കുന്നത്. സൗപർണികയുമായി പ്രണയത്തിലാവുന്നതോടെ വെണ്മണിയുടെ ബുദ്ധി തെളിയുന്നു. സൗപർണികയെന്ന യക്ഷിയുമായുള്ള കാമപൂരണത്തിലൂടെയാണ് വെണ്മണിയുടെ ബുദ്ധി തെളിഞ്ഞത്. ജാതിവർണ്ണവ്യവസ്ഥയെ അവതരിപ്പിക്കുന്ന മറ്റൊരു രംഗമാണ് വെൺമണിയെ ഓതിക്കന്റെ ഇല്ലത്തുനിന്ന് കുട്ടിക്കൊണ്ടുവരുന്നത്. മഞ്ചൽ ചുമക്കുന്നവർ താഴ്ന്ന ജാതികൾ അകന്നു പോകണമെന്ന് സൂചിപ്പിക്കുന്ന 'ഹോയ് ' 'ഹോയ് ' ശബ്ദം പുറപ്പെടുവിക്കുന്നുണ്ട്. ഇതിനെ സൂത്രധാരൻ പരിഹാസരൂപേണ പറയുന്നത് "ഹോയ് തീണ്ടരുത്. ഹോയ് തൊടരുത്" എന്നാണ്. വെൺമണി വേളി കഴിച്ച് ഇല്ലത്തേക്ക് വരുന്ന സന്ദർഭത്തിലും നാടാകെ ഉത്സവപ്രതീതിയോടെ ജാതിക്രമമനുസരിച്ച് നിരനിരയായിട്ടാണ് നിൽക്കുന്നത്.

നാടകത്തിൽ സൗപർണികയെ മാനുഷികവികാരങ്ങളുള്ള യക്ഷിയായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. "അന്തർജ്ജനവും എന്നെപ്പോലെത്തന്നെ ഒരു സ്ത്രീയല്ലേ? അങ്ങ് സ്വന്തം കാര്യം മാത്രമേ ചിന്തിക്കുന്നുള്ളൂ.", "കുട്ടുകാരാ, സ്നേഹം പങ്കുവെച്ചാൽ ഭൂമിയിൽ ജീവിക്കാനാവൂ" (നരേന്ദ്രപ്രസാദ്,2005:39). വെണ്മണി വേളി കഴിച്ച സന്ദർഭത്തിലുള്ള സൗപർണികയുടെ സംഭാഷണമാണിത്. സൗപർണികയുടെ മാതൃവാത്സല്യവും മനുഷ്യസ്ത്രീകളെ പോലെ തനിക്ക് അമ്മയാവാൻ സാധിക്കില്ലെന്ന ദുഃഖവും നാടകത്തിൽ കാണാം. മനുഷ്യലോകം കേവലസ്നേഹത്തിന്റേത് മാത്രമല്ല. അവിടെ സ്നേഹബന്ധങ്ങളെ പോലും നിർണയിക്കുന്നത് വർണ്ണ – ജാതി – ശുദ്ധിബോധങ്ങളും സാമ്പത്തിക ഉച്ചനീചത്വങ്ങളുമാണ്. തന്റെ ദാർശനികസന്ദേഹങ്ങളും രാഷ്ട്രീയബോധവും അവതരിപ്പിക്കുന്നതിനുള്ള സാധ്യതയായിട്ടാണ് യക്ഷി സങ്കല്പത്തെ നാടകകൃത്ത് അവതരിപ്പിക്കുന്നത്.

**ഉപദർശനങ്ങൾ**

അതിസങ്കീർണമായ ആധുനിക മനുഷ്യാവസ്ഥയെ വ്യാഖ്യാനിക്കാൻ ഇതിഹാസ കഥാസന്ദർഭങ്ങളെയും മിത്തുകളെയും നാടോടി കഥകളെയുമൊക്കെ ഉപയോഗപ്പെടുത്തുന്ന രീതി ലോകമെങ്ങുമുള്ള നാടകകൃത്തുക്കളെല്ലാം സ്വീകരിച്ചിട്ടുണ്ട്.

നാട്യധർമ്മി അഭിനയത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് ഭൗമ– ഭൗമാതീത ലോകങ്ങളിലൂടെ ജാതി – ലിംഗപരമായ ആര്യ– അനാര്യത്വത്തെ നരേന്ദ്രപ്രസാദ് ചോദ്യം ചെയ്യുന്നു. ഭൗമാഭൗമതലങ്ങളുടെ സംയോജനം നാടകത്തിൽ ഉടനീളം പ്രസക്തമായി തുടരുന്നുണ്ട്. നടിതന്നെ സൗപർണികയാകുന്നതും തിരിച്ച് നടിയാകുന്നതും നാട്യധർമ്മിരംഗാവിഷ്കാരത്തെ ബലപ്പെടുത്തുന്നു. ലോകധർമി ആവിഷ്കാരം വഴി ഇത്തരം രംഗങ്ങൾ കൈകാര്യം ചെയ്യാൻ പറ്റില്ല.

ബ്രാഹ്മണവ്യവസ്ഥയിലെ വർണ്ണ – ജാതി – ശുദ്ധി ബോധങ്ങളെ വിമർശിക്കുന്ന നാടകമാണ് സൗപർണിക. മനുഷ്യസ്ത്രീയാവാൻ കൊതിക്കുന്ന സൗപർണികയും ഗന്ധർവ്വനാവാൻ കൊതിക്കുന്ന വെണ്മണിയുമാണ് ഈ നാടകത്തിലെ കേന്ദ്ര കഥാപാത്രങ്ങൾ. സങ്കീർണ്ണമായ മനുഷ്യാവസ്ഥയെ പ്രമേയമാക്കുന്ന സൗപർണിക നാടകത്തിന് അനവധി അടരുകളുണ്ട്. അവയെല്ലാം വിരുദ്ധ ദ്വന്ദ്വങ്ങൾ തമ്മിലുള്ള സംഘർഷങ്ങളാണ്. നാടകാരംഭത്തിൽ തന്നെ സൂത്രധാരൻ ആര്യ– അനാര്യ സംഘർഷത്തിന്റെ സൂചനകൾ നൽകുന്നുണ്ട്. കുലമഹിമയോ ജാതിമേൻമയോ ഇല്ലാത്തവനാണ് സൂത്രധാരൻ. അന്തർജനങ്ങളും നീചജാതിയും തമ്മിലുള്ള അകൽച്ചയും സ്പർദ്ദയും നാടകത്തിലെ മറ്റൊരു തലമാണ്. "ഒരുണ്ണിക്ക് രണ്ടമ്മമാർ ഉണ്ടാവുമോ?" ഈ ചോദ്യമാണ് സൗപർണിക വായനക്കാർക്ക് മുന്നിൽ ഉയർത്തുന്നത്. പൂതപ്പാട്ടിലും ഐതിഹ്യമാലയിലും ചിലപ്പതികാരകഥയിലുമെല്ലാം മറഞ്ഞുകിടന്ന ഈ ചോദ്യത്തെ കണ്ടെടുത്തു എന്നതാണ് 'സൗപർണിക' യുടെ മേന്മ. സൗപർണികയ്ക്ക് വെണ്മണിയുടെയും താത്രിയുടെയും മകനോട് തോന്നുന്ന മാതൃവാത്സല്യം അവളെ ഒരമ്മയാകാനും മനുഷ്യസ്ത്രീയാകാനും കൊതിപ്പിക്കുന്നു. വെണ്മണിയെ ചുംബിക്കാൻപോലും മറന്ന് ഉണ്ണിയെ മാത്രം മനസ്സിൽ കൊണ്ടുനടക്കുന്ന അമ്മയായി നാടകത്തിലെ യക്ഷി മാറുന്നു. യക്ഷിയേതരമായ ഈ ആഗ്രഹമാണ് സൗപർണികയുടെ അന്ത്യത്തിന് കാരണമാവുന്നത്.

**ഗ്രന്ഥസൂചി**

1. നരേന്ദ്രപ്രസാദ്, സൗപർണിക, ഡി സി ബുക്ക്സ്, കോട്ടയം,2005.
2. രാജൻ, കെ., പ്രേതം വില്ലൻ സർപ്പസുന്ദരി മലയാള സിനിമയിലെ തിന്മയുടെ ചരിത്ര പരിണാമങ്ങൾ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം, 2021.
3. ഹരിദാസ്, വി.വി., യക്ഷി സങ്കല്പം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2020.

**ആനുകാലികങ്ങൾ**
1.വെങ്കിടേശ്വരൻ, സി. എസ്. , യക്ഷി മലയാളി പുരുഷ കാമനയുടെ അകം പുറങ്ങൾ, ദേശാഭിമാനി വാരിക, പുസ്തകം 55, ലക്കം 46, , പു.54, കോഴിക്കോട്, 2025.

About the Researcher
അഞ്ജലി ശ്രീനിവാസ് പി.കെ.
ഗവേഷക, മലയാള വിഭാഗം
കണ്ണൂർ യൂണിവേഴ്സിറ്റി
anjalisreenivaspk@gmail.com

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

Article ID:MRK0034

# കലാച്ചി: പൗരത്വത്തിന്റെ അതിരുകളും പലായനങ്ങളും

**അശ്വിനി പി.വി.**

**പ്രബന്ധസംഗ്രഹം**
അധികാരവ്യവസ്ഥകൾ നിർണയിക്കുന്ന അതിരുകൾക്കും നിയമങ്ങൾക്കും ഇടയിൽ മനുഷ്യത്വം അദൃശ്യമാകുന്നതിന്റെ അടയാളപ്പെടുത്തലുകളാണ് കെ.ആർ. മീരയുടെ കലാച്ചി എന്ന നോവൽ. പൗരത്വം മനുഷ്യന്റെ നിലനിൽപ്പിന്റെയും സ്വത്വത്തിന്റെയും രേഖയാകുന്നു. ജന്മനാട്ടിൽ നിന്ന് നിഷ്കാസിതരാക്കപ്പെടുന്നവരുടെയും അഭയാർത്ഥികളായി മാറാൻ നിർബന്ധിതരാകുന്നവരുടെയും പ്രതിസന്ധിയാണ് ഇവിടെ പഠനവിധേയമാക്കുന്നത്. പശ്ചിമേഷ്യൻ യുദ്ധം ജനജീവിതത്തെ ബാധിക്കാൻ തുടങ്ങിയിരിക്കുന്ന വർത്തമാനകാലത്തിൽ  കലാച്ചി മുന്നോട്ടുവെക്കുന്ന മാനവികമായ കാഴ്ചപ്പാടുകളെ ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ**
പൗരത്വം, ഭരണകൂടം, ജനാധിപത്യം, പലായനം, കുടിയേറ്റം

................................................................................................................................................................................................................

## ആമുഖം

ഇതരസാഹിത്യരൂപങ്ങളെ അപേക്ഷിച്ച് ബഹുസ്വരതയാർന്ന ആഖ്യാനവും ആവിഷ്കാരവും നോവലിന്റെ പ്രത്യേകതയാണ്. സ്ഥലകാലങ്ങളിൽ ഊന്നിയാണ് നോവൽ അവതരിപ്പിക്കപ്പെടുന്നത്. ഭൂപ്രകൃതിയുമായി മാത്രം ബന്ധപ്പെടുന്ന ഒന്നല്ല സ്ഥലം. അധികാരത്തോടും രാഷ്ട്രീയസമ്പദ്ഘടനകളോടും അവ ബന്ധപ്പെടുകയും വ്യക്തിജീവിതത്തോട് ചേർന്ന് നിൽക്കുകയും ചെയ്യുന്നു. അത്തരം സ്ഥലങ്ങളിൽ നിന്നുള്ള നിർബന്ധിത പലായനങ്ങൾ വൈകാരികമാകുന്നു. വർത്തമാനകാലത്ത് പ്രസക്തമായ പലായനം, കുടിയേറ്റം, അഭയാർത്ഥിത്വം, മനുഷ്യാവകാശങ്ങൾ എന്നീ വിഷയങ്ങൾ കെ.ആർ.മീര നോവലിലൂടെ അവതരിപ്പിക്കുന്നു. പ്രത്യക്ഷമായിത്തന്നെ രാഷ്ട്രീയ വിവക്ഷകൾ ഉൾക്കൊള്ളുന്ന നോവലാണ് കലാച്ചി. സ്ത്രീത്വത്തിന്റെ വിവിധ മുഖങ്ങളെ ആവിഷ്കരിക്കുന്ന എഴുത്തുകാരി ശബ്ദമില്ലാത്തവരുടെയും അരികു ജീവിതങ്ങളുടെയും വാക്കാകുന്നു. ജയിലിലായ ഗവേഷകൻ ഇജാസ് അലിയെ തേടിയുള്ള ഡോ.ഫിദാ മുഹമ്മദിന്റെ യാത്ര രാഷ്ട്രങ്ങളുടെ അതിർത്തികളും ഭരണകൂടനയങ്ങളും മനുഷ്യരുടെ ജീവിതത്തെയും സ്വത്വത്തെയും എങ്ങനെയെല്ലാം സ്വാധീനിക്കുന്നു എന്ന്  നോവലിലൂടെ വ്യക്തമാക്കുന്നു.

ജനാധിപത്യത്തെ തകർക്കുന്ന സാമ്രാജ്യ ശക്തികൾക്കെതിരാകുന്ന കലാച്ചി എന്ന നോവൽ മതങ്ങൾ അനുശാസിക്കുന്ന യഥാർത്ഥമൂല്യങ്ങൾ കൈമോശം വരുന്നതിനെ കുറിച്ചുള്ള ആകുലത പങ്കുവെക്കുന്നു. ഒപ്പം സഹിഷ്ണുതയും ആർദ്രതയും സ്നേഹവും ബഹുമാനവുമാണ് ഓരോ മതവും മുന്നോട്ടുവയ്ക്കുന്നത് എന്നതിനാൽ മതം പൗരത്വത്തിന് നിദാനമാകരുതെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ നോവൽ. സമകാലിക ലോകത്തിൽ മതേതര വീക്ഷണത്തിനും ജനാധിപത്യ മൂല്യങ്ങൾക്കും നേരിടേണ്ടിവരുന്ന വെല്ലുവിളി വിശകലനം ചെയ്യുന്നതോടൊപ്പം മനുഷ്യകേന്ദ്രിതമായ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും ഈ പഠനം സഹായകമാകുന്നു.

**പൗരത്വം, ഭരണകൂടം, ജനാധിപത്യം**

ഒരു പരമാധികാരരാഷ്ട്രത്തിലെ നിയമപരമായ അംഗത്വമാണ് പൗരത്വം. ഇന്ത്യയുടെ പൊതുസാഹചര്യത്തിൽ ജനതയെ പൗരന്മാർ, പ്രവാസികൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി ഉൾപ്പെടുത്താം. ഭരണഘടനാദത്തമായ വ്യക്തിഗത രാഷ്ട്രീയ അവകാശങ്ങൾ ലഭ്യമാകുന്നവരാണ് ഇന്ത്യൻ പൗരർ. വിവേചനത്തിനെതിരായ അവകാശം, തുല്യതയ്ക്കായുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, തുടങ്ങിയവ പൗരന്മാർക്ക് മാത്രമായി ലഭ്യമാകുന്ന അവകാശങ്ങളാണ്. പ്രവാസികൾ അത്തരം അവകാശങ്ങളോ, ഗുണഫലങ്ങളോ അനുഭവിക്കാനാകാത്തവരുമാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം മതമോ ജാതിയോ ഭാഷയോ ലിംഗമോ പൗരത്വത്തിനും ദേശീയതയ്ക്കും അടിസ്ഥാനമാകുന്നില്ല മറിച്ച് ഇന്ത്യയുടെ ഭൂപ്രദേശത്ത് ജനിക്കുന്നതോ ഇന്ത്യൻ ഭൂപ്രദേശത്ത് ജനിക്കുന്ന അച്ഛനമ്മമാർക്ക് ജനിക്കുന്നതോ ആയ കുട്ടിക്ക് പൗരത്വവും ദേശീയതയും ലഭ്യമാകുന്നു. ഇന്ത്യയോട് ഏതെങ്കിലും ഒരു ഭൂപ്രദേശം കൂട്ടിച്ചേർക്കപ്പെടുകയാണെങ്കിൽ അത്തരം സ്ഥലത്ത് ജനിച്ചവരോ അധിവസിക്കുന്നവരോ ജനിക്കുന്നവരോ ആയവർക്ക് ഇന്ത്യൻ പൗരത്വത്തിനും ദേശീയ അവകാശം ഭരണഘടന വ്യവസ്ഥ ചെയ്യപ്പെടുന്നു. ജന്മനായുള്ള പൗരത്വ അവകാശം ഇല്ലാത്തയാൾക്ക് സ്വേച്ഛാനുസരണവും നിയമ നടപടിക്രമം പാലിച്ചും ഇന്ത്യയിൽ ആർജിത പൗരത്വം നേടാൻ സാധിക്കും. ഒരു പ്രവാസി നിയമവിരുദ്ധമായിട്ടോ ആക്രമിച്ചോ അല്ല ഇന്ത്യയിൽ എത്തിച്ചേർന്നതെങ്കിൽ പൗരത്വത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. 1955ലെ പൗരത്വനിയമത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പൗരത്വവും ദേശീയതയും അനുവദിക്കപ്പെടുകയോ റദ്ദാക്കപ്പെടുകയോ ചെയ്യാം. പൗരത്വം വേണ്ടെന്ന് വെക്കുന്നതിലൂടെയോ രജിസ്ട്രേഷൻ നിഷേധിക്കപ്പെടുന്നതിലൂടെയോ ഒരാൾക്ക് ഇന്ത്യൻ പൗരത്വം റദ്ദാക്കപ്പെടാം എന്ന് നിയമം അനുശാസിക്കുന്നു. പിന്നീട് പൗരത്വനിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായി. രാജ്യവ്യാപക ചർച്ചയ്ക്കും പ്രതിഷേധത്തിനും 2019 ലെ പൗരത്വ ഭേദഗതി ബിൽ ഇടയാക്കി. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അതിവേഗം പൗരത്വം നൽകാൻ പൗരത്വഭേദഗതി ബില്ലിൽ പറയുന്നു. ഹിന്ദുവിഭാഗം, ജൈനർ, സിഖുകാർ, ബുദ്ധമതക്കാർ, ക്രിസ്ത്യാനികൾ, പാഴ്സികൾ എന്നിങ്ങനെ ആറ് ന്യൂനപക്ഷ വിഭാഗങ്ങൾക്കാണ് പൗരത്വം നൽകാൻ ശുപാർശ ചെയ്യുന്നത്. അനധികൃത കുടിയേറ്റം തടയാനും ബില്ല് ലക്ഷ്യമിടുന്നുണ്ട്. എന്നിരുന്നാലും ഷിയാ അഹമ്മദിയ തുടങ്ങിയ മുസ്ലിം വിഭാഗങ്ങളെ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. പൗരത്വത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ നിർണയിക്കുന്ന പൗരത്വഭേദഗതി ഭരണഘടനയുടെ മതേതര മൂല്യത്തിനെതിരാണ് എന്നത് വ്യക്തം.

പൗരത്വഭേദഗതി നിയമം ഇന്ത്യയുടെ മതേതര ജനാധിപത്യഘടനയെ തകർക്കുമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് നടന്ന സർവകലാശാലകളിലെ പ്രതിഷേധപ്രകടനങ്ങളിൽ നിന്നും തൽഫലമായി ഉണ്ടായ കലാപകലുഷിതമായ അന്തരീക്ഷത്തിൽ നിന്നുമാണ് കലാച്ചി നോവൽ ആരംഭിക്കുന്നത്. പ്രതിഷേധങ്ങളെ അടിച്ചമർത്താൻ ഭരണകൂടം ഉപയോഗിക്കുന്ന മാർഗങ്ങളും തന്ത്രങ്ങളും ന്യായീകരണത്തിന് പോലും അർഹമല്ല. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിനുള്ളിൽ വച്ച് സ്ത്രീകളെയും വിദ്യാർത്ഥികളെയും ശാരീരികമായി ഉപദ്രവിക്കുന്നു. ബലാൽക്കാര ശ്രമങ്ങളിൽ നിന്ന് രക്ഷപെടുന്ന ഫിദ, ഒന്ന് അനങ്ങിയാൽ പോലും തന്റെ കാൽച്ചുവട്ടിലെ മണ്ണ് ആരെങ്കിലും വാരിമാറ്റുമോയെന്ന് ഭയക്കുന്നു. അത് ജനാധിപത്യരാഷ്ട്രത്തോടുള്ള വെല്ലുവിളിയാകുന്നു. തന്റെ താല്പര്യത്തിനും തീരുമാനത്തിനും അപ്പുറം സുഹൃത്തായ ബൃന്ദ പൊട്ടുകുത്തി നൽകുന്നത് ഫിദയ്ക്ക് ഗതികേടായി അനുഭവപ്പെടുന്നു. ജനാധിപത്യരാജ്യത്തിൽ ജീവിതസ്വാതന്ത്ര്യവും സമത്വവും സാമൂഹിക സാമ്പത്തിക അവകാശങ്ങളും മനുഷ്യത്വരഹിതമായ പെരുമാറ്റത്തിനെതിരായ അവകാശവും ഉണ്ടെന്നിരിക്കെ അതെല്ലാം തടസ്സപ്പെടുന്നു. ഭൂരിപക്ഷ തീരുമാനമോ ഇച്ഛയോ അഭിപ്രായമോ അടിച്ചേൽപ്പിക്കുന്നതല്ല, മറിച്ച് ഭരണഘടനയെയും അതിന്റെ മൂല്യങ്ങളെയും മാനിച്ചു കൊണ്ടുള്ള പ്രക്രിയയാണ് ജനാധിപത്യം. മനുഷ്യർക്ക് അഭിപ്രായങ്ങൾ തുറന്നു പറയാനും വിയോജിക്കാനും വിശ്വസിക്കാനും അവിശ്വസിക്കാനും പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാനുമുള്ള അവകാശങ്ങൾ ജനാധിപത്യം നൽകുന്നു. എന്നാലിവിടെ ജനാധിപത്യം കോർപ്പറേറ്റ് കുത്തകകൾക്കുള്ളിലാണെന്ന് അഭിപ്രായപ്പെട്ട ഫിദയുടെ സുഹൃത്ത് അപൂർവ്വയ്ക്ക് ജയിലാണ് ലഭിക്കുന്നത്. മറ്റൊരു സുഹൃത്തിന് തന്റെ പങ്കാളിയെ തന്നെ നഷ്ടമാകുന്നു. ജനാധിപത്യം, ദേശീയത, മനുഷ്യാവകാശങ്ങൾ മുതലായവയ്ക്ക് സാമ്പത്തിക ബന്ധങ്ങൾക്കതീതമായ മൂല്യ സംഹിതകളുടെ അടിത്തറയുണ്ടെന്നത് വിസ്മരിക്കപ്പെടുന്നു. മുതലാളിത്തം സർവ്വശക്തമായിരിക്കുമ്പോൾ തന്നെ അത് നിലനിൽക്കുന്നില്ലെന്ന വിധത്തിലുള്ള പ്രചരണവും ജനാധിപത്യസങ്കല്പത്തിനെതിരെയാണ്. പൗരന്മാരുടെ സമത്വമില്ലാത്ത അവസ്ഥയും ജനാധിപത്യമല്ല. രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽ മതേതരത്വം നിഷ്കാസനം ചെയ്യപ്പെടുകയാണെങ്കിൽ ഇവിടെ ജനാധിപത്യം സാധ്യമല്ല (പണിക്കർ കെ.എൻ. ഡോ., 2000:97).

നോവലിലെ നായകനായ ഇജാസ് അലിക്ക് ചെയ്യാത്ത കുറ്റത്തിന് 15 വർഷം തടവ് അനുഭവിക്കേണ്ടിവന്നു. സ്വന്തം രാജ്യത്ത് അയാൾക്ക് മതം പ്രശ്നമായി. വിദ്യാഭ്യാസ പൂർത്തീകരണത്തിന് ശേഷം തന്റെ രാജ്യത്തെ ഉദ്യോഗസ്ഥഭരണത്തിൽ പങ്കാളിയായി കൊണ്ട് സേവനമനുഷ്ഠിക്കണമെന്ന് ആഗ്രഹിച്ച അയാളുടെ മേൽ തീവ്രവാദപ്രവർത്തനം എന്ന കുറ്റമാണ് ചുമത്തുന്നത്. രാഷ്ട്ര വ്യവഹാരങ്ങളിൽ ഇടപെടാനും പങ്കാളിയാകാനുമുള്ള

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

അവകാശം നിഷേധിക്കപ്പെടുന്നു. പതിനഞ്ചാമത്തെ കേസിലും മതിയായ തെളിവുകളില്ലാതെ കോടതി വിട്ടയച്ച അയാൾക്ക് അതിനകം തന്നെ സഹോദരനെയും പിതാവിനെയും നഷ്ടമാകുന്നു. പിന്നീട് ഗവേഷണ പൂർത്തീകരണത്തിനായി കസഖ്സ്ഥാനിലെത്തിയപ്പോഴേക്കും സ്വാതന്ത്ര്യം ഇല്ലാതാക്കിയ അതേ മതം തന്നെ പൗരത്വവും ഇല്ലാതാക്കുന്നു. ജനിച്ചുവളർന്ന അസമിലെ പൗരത്വപ്പട്ടികയിൽ ഇജാസിന്റെ പേര് ഉൾപ്പെട്ടിരുന്നില്ല. ഇജാസിനടുത്തേക്കുള്ള ഫിദയുടെ യാത്രയിൽ കണ്ടുമുട്ടുന്നവരെല്ലാം പൗരത്വപ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ്. ആസാദ് എൽ ഹിസി എന്ന പലസ്തീൻ പൗരൻ തന്റെ പൗരത്വം തിരിച്ചറിയപ്പെടാതിരിക്കാൻ കരിം ഉമറോവ് എന്ന് പേരുമാറ്റുന്നു. ഇസ്രയേൽ പൗരന്മാരായ സ്ത്രീകൾ പലസ്തീൻ പൗരന്മാരെ വിവാഹം കഴിക്കുന്നതിൽ ഗവൺമെന്റിന് താല്പര്യമില്ലാത്തതിനാൽ തന്നെ തന്റെ ഇടത്തിൽ ജീവിക്കാൻ അയാൾക്ക് സാധിക്കുന്നില്ല. കൈവശമുള്ള തിരിച്ചറിയൽ രേഖകൾ നഷ്ടമാകുമോ എന്ന ഭയം കൊണ്ട് ശരീരത്തിന്റെ പല ഭാഗങ്ങളിൽ പേരും വിലാസവും പച്ചകുത്തിവെക്കുന്നു. പൗരത്വം സംരക്ഷണത്തേക്കാൾ അയാൾക്ക് നൽകുന്നത് ഭയമാണ്. സാറയ്ക്കും ഇഷ്ടവിവാഹം തന്നെയാണ് പൗരത്വം നിഷേധിക്കാൻ കാരണമാകുന്നത്.

പൗരത്വപ്പട്ടികയിൽ നിന്നു പുറത്താക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ് എന്ന യാഥാർത്ഥ്യം ഫിദയ്ക്ക് മനസ്സിലാകുന്നുണ്ട്. നിയമങ്ങളും ചട്ടങ്ങളും പുരുഷകേന്ദ്രമായി നിർമ്മിക്കപ്പെടുകയാണ്. വിവാഹശേഷം അവർക്ക് യഥാർത്ഥ പേര് തന്നെ ചിലപ്പോൾ മാറ്റേണ്ടി വരുന്നു. പലയിടങ്ങളിലും സ്ത്രീകളെ സ്കൂളിൽ അയക്കുകയോ സ്വത്തവകാശം നൽകുകയോ ചെയ്യുന്നില്ല. അത്തരത്തിൽ തലമുറകളായി നിരക്ഷരരും സ്ഥാവരജംഗമവസ്തുക്കൾ ഇല്ലാത്തവരും ആയതിനാൽ സ്ത്രീകൾക്ക് പലപ്പോഴും തിരിച്ചറിയൽ കാർഡുകളും ഉണ്ടാകുന്നില്ല. ഉയർന്ന വിദ്യാഭ്യാസം ഉണ്ടായിട്ടും ഫിദയ്ക്കും നാട്ടിലേക്കുള്ള തിരിച്ചുപോക്കിൽ അനിശ്ചിതത്വം ഉണ്ടാകുന്നു. ജനാധിപത്യരാജ്യത്തിലേക്കുള്ള തിരിച്ചുപോക്ക് പോലും ഭീതിജനകമാകുമ്പോൾ പൗരാവകാശരേഖകൾ മനുഷ്യാവകാശങ്ങളെ പരിമിതപ്പെടുത്തുകയാണ് എന്ന് മനസ്സിലാക്കാം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, വർഗീയ അസഹിഷ്ണുത, ജനാധിപത്യധ്വംസനങ്ങൾ എന്നിവ മനുഷ്യാവകാശലംഘനങ്ങളായി കണക്കാക്കപ്പെടുന്ന രാജ്യത്ത് സ്ത്രീ സുരക്ഷ ലംഘിക്കപ്പെടുകയാണ്.

പൗരാവകാശങ്ങളും മനുഷ്യാവകാശങ്ങളും രണ്ടായി നിലകൊള്ളുന്നു. ആര് തനിക്കുവേണ്ടി തീരുമാനിക്കണമെന്ന് നിർണയിക്കാനുള്ള അവകാശമുള്ളതിനാൽ പൗരത്വമാണ് മുന്നിട്ട് നിൽക്കുന്നത്. അത്തരമിടങ്ങളിൽ മനുഷ്യാവകാശലംഘനങ്ങൾ സ്വാഭാവികമാകുന്നു. അസമിൽ റെയിൽവേ തുടങ്ങിയപ്പോൾ സഹകരിക്കാത്ത നാട്ടുകാർക്ക് ബദലായി ബംഗാളി മുസ്ലിം തൊഴിലാളികളെ ബ്രിട്ടീഷുകാർ ഇറക്കുമതി ചെയ്യുന്നതിന് സമാനസംഭവം തന്നെയാണ് സോവിയറ്റ് യൂണിയൻ റഷ്യക്കാരെ കസാഖ്സ്ഥാനിലേക്ക് ഇറക്കുമതി ചെയ്യുന്നതും. രണ്ടും മനുഷ്യത്വരഹിതമായ അടിമത്തം തന്നെ. ഇരുവിഭാഗങ്ങൾക്കും നഷ്ടമാകുന്നത് തങ്ങളുടെ തിരിച്ചറിയൽ രേഖകളും അനുബന്ധമായി പൗരാവകാശങ്ങളും ആണ്. പൗരാവകാശമുള്ള മനുഷ്യജീവന് മാത്രം ഭരണകൂടം പ്രാധാന്യം നൽകുമ്പോൾ മനുഷ്യൻ എന്നതിന് നിർവചനം പുരുഷനും അവന്റെ സ്ത്രീയും കുട്ടികളുമാകുന്നു. പുരുഷനില്ലാത്ത സ്ത്രീയും മതമില്ലാത്ത പുരുഷനും അപ്രധാനവുമാകുന്നു (മീര കെ.ആർ., 2026:228).

കസാഖ്സ്ഥാനിൽ വെച്ച് പാസ്പോർട്ടും രേഖകളും കാണാതാകുന്ന ഇജാസിന് പൗരത്വം ലഭ്യമാകുന്നതിനായാണ് തത്യാനയെ വിവാഹം കഴിക്കുന്നത്. കലാച്ചിയിലെ പൗരനുമായുള്ള വിവാഹം ഇജാസിന് കലാച്ചിയിൽ ജീവിക്കാനുള്ള അവകാശം നൽകുന്നു. ഇന്ത്യയിലേക്കുള്ള തിരിച്ചുവരവിനായി പാസ്പോർട്ടിന് അപേക്ഷിച്ചു കൂടെ? എന്ന് ചോദിക്കുന്ന ഫിദയോട് ഇജാസിന്റെ മറുപടി പാസ്പോർട്ട് പൗരാവകാശരേഖയല്ലെന്നും അത് യാത്രാരേഖ മാത്രമാകുന്നു എന്നുമാണ്(മീര കെ.ആർ.,2026:382). മാതൃരാജ്യത്തിൽ നിന്നും അയാൾ അത്രയേറെ അന്യനാകുന്നു. കസഖ്സ്ഥാനിൽ നിന്ന് തിരിച്ച് ഇന്ത്യൻ എയർപോർട്ടിൽ എത്തുന്ന ഫിദയ്ക്ക് ഉരശിമ തരോയെ പോലെ തന്റെ നാടിനും നാട്ടുകാർക്കും വന്ന മാറ്റത്തെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഇത് ഒരു ജനാധിപത്യരാഷ്ട്രം തന്നെയല്ലേ എന്ന് ചോദിക്കുന്ന ഫിദയോട് ജനാധിപത്യമോ എന്നുവച്ചാൽ എന്താണ്? എന്നാണ് ഉദ്യോഗസ്ഥൻ തിരിച്ചു ചോദിക്കുന്നത്. അത് ഒരു യക്ഷിക്കഥയായി തീരാൻ ഫിദ ആഗ്രഹിക്കുന്നു. പൗരത്വവും മതവും കുടുംബവും പ്രത്യക്ഷത്തിൽ വേറിട്ടാണ് നിൽക്കുന്നതെങ്കിലും ഫിദ ഇജാസിന് സമ്മാനിക്കുന്ന ബബൂഷ്ക പാവകളെ പോലെ അവ ഒന്നിനുള്ളിൽ ഒന്നിനെ പോലെ ചേർന്നിരിക്കുന്നു.

ജനാധിപത്യവും മതനിരപേക്ഷതയും തമ്മിൽ അവിഭാജ്യബന്ധമുണ്ട്. അതിനാൽ അധികാരപ്രയോഗത്തിനുള്ള മാർഗമായി ജനാധിപത്യത്തെ ഉപയോഗിച്ചാൽ മതേതരത്വം എന്ന ആശയം ഇല്ലാതാകും. ബഹുസ്വരതയ്ക്ക് പ്രാധാന്യം നൽകുകയും വ്യത്യസ്ത മതങ്ങളെ അനുകൂലിക്കുന്നവർ ജീവിക്കുകയും സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്ന ഒരു രാഷ്ട്രത്തിൽ മതേതരത്വം സാമൂഹ്യബോധത്തിൽ നിലകൊള്ളേണ്ടിയിരിക്കുന്നു അല്ലാത്തപക്ഷം ഭരണകൂടം മതേതരമാവുകയില്ല. ഭരണകൂടം മതത്തിൽ നിന്ന് മുക്തമായിരിക്കണം. ഔദ്യോഗിക, പൊതുമണ്ഡലങ്ങളിൽ വിവേചനമരുത്. പൗരത്വത്തിന് മതം ഒരു ഘടകമേയല്ല എന്ന വിശാലമായ അർത്ഥത്തെയാണ് മതനിരപേക്ഷ രാഷ്ട്രം ഉൾക്കൊള്ളുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

**പൗരത്വത്തിൽ നിന്ന് പുറത്താകുന്നവർ**

തന്റേതായ ഇടത്തിൽ നിലയുറപ്പിക്കാൻ കഴിയാത്ത നിസ്സഹായ അവസ്ഥയാണ് ഒരുവനെ പലായനത്തിന് വിധേയനാക്കുന്നത്. വംശം, മതം, സംസ്കാരം, യുദ്ധം, ആഭ്യന്തരസംഘർഷം എന്നിവ ഏതും പലായനത്തിനും അനുബന്ധമായ അഭയാർത്ഥിത്തത്തിനും കാരണമാകുന്നു. പലപ്പോഴായി നിർബന്ധിത പലായനങ്ങൾക്ക് വിധേയരാകേണ്ടിവന്ന അനേകരെ കലാച്ചിയിൽ കാണാം. ഫിദ എന്ന നായികയുടെ സഞ്ചാരവും ഒടുവിൽ എത്തിച്ചേരുന്നത് പലായനങ്ങളുടെയും പുനരധിവാസങ്ങളുടെയും ഇടമായ കസഖ്സ്ഥാനിലാണ്.

ഒന്നിലധികം പലായനങ്ങൾ അനുഭവിക്കേണ്ടി വരുന്നത് പലപ്പോഴും സ്ത്രീകൾക്കാണ്. സ്ത്രീകൾക്ക് തങ്ങളുടെ ജീവിതത്തിൽ നിരവധി ഇടങ്ങൾ ലഭ്യമാവുകയും എന്നാൽ ഒരിടത്തെയും സ്വന്തം എന്ന് അവകാശപ്പെടാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ ജനാധിപത്യപരമായ തുല്യത യാതൊരു സങ്കോചവുമില്ലാതെ നിഷേധിക്കപ്പെടുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ (സാറാ ജോസഫ്,2001:91). സംരക്ഷണനിയമങ്ങളും ലിംഗപരമായ സമത്വവും അതിനുള്ള അവസരങ്ങളും ഭരണഘടന ഉറപ്പാക്കുമ്പോഴും അതൊന്നും പൂർണമായി അനുഭവിക്കാൻ കഴിയാത്ത സാമൂഹിക സാമ്പത്തിക അന്തരീക്ഷമാണ് ഇന്നും നിലനിൽക്കുന്നത്. മതങ്ങൾ സ്ത്രീകളോട് വിവേചനപരമായ നിലപാടെടുക്കുന്നതിനോടൊപ്പം തന്നെ അച്ചടക്കത്തിന്റെ പേരിൽ സ്വാതന്ത്ര്യത്തെയും ഇല്ലാതാക്കുന്നു. ഭരണഘടനാസങ്കൽപ്പത്തിന്റെ നാഥനായി പുരുഷനെ പൊതുസമൂഹം അംഗീകരിക്കുമ്പോൾ ശാസിക്കുക, ശിക്ഷിക്കുക, മാനസികമായും ശാരീരികമായും പീഡനത്തിന് വിധേയമാക്കുക, സാമ്പത്തിക സ്വാതന്ത്ര്യമില്ലാതാക്കുക, ഉപേക്ഷിക്കുക തുടങ്ങിയവയൊക്കെ  പുരുഷന്റെ അധികാരങ്ങളും അവകാശങ്ങളുമാകുന്നു. ജനാധിപത്യവിരുദ്ധമനോഭാവം പ്രത്യക്ഷത്തിൽ തന്നെ പ്രകടം. മതത്തിലും കുടുംബത്തിലും സ്ത്രീക്ക് അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. കുടുംബം എന്ന സ്വകാര്യമണ്ഡലത്തിലേക്ക് മാത്രം ഒതുക്കപ്പെടുന്നു. 14 വയസ്സ് മുതൽ പ്രേമിക്കുകയും പത്തൊമ്പതാം വയസ്സിൽ കല്യാണം കഴിക്കുകയും ചെയ്ത ഫിദയുടെ ജീവിതത്തിൽ മതവും കുടുംബവും സംഘർഷം ചെലുത്തുന്നു. നിസാമിന്  മതം സ്വാതന്ത്ര്യവും സംരക്ഷണവും നൽകുമ്പോൾ അതേ മതം സ്ത്രീക്ക് അസ്വാതന്ത്ര്യം നൽകുന്നു. ഭരണകൂടം പൗരന്റെ ശരീരത്തിനുമേൽ അവകാശം സ്ഥാപിക്കുന്നതുപോലെ, പുരുഷാധിപത്യം സ്ത്രീക്കുമേൽ അവകാശം സ്ഥാപിക്കുന്നു. ഒരു രാജ്യത്ത് പൗരൻ അനുഭവിക്കുന്ന അവകാശങ്ങൾ സ്ത്രീക്ക് സ്വന്തം വീടിനുള്ളിൽ നിഷേധിക്കപ്പെടുന്നു. വിദ്യാഭ്യാസം, വസ്ത്രസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, ശരീരസ്വാതന്ത്ര്യം, എന്നിവയിലെല്ലാം കൈകടത്തലുകൾ ഉണ്ടാകുമ്പോഴാണ് നിയന്ത്രണവും അധികാരവും ഒരിക്കലെങ്കിലും പ്രയോഗിക്കാനുള്ള ആഗ്രഹത്തിന്റെ പേരിൽ ഇജാസ് അലിയുമായുള്ള ജീവിതത്തിന് മുതിരുന്നത്. ജനാധിപത്യപരമായ തുല്യതയും പൗരാവകാശങ്ങളുമാണ് സ്ത്രീക്ക് വേണ്ടതെന്ന് ഫിദ തിരിച്ചറിയുന്നു. പൗരത്വം തെളിയിക്കാൻ രേഖകൾ തേടുന്നവരെ പോലെ സ്വന്തം വ്യക്തിത്വവും അന്തസ്സും വീണ്ടെടുക്കാൻ ശ്രമിക്കേണ്ടി വരുന്നു. അത് അസ്തിത്വത്തിനായുള്ള പോരാട്ടമാകുന്നു .നിയന്ത്രണരേഖയ്ക്ക് അപ്പുറം കടക്കുന്ന സ്ത്രീക്ക് പൗരത്വത്തെ നഷ്ടപ്പെടുകയും പലായനത്തിനുള്ള വഴിയൊരുങ്ങുകയും ചെയ്യുന്നു. ഇജാസിലേക്കുള്ള യാത്രയാണ് പലായനങ്ങളെക്കുറിച്ച് ഫിദയെ ബോധവതിയാക്കുന്നതും.  ഇജാസിനൊപ്പം ബ്രഹ്മപുത്ര നദി കാണാൻ പോകുന്ന ഫിദ പ്രളയകാലത്ത് നദിയും പിന്നീട് അധികാരവും കുടിയൊഴിപ്പിക്കുന്ന ജനതയുടെ ദൈന്യം തിരിച്ചറിയുന്നുണ്ട്. അസമിൽ റെയിൽവേക്കും തേയില കൃഷിയുമായി ബംഗാളിൽ നിന്ന് ബ്രിട്ടീഷുകാർ കൊണ്ടുവന്ന മിയ എന്ന ജനതയ്ക്കും നിർബന്ധിത പറിച്ചു മാറ്റലാണ് സംഭവിക്കുന്നത്. പലായനം അവർക്ക് നൽകിയത് സ്വത്വനഷ്ടമാണ്. തദ്ദേശീയ ജനങ്ങളുടെ അധികാരത്തിന് മുന്നിൽ അവർ അടിമകളാകുന്നു. അതേ നിസ്സഹായവസ്ഥ തന്നെയാണ് മ്യാൻമറിലെ വംശീയ വിഭാഗമായ റോഹിംഗ്യൻ ജനതയും അനുഭവിക്കുന്നത്. ഭൂരിപക്ഷ ബുദ്ധമതരാഷ്ട്രമായ മ്യാൻമറിൽ കുടിയേറ്റത്തൊഴിലാളികളായാണ് ഇവർ എത്തുന്നത്. 1982 മ്യാൻമർ പൗരത്വനിയമത്തിലൂടെ, 1823 മുമ്പ് ബർമ്മയിൽ താമസിച്ചിരുന്ന വംശങ്ങളെ മാത്രം ഔദ്യോഗികമായി അംഗീകരിച്ചു. പതിറ്റാണ്ടുകളായി താമസിക്കുന്നവരാണെങ്കിലും രേഖകളുടെ അഭാവം കാരണം റോഹിംഗ്യകൾക്ക് പൗരത്വം നിഷേധിക്കപ്പെടുകയും അവർക്ക് വിദ്യാഭ്യാസം, സഞ്ചാരസ്വാതന്ത്ര്യം, ആരോഗ്യം തുടങ്ങിയ അവകാശങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. റോഹിംഗ്യകൾക്ക് വൻതോതിൽ അടുത്തുള്ള ബംഗ്ലാദേശിലേക്ക് പലായനം ചെയ്യേണ്ടിവന്നു. ന്യൂനപക്ഷങ്ങളുടെ പൗരാവകാശങ്ങൾ ഹനിക്കപ്പെടുകയും വലിയ ആശങ്കയോടെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ജീവിക്കേണ്ടിയും വരുന്നു.

കസഖ്സ്ഥാനിൽ വച്ച് ഫിദ ആദ്യം പരിചയപ്പെടുന്ന മെഹറ് എന്ന പർവ്വതാരോഹക തന്റെ ഭർത്താവ് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്നതിനുള്ള എതിർപ്പ്  മൂലമാണ് പലായനം തിരഞ്ഞെടുക്കുന്നത്. മെഹറിലൂടെ പരിചയപ്പെടുന്ന ആസാദ് എൽ ഹിസി ആകട്ടെ പൗരത്വം നിഷേധിക്കപ്പെട്ട് പലായനം ചെയ്യേണ്ടി വന്ന വ്യക്തിയാണ്. ഇത്രയും ദൂരെയായ അദ്ദേഹത്തിന്റെ ജീവിതപങ്കാളി സാറയ്ക്കും സ്നേഹിച്ചയാളെ വിവാഹം കഴിച്ചതിനാൽ സ്വദേശം അന്യമാകുന്നു  തന്റെ മകന്  സംരക്ഷണവും സ്നേഹവും നൽകുന്ന കസഖ് എന്ന പേര് നൽകിക്കൊണ്ടാണ് അവർ അതിജീവിക്കുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 APRIL-JUNE | VOLUME 02 | ISSUE 02
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on April 01, 2026 | Time: 10:00 AM IST | e-ISSN:

ധാതുക്കൾ, ലോഹഅയിരുകൾ, പ്രകൃതിവാതകം, എണ്ണശേഖരം, തുടങ്ങിയ സമ്പന്നമായ പ്രകൃതിവിഭവങ്ങളെ ലക്ഷ്യം വെച്ചുകൊണ്ട് സോവിയറ്റ് യൂണിയൻ ഒരു വിഭാഗം റഷ്യൻ ജനതയെ കസഖ്സ്ഥാനിലേക്ക് കൊണ്ടുവരുന്നു. ഉറക്കരോഗം എന്ന നിഗൂഢമായ രോഗത്തിന്റെ ആക്രമണത്തോടുകൂടി ശൂന്യമാകുമായിരുന്ന ആ പ്രദേശത്തെ നിലനിർത്തുന്നത് പലായനത്തിനോ പുനരധിവാസത്തിനോ താല്പര്യമില്ലാത്ത തങ്ങളുടെ ഇടത്തെ ഉപേക്ഷിച്ച് പോകുവാൻ വിമുഖതയുള്ള കുറച്ച് മനുഷ്യരാണ്. അധികാരികളുടെ നിർബന്ധിത സ്ഥലം മാറ്റത്തെ അവർ സ്വമേധയാ എതിർക്കുന്നു.അവർക്ക് നഷ്ടമാകുന്നത് അവരുടെ ഉണർവ് തന്നെയാണ്. ഭൂമി പിടിച്ചെടുക്കാൻ വേണ്ടിയുള്ള എന്തോ പദ്ധതിയാണ് ഉറക്കരോഗം എന്ന് പോലും അവിടെയുള്ള ജനങ്ങൾ വിശ്വസിക്കുന്നു. ലിലിയ അമതോവ് എന്ന ക്രിമിയൻ ടടാറും ഭരണകൂടസ്വാർത്ഥത വ്യക്തമാക്കുന്നു.

ആദിയിൽ മനുഷ്യരാശി ഒരൊറ്റ സമുദായമായിരുന്നു എന്ന് നാം പലപ്പോഴും മറന്നു പോകുകയാണ്. നിരവധി 'ഫോബിയ'കളെ പറഞ്ഞുവെക്കുന്ന കലാച്ചി എക്സൈലോഫോബിയ (Exilophobia)യാണ് നൽകുന്നത്. നാടുകടത്തപ്പെടുമോ അല്ലെങ്കിൽ സ്വന്തം നാട്ടിൽ നിന്നും പുറത്താക്കപ്പെടുമോ എന്ന ഭയമാണിത്. ആ ഭയത്തിൽ നിന്ന് പുറത്തുവരാൻ ഭൂമിയിലുള്ള സകല മനുഷ്യർക്കും കഴിയേണ്ടിയിരിക്കുന്നു.
ഒരു ന്യൂനപക്ഷ സമൂഹമായി എന്നതിന്റെ പേരിൽ ഒരു വിഭാഗം ജനതയ്ക്ക് പൗരത്വം നഷ്ടപ്പെടുകയും നിർബന്ധിത പലായനങ്ങൾക്ക് വിധേയരാകേണ്ടി വരികയും ചെയ്യുന്നത് അപലപനീയമാണ്. ഭരണകൂടത്തിന്റെ സ്വാർത്ഥതാല്പര്യങ്ങൾക്ക് അനുസൃതമായി ജനജീവിതം നിർണയിക്കപ്പെടുമ്പോൾ അഭയാർത്ഥിപ്രവാഹങ്ങൾക്ക് അവസാനമുണ്ടാവുകയില്ല.

**ഉപദർശനങ്ങൾ**

കെ. ആർ. മീരയുടെ കലാച്ചി എന്ന നോവലിനെ ആസ്പദമാക്കി നടത്തിയ ഈ പഠനം പൗരത്വം, ജനാധിപത്യം, മനുഷ്യാവകാശം, പലായനം എന്നീ വിഷയങ്ങൾ തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങളെ വെളിപ്പെടുത്തുന്നു. ഭരണകൂടങ്ങളുടെ രാഷ്ട്രീയ താൽപര്യങ്ങളും അധികാരപ്രയോഗങ്ങളും പലപ്പോഴും മനുഷ്യാവകാശ ലംഘനങ്ങൾക്കും നിർബന്ധിത പലായനങ്ങൾക്കും കാരണമാകുന്നതായി കാണാം. പൗരത്വനിഷേധത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ കെ.ആർ.മീര സൂക്ഷ്മമമായി ചിത്രീകരിക്കുന്നു. പൗരത്വം ചോദ്യം ചെയ്യപ്പെടുമ്പോൾ ഒരാൾ അനുഭവിക്കുന്ന അനിശ്ചിതത്വവും ഭയവും ഒറ്റപ്പെടലും കൃതിയിലെ കഥാപാത്രങ്ങളിലൂടെ ശക്തമായി ആവിഷ്കരിക്കപ്പെടുന്നു.

മതം, വംശം, ലിംഗം, രാഷ്ട്രീയം തുടങ്ങിയ ഘടകങ്ങളുടെ പേരിൽ വ്യക്തികൾ അവഗണിക്കപ്പെടുകയും തങ്ങളുടെ ഇടങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുകയും ചെയ്യുന്ന അവസ്ഥകൾ ജനാധിപത്യമൂല്യങ്ങൾക്ക് തന്നെ വെല്ലുവിളിയാകുന്നു. പ്രത്യേകിച്ച് സ്ത്രീകളുടെയും ന്യൂനപക്ഷ വിഭാഗങ്ങളുടെയും അനുഭവങ്ങൾ ഈ പ്രശ്നത്തിന്റെ മാനുഷിക തലങ്ങൾ കൂടുതൽ വ്യക്തതയോടെ അവതരിപ്പിക്കുന്നു. പൗരത്വപ്പട്ടികയിൽ നിന്ന് പുറത്താകുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണെന്ന യാഥാർത്ഥ്യവും നോവൽ ചർച്ച ചെയ്യുന്നു. വിവാഹം, കുടുംബം, ദാമ്പത്യം എന്നീ സംവിധാനങ്ങൾ സ്ത്രീ ജീവിതത്തിന് അതിരുകൾ നിശ്ചയിക്കുന്നുണ്ടെന്നും അരാജകത്വങ്ങളും അരക്ഷിതത്വങ്ങളും സ്ത്രീ ജീവിതങ്ങളെ കൂടുതൽ പ്രശ്നവൽക്കരിക്കുന്നുണ്ടെന്നും മനസ്സിലാക്കാം. വിദ്യാഭ്യാസത്തിന്റെയും സ്വത്തിന്റെയും തിരിച്ചറിയൽ രേഖകളുടെയും അഭാവം സ്ത്രീകളെ ബാധിക്കുന്നു. കുടുംബത്തിനകത്തെ ആണധികാരവ്യവസ്ഥ പൗരത്വത്തിന് ലിംഗപരമായ മാനം കൂടി നൽകുന്നു. ഭരണഘടന നൽകുന്ന സ്ത്രീ സംരക്ഷണത്തിനും തുല്യതയ്ക്കുമുള്ള അവകാശങ്ങൾ സ്ത്രീകൾക്ക് അനുഭവിക്കാൻ കഴിയണം. അതിനായി പുരുഷാധിപത്യ സംസ്കാരത്തിനും മൂല്യങ്ങൾക്കും എതിരായ ശക്തമായ ബോധവൽക്കരണ പ്രവർത്തനം കുടുംബത്തിലും സാമൂഹിക ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കേണ്ടിയിരിക്കുന്നു.

ജനാധിപത്യത്തെ ജനക്ഷേമത്തിനുള്ള സംവിധാനമെന്നതിലുപരി അധികാര പ്രയോഗത്തിനുള്ള മാർഗ്ഗമായി മാറ്റുകയും ഔദ്യോഗിക പൊതുമണ്ഡലങ്ങളിൽ മതത്തെ ആസ്പദമാക്കിയുള്ള വിവേചനങ്ങൾ നിലനിർത്തുകയും ചെയ്യുന്ന ഭരണകൂട സമീപനങ്ങളെ നോവൽ വിമർശനാത്മകമായി വിലയിരുത്തുന്നു. ഈ സാഹചര്യങ്ങൾ മനുഷ്യനെ സ്വന്തം നാട്ടിൽ തന്നെ അന്യനാക്കുകയും പലായനത്തിന്റെയും അഭയാർത്ഥിത്വത്തിന്റെയും ദുരനുഭവങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. അതിനാൽ കലാച്ചി പൗരത്വത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും സമകാലിക പ്രതിസന്ധികളെ ആഴത്തിൽ പ്രതിഫലിപ്പിക്കുന്ന ഒരു ശക്തമായ രാഷ്ട്രീയ–മാനവിക നോവലായി വിലയിരുത്തപ്പെടുന്നു. മനുഷ്യനെ മതത്തിന്റെയും ദേശത്തിന്റെയും അതിരുകൾക്കപ്പുറം കാണാനും സമത്വം, നീതി, മതേതരത്വം എന്നീ ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ അനിവാര്യത തിരിച്ചറിയാനും ഈ കൃതി വായനക്കാരെ പ്രേരിപ്പിക്കുന്നു.

**ഗ്രന്ഥസൂചി**

. കുഞ്ഞിക്കണ്ണൻ കെ.ടി., മതം വർഗീയത മൂലധനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2024.
. പ്രതീഷ് എ.എസ്., പ്രവാസ സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2019.
. മീര കെ.ആർ., കലാച്ചി, ഡി സി ബുക്സ്, 2026.
. മേനോൻ.ആർ.വി.ജി(എഡി)., ജനാധിപത്യത്തിന്റെ ഭാവി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2001.
. ശിവദാസ് കെ.കെ., പ്രവാസം പ്രതിനിധാനവും സർഗാത്മകതയും, ഇൻസൈറ്റ് പബ്ലിക്ക, 2019.
. സുഹൃത്കുമാർ.എ., ഭരണഘടനയെ അറിയാൻ, ചിന്ത പബ്ലിക്കേഷൻസ്, 2019.
. ഹമീദ് ചേന്നമംഗലൂർ, ഒരു മതനിരപേക്ഷവാദിയുടെ സ്വതന്ത്രചിന്തകൾ, ഗ്രീൻ ബുക്സ്, 2007.

**ഇ- സൂചിക**

https://www.nationalgeographic.com/culture/article/rohingya-people
https://prsindia.org/billtrack/prs-products/issues-for-consideration-3389
https://windowedu.in/blog/?p=2435

About the Researcher
അശ്വിനി പി.വി.
അതിഥി അധ്യാപിക,
കോ ഓപ്പറേറ്റീവ് ആർട്സ് ആൻഡ് സയൻസ് കോളേജ് മാടായി,
പഴയങ്ങാടി, കണ്ണൂർ.
Email: ashwinichandranpv@gmail.com
Mob: 7902569795

മലയാളം റിസേർച്ച്